# ഇന്ത്യൻ നാളികേര ജേണൽ

പുസ്തകം 7 ലക്കം 2
2016 ഫെബ്രുവരി കൊച്ചി - 11



**ഉപദേശകസമിതി**

**ചെയർമാൻ**

ടി.കെ. ജോസ് ഐ.എ.എസ്.

**അംഗങ്ങൾ**

ഡോ.പി. രാജേന്ദ്രൻ

ഡോ. പി. ചൗഡപ്പ

ആർ. അജിത്കുമാർ

**പത്രാധിപസമിതി**

പായിപ്ര രാധാകൃഷ്ണൻ

എസ്. സുരേഷ് കുമാർ

**ചീഫ് എഡിറ്റർ**

രാജീവ് പി. ജോർജ്ജ്

**എഡിറ്റർ**

ആർ. ജ്ഞാനദേവൻ

**കൺസൾട്ടന്റ് എഡിറ്റർ**

പായിപ്ര രാധാകൃഷ്ണൻ

**പബ്ലിസിറ്റി ഓഫീസർ**

മിനി മാത്യു



## നാളികേര വികസന ബോർഡ്

(കേന്ദ്ര കൃഷി, കർഷക ക്ഷേമ മന്ത്രാലയം, ഭാരത സർക്കാർ)

കേര ഭവൻ, എറണാകുളം, കൊച്ചി - 682 011.

ഫോൺ : 0484 - 2377266, 2377267, 2376553, 2375266, 2376265

ഫാക്സ് : 91-0484-2377902,

Grams : KERABOARD

E-mail : kochi.cdb@gov.in

cdbkochi@gmail.com

Website : www.coconutboard.gov.in

**വരിസംഖ്യ**

പ്രതിവർഷം 40 രൂപ

ഒറ്റപ്രതി 4 രൂപ


തെങ്ങുകൃഷിയുടെയും വ്യവസായത്തിന്റെയും വിവിധ വശങ്ങളെക്കുറിച്ചുള്ള ലേഖനങ്ങളും സിപിഎസ്, ചങ്ങാതിക്കൂട്ടം അംഗങ്ങളുടെ അനുഭവങ്ങളും അഭിപ്രായങ്ങളും നൂതന നിരീക്ഷണങ്ങളും ക്ഷണിച്ചുകൊള്ളുന്നു. ലേഖനങ്ങളിലും പരസ്യങ്ങളിലും മറ്റും പ്രകടിപ്പിക്കപ്പെടുന്ന അഭിപ്രായങ്ങൾ ബോർഡിന്റേതായി പരിഗണിക്കപ്പെടാവുന്നതല്ല. മണി ഓർഡറും കത്തുകളും ചെയർമാൻ, നാളികേര വികസന ബോർഡ്, കേരഭവൻ, കൊച്ചി-682 011 എന്ന വിലാസത്തിൽ അയക്കുക. അപേക്ഷകന്റെ വിലാസം വ്യക്തമായി പിൻകോഡ് സഹിതം എഴുതേണ്ടതാണ്.




## മുഖ്യ വിഷയം

**നൈപുണ്യ വികസനം നാളികേര മേഖലയിൽ**

**ഉള്ളടക്കം**


ചെയർമാന്റെ പേജ് 4

**കേര കർഷകർ സ്വയം നീര ടാപ്പിംഗിൽ**
**നൈപുണ്യം നേടിയ വടക്കൻ വീരഗാഥ**
അബ്ദുൾ റസാഖ് 6

**നൈപുണ്യ പരിശീലനം നേര്യമംഗലം**
**വിത്തുത്പാദന പ്രദർശന തോട്ടത്തിൽ**
എ. ജയശ്രീ 10

**നാളികേര ഫെഡറേഷൻ മാതൃകയാവുന്നു** 11

**വൈദഗ്ധ്യ വികസനം– കേര മേഖലയിൽ**
ആർ. ജ്ഞാനദേവൻ 12

**കർഷകും തൊഴിലാളിയും ഷാജു തന്നെ;**
**നീരയിൽ നിന്നു മാസ വരുമാനം 82000**
കെ.കെ. സുഭാഷ് 14

**ഓഗസ്റ്റ് വിപ്ലവത്തിനു ശേഷം ഷിജുവിനു**
**മാസ വരുമാനം 30000 രൂപയ്ക്കു മേൽ**
പി. എം. സെബാസ്റ്റ്യൻ 16

**കൃഷ്ണൻകുട്ടിയുടെ ജീവിതത്തിൽ പ്രകാശമായി മാറിയ നീര**
ജയ കേസരി 18

**നീര ടെക്നീഷ്യൻ കോഴ്സ് ഉന്നത നിലവാരത്തിലേയ്ക്ക്** 20

**തിരുക്കൊച്ചി നീര സംസ്കരണ പ്ലാന്റ് കമ്മിഷൻ ചെയ്തു** 21

**പൊങ്ങിൻ ജ്യൂസ് - മികച്ച ആരോഗ്യപാനീയം** 23

**ഏഴാമത്തെ നീര സംസ്കരണ പ്ലാന്റ് ആര്യനൂരിൽ പ്രവർത്തനം തുടങ്ങി** 24

**ഉത്പാദന ക്ഷമത : തമിഴ്നാട് മുന്നിൽ - സർവെ** 30

**വിദേശ വാണിജ്യം**
കെ.എസ്. സെബാസ്റ്റ്യൻ 37

**മാർച്ച് മാസത്തെ കൃഷിപ്പണികൾ**
ആർ. ജ്ഞാനദേവൻ 42

**കുരുത്തോല പന്തൽ** 44

**വാർത്തകൾ** 49

**കമ്പോളം** 57

# എത്തട്ടെ, നൈപുണ്യവികസനം കർഷകരിലേയ്ക്കും

പ്രിയപ്പെട്ട കേര കർഷകരെ,

നാളികേര മേഖലയിലെ നൈപുണ്യവികസനം എന്നതാണ് ഈ ലക്കത്തിലെ മുഖ്യ വിഷയം. വൈവിധ്യമാർന്ന വിഷയങ്ങൾ മുഖ്യ പ്രതിപാദ്യമായി സ്വീകരിച്ച് ഇക്കഴിഞ്ഞ ലക്കങ്ങളിലെ ഇന്ത്യൻ നാളികേര ജേണലുകളിൽ ഗൗരവമായ ചർച്ചകൾ നടത്തുകയുണ്ടായി. ഏതൊരു മേഖലയിലും നേട്ടങ്ങൾ കൈവരിക്കുന്നതിനും വികസനം ത്വരിതപ്പെടുത്തുന്നതിനും അതാത് മേഖലകളിലെ അറിവും നൈപുണ്യവും വളരെ പ്രധാനമാണ്. കൃഷിയേക്കുറിച്ചും കാർഷിക ഉൽപ്പന്നങ്ങളെക്കുറിച്ചുമെല്ലാം പൂർണ്ണമായ അറിവ് ഉണ്ട് എന്നാണ് പലപ്പോഴും നമ്മുടെ പലരുടെയും ധാരണ. ശാസ്ത്രീയമായ അറിവും സാങ്കേതിക വൈദഗ്ധ്യവും അത് പ്രയോഗിക്കാനുള്ള നൈപുണ്യവും ഭൂരിപക്ഷം കർഷകർക്കും ഉണ്ടാവുമ്പോഴാണ് ആ മേഖലയിൽ വികസനം മുന്നേറുക. കർഷകർക്ക് തെങ്ങു കൃഷിയിൽ മികച്ച അറിവും ദിശാബോധവും പകരുന്നതിനാണ് ഇന്ത്യൻ നാളികേര ജേണൽ വഴി ബോർഡ് ശ്രമിക്കുന്നത്. ഈ അറിവും സാങ്കേതിക വിദ്യകളും നാട്ടിൽ ഉണ്ടാവുമ്പോഴും അവ പ്രവൃത്തിപഥത്തിൽ കൊണ്ടു വരുന്നതിന് നൈപുണ്യം ആവശ്യമുണ്ട്. ഹരിതവിപ്ലവത്തിലൂടെ കാർഷിക മേഖലയിലും, ധവളവിപ്ലവത്തിലൂടെ ക്ഷീരമേഖലയിലും കുതിപ്പ് ഉണ്ടായത് ആ രംഗങ്ങളിലെ സാങ്കേതിക വിദ്യയും അതിൽ നിപുണരായ ആളുകളും ഒരു ടീമായി പ്രവർത്തിച്ചപ്പോഴാണ്. ഇത് നാളികേര മേഖലയിലും പ്രസക്തമാണ്, പ്രത്യേകിച്ച് ഉൽപാദന ക്ഷമത വർദ്ധിപ്പിക്കുന്നതിനാവശ്യമായ എല്ലാ കാര്യങ്ങളിലും, വിത്തു തേങ്ങ തിരഞ്ഞെടുക്കുന്നത് മുതൽ നല്ല നടീൽ വസ്തുക്കൾ ഉൽപാദിപ്പിക്കുന്ന നഴ്സറി പ്രവർത്തിപ്പിക്കുന്നതിലും, തെങ്ങിൻ തൈകൾ പറിച്ചു നടുന്നതിലും, വളർച്ചയെത്തുന്നതുവരെ പരിപാലിക്കുന്നതിലും, ഉൽപാദനം ആരംഭിച്ചാൽ ശാസ്ത്രീയപരിചരണ മുറകൾ സ്വീകരിക്കുന്നതിലും, രോഗ കീട പ്രതിരോധ പ്രവർത്തനങ്ങളിലുമെല്ലാം നിപുണരായ ആളുകളെ ആവശ്യമുണ്ട്. മുൻകാലങ്ങളിൽ കാർഷിക മേഖലയിൽ അറിവും വൈദഗ്ധ്യവും നൈപുണ്യവുമുള്ള ആളുകൾ ധാരാളമുണ്ടായിരുന്നു. പക്ഷേ വിദ്യാഭ്യാസം നേടിയ ആളുകൾ മറ്റു മേഖലകളിലേക്ക് കടന്നു പോയപ്പോൾ കാർഷിക മേഖലയിലെ നാട്ടറിവുകൾ പതിയെപ്പതിയെ കുറഞ്ഞു വന്നു. എന്നാൽ അതോടൊപ്പം നമ്മുടെ കാർഷിക സർവ്വകലാശാലകളിലും കാർഷിക ഗവേഷണ സ്ഥാപനങ്ങളിൽ നിന്നുമെല്ലാം പുതിയ അറിവുകളും സാങ്കേതിക വിദ്യകളും ഉണ്ടായിക്കൊണ്ടിരിക്കുന്നുമുണ്ട്, പക്ഷേ ഇവ കൃഷിഭൂമിയിലേക്കെത്തുന്നതിന് കാലവിളമ്പം നേരിടുന്നു. ഇവിടെയാണ് നമ്മുടെ ഉത്പാദക കൂട്ടായ്മകൾ നാളികേര കൃഷിയിലെ നൈപുണ്യ വികസനത്തെക്കുറിച്ച് ഗൗരവമായി ചിന്തിക്കേണ്ടത്.

ഇന്ത്യയിലെ ആദ്യത്തെ നാളികേര ഉത്പാദക കമ്പനിയായ ചെറുപുഴ 'തേജസ്വിനി' നാളികേര ഉത്പാദക കമ്പനിയുടെ അംഗങ്ങളായ 31 ചെറുകിട നാമമാത്ര കർഷകർ നാളികേര കൃഷിയിലെ നൈപുണ്യവികസനത്തിന് ഇന്ത്യയിലെ ആദ്യ മാതൃക സൃഷ്ടിച്ചിരിക്കുന്നു. അവരെല്ലാവരും സ്വന്തം തെങ്ങിൽ നിന്ന് സ്വയം നീര ടാപ്പ് ചെയ്തുകൊണ്ട് ചരിത്രത്തിലാദ്യമായി ഒരേ സമയം തെങ്ങുടമയും നീര ടെക്നീഷ്യനുമായി മാറിയതിന്റെ അനുഭവക്കുറിപ്പുകളാണ് ഈ മാസത്തെ മുഖ്യ വിഷയ ലേഖനങ്ങളിൽ പ്രഥമം. ഇതുവഴി കഴിഞ്ഞ മാസം 7,91,700 രൂപയുടെ വരുമാനം ഈ കർഷകർ നേടിയെടുത്തു എന്ന വളരെ ആഹ്ളാദകരമായ വാർത്തയാണ് ഈ ലക്കത്തിൽ പങ്കു വയ്ക്കുന്നത്. തികച്ചും അഭിനന്ദനാർഹമായ മുന്നേറ്റം തന്നെയാണിത്. അനുകരണീയമായ ഈ മാതൃക കേരളത്തിലെ മറ്റെല്ലാ നാളികേരോൽപാദക കമ്പനികളും പിന്തുടരുമെന്നു പ്രതീക്ഷിക്കുന്നു. ഈ 31 കർഷകർ കേവലം 150 തെങ്ങുകളിൽ നിന്നാണ് 3045 ലിറ്റർ നീര ആഴ്ച തോറും ഉൽപാദിപ്പിക്കുന്നത്. പുറമെ നിന്നുള്ള നീര ടെക്നീഷ്യന്മാരുടെ സേവനം ഇല്ലാതെയാണ് ഇത് നേട്ടം. കേരകർഷകർ തന്നെ നീര ടെക്നീഷ്യന്മാരായി നൈപുണ്യം നേടി, വിജയിച്ചിരിക്കുന്നു. ഇത്തരം കർഷകരുടെ അനുഭവങ്ങളും അവരുടെ നൂതനമായ പ്രവർത്തനങ്ങളും കേരളത്തിലെ കേരകർഷകരെ പ്രചോദിപ്പിക്കുമെന്ന് പ്രതീക്ഷിക്കുകയാണ്. നാളികേര കൃഷിയിലും വിളവെടുപ്പിലും പ്രത്യേകിച്ച് നീരയുൽപാദനത്തിൽ കൃഷിക്കാർ തന്നെ നൈപുണ്യം ആർജ്ജിക്കുന്ന പ്രക്രിയയ്ക്ക് തുടക്കം കുറിച്ചിരിക്കുകയാണ് തേജസ്വിനി. ഈ 31 കർഷകരുടെ മാതൃക അതിവേഗം 300 ലേയ്ക്കും 500 ലേയ്ക്കും തേജസ്വിനിയിൽ ഉയരും എന്ന് ആഗ്രഹിക്കുന്നു; പ്രതീക്ഷിക്കുന്നു. കേരളത്തിൽ നിലവിലുള്ള 29 കമ്പനികളിലും 500 വീതം കർഷകരെ സ്വന്തം തെങ്ങിൽ നിന്ന് നീര ഉത്പാദനത്തിന് മുന്നോട്ടു കൊണ്ടുവരാൻ സിപിസികൾക്ക് കഴിയണം. അങ്ങിനെ വന്നാൽ നീര ഉൽപാദനരംഗത്ത് ഇന്നത്തെ മുഖ്യ തടസ്സമായ ടെക്നീഷ്യൻമാരുടെ അഭാവം ഒരു പരിധി ഹ്രസ്വകാലാടിസ്ഥാനച്ചിൽ പരിഹൃതമാകും.

ഒരു നൈപുണ്യവും ആവശ്യമില്ലാത്ത തൊഴിലുകളിൽ ഏർപ്പെട്ട് തുഛവരുമാനം കൈപ്പറ്റുന്ന ലക്ഷക്കണക്കിനാളുകൾ കേരളത്തിൽ ഉണ്ട് എന്നതാണ് വസ്തുത. ഉദാഹരണം നമ്മുടെ ദേശീയ തൊഴിലുറപ്പു പദ്ധതി തന്നെ. ഏകദേശം പതിനഞ്ച് ലക്ഷം ആളുകളാണ് കേരളത്തിൽ ഈ പദ്ധതിയിൽ രജിസ്റ്റർ ചെയ്ത് പ്രതിവർഷം പരമാവധി 100 ദിവസത്തെ തൊഴിൽ നേടുന്നത്. കിട്ടുന്ന പ്രതിദിന വേതന മാവട്ടെ കേവലം 210 രൂപയും!.അവരിൽ ഒരു വിഭാഗത്തെ പ്രതിദിനം 500 രൂപയെങ്കിലും നേടാൻ കഴിയുന്ന നീര ടെക്നീഷ്യൻ രംഗത്തേക്ക് കൊണ്ടുവരാൻ കഴിഞ്ഞാൽ അത് കർഷകർക്കും, നീരയുടേയും നീരയുൽപന്നങ്ങളുടേയും ഉപഭോക്താക്കൾക്കും, തുഛവരുമാനം കൊണ്ടു ജീവിതം കഷ്ടപ്പെട്ടു തള്ളി നീക്കുന്ന ദേശീയ തൊഴിലുറപ്പു പദ്ധതിയുടെ ഗുണഭോക്താക്കളായ നിരവധി കുടുംബങ്ങൾക്കും ഉപകാരപ്രദമാവില്ലേ?.

മുൻപേ ചിന്തിക്കാനും വ്യത്യസ്തമായി പ്രവർത്തിക്കാനുമാണ് പരിമിതികളുള്ളത്. എല്ലാവരും ചിന്തിക്കുന്നതിൽ നിന്ന് മാറി ചിന്തിക്കുന്നതിന്, പതിവ് വഴിയിൽ നിന്ന് വേറിട്ട് നടക്കുന്നതിന് അല്പം ധൈര്യവും തന്റേടവും വേണം. ഇങ്ങനെ പുതിയ പാതകളിലൂടെ യാത്ര ചെയ്യുവാനും മുൻപേ പറക്കുന്ന പക്ഷികളാവാനും ധൈര്യവും അർപ്പണബോധവും കാണിച്ച തേജസ്വിനി കമ്പനിയിലെ 31 കേര കർഷകരേയും ഹാർദ്ദമായി അനുമോദിക്കുകയും അവരുടെ തുടർപ്രവർത്തനങ്ങൾക്ക് വിജയാശംസകൾ നേരുകയും ചെയ്യുന്നു. മറ്റ് നാളികേര ഉൽപാദക കമ്പനികളുടെ ചെയർമാൻമാരും ഡയറക്ടർമാരും പ്രത്യേകിച്ച് 'നീരകമ്മറ്റി'യും ഇത് പഠിച്ച് വിലയിരുത്തി സ്വന്തം കമ്പനിയിലും ഇത്തരം 500 കർഷകരെ തനിയെ നീരയുത്പാദിപ്പിക്കാൻ സജ്ജരാക്കാമോ?. ഇത് വരും മാസങ്ങളിലെ നിങ്ങളുടെ പ്രധാന പ്രവർത്തന മേഖലകളിലൊന്നായി മാറ്റിയെടുക്കുക. ആശയങ്ങളും അറിവും സാഹചര്യങ്ങളും മാത്രം പോരാ. നൈപുണ്യ വികസനത്തിന്റെ നേതൃത്വം ഏറ്റെടുക്കുവാനും നിസ്വാർത്ഥരായ ആളുകളുടെ സഹായം ആവശ്യമുണ്ട്. നമ്മുടെ നീര കമ്മിറ്റികൾ ചിലയിടങ്ങളിലെങ്കിലും കേവലം കടലാസ് കമ്മിറ്റികളായി കുംഭകർണസേവയല്ലേ നടത്തുന്നത്. സ്വന്തം തെങ്ങുകളിൽ നിന്നു സ്വയം നീരയുൽപാദിപ്പിക്കുന്നതിന് കർഷകരെ ബോധവത്ക്കരിച്ച്, വേഗത്തിൽ പരിശീലനം നല്കിക്കൊണ്ട്, കർഷകന്റെ വിഹിതവും ടെക്നീഷ്യന്റെ വേതനവും ഒരുമിച്ച് നേടാൻ അവസരമൊരുക്കുമ്പോൾ അത് കർഷകർക്ക് ഉയർന്ന വരുമാനവുമാവും. മിക്ക കാർഷിക വിളകൾക്കും വിലയിടിഞ്ഞിരിക്കുന്ന ഈ സാഹചര്യത്തിൽ തീർച്ചയായും കേര കർഷകർക്ക് ഇത് ആശ്വാസമാവില്ലേ?. റബറിന്റെ വിലയിടിവ് കഴിഞ്ഞ 3 വർഷമായി കേരളത്തിലെ കർഷകരെ ദുരി

തത്തിലാഴ്ത്തിയിരിക്കുകയാണ്. തെങ്ങുകളെ പല കാരണങ്ങളാലും നാം അവഗണിച്ചു. ഉണ്ടായിരുന്ന തെങ്ങുകൾക്കു മീതെ റബ്ബർ വളർന്നു മൂടിക്കഴിഞ്ഞിരിക്കുന്നു പലയിടങ്ങളിലും. റബർ മേഖലയിൽ പലയിടത്തും ഇന്ന് തെങ്ങിനു മേൽ വീണ്ടും സൂര്യപ്രകാശം നല്കി തുടങ്ങിയിരിക്കുന്നു. ഇത് റബറിനേക്കാൾ വരുമാനം നീരയിലൂടെ നേടാൻ കഴിയുന്നതു കൊണ്ടു തന്നെയാണ്.

നൈപുണ്യ വികസനത്തെക്കുറിച്ച് പറയുമ്പോൾ നീര മാത്രമല്ല പരിഗണനാർഹമായുള്ളത്. നാളികേരത്തിൽ നിന്ന് മൂല്യവർദ്ധിത ഉത്പന്നങ്ങൾ സംസ്ക്കരിച്ചെടുക്കുന്ന സാങ്കേതിക വൈദഗ്ധ്യവും പരിശീലനവും യുവജനങ്ങൾക്കും സ്ത്രീകൾക്കും കുടുംബശ്രീ, മൈക്രോ, സംരംഭകർക്കും ലഭ്യമാക്കണം. എല്ലാ നാളികേര ഉത്പാദക കമ്പനികൾ വഴിയും ഗ്രാമപഞ്ചായത്തുകൾ വഴിയും കുടുംബശ്രീ കൂട്ടായ്മകൾ വഴിയും പരിശീലന പരിപാടികൾ ഏറ്റെടുത്ത് നാളികേരത്തിൽ നിന്ന് ഉൽപന്നങ്ങൾ നിർമ്മിക്കുന്നതിനുള്ള നൈപുണ്യവികസനം സാധ്യമാക്കേണ്ടതുണ്ട്. സിഐടിയും ഇതിനു നേതൃത്വം നല്കണം. ഇത്തരം പ്രവർത്തനങ്ങളെ സഹായിക്കുന്നതിന് ത്രിതല പഞ്ചായത്തുകൾക്ക് നിരവധി കാര്യങ്ങൾ ചെയ്യാം. വനിതകൾക്കും യുവജനങ്ങൾക്കുമുള്ള പദ്ധതികൾക്ക് ത്രിതല പഞ്ചായത്തുകളും, നഗരസഭകളും പദ്ധതിവിഹിതം മാറ്റി വയ്ക്കുന്നുണ്ട്. അത് നൈപുണ്യ വികസനത്തിനുപയോഗിച്ചാൽ മാന്യമായ വരുമാനമുള്ള തൊഴിലിലേക്ക് അവരെ കൈപിടിച്ചു നടത്താൻ സാധിക്കും. നാളികേരോത്പാദക കമ്പനികൾ ഇക്കാര്യത്തിൽ ഇക്കാര്യത്തിൽ ത്രിതല പഞ്ചായത്ത് , നഗരസഭ നേതൃത്വവുമായി വ്യക്തമായ ആശയവിനിമയം നടത്തണം. കുടുംബശ്രീയിലെ ജില്ലാ മിഷനുകളുമായും സിപിസികൾ ബന്ധപ്പെട്ടു പ്രവർത്തിക്കുമല്ലോ?

അതുപോലെ തന്നെയാണ് കേന്ദ്ര ഗവൺമെന്റിന്റെ ദീനദയാൽ ഉപാധ്യായ ഗ്രാമീണ കൗശല്യ യോജന എന്ന നൈപുണ്യ വികസന പദ്ധതി. നാഷണൽ സ്കിൽ ഡെവലപ്മെന്റ് കോർപ്പറേഷന്റെ കീഴിൽ വിവിധ മേഖലകളിലെ നൈപുണ്യ വികസനത്തിന് വളരെ വലിയ പ്രാധാന്യമാണ് കേന്ദ്ര ഗവൺമെന്റ് നൽകിക്കൊണ്ടിരിക്കുന്നത്. അതിനാൽ കാർഷിക മേഖലയിൽ ഉചിതമായ നൈപുണ്യ വികസന പദ്ധതികൾ കണ്ടെത്തുകയും അവ അഗ്രിക്കൾച്ചറൽ സ്കിൽ കൗൺസിൽ ഓഫ് ഇന്ത്യയുടെ മുൻപാകെ അവതരിപ്പിച്ച് നാഷണൽ ഒക്യുപേഷണൽ സ്റ്റാന്റേർഡിൽ ഉൾപ്പെടുത്തിയെടുക്കുകയും ചെയ്യുക എന്നുള്ളതാണ് നാം അടിയന്തിരമായി ചെയ്യേണ്ടത്. അഗ്രിക്കൾച്ചർ സ്കിൽ കൗൺസിൽ ഓഫ് ഇന്ത്യയിൽ നാളികേര വികസന ബോർഡ് സമർപ്പിച്ച നീര ടെക്നീഷ്യൻ പരിശീലനവും, തെങ്ങിന്റെ ചങ്ങാതിക്കൂട്ടം പരിശീലനവും, തെങ്ങ് കൃഷി-നഴ്സറി പരിപാലന പരിശീലന പരിപാടിയും അംഗീകൃത ലിസ്റ്റിൽ സ്ഥാനം പിടിച്ചു കഴിഞ്ഞു. നാഷണൽ ഒക്യുപേഷണൽ സ്റ്റാന്റേർഡിന്റെ അംഗീകാരം ഉള്ള ഈ കോഴ്സുകൾക്ക് വിവിധ നൈപുണ്യവികസന പദ്ധതികളിലൂടെ കേന്ദ്ര സർക്കാരിന്റെ സഹായം വാങ്ങി ഒരു പരിശീലന ഏജൻസിയുടേയും നോഡൽ ഏജൻസിയുടേയും നേതൃത്വത്തിൽ പരിശീലനം നടത്താൻ കഴിയും. ഇതിനുള്ള ആദ്യ കാൽവയ്പാണ് കേരളത്തിലെ കുടുംബശ്രീ അംഗങ്ങൾക്ക് മൂന്ന് മാസം നീണ്ടു നിൽക്കുന്ന നീര ടെക്നീഷ്യൻ പരിശീലനം രാജഗിരി കോളജ് ഓഫ് സോഷ്യൽ സയൻസസിന്റെ നേതൃത്വത്തിൽ ജനുവരി മാസം 4-ാം തീയതി മുതൽ തൃപ്പൂണിത്തുറയ്ക്കടുത്ത് ചൂരക്കാട് നടത്തുന്നത്. ഈ പരിശീലന പരിപാടിക്ക് കേന്ദ്ര ഗവൺമെന്റാണ് പൂർണ്ണമായും സാമ്പത്തിക സഹായം നൽകുന്നത്. നമ്മുടെ കമ്പനികളുടെ നീര കമ്മിറ്റിയംഗങ്ങളും ചെയർമാൻമാരും ഈ പരിശീലന പരിപാടി നേരിട്ടു വന്നു കണ്ട് മനസ്സിലാക്കുകയും സ്വന്തം കമ്പനികളിൽ ഇത് നടപ്പാക്കുകയും ചെയ്യുന്നത് ഉചിതമായിരിക്കും.

നാളികേര വികസന ബോർഡ് നൈപുണ്യ വികസന പരിപാടികൾ ഏറ്റെടുക്കുന്നതിന്റെ ഏറ്റവും ആദ്യത്തെ തലമായിരുന്നു തെങ്ങിന്റെ ചങ്ങാതിക്കൂട്ടം പരിശീലനം. തുടർന്ന് നീര ടെക്നീഷ്യൻ പരിശീലനവും, സങ്കരയിനം തെങ്ങിൻ തൈകളുടെ ഉത്പാദനത്തിനുള്ള പരിശീലനം തുടങ്ങിയവയും ഇതിനോടകം നടപ്പാക്കി കഴിഞ്ഞു. നൈപുണ്യ വികസനത്തിന് ബഡ്ജറ്റിലും സർക്കാർ വിഹിതം മാറ്റി വയ്ക്കുന്നുണ്ട്. കൂടാതെ വിവിധ സർക്കാർ പദ്ധതികളിൽ നൈപുണ്യ വികസനത്തിനും പരിശീലനത്തിനും ലഭ്യമാക്കുന്ന തുകയും നാളികേര ഉൽപാദക കമ്പനികളിൽ സമന്വയിപ്പിച്ച് പ്രവർത്തിച്ചാൽ ഇത്തരം പ്രവർത്തനങ്ങൾ അതിവേഗം മുൻപോട്ടു കൊണ്ടു പോകാൻ കഴിയില്ലേ. ത്രിതല പഞ്ചായത്തുകളിലെ പദ്ധതി വിഹിതത്തിൽ നിന്ന് ഉചിതമായ തുക ഇതിനു മാറ്റി വയ്പിക്കാൻ ആവുമോ? സ്വകാര്യ കമ്പനികൾ സാമൂഹ്യ സേവനം ചെയ്യുന്നുണ്ട്. നിയമപ്രകാരം അവർ അതിന് ബാധ്യസ്ഥരാണ്. 'കോർപ്പറേറ്റ് സോഷ്യൽ റെസ്പോൺസബിലിറ്റി'യുടെ ഭാഗമായി ഇത്തരം നൈപുണ്യ വികസന പരിശീല പരിപാടികൾ ഏറ്റെടുക്കുന്നതിന് സിപിസികൾ ആത്മാർത്ഥമായി പരിശ്രമിക്കുമോ?

ഏറെ കാലത്തിന് ശേഷമാണ് കാർഷിക മേഖലയിലും നൈപുണ്യ വികസനത്തിന്റെ ആവശ്യകതയെക്കുറിച്ച് എല്ലാവർക്കും ബോധ്യം വന്നിരിക്കുന്നത്. അതിനാൽ പിന്നോട്ടു നിൽക്കാതെ നാളികേര മേഖലയും അതിന്റെ പതാക വാഹകരായി മുന്നിൽ ഉണ്ടാവാൻ പരിശ്രമിക്കുക. നാളികേര ഉൽപാദക കമ്പനികളാവട്ടെ നൈപുണ്യ വികസന മേഖലയിലേക്ക് നാട്ടിലെ ചെറുപ്പക്കാരേയും വനിതകളേയും തൊഴിൽ രഹിതരേയും, കുറഞ്ഞ വരുമാനമുള്ള തൊഴിലാളികളെയും ആകർഷിക്കണം. ചെറുകിട നാമമാത്ര കർഷകർ പലരും സ്വയം റബർ ടാപ്പ് ചെയ്യുന്നുണ്ടല്ലോ? അതുപോലെ നീരയുൽപാദിപ്പിക്കാൻ പ്രാപ്തരാക്കുന്ന ഉത്തരവാദിത്വം സിപിസികൾ അടിയന്തിരമായി ഏറ്റെടുക്കുക. മുൻലക്കങ്ങളിൽ സൂചിപ്പിച്ചതുപോലെ 440 നാളികേര ഉൽപാദക ഫെഡറേഷനുകൾക്കും 5000 വീതം തെങ്ങിൽ നിന്ന് നീര ഉൽപാദിപ്പിക്കാൻ അനുമതി ലഭിച്ച സാഹചര്യത്തിൽ കേരളത്തിൽ ഏകദേശം രണ്ടേകാൽ ലക്ഷത്തോളം നീര ടെക്നീഷ്യൻമാരുടെ ആവശ്യമാണുള്ളത്. ഇതിൽ നൈപുണ്യമുള്ള ആളുകളെ നീല കോളർ ജോലിക്കപ്പുറം 'ഗ്രീൻ കോളർ' ജോലിക്കാരായി കാണണം. ക്രൂഡോയിലിന്റെ വിലയിടിവ് രൂക്ഷമായി ബാധിച്ചിരിക്കുന്ന ഗൾഫ് രാജ്യങ്ങളിൽ നിന്നൊക്കെ ഒരു പക്ഷേ തൊഴിൽ നഷ്ടപ്പെടുന്നവരുടെ തിരിച്ചു വരവ് കൂടുതലായി കേരള സമൂഹം നേരിടേണ്ടി വരും. അതിനുവേണ്ട തയ്യാറെടുപ്പുകൾ നാം ആരംഭിക്കേണ്ടതില്ലേ? പ്രളയത്തെ അതിജീവിക്കുന്നതിന് നോഹ പെട്ടകം നിർമ്മാണം ആരംഭിച്ചത് പെരുമഴ തുടങ്ങിയതിനു ശേഷമല്ല; മറിച്ച് ഒട്ടും മഴയില്ലാതിരുന്ന സമയത്താണ്. പ്രളയത്തെ മുൻകൂട്ടി കണ്ട് തയ്യാറെടുപ്പുകൾ നടത്തുന്നതിൽ നാം പരാജയപ്പെട്ടാൽ ഈ വലിയ മത്സരപ്രളയത്തിൽ ഒരു പക്ഷേ നമ്മളും ഒലിച്ചു പോയെന്നിരിക്കും. പിടിച്ചു നിൽക്കുന്നതിനും, കുത്തൊഴുക്കിനെ അതിജീവിക്കുന്നതിനും വിജയിക്കുന്നതിനും കഴിയണമെങ്കിൽ മുൻകൂട്ടി പദ്ധതികൾ ആസൂത്രണം ചെയ്ത്, പരിശീലനത്തിലൂടെ നൈപുണ്യം നേടി സജ്ജരായി ഇരിക്കുക എന്നതു മാത്രമേ മാർഗ്ഗമുള്ളൂ. അതെ, നാളികേരത്തിന് മിതവും മാന്യവും ആദായകരവുമായ സ്ഥിരവില ഉറപ്പു വരുത്തണമെങ്കിൽ നാളികേര മേഖലയിലെ നൈപുണ്യ വികസനത്തിന് ഇനി വൈകിക്കൂടാ. അവസരങ്ങളെ തിരിച്ചറിഞ്ഞ് പ്രയോജനപ്പെടുത്തുക എന്ന ദൗത്യമാണ് ഓരോ നാളികേര ഉൽപാദക കമ്പനിക്കും, ഫെഡറേഷനും ഉൽപാദക സംഘത്തിനും ചെയ്യാനുള്ളത്. സൊസൈറ്റി രജിസ്റ്റർ ചെയ്ത ശേഷം മഴ കാത്തിരിക്കുന്ന വേഴാമ്പലിനെപ്പോലെ ബോർഡിൽ നിന്ന് എന്തെങ്കിലും ആനുകൂല്യം കിട്ടിയാലേ ഞങ്ങൾ പ്രവർത്തിച്ചു തുടങ്ങൂ എന്ന പിടിവാശിയുടെ ആലസ്യവുമായി കാത്തിരിക്കുന്നവർ, ലഭ്യമായ അറിവും കഴിവുകളും നൈപുണ്യ വികസന സാധ്യതകളും പ്രയോജനപ്പെടുത്തി മികച്ച നേട്ടം ആർജ്ജിക്കുവാനുള്ള മനസ്സുള്ളവരായി മാറട്ടെ എന്നുകൂടി ആശംസിക്കുന്നു.

സ്നേഹപൂർവ്വം,

ടി.കെ ജോസ്
ചെയർമാൻ

# കേര കർഷകർ സ്വയം നീര ടാപ്പിംഗിൽ നൈപുണ്യം നേടിയ വടക്കൻ വീരഗാഥ

● അബ്ദുൾ റസാഖ്,
എക്സിക്യൂട്ടീവ് ഓഫീസർ, തേജസ്വിനി നാളികേര ഉത്പാദക കമ്പനി, ചെറുപുഴ, കണ്ണൂർ


ഷാജു

**മലബാറിലെ കുടിയേറ്റ മേഖലയിൽ തേജസ്വിനിയിലെ 31 കൃഷിക്കാർ നൈപുണ്യ വികസനത്തിന്റെ പ്രായോഗിക പാഠങ്ങൾ അഭ്യസിച്ച് നീരടാപ്പിങ്ങിൽ പുതിയ ഉയരങ്ങൾ കീഴടക്കി ഒന്നാമത് എത്തിയിരിക്കുന്നു. സ്വന്തം തെങ്ങിൽ നിന്ന് സ്വന്തമായി നീര ടാപ്പ് ചെയ്ത് അവർ കഴി ഞ്ഞ മാസം 7,91,700 രൂപ വരുമാനം നേടി. നാളികേര കൃഷിയിൽ പുത്തൻ മാതൃക അടയാളപ്പെടുത്തിയ ആ പ്രതിഭകളെ കുറിച്ച്...**

കേരളത്തിൽ നാട്ടിൻപുറത്ത് അടുത്തനാൾ വരെ ഒരു ചൊല്ലുണ്ടായിരുന്നു. അരയേക്കർ റബ്ബറുണ്ടെങ്കിൽ അടിപൊളിയായി ജീവിക്കാം എന്ന്. കാലം മാറി, കഥ മാറി. ഇപ്പോൾ ആളുകൾ പറഞ്ഞു തുടങ്ങിയിരിക്കുന്നു: നീര വന്നതോടെ പത്തു മൂട് തെങ്ങുണ്ടെങ്കിൽ ജീവിക്കാമെന്നായി. നാളികേരത്തെ പിന്തള്ളി കേരളത്തിലെ കാർഷിക മേഖലയുടെ നട്ടെല്ലായി സ്ഥാനം നേടിയ റബറിൽ നിന്നുള്ള ആദായം നാൾക്കു നാൾ കുറയുമ്പോൾ, കിലോഗ്രാമിന് 240 രൂപയിൽ നിന്ന് 90 ലും താഴേയ്ക്ക് തിരികെ പോകുമ്പോൾ ചെറുകിട കർഷകർ ഇന്ന് സ്വന്തം കൃഷിയിടത്തിൽ നില്ക്കുന്ന തെങ്ങിലേയ്ക്ക് പ്രതീക്ഷയോടെ നോക്കുന്നു. റബർ ഒരു പരിധി വരെ കേരളത്തിൽ ചെറുകിട നാമമാത്ര കൃഷിക്കാരുടെ കുടുംബ കൃഷിയായിരുന്നു. എന്നു വച്ചാൽ കുടുംബത്തിലെ എല്ലാവർക്കും അതിന്റെ കൃഷിയിലും പരിചരണത്തിലും ടാപ്പിങ്ങ്, ലാറ്റക്സ് ശേഖരണം തുടങ്ങിയ വിളവെടുപ്പു പ്രവൃത്തികളിലും സജീവമായി പങ്കാളികളാകാമായിരുന്നു. അതൊരു വലിയ നേട്ടമാണ്. എന്നാൽ കാലാകാലങ്ങളായി നാളികേര മേഖലയിൽ നടുക, വളമിടുക, നനയ്ക്കുക എന്ന ജോലികൾ കർഷകനും വിളവെടുപ്പ്, രോഗകീട നിയന്ത്രണം തുടങ്ങിയ ജോലികൾ പരമ്പരാഗത വിദഗ്ധ തൊഴിലാളികൾക്കുമായി സംവരണം ചെയ്തു പോരുകയായിരുന്നു. പുതിയകാലത്തെ ഗ്രീൻ കോളർ തൊഴിലായ നീര ടാപ്പിംഗും ടെക്നീഷ്യന്റെ കുത്തകയായി.


മനോജ്

പക്ഷെ നാളികേര കൃഷിയിൽ പാഠഭേദവുമായി ഇതാ ഒരു വടക്കൻ വീരഗാഥ. തെങ്ങിന്റെ കൃഷി മാത്രമല്ല റബർ ടാപ്പിംങ് പോലെ നീര ടാപ്പിംങ്ങും കൃഷിക്കാരനു തന്നെ നിർവഹിക്കാം എന്നു പ്രവൃത്തിയിലൂടെ കാണിച്ചു തന്ന് ചരിത്രം സൃഷ്ടിക്കുകയാണ് കണ്ണൂർ തേജസ്വിനി കമ്പനിയിലെ ചെറുപ്പക്കാരായ 31 കൃഷിക്കാർ. തേജസ്വിനി കമ്പനിയുടെ പ്രവർത്തന മേഖല മിക്കവാറും മലയോര കൃഷിയിടങ്ങളാകയാൽ തുടക്കം മുതലെ ഇവിടെ നീര ടെക്നീഷ്യൻമാർക്ക് ക്ഷാമമായിരുന്നു. ഫെഡറേഷനുകൾക്ക് നീര ഉത്പാദന ലൈസൻസ് ലഭിച്ചാൽ അത് ടാപ്പ് ചെയ്യാൻ ആളില്ലാതെ വരും എന്ന ആശങ്ക മൂലം മുൻകരുതൽ എന്ന നിലയ്ക്ക് കർഷകരും പരിശീലനത്തിന് എത്തുകയും ടാപ്പിംങ് സാങ്കേതിക വിദ്യ സ്വായത്തമാക്കുകയും ചെയ്തിരുന്നു. അതിപ്പോൾ അനുഗ്രഹമായിരിക്കുകയാണ്.


സ്റ്റെനി

തേജസ്വിനിയുടെ ഉദയഗിരി, ചെറുപുഴ, ആലക്കോട് എന്നീ ഫെഡറേഷനിലെ 31 കൃഷിക്കാരാണ് നീര ടാപ്പിങ്ങിൽ പുതിയ ഉയരങ്ങൾ കീഴടക്കിയിരിക്കുന്നത്. എല്ലാവരും 40 തിനു താഴെ പ്രായമുള്ള ഊർജ്ജസ്വലർ. പത്തു വരെ തെങ്ങുകളാണ് ഇവർ പ്രതിദിനം ടാപ്പു ചെയ്യുന്നത്. പ്രതിമാസം അവർ നേടുന്ന വരുമാനം 63700 രൂപ വരെ. ഇവരിൽ ഒന്നാം സ്ഥാനത്ത് ഉദയഗിരി ഫെഡറേഷനിലെ അരിവിളഞ്ഞപൊയിൽ സ്വ


സിബി

**കൃഷിയിലെ നഷ്ടക്കണക്കുകളാണ് നീരടാപ്പിങ്ങിലൂടെ എനിക്ക് മാറ്റി എഴുതാൻ സാധിച്ചത്. കഠിനാധ്വാനത്തിലൂടെയും അർപ്പണബോധത്തോടെയും സ്വന്തം കൃഷിയിടത്തിലെ തെങ്ങിന്റെ ഉയരങ്ങൾ കാൽക്കീഴിലാക്കിയപ്പോൾ ബാങ്ക് വായ്പ തിരിച്ചടവ്, കുട്ടികളുടെ ഫീസ് അടവ് ഇവയെല്ലാം എനിക്ക് നിസാരമായി. എന്തിനേറെ ആരോഗ്യമുള്ള മനസും ശരീരവും, ശാന്തമായ ജീവിതവും ,സ്വപ്നം കാണാൻ പോലും കഴിയാത്ത വരുമാനവും എനിക്കു സ്വന്തമായി. അർപ്പണബോധത്തോടെ കഠിനാധ്വാനത്തിനു തയാറാണോ, എങ്കിൽ നിങ്ങളെ നീര രക്ഷിക്കും.**

| Sl No | പേര് | ഫെഡറേഷൻ | തെങ്ങുകൾ | മാസവരുമാനം | ഒരു തെങ്ങിൽ നിന്നും മാസ ശരാശരി |
|---|---|---|---|---|---|
| 1 | ഷാജു | ഉദയഗിരി | 10 | 63,700 | 6370 |
| 2 | മനോജ് | ചെറുപുഴ | 8 | 54,860 | 6858 |
| 3 | ശശിധരൻ | ചെറുപുഴ | 6 | 48,360 | 8060 |
| 4 | സിബി | ചെറുപുഴ | 8 | 46,540 | 5818 |
| 5 | ജോസ് | ചെറുപുഴ | 6 | 35,880 | 5980 |
| 6 | സ്റ്റെനി | ഉദയഗിരി | 6 | 34,320 | 5720 |
| 7 | സിബി | ഉദയഗിരി | 6 | 32,500 | 5417 |
| 8 | സാംസൺ | ചെറുപുഴ | 5 | 32,240 | 6448 |
| 9 | ജസ്റ്റിൻ | ഉദയഗിരി | 6 | 30,940 | 5157 |
| 10 | റോബിച്ചൻ | ഉദയഗിരി | 6 | 30,680 | 5113 |
| 11 | ബിജു | ഉദയഗിരി | 6 | 26,000 | 4333 |
| 12 | രാജറ്റ് | ഉദയഗിരി | 5 | 25,480 | 5096 |
| 13 | സുജിത് | ഉദയഗിരി | 5 | 25,480 | 5096 |
| 14 | പ്രിൻസ് | ഉദയഗിരി | 5 | 24,700 | 4940 |
| 15 | മോഹനൻ | ഉദയഗിരി | 5 | 21,320 | 4264 |
| 16 | രാജേഷ് | ഉദയഗിരി | 4 | 20,540 | 5135 |
| 17 | മാത്യൂ | ഉദയഗിരി | 5 | 20,280 | 4056 |
| 18 | ജസ്റ്റിൻ ജോസ് | ഉദയഗിരി | 4 | 19,240 | 4810 |
| 19 | ജിനു | ഉദയഗിരി | 4 | 18,720 | 4680 |
| 20 | ജോബിൻ | ആലക്കോട് | 4 | 18,200 | 4550 |
| 21 | സിറിൾ | ഉദയഗിരി | 4 | 18,200 | 4550 |
| 22 | തോമസ് | ആലക്കോട് | 4 | 17,940 | 4485 |
| 23 | ബെന്നി | ഉദയഗിരി | 4 | 17,940 | 4485 |
| 24 | അഭിലാഷ് | ചെറുപുഴ | 3 | 17,940 | 5980 |
| 25 | പൗലോസ് | ആലക്കോട് | 4 | 17,680 | 4420 |
| 26 | സജി | ആലക്കോട് | 4 | 16,900 | 4225 |
| 27 | ബിനീഷ് | ഉദയഗിരി | 4 | 16,900 | 4225 |
| 28 | ബിജു കെഎ | ആലക്കോട് | 3 | 12,480 | 4160 |
| 29 | ബിജു സക്കറിയ | ആലക്കോട് | 2 | 9,100 | 4550 |
| 30 | ബിജു ജോസഫ് | ആലക്കോട് | 2 | 8,320 | 4160 |
| 31 | സോമി | ആലക്കോട് | 2 | 8,320 | 4160 |
| | | TOTAL | 150 | 791700 | |

ദേശി പാലാക്കാട്ട് പുത്തൻപുരയ്ക്കൽ ഷാജു അപ്പച്ചനാണ്. ഇപ്പോൾ 41 വയസ്. പ്രീഡിഗ്രി വിദ്യാഭ്യാസം. മുഴുവൻ സമയ കർഷകൻ. മൂന്ന് ഏക്കർ കൃഷിയിടമുള്ള ഷാജുവിന് കായ്ഫലമുള്ള 150 തെങ്ങുകൾ ഉണ്ട്. കഴിഞ്ഞ വർഷമാണ് നീര ടെക്നീഷ്യൻ കോഴ്സ് പാസായത്. ഇപ്പോൾ 10 തെങ്ങ് ടാപ്പ് ചെയ്യുന്നു. കഴിഞ്ഞ മാസം കർഷകന്റെയും തൊഴിലാളിയുടെയും വിഹിതമായ 63700 രൂപ കമ്പനിയിൽനിന്ന് സ്വന്തമാക്കി. കൃഷിയിലെ നഷ്ടക്കണക്കുകളാണ് നീരടാപ്പിങ്ങിലൂടെ എനിക്ക് മാറ്റി എഴുതാൻ സാധിച്ചത്. കഠിനാധ്വാനത്തിലൂടെയും അർപ്പണബോധത്തോടെയും സ്വന്തം കൃഷിയിടത്തിലെ തെങ്ങിന്റെ ഉയരങ്ങൾ കാൽക്കീഴിലാക്കിയപ്പോൾ ബാങ്ക് വായ്പ തിരിച്ചടവ്, കുട്ടികളുടെ ഫീസ് അടവ് ഇവയെല്ലാം എനിക്ക് നിസാരമായി. എന്തിനേറെ ആരോഗ്യമുള്ള മനസും ശരീരവും, ശാന്തമായ ജീവിതവും ,സ്വപ്നം കാണാൻ പോലും കഴിയാത്ത വരുമാനവും എനിക്കു സ്വന്തമായി. അർപ്പണബോധത്തോടെ കഠിനാധ്വാനത്തിനു തയാറാണോ, എങ്കിൽ നിങ്ങളെ നീര


മോഹനൻ


രാജേഷ്


മാത്യൂ


ജസ്റ്റിൻ


ജിനു


ജോബിൻ

# എല്ലാ ഫെഡറേഷനുകളിലും കൃഷിക്കാർ സ്വന്തമായി നീര ടാപ്പു ചെയ്യുക എന്നതാണ് ലക്ഷ്യം



സണ്ണി ജോർജ്

കൃഷിക്കാർ തന്നെ നീര ടാപ്പിംങ് തുടങ്ങിയതോടെ ഉത്പാദിപ്പിക്കുന്ന നീരയുടെ പിഎച്ച്/ ബ്രിക് ഗുണ നിലവാരം മെച്ചപ്പെട്ടതായി തേജസ്വിനി കമ്പനിയുടെ ചെയർമാൻ സണ്ണി ജോർജ് ചൂണ്ടിക്കാട്ടി. മികച്ച ഗുണ നിലവാരം നിലനിർത്തിയാൽ കൃഷിക്കാരന് മെച്ചപ്പെട്ട വില കിട്ടും എന്നതിരിച്ചറിവ് എല്ലാവരെയും അതിനു പ്രേരിപ്പിക്കുന്നു. ഭാവിയിൽ എല്ലാ ഫെഡറേഷനുകളിലും കൃഷിക്കാർ സ്വന്തമായി നീര ടാപ്പു ചെയ്യുക എന്നതാണ് കമ്പനി ലക്ഷ്യമിടുന്നത് എന്നും ചെയർമാൻ പറഞ്ഞു. തൊഴിലാളികളെ ആവശ്യമെങ്കിൽ കമ്പനി നല്കും. പക്ഷെ അവരെ കൃഷിക്കാർ തന്നെ മാനേജ് ചെയ്യണം. കേരളത്തിൽ ആദ്യമായാണ് ഇത്രയധികം കൃഷിക്കാർ ഒന്നിച്ച് നീര ടാപ്പിങ്ങിലേയ്ക്ക് കടന്നു വന്നിരിക്കുന്നത്. ഇക്കാര്യത്തിലും മാതൃകയാകാൻ സാധിച്ചതിൽ സന്തോഷമുണ്ട്. ഒരു പക്ഷെ ഇത് ഒരു ദിശാസൂചിയായി മാറിയേക്കാം. സണ്ണി ജോർജ് പ്രവചനസ്വഭാവമുള്ള ഒരു നിരീക്ഷണം നടത്തി.

ഇനി റബർ റീപ്ലാന്റു ചെയ്യുമ്പോൾ പാതി സ്ഥലത്ത് നല്ല കുറിയ ഇനം തെങ്ങിൻ തൈകൾ തന്നെ നട്ടു പിടിപ്പിക്കുമെന്ന് പല കർഷകരും പറഞ്ഞു. സ്വയം നീര ടാപ്പ് ചെയ്യുന്ന യുവ കർഷകരുടെ എണ്ണം 31 ൽ നിന്ന് 300 ലേക്കും, 500 ലേക്കും 1000ലേക്കും എത്തിക്കാനുള്ള ശ്രമത്തിലാണ് തേജസ്വിനി കമ്പനി എന്നും ആവേശം സ്ഫുരിക്കുന്ന, പ്രതീക്ഷ നിറഞ്ഞ നയനങ്ങളുമായി യുവാവായ ചെയർമാൻ സണ്ണി ജോർജ്ജ് സൂചിപ്പിച്ചു. തനിക്ക് കർഷകശ്രീ അവാർഡ് ലഭിച്ചതിലും സന്തോഷമാണ് ഇപ്പോൾ എന്ന് അദ്ദേഹം കൂട്ടിച്ചേർത്തു.

സണ്ണി തന്നെ, സ്വന്തം 3 ഏക്കർ റബർ തോട്ടം മുറിച്ചു മാറ്റി കുറിയ ഇനം തെങ്ങുകളും കുരുമുളകും നല്ലയിനം വരിക്കപ്ലാവും വാർഷിക വിളയായി മഞ്ഞളും ചേനയും നട്ടുകൊണ്ട് കർഷകർക്ക് മോഡൽ പ്ലോട്ട് സൃഷ്ടിച്ച് നേതൃത്വം കൊടുക്കുന്നു.

രക്ഷിക്കും. – ഷാജു സാക്ഷ്യപ്പെടുത്തുന്നു.

തൊട്ടടുത്ത സ്ഥാനത്ത് ചെറുപുഴ ഫെഡറേഷനിലെ തിരുമേനി സ്വദേശി മനോജ് മേക്കലാത്ത് എട്ടു തെങ്ങുകൾ ടാപ്പ് ചെയ്ത് 54860 രൂപയുമായി നില്ക്കുന്നു. മൂന്ന് ഏക്കറ് കൃഷിയിടമുള്ള മനോജിനും 150 തെങ്ങുകൾ സ്വന്തമായുണ്ട്. കൃഷിയാണ് മുഖ്യ വരുമാനം. സ്വന്തം തെങ്ങിൻതോപ്പിൽ നിധിയിരിക്കുന്നത് തിരിച്ചറിയാൻ അല്പം വൈകി. ഇപ്പോൾ മറ്റ് കൃഷിപ്പണികൾക്കൊപ്പം നീര ടാപ്പിങ്ങും നടക്കുന്നു. പണ്ട് സ്വപ്നം കണ്ടിരുന്ന വരുമാനമാണ് ഇപ്പോൾ തെങ്ങുകൾ എനിക്കു നല്കുന്നത് – മനോജ് തന്റെ ജീവിതം തന്നെ ഉദാഹരണമായി ചൂണ്ടിക്കാട്ടുന്നു.

അഞ്ച് ഏക്കർ കൃഷിയിടം സ്വന്തമായുള്ള മണക്കടവ് സ്വദേശി സ്റ്റെനി സെബാസ്റ്റ്യൻ മേക്കാവിൽ ആണ് മൂന്നാം



സിറിൾ



തോമസ്



ബെന്നി



പൗലോസ്



ബിജു ജോസഫ്



സോമി

സ്ഥാനത്ത്. ഉദയഗിരി ഫെഡറേഷനിലെ അംഗമായ സ്റ്റെനിക്ക് 160 തെങ്ങുകളുണ്ട്. ആറു തെങ്ങുകൾ ടാപ്പ് ചെയ്യുന്നു. കഴിഞ്ഞ മാസത്തെ വരുമാനം 34320 രൂപ. മണക്കടവ് സ്വദേശി പിറവിക്കാട്ട് സിബിയും ആറു തെങ്ങുകൾ സ്വന്തമായി ടാപ്പ് ചെയ്ത് കഴിഞ്ഞ മാസം 32500 രൂപ നേടി. ഒരേക്കർ ഭൂമിയും അതിൽ 20 തെങ്ങുകളുമുള്ള നാമമാത്ര കൃഷിക്കാരനാണ് സിബി. ഉദയഗിരി ഫെഡറേഷനിലെ അംഗമാണ്. മണക്കടവ് വെള്ളാട്ടുകൊല്ലി സ്വദേശി ചെള്ളംകുഴിയിൽ ജസ്റ്റിൻ ഒരേക്കർ കൃഷിഭൂമിയുടെയും അതിലെ 60 തെങ്ങുകളുടെയും ഉടമയാണ്. ഉദയഗിരി ഫെഡറേഷനിലെ അംഗമായ ജസ്റ്റിൻ ആറു തെങ്ങുകൾ ടാപ്പ് ചെയ്യുന്നു. കഴിഞ്ഞ മാസത്തെ വരുമാനം 30940 രൂപ. അറുപത് വർഷം മുമ്പ് പാലാ അമ്പാറനിരപ്പേൽ എന്ന സ്ഥലത്ത് നിന്ന് മണക്കടവിലേയ്ക്ക് കുടിയേറിയ എറത്തേൽ ജോസഫിന്റെ രണ്ടു മക്കളാണ് ആറു തെങ്ങ് ടാപ്പ് ചെയ്ത് കഴിഞ്ഞ മാസം 30680 രൂപ വരുമാനം നേടിയ റോബിച്ചനും അഞ്ച് തെങ്ങ് ടാപ്പ് ചെയ്ത് 25480 രൂപ നേടിയ രാജറ്റും. രണ്ടര ഏക്കർ പുരയിടത്തിൽ 70 കായ്ക്കുന്ന തെങ്ങുകളാണ് റോബിച്ചനുള്ളത്. രാജറ്റിന് 150 തെങ്ങുകൾ ഉണ്ട്. മൂന്നേകാൽ ഏക്കർ സ്ഥലവും. ഇരുവരും ഉദയഗിരി ഫെഡറേഷൻ അംഗങ്ങളാണ്. ഉദയഗിരി ഫെഡറേഷനിലെ തന്നെ അംഗമായ മണക്കടവ് തയ്യിൽ ബിജു ഒന്നര ഏക്കർ കൃഷിയിടത്തിൽ 40 തെങ്ങുകളുള്ള കർഷകനാണ്. ആറു തെങ്ങുകൾ ടാപ്പ് ചെയ്ത് കഴിഞ്ഞമാസം 26000 രൂപ വരുമാനം നേടി. 42കാരനായ ബിജു മുഴുവൻ സമയ കൃഷിക്കാരനാണ്.

ഉദയഗിരി ഫെഡറേഷനിലെ അംഗങ്ങളായ അരിവിളഞ്ഞ പൊയിൽ സ്വദേശി ഇരുപ്പക്കാട്ട് സുജിത് ഫിലിപ്പ്, പൂവൻചാൽ കാച്ചിറയിൽ പ്രിൻസ്, മണക്കടവ് മക്കനാൽ മോഹൻ എന്നിവർ സ്വന്തമായി അഞ്ചു തെങ്ങുകൾ വീതം ടാപ്പ് ചെയ്ത് യഥാക്രമം 25480, 24700,21320 രൂപ വീതം കഴിഞ്ഞമാസം വരുമാനം നേടിയ ചെറുകിട കർഷകരാണ്. ഉദയഗിരി ഫെഡറേഷനിലെ കാർത്തികപുരം സ്വദേശി കൊങ്ങോലയിൽ രാജേഷ്, ഉദയഗിരി സ്വദേശി കടുംബന്താനം ജെസ്റ്റിൻ, കാർത്തികപുരം



ബിജു കെഎ



സജി



ബിനീഷ്

കറുകച്ചേരിൽ ജിനു, ഉദയഗിരി ചെകിടനാനിയിൽ സിറിൾ, ഉദയഗിരി മണിമലത്തറപ്പിൽ ബെന്നി എന്നിവർ നാലു തെങ്ങുകൾ വീതം ടാപ്പ് ചെയ്ത് കഴിഞ്ഞ മാസം യഥാക്രമം 20540,19240,18720,18200 രൂപ വീതം സ്വന്തമാക്കിയവരാണ്. ഇതേ ഫെഡറേഷനിലെ മണക്കടവ് സ്വദേശി പെരുമ്പള്ളിക്കുന്നേൽ പി .ടി മാത്യു അഞ്ചു തെങ്ങു ടാപ്പ് ചെയ്ത് 20280 രൂപയും നേടി.

ആലക്കോട് ഫെഡറേഷനിലെ കുറ്റിപ്പുഴ, കുപ്പക്കാട്ട് ജോബിൻ കുരുവിള നാലു തെങ്ങുകൾ ടാപ്പു ചെയ്ത് 18200 രൂപയും ആശാൻകവല, കുന്നത്ത് തോമസ് നാലു തെങ്ങുകൾ ടാപ്പ് ചെയ്ത് 17940 രൂപയും കഴിഞ്ഞ മാസം നേടി. ആലക്കോട് ഫെഡറേഷനിലെ തേർമല സ്വദേശി കുപ്പക്കാട്ട് പൗലോസ് 65 സെന്റ് പുരയിടവും അതിൽ നാലു തെങ്ങുകളും സ്വന്തമായുള്ള നാമാത്ര കൃഷിക്കാരനാണ്. കൃഷി കഴിഞ്ഞുള്ള സമയത്ത് തെങ്ങുകയറ്റമാണ് തൊഴിൽ. തന്റെ നാലു തെങ്ങിൽ നിന്ന് പൗലോസിന്റെ കഴിഞ്ഞമാസത്തെ വരുമാനം 17680 രൂപയാണ്. ഉദയഗിരി ഫെഡറേഷനിലെ മണക്കടവ് പാറയിൽ ബിനീഷ്

**ഒരു തെങ്ങിൽ നിന്ന് ഒരു കർഷകന് ചുരുങ്ങിയത് പ്രതിമാസം 4056 രൂപ, ഏറ്റവും ഉയർന്നത് 8060 രൂപ വരുമാനം.**

കുമാർ 75 സെന്റ് സ്ഥലമുള്ള നാമമാത്ര കർഷകനാണ്. 13 തെങ്ങുകളുണ്ട് പുരയിടത്തിൽ. ഇതിൽ നാല് തെങ്ങുകൾ ടാപ്പ് ചെയ്ത് കഴിഞ്ഞമാസം അദ്ദേഹം 16900 രൂപ വരുമാനം നേടി. ആലക്കോട് ഫെഡറേഷനിലെ തേർമല പൈങ്ങോട്ട് സജി തന്റെ നാലു തെങ്ങും, കുപ്പക്കാട്ട് ബൈജു മൂന്നു തെങ്ങും സ്വന്തമായി ടാപ്പ് ചെയ്ത് യഥാക്രമം 16900,12480 രൂപ വീതം വരുമാനം നേടി. ഇതേ ഫെഡറേഷനിലെ കരുവഞ്ചാൽ സ്വദേശി തുമ്പത്തുരുത്തേൽ ബിജു, അരിവിളഞ്ഞപൊയിൽ സ്വദേശി സോമി എന്നിവർ രണ്ടു തെങ്ങുകൾ വീതം ടാപ്പ് ചെയ്ത് 8320 രൂപവീതം നേടി.

ഈ കർഷകരുടെ വീട്ടുകാരും മക്കളും പോലും നിലത്തു നിന്ന് ടാപ്പു ചെയ്യാൻ കഴിയുന്ന തെങ്ങുകളുണ്ടായിരുന്നെങ്കിൽ എന്ന് ആശിക്കുന്നു. ഇവരുടെ അയൽക്കാരും ഉയരം കുറഞ്ഞ ഇനം തെങ്ങിൻ തൈകൾക്കുവേണ്ടിയുള്ള അന്വേഷത്തിലാണ്. അത്തരം തൈകൾ നട്ടാൽ അഞ്ചാം വർഷം നീരയുൽപാദിപ്പിച്ചു തുടങ്ങാം. തേജസ്വിനി കമ്പനിയുടെ അംഗ കർഷർ ഇത്തരം തൈകൾക്കായി ഫെഡറേഷനുകളിലും കമ്പനിയിലും നിരന്തരം ആവശ്യപ്പെടുന്നു.

ഉണ്ടായിരുന്ന സ്ഥലം മുഴുവൻ റബർ മാത്രം വച്ച ഇവരുടെ അയൽക്കാർ ഇന്ന് അസൂയാലുക്കളും ദുഃഖിതരുമാണ്.

# ബോർഡ് ജേണലുകളുടെ പരസ്യനിരക്കുകൾ

*നാളികേര വികസന ബോർഡിന്റെ പ്രസിദ്ധീകരണങ്ങളാണ് ഇന്ത്യൻ കോക്കനട്ട് ജേണൽ (ഇംഗ്ലീഷ്), ഇൻഡ്യൻ നാളികേര ജേണൽ (മലയാളം), ഭാരതീയ നാരിയൽ പത്രിക (ഹിന്ദി), ഭാരതീയ തെങ്ങുപത്രിക (കന്നട), ഇന്ത്യ തെന്നൈ ഇദഴ് (തമിഴ്), ഭാരതീയ കൊബ്ബാരി പത്രിക (തെലുങ്ക്), ഭാരതീയ നാരൾ പത്രിക (മറാഠി) എന്നിവ. ശാസ്ത്രീയ തെങ്ങുകൃഷിയേയും കേരവ്യവസായത്തേയും സംബന്ധിച്ച ലേഖനങ്ങൾ ഈ ജേണലുകളിൽ പതിവായി പ്രസിദ്ധീകരിച്ചുവരുന്നു. ഈ ജേണലുകളുടെ വരിക്കാരിലേറിയപങ്കും കർഷകർ, ഗവേഷകർ, വ്യവസായികൾ, വ്യാപാരികൾ, ലൈബ്രറികൾ തുടങ്ങിയവരാണ്.*

| പരസ്യ വലിപ്പം | ഇന്ത്യൻ കോക്കനട്ട് ജേണൽ (ഇംഗ്ലീഷ് മാസിക) | ഇന്ത്യൻ നാളികേര ജേണൽ (മലയാളം മാസിക) | ഇന്ത്യ തെന്നൈ ഇദഴ് (തമിഴ് ത്രൈമാസികം) | ഭാരതീയ തെങ്ങു പത്രിക (കന്നട ത്രൈമാസികം) | ഭാരതീയ നാരിയൽ പത്രിക (ഹിന്ദി ത്രൈമാസികം) | ഭാരതീയ കൊബ്ബാരി പത്രിക (തെലുങ്ക് അർദ്ധവാർഷികം) | ഭാരതീയ നാരൾ പത്രിക (മറാഠി അർദ്ധവാർഷികം) |
|---|---|---|---|---|---|---|---|
| ഫുൾ പേജ് - ബ്ലാക്ക് & വൈറ്റ് | Nil | Nil | 5000 | 5000 | 3000 | 5000 | 5000 |
| ഫുൾ പേജ് - കളർ | 20000 | 20000 | 10000 | 10000 | 5000 | 10000 | 10000 |
| ഹാഫ് പേജ് - ബ്ലാക്ക് & വൈറ്റ് | Nil | Nil | 3000 | 3000 | 2000 | 3000 | 3000 |
| ക്വാർട്ടർ പേജ് - ബ്ലാക്ക് & വൈറ്റ് | Nil | Nil | 1500 | 1500 | 1000 | 1500 | 1500 |
| പുറംകവർ ഉൾവശം - കളർ | 25000 | 25000 | 10000 | 10000 | 8000 | 10000 | 10000 |
| പുറംകവർ - കളർ | 30000 | 30000 | 15000 | 15000 | 10000 | 15000 | 15000 |

** ഒരു ജേണലിൽ ഒരു തവണ പരസ്യം പ്രസിദ്ധീകരിക്കുന്നതിനുള്ള നിരക്ക്.*

** * ഏതെങ്കിലും 2 പതിപ്പുകളിൽ ഒരേസമയം പരസ്യം നൽകിയാൽ 10 ശതമാനവും മൂന്നോ അതിൽ കൂടുതലോ പതിപ്പുകളിൽ ഒരേ സമയം നൽകിയാൽ 12ശതമാനവും കിഴിവ് നൽകുന്നതാണ്. നിയമാനുസൃത പരസ്യ ഏജൻസികൾക്ക് 15 ശതമാനം കിഴിവ് നൽകുന്നതാണ്.*

# നൈപുണ്യ പരിശീലനം നേര്യമംഗലം വിത്തുത്പാദന പ്രദർശന തോട്ടത്തിൽ

● എ.ജയശ്രീ,
ഫാം മാനേജർ,നാളികേര വികസന ബോർഡ്, നേര്യമംഗലം



*നേര്യമംഗലം ഫാമിൽ പരിശീലനം നേടുന്ന വിദ്യാർത്ഥികൾ*

മികച്ച ഗുണനിലവാരമുള്ള നടീൽ വസ്തുക്കൾ ഉത്പാദിപ്പിക്കുന്ന നേര്യമംഗലത്തെ വിത്തുത്പാദന പ്രദർശന തോട്ടത്തിൽ വൈവിധ്യമാർന്ന വിജ്ഞാനവ്യാപന പ്രവർത്തനങ്ങളും പരിശീലന പരിപാടികളും സമാന്തരമായി നടത്തപ്പെടുന്നു. കേരളം തമിഴ്നാട് എന്നിവിടങ്ങളിൽ നിന്ന് വർഷം തോറും ആയിരക്കണക്കിന് കൃഷിക്കാർ സന്ദർശനത്തിന് എത്തുന്ന ഈ ഫാമിൽ എല്ലാവർക്കും അറിയേണ്ടത് നാളികേരത്തിന്റെ ശാസ്ത്രീയ പരിപാലനമുറകളാണ്. അതിനാണ് അവർ എത്തുന്നതു തന്നെ. അതിനാൽ വിജ്ഞാനവ്യാപന പ്രവർത്തനങ്ങളുടെ ഭാഗമായി ഏകദിന - ദ്വിദിന കൃഷി പരിശീലന പരിപാടികൾ ഇവിടെ ആവിഷ്കരിച്ച് നടപ്പാക്കുന്നു. ഇതിൽ നാളികേര കൃഷി, വിള പരിപാലനം, നഴ്സറി പരിപാലനം എന്നിവ ഉൾപ്പെടുന്നു. കൂടാതെ കൃത്രിമ പരാഗണം, സങ്കര ഇനം തെങ്ങുകളുടെ ഉത്പാദനം, നഴ്സറി നടത്തിപ്പ് coconut convenience foods for coconut farmers എന്നിവയിൽ കൃഷിക്കാർക്കും കർഷക കൂട്ടായ്മകൾക്കും, കുടുംബശ്രീ അംഗങ്ങൾക്കും മാനേജ്മെന്റ് വിദ്യാർത്ഥികൾക്കും മറ്റു കൃഷിക്കാർക്കും പരിശീലനം നല്കി വരുന്നു.

പുതു തലമുറയിൽ നാളികേര കൃഷിയുടെ താല്പര്യം വർധിപ്പിക്കുക എന്ന ലക്ഷ്യത്തോടെ സ്കൂൾ കുട്ടികൾക്കും വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂൾ വിദ്യാർത്ഥികൾക്കും നാളികേര കൃഷിയെയും നഴ്സറി പരിപാലനത്തെയും മറ്റ് അനുബന്ധ പ്രവർത്തനങ്ങളെയും പരിചയപ്പെടുത്തുന്ന ഒരു പരിശീലന പദ്ധതിയും ഈ ഫാമിൽ നടന്നു വരുന്നു. വിവിധ ജില്ലകളിലെ 15 വെക്കേഷണൽ ഹയർ സെക്കണ്ടറികളിൽ കൃഷി മുഖ്യവിഷയമായി സ്വീകരിച്ച് പഠിക്കുന്ന വിദ്യാർത്ഥികൾ ഇവിടെ എത്തി, ഒക്ടോബർ - നവംബർ മാസങ്ങളിൽ സംഘടിപ്പിക്കുന്ന ഈ ത്രിദിന പരിശീലനത്തിൽ പങ്കെടുക്കുന്നുണ്ട്.

സങ്കര ഇനം തൈകളുടെ ഉത്പാദനവും നഴ്സറി പരിപാലനവും ഒരു മാസം ദൈർഘ്യമുള്ള പരിശീലന പരിപാടികളാണ്. കൃഷിക്കാർക്കും കർഷക കൂട്ടായ്മകൾക്കും സ്വന്തമായി നഴ്സറികൾ ആരംഭിക്കാനും വരുമാനം വർധിപ്പിക്കാനുമുള്ള വൈദഗ്ധ്യം ലഭ്യമാക്കുകയാണ് ഇതിന്റെ ഉദ്ദേശ്യം. ഇതിന് ബോർഡിൽ നിന്ന് ചെറിയ സാമ്പത്തിക സഹായങ്ങളും ലഭിക്കും. ഈ വർഷം മുതൽ നഴ്സറി പരിപാലനത്തിൽ ത്രൈമാസ പരിശീലനവും ഫാമിൽ ആരംഭിച്ചിട്ടുണ്ട്. വിഎച്ച്എസ്സി (കൃഷി) പാസായവർക്ക് ഫാമിൽ രണ്ടു വർഷത്തേയ്ക്ക് അപ്രന്റിസുകളായി സ്റ്റൈപ്പന്റോടെ നിയമനവും നല്കുന്നുണ്ട്.

സങ്കരഇനം തൈകളുടെ ഉത്പാദനവും നഴ്സറി പരിപാലനവും, നാളികേര കൃഷി ബോധവത്ക്കരണം, വിളപരിപാലനം എന്നിവയിൽ നേര്യമംഗലം ഫാമിൽ തുടർച്ചയായി പരിശീലന പരിപാടികൾ നടന്നുവരുന്നു. നാളികേര മേഖലയുമായി ബന്ധപ്പെട്ട് വിഎച്ച്എസ് സി വിദ്യാർത്ഥികൾക്കായി ഹ്രസ്വകാല നൈപുണ്യ വികസന പരിശീലനം ആരംഭിക്കുന്നതിനെ കുറിച്ച് നാളികേര വികസന ബോർഡ് ചിന്തിക്കുന്നുണ്ട്. കൂടാതെ കോളജ് വിദ്യാർത്ഥികൾക്ക് ഇവിടെ ഇന്റേൺഷിപ്പിനുള്ള സൗകര്യം ഒരുക്കാനും ആലോചിക്കുന്നു. ■



*ഭക്ഷ്യ നിർമ്മാണ പരിശീലനം*

# വിപണന നൈപുണ്യം : തണ്ണീർമുക്കം സൗത്ത് നാളികേര ഫെഡറേഷൻ മാതൃകയാവുന്നു




കരപ്പുറം കോക്കനട്ട് പ്രൊഡ്യൂസർ കമ്പനിയുടെ ഭാഗമായി പ്രവർത്തിക്കുന്ന തണ്ണീർമുക്കം സൗത്ത് കോക്കനട്ട് പ്രൊഡ്യൂസർ ഫെഡറേഷന്റെ കോക്കനട്ട് പോയിന്റ് വിപണനത്തിൽ മാതൃകാപരമായ പ്രവർത്തനം കാഴ്ച വയ്ക്കുന്നു. നീരയും വിവിധ മൂല്യവർദ്ധിത ഉല്പന്നങ്ങളും മായവും കലർപ്പുമില്ലാത്ത വെളിച്ചെണ്ണയും പച്ചത്തേങ്ങയും പച്ചക്കറി വിത്തുകളും തൈകളുമെല്ലാം ഇവിടെ വില്പന നടത്തുന്നു. ആലപ്പുഴ തണ്ണീർമുക്കം പാതയിൽ കണ്ണങ്കര ജംഗ്ഷന് തെക്കുവശമാണ് കോക്കനട്ട് പോയിന്റ് പ്രവർത്തിക്കുന്നത്.

കരപ്പുറം കോക്കനട്ട് പ്രൊഡ്യൂസർ കമ്പനിയിൽ സംസ്കരിച്ചെടുക്കുന്ന നീര 200, 300, 500 കുപ്പികളിൽ കോക്കനട്ട് പോയിന്റിൽ എത്തിച്ച് വിപണനം നടക്കുന്നു. കൂടാതെ വെർജിൻ കോക്കനട്ട് ഓയിൽ 100, 200 കുപ്പികളിലും വിതരണം ചെയ്യുന്നു. നീരയിൽ നിന്നും ലഭിക്കുന്ന വിനാഗിരിക്ക് ഇവിടെ ആവശ്യക്കാർ ഏറിവരുകയാണ്. ക്രിസ്തുമസ് പ്രമാണിച്ച് നീര കേക്കിന്റെ വില്പനയും നടന്നു. സമീപമുള്ള കണ്ണങ്കര ഹൈസ്ക്കൂളിലെ വിദ്യാർത്ഥികളാണ് ഇവിടെ വന്ന് നീര ചോക്കലേറ്റ് അധികവും വാങ്ങുന്നത്.

കോക്കനട്ട് പോയിന്റ് ആരംഭിച്ചിട്ട് ആറു മാസം പിന്നിടുന്നു. കമ്പനിയിൽ നിന്നും ഉല്പന്നങ്ങൾ നേരിട്ടു വാങ്ങുകയാണ്. കമ്മീഷൻ വ്യവസ്ഥയിൽ ചെറിയ ഇളവുകൾ കൂടി ലഭിക്കുന്നു. രണ്ടു പേർക്ക് സ്ഥിരമായി ജോലി നൽകുന്നതിനുപുറമേ താൽക്കാലിക ജോലികളും നാലഞ്ചു പേർക്ക് ലഭിക്കുന്നുണ്ട്. നീര സംഭരിക്കുന്നതും അവ കമ്പനിയിൽ എത്തിച്ചു കൊടുക്കുന്നതും കോക്കനട്ട് പോയിന്റിൽത്തന്നെയാണ്. അഞ്ചു നീര ടെക്നീഷ്യന്മാർ ഇപ്പോൾ ഫെഡറേഷന്റെ കീഴിൽ ജോലി ചെയ്യുന്നുണ്ട്. എല്ലാ പ്രവർത്തനങ്ങളെയും ഏകോപിപ്പിച്ചു മുന്നോട്ടു നയിക്കുന്നത് ഫെഡറേഷൻ പ്രസിഡന്റ് എം. ജി. രഘുനാഥൻനായരും, സെക്രട്ടറി ടി. എസ്. വിശ്വനും ചേർന്നാണ്. അവരെ സഹായിക്കാൻ ഭാരവാഹികളായ എം. എ. ജയിംസ്കുട്ടി, എ. പി. പത്മനാഭൻ, ആർ. രാജപ്പൻ, വി. ഗോപിനാഥ്, സി. എം. ഉണ്ണി, എ. സി. ജയിംസ് തുടങ്ങിയവരും ഒപ്പമുണ്ട്.

ഫെഡറേഷന്റെ കീഴിൽ പ്രതിദിനം 5000 നാളികേരം കൊപ്രയാക്കാൻ ശേഷിയുള്ള് ക്രൊപ്രഡ്രയർ പ്രവർത്തിക്കുന്നു. ഫെഡറേഷനിലെ 18 സി. പി. എസ്സുകളുടെയും സഹായ സഹകരണത്തോടെയാണ് പ്രവർത്തനം വിജയകരമായി മുന്നേറുന്നത്. സി. പി. എസ്സുകളിലെ കർഷകരിൽ നിന്നും നാളികേരം നേരിട്ടു ശേഖരിക്കുന്നു. പൊതിച്ചും അല്ലാതെയും നാളികേരം ശേഖരിക്കുന്നുണ്ട്. ഡ്രയറിൽ ഉണക്കിയെടുക്കുന്ന കൊപ്ര കമ്പനിവക ഓയിൽ എക്സ്പല്ലറിന്റെ പ്രവർത്തനമാരംഭിക്കുന്നതുവരെ ഇപ്പോൾ സ്വകാര്യ മില്ലിൽ ആട്ടി എടുക്കുകയാണ്. ഫെഡറേഷൻ ഭാരവാഹികളുടെ മേൽനോട്ടത്തിൽത്തന്നെ ശേഖരിക്കുന്ന വെളിച്ചെണ്ണ നിലവാരമുള്ള  കുപ്പികളിലാക്കി വില്പനയും നടത്തുന്നു. ദിനംപ്രതി അമ്പതു ലിറ്ററിലേറെ വെളിച്ചെണ്ണ വിറ്റഴിക്കാനും സാധിക്കുന്നുണ്ട്. കൊപ്രയുടെയും വെളിച്ചെണ്ണയുടെയും വാരാന്ത്യ വിപണന റിപ്പോർട്ട് നാളികേര വികസന ബോർഡിന് കരപ്പുറം നാളികേര കമ്പനി വഴി സമർപ്പിക്കുന്നുണ്ട്.

തണ്ണീർമുക്കം സൗത്ത് ഫെഡറേഷനു കീഴിൽ 18 ഉല്പാദക സംഘങ്ങളിലായി രണ്ടായിരത്തിനുമേൽ കേര കർഷകർ അംഗങ്ങളായിട്ടുണ്ട്. അവരിൽ നല്ലൊരു ശതമാനം പേർ കോക്കനട്ട് പോയിന്റിലേയ്ക്ക് നാളികേരം നൽകാൻ സന്നദ്ധരായിട്ടുണ്ട്. ചെറിയ തോതിൽ പോലും ഇവിടെ നാളികേരം എത്തിച്ചാൽ വില നൽകുന്നു. ആവശ്യക്കാർക്ക് നാളികേരം ലഭിക്കുന്നതിനും സൗകര്യമുണ്ട്. മായവും കലർപ്പുമില്ലാത്ത വെളിച്ചെണ്ണ എന്ന വിശ്വാസം പൊതുജനങ്ങളിൽ സൃഷ്ടിക്കുവാൻ കഴിഞ്ഞതാണ് തണ്ണീർമുക്കം സൗത്ത് ഫെഡറേഷൻ കോക്കനട്ട് പോയിന്റിന്റെ വിജയം. ■

*തയാറാക്കിയത് ടിഎസ് വിശ്വൻ*

# വൈദഗ്ധ്യ വികസനം— കേര മേഖലയിൽ

● ആർ. ജ്ഞാനദേവൻ,
ഡെപ്യൂട്ടി ഡയറക്ടർ, നാളികേര വികസന ബോർഡ്, കൊച്ചി



*എഫ്.ഒ.സി.ടി. പരിശീലനം*

വിവിധ മേഖലകളിൽ പ്രത്യേക ജോലികൾക്ക് വൈദ്ഗധ്യം നേടിയ യുവാക്കളുടെ അഭാവം നമ്മുടെ നാട് നേരിടുന്ന പ്രധാന പ്രശ്നമാണ്. ഇന്ത്യയിലെ വിവിധ മേഖലകളിലെ തൊഴിലുടമകൾ വൈദഗ്ധ്യമുള്ള മാനവിഭവശേഷിയുടെ അപര്യാപ്തതമൂലം ബുദ്ധിമുട്ടുന്നു എന്നതാണ് സത്യം. രണ്ടായിരത്തി പതിനാലിലെ ലേബർ ബ്യൂറോ റിപ്പോർട്ട് അനുസരിച്ച് ഇന്ത്യയിൽ ഔപചാരികമായി വൈദ്ഗധ്യം നേടിയ തൊഴിലാളികൾ മൊത്തം തൊഴിലാളികളുടെ 2.3 ശതമാനം മാത്രമാണ്. എന്നാൽ ഇത് ജപ്പാനിൽ 80 ശതമാനവും തെക്കൻ കൊറിയയിൽ 96 ശതമാനവുമാണ്. ആഗോളവത്ക്കരണത്തിന്റെ ഇന്നത്തെ ചുറ്റുപാടിൽ മറ്റു രാജ്യങ്ങളുമായി മത്സരിച്ച് മുന്നേറുന്നതിന് വിവിധ മേഖലകളിൽ പ്രത്യേകം ജോലിക്ക് ആവശ്യമായ വൈദ്ഗധ്യം നേടിയ തൊഴിൽ സേനയെ നമ്മുടെ യുവാക്കളിൽ നിന്നും പരിശീലിപ്പിച്ച് എടുക്കേണ്ടിയിരിക്കുന്നു. ഈ പ്രശ്നത്തിന് പരിഹാരം കാണുന്നതിന് കേന്ദ്രഗവൺമെന്റ് കൂടുതൽ പ്രാധാനം നൽകി വരുന്നു. ഇതിനായി കേന്ദ്ര നൈപുണ്യ വികസന മന്ത്രാലയം 'സ്കിൽ ഇന്ത്യ മിഷൻ' എന്ന ഒരു ബൃഹത്ത് പദ്ധതി ആവിഷ്ക്കരിച്ചു നടപ്പിലാക്കി വരുന്നുണ്ട്. വിവിധ മേഖലകളിൽ അഭിരുചിക്കനുസരിച്ച് നൈപുണ്യ പരിശീലനം നൽകി ജോലി ചെയ്യുവാൻ ശേഷിയും വൈദ്ഗ്ധ്യവുമുള്ള തൊഴിൽ സേനയ്ക്ക് രൂപം കൊടുക്കുവാൻ ഈ പദ്ധതി ലക്ഷ്യം വയ്ക്കുന്നു. അതായത് 2022 ഓടെ ഈ പദ്ധതി വഴി നാൽപത് കോടി യുവാക്കൾക്ക് അവരവർക്ക് യോജിച്ച തൊഴിൽ മേഖലയിൽ നൈപുണ്യം നൽകുക അതാണ് ഈ പദ്ധതിയുടെ ലക്ഷ്യം.

സ്കിൽ ഇന്ത്യ മിഷൻ പദ്ധതിയുടെ ഭാഗമായി വൈദ്ഗ്ധ്യ വികസനം എന്ന ലക്ഷ്യത്തോടെ കേന്ദ്രഗവൺമെന്റ് ആവിഷ്കരിച്ചിരിക്കുന്ന മറ്റൊരു സ്ഥാപനമാണ് ദേശീയ നൈപുണ്യ വികസന കോർപ്പറേഷൻ (എൻ.എസ്.ഡി.സി). ഈ സംവിധാനത്തിൽ ഇന്ത്യയിലെ വിവിധ ജില്ലകളിലായി 37 മേഖല നൈപുണ്യ വികസന കൗൺസിലുകളും 3011 പരിശീലന കേന്ദ്രങ്ങളും പ്രവർത്തിക്കുന്നു. കേന്ദ്ര നൈപുണ്യ വികസന മന്ത്രാലയത്തിന്റെ ഈ മേഖലയിലെ മറ്റു പ്രധാന പദ്ധതികളാണ് പ്രധാനമന്ത്രി കൗശൽ വികാസ് യോജന, നൈപുണ്യ വായ്പ്പാ പദ്ധതി, ദീന ദയാൽ ഉപാധ്യായ ഗ്രാമീണ നൈപുണ്യ പദ്ധതി തുടങ്ങിയവ. തൊഴിൽ രഹിതരായ യുവാക്കൾക്ക് തൊഴിൽ ശേഷിയും ഉത്പാദന ക്ഷമതയും വർദ്ധിപ്പിക്കാൻ ഈ പദ്ധതികൾ വരും കാലങ്ങളിൽ സഹായകമാകും.

ഇനി കാർഷിക മേഖലയുടെ കാര്യമെടുത്താലും ഓരോ കൃഷിയിലും വൈദ്ഗധ്യം നേടിയ തൊഴിലാളികളുടെ അഭാവം പ്രധാന പ്രശ്നമായി നിലനിൽക്കുന്നു. കൃഷിയിൽ നൈപുണ്യം നേടിയവർ ഓരോ വർഷം കഴിയുന്തോറും കുറഞ്ഞ് വരുന്ന പ്രവണത കണ്ടു വരുന്നു. കേര മേഖല എടുത്താലും ഈ പ്രശ്നം വിവിധ ജോലികളിൽ നിലനിൽക്കുന്നതായി കാണാം. ചില പ്രത്യേക ജോലികൾക്ക് നൈപുണ്യം സിദ്ധിച്ച തൊഴിലാളികളുടെ ക്ഷാമം കേര മേഖല നേരിടുന്ന ഗൗരവ പ്രശ്നമാണ്. കേര മേഖലയിൽ ഇന്ന് ഈ പ്രതിസന്ധി മൂന്ന് കാര്യങ്ങളിലാണ് രൂക്ഷമായി അനുഭവപ്പെടുന്നത്. ഒന്നാമതായി കേരകർഷകർക്ക് ഏറ്റവും കൂടുതൽ വരുമാനം ഉറപ്പാക്കുന്ന നീര, തെങ്ങിൽ കയറി ടാപ്പ് ചെയ്യുന്നതിനുള്ള വിദഗ്ധ തൊഴിലാളികളുടെ അഭാവം. രണ്ടാമതായി തെങ്ങിനെ ബാധിക്കുന്ന രോഗങ്ങളും കീടങ്ങളും കണ്ടെത്തിയാൽ അവയ്ക്കെതിരെ തെങ്ങിൽ കയറി കേരസംരക്ഷണ നടപടികൾ യഥാസമയം സ്വീകരിക്കുന്നതിന് വേണ്ട നൈപുണ്യം സമ്പാദിച്ച തൊഴിലാളികളുടെ അഭാവം. മൂന്നാമതായി തെങ്ങിൽ കയറി വിളവെടുപ്പിന് നൈപുണ്യം സൃഷ്ടിച്ച തൊഴിലാളികളുടെ അഭാവം. ഈ പ്രശ്നങ്ങളെ നേരിടുക എന്ന ലക്ഷ്യത്തോടെ നാളികേര വികസന ബോർഡ് ഈ മേഖലകളിൽ തൊഴിലെടുക്കുവാൻ ശേഷിയുള്ള യുവാക്കളെയും യുവതികളെയും വാർത്തെടുക്കുന്നതിനായി വിവിധ നൈപുണ്യ വികസന പരിശീലന പരിപാടികൾ നടപ്പിലാക്കി വരുന്നുണ്ട്.

**നീര ടെക്നീഷ്യൻപരിശീലന പരിപാടി**

കേര കർഷകർക്ക് ഏറ്റവും കൂടുതൽ വരുമാനം ഉറപ്പാക്കുന്ന വ്യവസായമാണ് നീര ഉല്പാദനം. നീര വ്യവസായ മേഖല ഇന്ന് നേരിടുന്ന പ്രധാന പ്രശ്നം പ്രത്യേകം പരിശീലനം സൃഷ്ടിച്ച നീര ടെക്നീഷ്യൻമാരുടെ അഭാവമാണ്. വാണിജ്യാടിസ്ഥാനത്തിൽ നീര സംസ്ക്കരിക്കാനുള്ള സംവിധാനങ്ങളുടെ അപര്യാപ്തതയും തെങ്ങിൽ നിന്ന് നീര ഉൽപ്പാദിപ്പിച്ച് വിതരണം ചെയ്യുന്നതിനുള്ള അബ്ക്കാരി നിയമ തടസവും പരിഹരിച്ചെങ്കിലും നീര ടെക്നീഷ്യൻമാരുടെ അഭാവം വാണിജ്യാടിസ്ഥാനത്തിൽ ഈ പ്രകൃതിദത്ത, ആരോഗ്യദായകമായ പാനീയം ഉൽപാദിപ്പിച്ച് വിതരണം ചെയ്യാൻ വിലങ്ങു തടിയായി ഇന്നും നിലനില്ക്കുന്നു. കേരളത്തിലെ പതിനാലു ജില്ലകളിലായി ഇതിനകം 440 നാളികേര ഉത്പാദക ഫെഡറേഷനുകൾക്ക് നീര ഉത്പാദിപ്പിക്കാൻ ലൈസൻസ് ഉണ്ട്. ഒരു ഫെഡറേഷന് 5000 തെങ്ങ് എന്ന നിലയിൽ ഇരുപത്തി രണ്ട് ലക്ഷം തെങ്ങുകളിൽ നിന്ന് നീര ഉത്പാദിപ്പിച്ച് വിപണനം നടത്താൻ സാധിക്കും. ഇതിന് ഒരു ടെക്നീഷ്യൻ പത്ത് തെങ്ങ് എന്ന നിലയിക്ക് രണ്ടുലക്ഷത്തി ഇരുപതിനായിരം ടെക്നീഷ്യൻമാരുടെ തൊഴിൽ അവസരങ്ങൾ ഈ മേഖലയിൽ ഉണ്ട്. തൊഴിലില്ലാതെ അലയുന്ന യുവതിയുവാക്കൾക്ക് നീര ഉത്പാദിപ്പിക്കുന്നതിന് വേണ്ട പ്രത്യേക നൈപുണ്യം നേടുന്നതിനുള്ള പരിശീലന പരിപാടിയിൽ പങ്കെടുത്ത് ഈ മേഖലയിലേക്ക് കടന്നു വരാവുന്നതാണ്. എട്ടാഴ്ച്ച നീണ്ടുനിൽക്കുന്ന പരിശീലന കാലയ

ളവിൽ തെങ്ങിൽ കയറി നീര ടാപ്പുചെയ്യുന്നതിന് അനുയോജ്യമായ ചൊട്ട തിരഞ്ഞെടുക്കുന്നതിനും, ഒരുക്കുന്നതിനും ചൊട്ട ടാപ്പ് ചെയ്ത് നീര പുളിക്കാതെ സംഭരിക്കുന്നതിനുമുള്ള വിദഗ്ധ്യ പരിശീലനം നൽകുന്നു. ഒരു മാസം പതിനയ്യായിരം മുതൽ ഇരുപത്തി അയ്യായിരം രൂപ വരെ വരുമാനം ലഭിക്കുന്ന തൊഴിലാണിത്. നല്ല വൈദഗ്ധ്യത്തോടു കൂടി ജോലി ചെയ്യാൻ താൽപര്യമുള്ള ഒരാൾക്ക് പരമാവധി നാൽപ്പത്തി അയ്യായിരം മുതൽ അമ്പതിനായിരം രൂപ വരെ മാസവരുമാനം ഉണ്ടാക്കാം.

നീര ടെക്നീഷ്യൻ രംഗത്തെ തൊഴിൽ സാധ്യതകൾ മനസിലാക്കി രാജഗിരി കോളേജ് ഓഫ് സോഷ്യൽ സയൻസിന്റെയും സ്ത്രീകളുടെ കൂട്ടായ്മയായ കുടുംബശ്രീയുടെ നേതൃത്വത്തിൽ അഞ്ഞൂറ് വനിതകളെ തിരഞ്ഞെടുത്ത് വിദഗ്ധ പരിശീലനം നടത്തുന്ന പരിപാടി ആവിഷ്ക്കരിച്ച് നടപ്പിലാക്കി വരുന്നു. പ്രസ്തുത പദ്ധതിയുടെ ആദ്യ ബാച്ചിൽ 20 യുവതികളും 5 യുവക്കളും പരിശീലനം നേടുന്നു. ഗ്രാമീണ ജനതയുടെ പുരോഗതിക്ക് വേണ്ട് ഭാരത ഗ്രാമവികസന മന്ത്രാലയം നടപ്പിലാക്കി വരുന്ന ദീൻ ദയാൽ ഉപാധ്യായ ഗ്രാമീണ കൗശല്യ യോജന (ഡി.ഡി.യു - ജി.കെ.വൈ) എന്ന പദ്ധതിയുടെ ഭാഗമാണ് മൂന്ന് മാസം ദൈർഘ്യമുള്ള ഈ നീര ടെക്നീഷ്യൻ പരിപാടി നടന്നു വരുന്നത്. പൂർണ്ണമായും സൗജന്യമായ ഈ കോഴ്സിൽ എല്ലാ പഠിതാക്കൾക്കും സൗജന്യ യൂണിഫോം, പഠന സാമഗ്രികൾ എന്നിവ ലഭ്യമാക്കുന്നതോടൊപ്പം സ്റ്റൈഫന്റും കൊടുക്കുന്നു. തെങ്ങിൽ കയറി നീര ഉൽപാദിപ്പിക്കുന്ന രീതികൾ ശാസ്ത്രീയമായി പഠിപ്പിക്കുന്നതോടൊപ്പം സേഫ്റ്റി സ്കിൽ, കമ്പ്യൂട്ടർ പരിജ്ഞാനം, സ്പോക്കൺ ഇംഗ്ലീഷ് എന്നിവയിലും പരിശീലനം ലഭ്യമാക്കുന്നു. പരിശീലനം വിജയകരമായി പൂർത്തിയാക്കിയതിനു ശേഷം നാളികേര വികസന ബോർഡിനു കീഴിലുള്ള നാളികേര ഉത്പാദക ഫെഡറേഷനുകളിൽ ഇവരെ നീര ടെക്നീഷ്യന്മാരായി നിയമിക്കുന്നതാണ്.

**ചങ്ങാതിക്കൂട്ടം (ഫ്രെണ്ട്സ് ഓഫ് കൊക്കനട്ട് ട്രീ) പരിശീലന പരിപാടി**

മറ്റൊരു മേഖലയാണ്, തെങ്ങിൽ കയറി തേങ്ങ ഇടാനും സസ്യ സംരക്ഷണ നടപടികൾ നടത്താനും പ്രത്യേകം വൈദഗ്ധ്യം സിദ്ധിച്ച തൊഴിലാളികളുടെ ക്ഷാമം. ഈ പ്രശ്നത്തിന് പരിഹാരം കണ്ടെത്തുക എന്ന ലക്ഷ്യത്തോടെ നാളികേര വികസന ബോർഡ് 2011-12 സാമ്പത്തിക വർഷം മുതൽ നടപ്പിലാക്കി വരുന്ന വൈദഗ്ധ്യ വികസന പരിശീലന പരിപാടിയാണ് ചങ്ങാതിക്കൂട്ടം അഥവാ ഫ്രെണ്ട്സ് ഓഫ് കോക്കനട്ട് ട്രീ. തൊഴിലില്ലാതെ വലയുന്ന യുവതി യുവാക്കൾക്ക് മെഷിനുപയോഗിച്ച് തെങ്ങിൽ കയറുവാനും, രോഗ കീടങ്ങൾക്കെതിരെ സസ്യസംരക്ഷണ നടപടികൾ സ്വീകരിക്കുന്നതിനും തെങ്ങിന്റെ ശാസ്ത്രീയ പരിചരണത്തിനും അഞ്ചു ദിവസത്തെ വിദഗ്ദ്ധ പരിശീലനം നൽകുന്നു. കൂടാതെ പരിശീലനത്തിൽ പങ്കെടുക്കുന്നവരുടെ മാനസീകവും ശാരീരികവുമായ വികസനത്തിന് യോഗ, വ്യായാമ മുറകൾ തുടങ്ങിയവയിലും ക്ലാസുകൾ നൽകുന്നു. ഇതുവരെ കേരളത്തിലെ വിവിധ ജില്ലകളിലായി പ്രസ്തു പദ്ധതിയിലൂടെ 38658 യുവതിയുവാക്കൾ ഈ പരിശീലന പരിപാടി വിജയകരമായി പൂർത്തിയാക്കി ഇപ്പോൾ ഈ മേഖലയിൽ നൈപുണ്യം സിദ്ധിച്ച തൊഴിലാളികളായി പ്രവർത്തിച്ചു വരുന്നു. കേര കർഷകർ നേരിട്ടിരുന്ന ഈ പ്രശ്നത്തിന് ഒരു പരിധി വരെ പരിഹാരം കാണാൻ എഫ്.ഒസിടി പരിശീലന പരിപാടിക്ക് സാധിച്ചിട്ടുണ്ട്.

പുരോഗനാത്മകമായ കേരമേഖല എന്ന ലക്ഷ്യം കൈവരിക്കുന്നതിനും കേരകൃഷിയും കേരവ്യവസായവും കൂടുതൽ ആദായകരമാക്കുന്നതിനും മേൽ വിവരിച്ച നൈപുണ്യ വികസന പരിശീലന പരിപാടികൾ ഏറെ പ്രാധാന്യം അർഹിക്കുന്നു. ഇപ്രകാരം കേന്ദ്ര ഗവൺമെന്റിന്റെ വിവിധ ക്ഷേമപദ്ധതികൾ വഴി നൈപുണ്യ വികസനത്തിന് ലഭ്യമായിക്കൊണ്ടിരിക്കുന്ന ധന സഹായ പദ്ധതികൾ ഏകോപിപിച്ചാൽ നാളികേര മേഖലയിൽ വലിയ ുരോഗതിയും, തൊഴിലവസരങ്ങളിലൂടെ താഴ്ന്ന വരുമാനക്കാർക്ക് സാമ്പത്തിക സുരക്ഷയും രാജ്യത്തിന്റെ മൊത്ത ആഭ്യന്തര ഉത്പാദനത്തിൽ കുതിപ്പും കൈവരിക്കാനാവും. ■

## അനറോളിനൊപ്പം അസമിൽ നിന്ന് 21 പേർ



കൊല്ലം കൈപ്പുഴ നീര കമ്പനിയിൽ നീര ടാപ്പ് ചെയ്ത് മലയാളികളെ അത്ഭുതപ്പെടുത്തിയ അന്യസംസ്ഥാന ടെക്നീഷ്യൻ അബ്ദുൾ റസാഖ് അനറോൾ ഇന്ന് നാട്ടിൽ വീരപുരുഷനാണ്. 2015 നവംബർ മാസത്തിൽ നീര ടാപ്പ് ചെയ്ത വകയിൽ 54000 രൂപ കൈപ്പറ്റിയ അനറോളിന്റെ പാതയിലേയ്ക്ക് അസമിൽ നിന്ന് തൊഴിലാളികളുടെ പ്രവാഹമാണ്. ഇതുവരെ 21 പേർ എത്തി, കൊല്ലത്ത് കൈപ്പുഴ കമ്പനിയുടെ കീഴിൽ നീര ടെക്നീഷ്യന്മാരായി ജോലി ചെയ്യുന്നുണ്ട്.

കൊല്ലം കത്തോലിക്ക രൂപതയുടെ വക ശ്രേയസ് ഫാമിലെ നീര ടെക്നീഷ്യൻ പരിശീലന കേന്ദ്രത്തിലാണ് ഇവർ പരിശീലനം നേടിയത്. പരിശീലനം പൂർത്തിയാകുന്ന മുറയക്ക് കൈപ്പുഴ കമ്പനിയുടെ കീഴിലുള്ള വിവിധ ഫെഡറേഷനുകളിൽ ഇവർ നിയമിക്കപ്പെടുന്നു. മാസം 20000 മുതൽ ഇവർ വേതനവും വാങ്ങുന്നു. ഇപ്പോഴും ടെക്നീഷ്യൻ പരിശീലനത്തിനായി അസമിൽ നിന്ന് ചെറുപ്പക്കാരായ തൊഴിലാളികൾ വരുന്നുണ്ട് എന്ന് കൈപ്പുഴ കമ്പനി ചെയർമാൻ ശ്രീ.ഷാജഹാൻ കാഞ്ഞിരവിളയിൽ അറിയിച്ചു. അച്ചടക്കത്തോടെയും അർപ്പണബോധത്തോടെയും നീരയുടെ മേഖലയിൽ ജോലി ചെയ്യുന്ന ഇവർ തൊഴിലിൽ അസാമാന്യമായ സാമർത്ഥ്യമാണ് പ്രദർശിപ്പിക്കുന്നതത്രെ.

# കർഷകും തൊഴിലാളിയും ഷാജു തന്നെ; നീരയിൽ നിന്നു മാസ വരുമാനം 82000

● കെ.കെ സുഭാഷ്
ചാർജ് ഓഫീസർ, കണ്ണൂർ.

ഉദയഗിരി ഫെഡറേഷന്റെ മൂന്നാംതോട് സി.പി.എസ്. ലെ അംഗമായ ഷാജു നീര ടെക്നീഷ്യൻ പരിശീലനം പൂർത്തിയായ ഉടൻ ചെയ്തത് തന്റെ 12 തെങ്ങുകളിൽ നിന്ന് നീര ടാപ്പിംങ്ങായിരുന്നു. കൃഷി ആവശ്യത്തിനായി ബാങ്കിൽ നിന്നു വായ്പയെടുത്ത തുക തിരിച്ചടയ്ക്കാൻ നിർവാഹമില്ലാതെ ക്ലേശിച്ച ഷാജു ഇന്ന് സ്വന്തമായി നീര ടാപ്പ് ചെയ്ത് മാത്രം മാസം 82000 രൂപ വരുമാനം നേടുന്നു.

കണ്ണൂർ ജില്ലയിലെ ഒരു കുടിയേറ്റ ഗ്രാമത്തിൽ നടക്കുന്ന നീര വിപ്ലവത്തിന്റെ കഥയാണിത്. ഉദയഗിരി പഞ്ചായത്തിലെ അരിവിളഞ്ഞപൊയിൽ എന്ന നാട്ടിൻപുറത്ത് പാലക്കാട്ട് വീട്ടിൽ അപ്പച്ചൻ - ലൂസി ദമ്പതികളുടെ മകനായി ഷാജു എന്ന 41 കാരൻ നീരയിലൂടെ സൃഷ്ടിക്കുന്ന വിപ്ലവത്തിന്റെ കഥ. കണ്ണൂരിലെ തേജസ്വിനി കമ്പനിയുടെ കീഴിലുള്ള ഉദയഗിരി ഫെഡറേഷനിലാണ്, 12 തെങ്ങിൽ നിന്ന് സ്വന്തമായി നീര ടാപ്പ് ചെയ്ത് ദിവസം 2500 രൂപ വരുമാനം നേടുന്ന ഈ കർഷക പ്രതിഭ. കേട്ടാൽ ഞെട്ടുന്ന ഈ നേട്ടം കാണാൻ സംസ്ഥാന ഗ്രാമവികസന മന്ത്രി കെസി ജോസഫ് നേരിട്ടെത്തി. അദ്ദേഹം പൊന്നാടയണിയിച്ച് ഷാജുവിനെ ആദരിച്ചു.

കോഴിക്കോട് കൂരാച്ചുണ്ടിൽ നിന്നും 24 വർഷം മുമ്പ് കണ്ണൂരിലെ ഉദയ ഗിരിയിലേക്ക് കുടിയേറിയ ഷാജുവിനു പിതൃസ്വത്തായി ലഭിച്ച 8 ഏക്കർ സ്ഥലത്ത് സമ്മിശ്ര ജൈവകൃഷി നടത്തുന്നു. ആകെയുള്ള 500 തെങ്ങുകളിൽ 400 എണ്ണവും ഫലം തരുന്നവയാണ്. 100 തൈത്തെങ്ങുകളും. ഇടവിളകളായി കൊക്കോ, ജാതി, കാപ്പി, ഏലം,വാഴ, ഇഞ്ചി തുടങ്ങിയവയും. കഠിനാദ്ധ്വാനിയായ ഷാജു 600 ഓളം റബ്ബർ മരങ്ങൾ സ്വന്തമായി ടാപ്പു ചെയ്യുമായിരുന്നു. അരിവിളഞ്ഞപൊയിലിൽ സ്ഥലം വാങ്ങുമ്പോൾ തെങ്ങുമാത്രമേ ഉണ്ടായിരുന്നുള്ളൂ. പിന്നീടാണ് റബ്ബർ വച്ചത്. രണ്ടു വർഷമായി വില കുറവാണെങ്കിലും സ്വന്തമായ ടാപ്പിംങ് നടത്തുന്നതിനാൽ ഷാജു പിടിച്ചു നിന്നിരുന്നു. എന്നാലും കൃഷിക്ക് എടുത്ത വായ്പ ബാങ്കിൽ ബാധ്യതയായി. അപ്പോഴാണ് നീര ടാപ്പിംങ് പരിശീലനത്തെ കുറിച്ച് ഉദയഗിരി ഫെഡറേഷൻ പ്രസിഡന്റ് ജോസ് പറയൻകുഴിയിൽനിന്ന് അറിഞ്ഞത്. ആദ്യ ബാച്ചിൽ തന്നെ പരിശീലനം നേടി. 30 വർഷം പരിചയമുള്ള മോഹനൻ ആശാന്റെ കീഴിൽ 45 ദിവസത്തെ പരിശീലനം. അത് പൂർത്തിയാകുന്നതിനു മുമ്പെ സ്വന്തം പുരയിടത്തിലെ തെങ്ങിൽ നിന്നു പരീക്ഷണാടിസ്ഥാനത്തിൽ നീ ഉത്പാദിപ്പിച്ചു ഷാജു സാമർത്ഥ്യം തെളിയിച്ചു.

പിന്നെ ഒരു ആവേശമായിരുന്നു. ഉദയഗിരി ഫെഡറേഷനിലെ മൂന്നാംതോട് സി.പി.എസ്. ലെ അംഗമായ ഷാജു തന്റെ 12 തെങ്ങുകളിൽ പടികെട്ടി, ടാപ്പിംങ് ആരംഭിച്ചു. ശരാശരി ഉത്പാദനം 36 ലീറ്റർ. മലയോരത്തെ ഉയരം കൂടിയ കാസർകോടൻ തെങ്ങിൽ നിന്ന് ഇത് റിക്കാർഡ് ഉത്പാദനമായിരുന്നു. കർഷകന്റെയും തൊഴിലാളിയുടെയും വിഹിതമായി മാസ വരുമാനം ശരാശരി 75000 രൂപ. 2015 ആഗസ്റ്റ് – സെപ്റ്റംബർ മാസത്തോടുകൂടി സ്വന്തം പുരയിടത്തിൽ നിന്നും നീര ഉൽപാദിപ്പിക്കാൻ തുടങ്ങിയ ഷാജു ഇപ്പോൾ 30 – 37 ലിറ്റർ വരെ നീര ദിനം പ്രതി ഉൽപാദിപ്പിക്കുന്നു. 42 ലിറ്റർ വരെ നീര ലഭിച്ചിരുന്ന ഷാജുവിന് കിട്ടിയ ഏറ്റവും കൂടിയ മാസ പ്രതിഫലം 820000 രൂപയായിരുന്നു. ബാങ്കിലെ കടങ്ങൾ അടഞ്ഞു. മറ്റ് ബാധ്യതകൾ എല്ലാം തീർന്നു. വീട്ടിൽ പുഞ്ചിരി വിടർന്നു.




പ്രീഡിഗ്രി പഠനത്തിനു ശേഷമാണ് ഷാജു കൃഷിപ്പണിയിലേക്ക് തിരിഞ്ഞത്. തെങ്ങ്, കവുങ്ങ് എന്നിവയിൽ കുട്ടിക്കാലം മുതലേ കയറുന്നതിനാൽ പ്രത്യേക പരിശീലനമൊന്നും തെങ്ങു കയറ്റത്തിൽ നേടിയിട്ടില്ല. ലിറ്ററിന് 65 രൂപ വച്ചാണ് ഫെഡറേഷൻ കർഷകന് നൽകുന്നത്. കർഷർ മാത്രമേ നീര ചെത്താൻ പാടുള്ളൂവെന്ന ഫെഡറേഷന്റെ തീരുമാന പ്രകാരം ഷാജുവിനെപ്പോലെ മറ്റു 10 കർഷകരും ഇപ്പോൾ നീര ടാപ്പിങ്ങിൽ ഫെഡറേഷനുമായി സഹകരിക്കുന്നു.

രണ്ടു നേരം തെങ്ങിൽ കയറുകയും ഇറങ്ങുകയും ചെയ്യുന്ന ഷാജുവിന്റെ അഭിപ്രായത്തിൽ രാത്രിയിൽ തണുപ്പു കൂടുതലും മഞ്ഞുമുണ്ടെങ്കിൽ നീര ഉൽപാദനം കൂടുമെന്നുള്ളതാണ്. കാറ്റ് കൂടുതലാണെങ്കിൽ ഉൽപാദനത്തിൽ കുറവുമുണ്ടാകും. രാവിലെ 6 മണി മുതൽ 10 മണി വരെയും വൈകീട്ട് 4 മുതൽ 7.30 വരെയുമാണ് നീരയുൽപാദനവുമായി ബന്ധപ്പെട്ട് ചെലവഴിക്കുക. ബാക്കി സമയം പശു പരിപാലനം, കോഴി വളർത്തൽ

തുടങ്ങിയവയാണ് പ്രധാന ജോലികൾ. കൊക്കോ, പാൽ, കോഴി, മുട്ട, പച്ചക്കറി തുടങ്ങിയവ വിറ്റും ദിവസം 2500 രൂപ വേറെയും വരുമാനം ഉണ്ടാക്കുന്നുണ്ട്. നേരത്തേ ആട്, കോഴി ഫാമുകൾ നടത്തിയിരുന്ന ഷാജുവിന്റെ അഭിപ്രായത്തിൽ എല്ലാത്തിനേക്കാളും ലാഭം നീര തന്നെയാണെന്നതാണ്.

കഠിനാദ്ധ്വാനമാണ് ഷാജുവിന്റെ മുഖ മുദ്ര. രാവിലെ 6 –10 വരെയാണ് ടാപ്പിംങ്. വൈകിട്ട് 4–7.30. വൈകിട്ട് ടാപ്പിങ്ങിന് പ്രത്യേക ലൈറ്റ് ഉപയോഗിക്കും. കഴിഞ്ഞ എട്ടു മാസമായി തുടരുന്ന ടാപ്പിങ്ങിന് ഷാജുവിന് പ്രത്യേക രീതികൾ ഉണ്ട്. ചകിരി വച്ച് കെട്ടിയാണ് തെങ്ങിൽ കയറുന്നത്. 30 –40 സ്റ്റെപ്പുകൾ ഉള്ളവയാണ് ഏറെയും. വേനലിൽ ഒന്നിടവിട്ടുള്ള ദിവസങ്ങളിൽ പുരയിടം നന്നായി നനയ്ക്കുകയും, ആഴ്ചയിൽ ഒരിക്കൽ ബയോഗ്യാസ് സ്ലറി ഒഴിക്കുകയും ചെയ്താൽ നീരയുൽപാദനം കൂടുമെന്നുള്ളതാണ് തന്റെ അനുഭവമെന്ന് ഷാജു പറയുന്നു. വലിയ കുളമുള്ളതുകൊണ്ട് കൃഷിക്കാവശ്യമായ ജലസേചന സൗകര്യമുണ്ട്.

കണ്ണ് മഞ്ഞളിക്കുന്ന വരുമാനത്തിന്റെ കഥ കേട്ട് വരുന്നവരോട് ഷാജു പറയും നന്നായി അദ്ധ്വാനിക്കാൻ സന്മനസ്സും, ലക്ഷ്യബോധവുമുണ്ടെങ്കിൽ നീര ടാപ്പിംഗ് ആസ്വാദ്യകരമാക്കാമെന്നതാണ് ഷാജുവിന്റെ അഭിപ്രായം. എന്നാൽ ഇതിനു പ്രതിബന്ധങ്ങളും ഉണ്ട്. എലി, വവ്വാൽ, അണ്ണാൻ തുടങ്ങിയവ കുല നശിപ്പിക്കുന്നുണ്ട്. മാട്ടം തെങ്ങിന്റെ കവിളിൽ ചേർത്ത് വയ്ക്കാൻ കഴിയാത്തതിനാൽ കുല തീരും വരെ ടാപ്പിങ്ങ് സാധിക്കില്ല. നല്ല നീരവീഴ്ച്ചയുള്ള കുലകൾ ഇക്കാരണത്താൽ പലപ്പോഴും ഉപേക്ഷിക്കേണ്ടി വരുന്നു. 1992 ബാച്ചിൽ കരാട്ടേ ബ്ലാക്ക് ബെൽറ്റ് കരസ്ഥമാക്കിയ ഷാജുവിന്റെ കീഴിൽ മണക്കടവിൽ കരാട്ടേ പരിശീലന കേന്ദ്രമുണ്ടായിരുന്നു. 40 പേരെ ശിഷ്യന്മാരാക്കിയ ഷാജുവിന്റെ അഭിപ്രായത്തിൽ ശാരീരിക ക്ഷമതയും വളരെയധികം ശ്രദ്ധയും ആവശ്യമുള്ള തൊഴിലാണ് നീര ടാപ്പിംഗ്. മറ്റ് വ്യായാമം ഒന്നും വേണ്ട. 365 ദിവസവും തുടരെയുള്ള ജോലിയാണ്. ലീവ് എടുക്കാനാവില്ല എന്നതേയുള്ളു ഷാജുവിന്റെ സ്വകാര്യ ദുഖം. മരണവീട്ടിൽ പോയാലും ടാപ്പിംങ് സമയമായാൽ ഷാജു മടങ്ങും. കല്യാണ സദ്യയിൽ സഹായിക്കാൻ പോയാലും ഇതേ ഗതി തന്നെ. തല്ക്കാലം ജീവിതത്തിലെ എല്ലാ ആഘോഷങ്ങൾക്കും ഈ ചെറുപ്പക്കാരൻ അവധി നല്കിയിരിക്കുകയാണ്.

വൈകുന്നേരം സംഭരിക്കുന്ന നീര ഫ്രീസറിൽ വച്ചശേഷം രാവിലെയുൽപാദിപ്പിക്കുന്ന നീരയും ഒരുമിച്ചാണ് ഫെഡറേഷനിൽ എത്തിക്കുന്നത്.ഐസ് ബോക്സ്, പ്ലാസ്റ്റിക് കൂട്, മാട്ടം തുടങ്ങി ഫ്രീസർ വരെ ഫെഡറേഷനാണ് കർഷകന് വാങ്ങി നൽകിയിരിക്കുന്നത്. ഉൽപാദിപ്പിക്കുന്ന നീര മുഴുവനും ഫെഡറേഷനു തന്നെ നൽകണമെന്ന വ്യവസ്ഥയാണ് ഇരുകൂട്ടരും തമ്മിലുള്ളത്. 10 ലിറ്ററിനു മുകളിൽ നീരയുൽപാദിപ്പിക്കുന്ന കർഷകന് ലിറ്ററിന് 65 രൂപയും, 10 ലിറ്ററിൽ താഴെ നീരയുൽപാദിപ്പിക്കുന്ന കർഷകന് ലിറ്ററിന് 70 രൂപയുമാണ് ഫെഡറേഷൻ നൽകുന്നത്. കൃഷിക്കാർ മാത്രമേ നീര ചെത്താൻ പാടുള്ളൂവെന്ന ഫെഡറേഷന്റെ തീരുമാനത്തെ കർഷക സമൂഹം ഒന്നടങ്കം അംഗീകരിച്ചിരിക്കുകയാണ്.

ഷാജുവിനെ സഹായിക്കാൻ ഭാര്യ ലൂസിയും കൂടെയുണ്ട്. വീട്ടുജോലികൾ കഴിഞ്ഞാൽ ലൂസിയും നീര ടാപ്പിങ്ങിനുള്ള ഇതര ജോലികളിൽ സഹായിക്കും. ചെളി സ്റ്ററിലൈസ് ചെയ്യുക, പാത്രങ്ങൾ ശുചിയാക്കി വയ്ക്കുക, ഇതൊക്കെ ലൂസിയുടെ ചുമതലയാണ്.മക്കൾ 8–ാം ക്ലാസ്സുകാരി ദിയ, 5–ാം ക്ലാസ്സുകാരൻ ജിത്തു എന്നിവരും സഹായിക്കുന്നു.

ഷാജുവിന് ഇന്ന് സമൂഹത്തിൽ ധാരാളം അംഗീകാരം ലഭിക്കുന്നുണ്ട്. അപകടം നിറഞ്ഞതും, കൂടുതൽ ശ്രദ്ധ വേണ്ടുന്നതുമായ ഈ പണിയ്ക്കിറങ്ങുന്നതിനുമുമ്പ് നല്ല പരിശീലനം ലഭിക്കണമെന്നതാണ് ഷാജു ഉപദേശിക്കുന്നത്. ദിവസവും തെങ്ങിന്റെ മടലിൽ പിടിച്ചു കയറുകയെന്ന കാര്യം അലക്ഷ്യമായി ചെയ്യുകയോ, ലഹരി വസ്തുക്കൾ ഉപയോഗിച്ച ശേഷം ചെയ്യുകയോ അരുതെന്നാണ് ഷാജു നൽകുന്ന ഉപദേശം. യുവാക്കൾ കടന്നു വരേണ്ട മേഖലയാണ് നീര ടാപ്പിംങ് സെക്ടർ. വിദേശത്ത് പോയി കഷ്ടപ്പെടാതെ സ്വന്തം വീട്ടിൽ താമസിച്ച് സ്വന്തം കൃഷിയിടം നോക്കി നടത്താമെന്നതാണ് ഈ തൊഴിലിന്റെ പ്രത്യേകത. ഉദയഗിരിയിൽ ഉടൻ ആരംഭിക്കുന്ന അടുത്ത ബാച്ചിലേയ്ക്ക് പരമാവധി യുവാക്കളെ പ്രേരിപ്പിക്കുകയാണ് ഷാജു ഇന്ന്.



നീരയാണ് തന്റെ ജീവിതത്തിന് സൗഭാഗ്യം കൊണ്ടു വരുന്നതെന്ന് ഉറച്ചു വിശ്വസിക്കുന്ന ഷാജുവിനെപ്പോലുള്ള കർഷകർ കേരള സമൂഹത്തിന് ഒരു മാതൃകയാണ്. നെല്ല് വിളഞ്ഞ് പാകമായി കതിരിൽ നിന്നു തന്നെ അരിയായി തീർന്നുവെന്ന് പഴമക്കാർ വിശ്വസിക്കുന്ന അരിവിളഞ്ഞ പൊയ്യിലിന്റെ നീര മാഹാത്മ്യം കേരള ജനതയ്ക്കും, നാളികേര കർഷകനും ഒരു പാഠ പുസ്തകമായിത്തീരട്ടെ.

ഉദയഗിരി ഫെഡറേഷന്റെ നേതൃത്വത്തിൽ ചിങ്ങം 1ന് കർഷക ദിനമാചരിച്ചപ്പോൾ ശ്രീ. ഷാജുവിനെ ഫെഡറേഷൻ മെമന്റോ നൽകി ആദരിക്കുകയുണ്ടായി.

ഉദയഗിരി ഗ്രാമപഞ്ചായത്തിൽ നിന്നും ത്രിതല പഞ്ചായത്തിൽ വിജയിച്ച ജനപ്രതിനിധികൾക്ക് സ്വീകരണം നൽകിയ ചടങ്ങിൽ വച്ച് ബഹു. സാംസ്ക്കാരിക ഗ്രാമവികസന വകുപ്പു മന്ത്രി ശ്രീ. കെ. സി. ജോസഫ് ഷാജു അപ്പച്ചനെ പൊന്നാട അണിയിച്ച് ആദരിക്കുകയുണ്ടായി ■

*ഷാജു. ഫോൺ : 9495376448*

# ഓഗസ്റ്റ് വിപ്ലവത്തിനു ശേഷം ഷിജുവിനു മാസ വരുമാനം 30000 രൂപയ്ക്കു മേൽ

● പി. എം. സെബാസ്റ്റ്യൻ
പബ്ലിക് റിലേഷൻസ് ഓഫീസർ, തേജസ്വിനി, കണ്ണൂർ



**ശരാശരി ജീവിതം ജീവിക്കാൻ പോലും നന്നെ കഷ്ടപ്പെട്ടിരുന്ന ഷിജു എന്ന യുവാവ് തെങ്ങിന്റെ ചങ്ങാതിക്കൂട്ട പരിശീലനം നേടി ആ തൊഴിലിലൂടെ ജീവിതം കരുപ്പിടിപ്പിച്ച കഥ.**

എന്നും പുലർച്ചെ അഞ്ച് മണിക്ക് ആരംഭിക്കുന്ന ജോലികൾ. രാത്രി ഏഴ് എട്ട് വരെ തിരക്കോട് തിരക്ക്. അധ്വാനഭാരം കൊണ്ട് വീർപ്പു മുട്ടുന്ന ദിനങ്ങൾ. ഒരു യാത്ര പോവാനോ ബന്ധുവീടു സന്ദർശിക്കാനോ സമയമില്ല. പണിയോട് പണി. എന്നാൽ, മിച്ചം വല്ലതും ഉണ്ടോ, അതുമില്ല. കൈയ്യിൽ പണമില്ലാത്തതിനാൽ മനസ്സിന് ആകെ പിരിമുറുക്കം. കുറികൾ പലതും മുടങ്ങുന്നു. ഭാവിയെക്കുറിച്ചുള്ള ആശങ്ക മനസ്സിനെ അലട്ടുന്നു. കുട്ടികൾക്ക് നല്ല വിദ്യാഭ്യാസം കൊടുക്കണം, ഒരു സ്ക്കൂട്ടറെങ്കിലും സ്വന്തമായി വാങ്ങണം തുടങ്ങിയ ആഗ്രഹങ്ങൾ സ്വപ്നങ്ങളായി ശേഷിക്കുന്നു. നാലര ഏക്കർ സ്ഥലമുള്ള പുത്തൻ പറമ്പിൽ ഷിജു മാത്യു എന്ന ശരാശരി കർഷകന്റെ മൂന്നു വർഷം മുൻപുള്ള അവസ്ഥ ഇതായിരുന്നു.

എന്നാൽ ഇപ്പോൾ ചിത്രം ആകെ മാറിയിരിക്കുന്നു. ഇന്നു ഷിജുവിന്റെ മാസ വരുമാനം 30000 - രൂപയിലേറെ. രാവിലെ 11 മണിയോടെ ജോലി അവസാനിക്കും. ദിവസം കുറഞ്ഞത് 1200 രൂപ വരുമാനം. വേണമെങ്കിൽ കൂടുതൽ സമയം ജോലി ചെയ്യാം, വരുമാനം ഇരട്ടിയാക്കാം. പക്ഷെ ഷിജു അതു ചെയ്യുന്നില്ല. ആറു ദിവസം മാത്രം ജോലി. ഞായറാഴ്ച വിശ്രമം. ഇപ്പോൾ കടങ്ങൾ ഒന്നും ഇല്ല. ആഗ്രഹിച്ച സ്കൂട്ടർ സ്വന്തമായി. തേജസ്വിനി കമ്പനിയിൽ 25000 രൂപയുടെ വ്യക്തിഗത ഓഹരി വാങ്ങി. ആഡംബരങ്ങളില്ലെങ്കിലും ആവശ്യങ്ങളെല്ലാം ഭംഗിയായി നടക്കുന്നു. കുടുംബത്തോടൊപ്പം ചെലവഴിക്കാനും സാമൂഹിക പ്രവർത്തനത്തിനും ഇഷ്ടം പോലെ സമയം. ഷിജു മാത്യുവെന്ന 42 കാരന്റെ ജീവിതം ഇന്ന് സംതൃപ്തമാണ്. വീട്ടിലും എല്ലാവരുടെയും മുഖത്ത് ആഹ്ലാദം.

2013 ആഗസ്റ്റിലാണ് ഷിജുവിന്റെ വിധി മാറ്റിയെഴുതിയ സംഭവം അഥവ ചങ്ങാതിക്കൂട്ടം പരിശീലനം നടക്കുന്നത്. നാളികേര വികസന ബോർഡിനു കീഴിൽ തേജസ്വിനി കോക്കനട്ട് ഫാർമേഴ്സ് പ്രൊഡ്യൂസർ കമ്പനിയുടെ നേതൃത്വത്തിൽ തിരുമേനിക്കു സമീപം മുതവത്ത് ആരംഭിച്ച ചങ്ങാതിക്കൂട്ടം പരിശീലനമാണ് ഷിജുവിന്റെ ജീവിതത്തെ ആകെ മാറ്റി മറിച്ചത്. പിന്നെ ഷിജുവിനുതിരിഞ്ഞു നോക്കേണ്ടി വന്നിട്ടില്ല.

പുത്തൻ പറമ്പിൽ മത്തായിയുടേയും അന്നമ്മയുടേയും മൂത്ത പുത്രനാണ് ഷിജു. അനുജൻ ബിജുവിന് മുംബൈയിലാണ് ജോലി. അപ്പനും അമ്മയും ഭാര്യയും രണ്ട് പെൺമക്കളുമടങ്ങുന്നതാണ് ഷിജുവിന്റെ കുടുംബം. കുറച്ച് തെങ്ങും കവുങ്ങും റബ്ബറും വാഴയും ഒക്കെയുള്ള സാധാരണ പുരയിടം. തേങ്ങയും,

# കമ്പനികളുടെ നൈപുണ്യ വികസനത്തിന് സഹായവുമായി സെന്റ് ഗിറ്റ്സ്



*പാത്താമുട്ടം സെന്റ് ഗിറ്റ്സ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റിൽ നടന്ന ചർച്ചയിൽ നാളികേര വികസന ബോർഡ് അസി. ഡയറക്ടർ കെ. എസ്. സെബാസ്റ്റ്യൻ പ്രസംഗിക്കുന്നു.*

സംസ്ഥാനത്തെ നാളികേര ഉത്പാദക കമ്പനികൾക്ക് മാനവശേഷി വികസനം, ഉത്പന്നവിപണനം, സാമ്പത്തിക മാനേജ്മെന്റ് തുടങ്ങിയ മേഖലകളിൽ ആവശ്യമായ വിദഗ്ധ ഉപദേശം നല്കുന്നതു സംബന്ധിച്ച് നാളികേര വികസന ബോർഡും പാത്താമുട്ടം സെയിന്റ് ഗിറ്റ്സ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റും തമ്മിൽ ഫെബ്രുവരി 13 ന് ചർച്ച നടത്തി. നാളികേര വികസന ബോർഡ് ചെയർമാൻ ശ്രീ.ടികെ ജോസ്, മാർക്കറ്റിംങ് വിഭാഗം അസിസ്റ്റന്റ് ഡയറക്ടർ ശ്രീ. കെഎസ് സെബാസ്റ്റ്യൻ കോളജ് ഡീൻ ഡോ.ജേക്കബ് ജോർജ്, ഡോ. റോജി ജോർജ്, പ്രൊഫ.നിഷ ജെയിംസ്, പ്രൊഫ.ശ്രീജിത്, പ്രൊഫ.ചെറിയാൻ, പ്രൊ.അനീഷ് ഓണാട്ടുകര, കരപ്പുറം, കോട്ടയം കമ്പനികളുടെ പ്രതിനിധികൾ എന്നിവർ ചർച്ചയിൽ പങ്കെടുത്തു.

സാങ്കേതിക വിദ്യ, കണ്ടുപിടിത്തങ്ങൾ എന്നിവയിൽ വിദ്യാഭ്യാസ സ്ഥാപനങ്ങളും വ്യവസായ സ്ഥാപനങ്ങളും പരസ്പരം സഹകരിച്ച് മുന്നേറി വിജയിക്കുന്ന ചരിത്രമാണ് വികസിത രാജ്യങ്ങളിൽ നടക്കുന്നത് എന്ന് ശ്രീ.കെഎസ് സെബാസ്റ്റ്യൻ ചൂണ്ടിക്കാട്ടി.നാളികേര മേഖലയിലും ഇത് സാധ്യമാണ്. ഉത്പാദക കമ്പനികൾ മറ്റേതു കമ്പനിയും പോലെ മത്സരക്ഷമമായാൽ ഇത് സാധ്യമാകും - അദ്ദേഹം പറഞ്ഞു. കരപ്പുറം, കോട്ടയം ഓണാട്ടുകര കമ്പനി സിഇഓമാരും സംസാരിച്ചു.

സ്ഥാപനം കമ്പനികൾക്കു നല്കുന്ന സേവനങ്ങൾ ആദ്യ വർഷം സൗജന്യമായും രണ്ടാം വർഷം നാമമാത്രമായും മൂന്നാം വർഷം മുതൽ പൂർണ തോതിലും ഫീസ് ഈടാക്കാം എന്ന് ശ്രീ.ടികെ ജോസ് അഭിപ്രായപ്പെട്ടു. സ്ഥാപനത്തിലെ കുട്ടികൾക്ക് ഈ കമ്പനികളിൽ ഇന്റേൺഷിപ്പ് സൗകര്യം ഒരുക്കുന്നതാണ്. കോട്ടയം നാളികേര കമ്പനിക്ക് ലോഗോ ഡിസൈൻ ചെയ്ത വിദ്യാർത്ഥികൾക്ക് അദ്ദേഹം ക്യാഷ് പ്രൈസ് സമ്മാനിച്ചു. കരപ്പുറം കമ്പനി നിർമ്മിച്ച ചോക്കലേറ്റുകൾ കുട്ടികൾക്ക് വിതരണം ചെയ്യുകയുണ്ടായി. ഡോ.ജേക്കബ് ജോർജ് ചർച്ചാവിഷയം അവതരിപ്പിച്ച് സ്വാഗതം ആശംസിച്ചു.

---

അടയ്ക്കയും പറിക്കൽ, പൊളിക്കൽ തുടങ്ങിയവ ഒഴികെ മറ്റ് കാർഷിക ജോലികളെല്ലാം കുടുംബാംഗങ്ങൾ ഒരുമിച്ച് ചെയ്യും. അധിക വരുമാനത്തിന് പശു, ആട്, വളർത്തലും. കിട്ടുന്ന വരുമാനത്തിലേറെയും വളമായും കൂലിയായും തിരികെ കൃഷിയിടത്തിൽ മുടക്കണം. എല്ലാവരും നന്നായി പണിയെടുക്കുന്നു. പക്ഷെ ആറംഗ കുടുംബത്തിന്റെ ചെലവ് കഴിച്ച് ഒന്നും മിച്ചമില്ലാത്ത അവസ്ഥ. മാസം ശരാശരി 15000/- രൂപയായിരുന്നു വരുമാനം.

സ്വന്തമായി ഒരു ജോലി വേണമെന്ന ആഗ്രഹമുണ്ടായിരുന്നെങ്കിലും പ്രീഡിഗ്രി മാത്രം വിദ്യാഭ്യാസമുള്ളതുകൊണ്ട് കിട്ടാവുന്ന ജോലികളെക്കുറിച്ച് ഷിജുവിന് നല്ല ബോധ്യമുണ്ടായിരുന്നു. കൂലിപ്പണിക്ക് പോകാനും ഒരു മടി. അങ്ങനെയിരിക്കെയാണ് വീട്ടിൽ നിന്നും രണ്ടര കിലോമീറ്റർ അകലെ ആരംഭിച്ച ചങ്ങാതിക്കൂട്ടം പരിശീലനത്തെക്കുറിച്ച് അറിയുന്നത്. പരിശീലനത്തിന്റെ ഭാഗമായി ആദ്യബാച്ച് പുലർച്ചെ നടത്തിയ റോഡ് വാക്കിംഗ് ആന്റ് റണ്ണിംഗ് ആണ് പരിശീലന പരിപാടിയെക്കുറിച്ച് അറിയാനിടയാക്കിയത്. അടുത്ത ബാച്ചിൽ തന്നെ ഷിജുവും പരിശീലനത്തിന് ചേർന്നു.

ആറ് ദിവസം താമസിച്ചുള്ള പരിശീലനമെന്നത് ആശങ്കയുണ്ടാക്കി. വീട്ടിൽ നിന്ന് മാറി നിന്നാൽ കാര്യങ്ങൾ കുഴയുമെന്ന പേടിയാണ് കാരണം. എന്നാൽ തെങ്ങു കയറ്റ പരിശീലനത്തോടൊപ്പം കിട്ടിയ മോട്ടിവേഷൻ ക്ലാസ്സുകൾ പുത്തനനുഭവമായി. പരിശീലനം പൂർത്തിയാക്കി, പിറ്റേ ദിവസം തന്നെ സ്വന്തം പുരയിടത്തിലെ തെങ്ങിൽ കയറി തേങ്ങ പറിച്ചു. സംഗതി വിജയം. പിന്നെയങ്ങ് തിരക്കോട് തിരക്ക്. രണ്ടാഴ്ചയ്ക്കുള്ളിൽ സ്ക്കൂട്ടർ വാങ്ങിയെന്ന് ഷിജുവിന്റെ സാക്ഷ്യം.

പുലർച്ചെ അഞ്ച് മണിയോടെ എഴുന്നേറ്റ് പശുവിനെ കറക്കും. മറ്റ് ജോലികൾ ചെയ്യും. 6.30 ഓടെ സ്ക്കൂട്ടറിൽ ജോലിക്കിറങ്ങും. 11 മണിയോടെ ജോലി അവസാനിക്കും. ദിവസം ശരാശരി 60 തെങ്ങിൽ കയറും. 1200 രൂപ വരുമാനം. കൂടാതെ അടയ്ക്ക പറിക്കാനും പോകും. 250 കുല അടയ്ക്ക പറിയ്ക്കാൻ ഒരു വിഷമവുമില്ലെന്ന് ഷിജു പറയുന്നു. കുലയൊന്നിന് 6 രൂപ പ്രകാരം 1500 രൂപ കിട്ടാൻ പ്രയാസമില്ല. തിരക്കുള്ളപ്പോൾ വൈകുന്നേരം ജോലി ചെയ്യാറുണ്ട്. 150 നു മേൽ തെങ്ങ് കയറിയ ദിവസങ്ങളുമുണ്ട്.

ജീവിതത്തിന് ഒരു അടുക്കും ചിട്ടയും വന്നതോടെ സമയം ബാക്കിയാണ്. ഇപ്പോഴും ഷിജുവിന്റെ തൊഴുത്തിൽ മൂന്നു പശുക്കളുണ്ട്. പതിനഞ്ച് ലിറ്റർ പാൽ സൊസൈറ്റിയിൽ കൊടുക്കുന്നു. ബാങ്കിലെ അക്കൗണ്ടിൽ കുറച്ച് ബാലൻസ് ഒക്കെയായി. കുറികൾക്കെല്ലാം കൃത്യമായി പണമടയുന്നു. മക്കളുടെ ഫീസടക്കാൻ നല്ല നേരം നേക്കേണ്ട ആവശ്യമില്ല. ആത്മവിശ്വാസം വർദ്ധിച്ചു. സാമൂഹികാംഗീകാരവും. ഇനി പുതിയ വീട് വെയ്ക്കണം അതിനുള്ള ഒരുക്കത്തിലാണ് ഷിജു.

തേജസ്വിനി കമ്പനിയുമായി സഹകരിച്ച് പ്രവർത്തിക്കുന്ന ഷിജുവിന് തീവ്രമായ ഒരാഗ്രഹം ബാക്കി. വർഷത്തിലൊരിക്കലെങ്കിലും ഓരോ ബാച്ച് ചങ്ങാതിക്കൂട്ടവും ഒത്തു ചേരണം. അവർക്ക് 2 ദിവസം മോട്ടിവേഷൻ ക്ലാസ്സുകൾ നൽകാൻ നാളികേര വികസന ബോർഡു തയ്യാറാവണം. ■

*ഷിജു. ഫോൺ : 9400552803*

# കൃഷ്ണൻകുട്ടിയുടെ ജീവിതത്തിൽ പ്രകാശമായി മാറിയ നീര

ജയ കേസരി
സെക്രട്ടറി, പുറത്തൂർ നാളികേര ഉത്പാദക ഫെഡറേഷൻ, തിരൂർ

തിരൂർ കോക്കനട്ട് പ്രൊഡ്യൂസർ കമ്പനിയുടെ കീഴിൽ 12 ഫെഡറേഷനുകൾ പ്രവർത്തിക്കുന്നു. ഇതിൽ പുറത്തൂർ കേര കർഷക ഫെഡറേഷൻ പ്രവർത്തന മികവിൽ മറ്റെല്ലാ ഫെഡറേഷനുകൾക്കും മാതൃകയാണ്. 3 ഫെഡറേഷനുകൾക്ക് നീര ടാപ്പ് ചെയ്യാനുള്ള ലൈസൻസ് ലഭിച്ചെങ്കിലും ആദ്യം പുറത്തൂർ ഫെഡറേഷനും പിന്നീട് വെട്ടം സൗത്ത് ഫെഡറേഷനും മാത്രമാണ് നീര ടാപ്പിംഗ് ആരംഭിച്ചത്. 5 പരമ്പരാഗത തൊഴിലാളികൾ വാഴക്കുളം സി.ഐടിയിൽ നിന്നും മാസ്റ്റർ ട്രെയിനിംഗ് പൂർത്തിയാക്കുകയും തുടർന്ന് നാട്ടിലെ 20 തൊഴിലാളികൾക്ക് ട്രെയിനിംഗ് നല്കുകയും ചെയ്തു. ഈ തൊഴിലാളികളിൽ ഏവരുടേയും ശ്രദ്ധ പിടിച്ചു പറ്റിയ വ്യക്തിത്വത്തിനുടമയായിരുന്നു അച്ചാംകുളത്തിൽ കൃഷ്ണൻ കുട്ടി എന്ന നീര ടെക്നീഷ്യൻ.

സാമ്പത്തികമായി താഴ്ന്ന കുടുംബത്തിലെ 8 മക്കളിൽ മൂത്ത മകനാണ് കൃഷ്ണൻ കുട്ടി. കമ്യൂണിസ്റ്റ് പശ്ചാത്തലമുള്ള കുടുംബം. പുറത്തൂർ ഗവ. ഹൈസ്ക്കൂളിൽ 10-ാം ക്ലാസ്സ് വരെ പഠിക്കാനേ കൃഷ്ണൻ കുട്ടിക്ക് സാധിച്ചുള്ളൂ. കുടുംബം പുലർത്താൻ പിന്നീട് കൂലിപ്പണിയിലേക്കു തിരിഞ്ഞു. കൃഷിപ്പണിയും, തോട്ടപ്പണിയുമായിരുന്നു മുഖ്യം. കിട്ടുന്ന കൂലികൊണ്ട് നിത്യ ചെലവ് കഷ്ടി കഴിഞ്ഞു പോരും. ഒരു സമ്പാദ്യവുമുണ്ടായിരുന്നില്ല. വീട്ടിലെ മൂത്ത മകനായതുകൊണ്ടു നേരത്തേ കല്യാണവും കഴിച്ചു. സരോജിനിയാണ് ഭാര്യ. കൃഷ്ണൻകുട്ടിക്ക് 3 പെൺമക്കൾ - കനകലത, പ്രിയങ്ക, കൃഷ്ണപ്രഭ. കുടുംബ പ്രാരബ്ദം കൂടി വന്നപ്പോൾ കിട്ടുന്ന വരുമാനത്തിൽ അധിക പങ്കും മദ്യപാനത്തിനായി ചെലവായി. മദ്യപാനം അനിയന്ത്രിതമായപ്പോൾ ചികിത്സ വരെ തേടേണ്ടി വന്നു.

ചികിത്സ കഴിഞ്ഞ് വീട്ടിൽ നിന്നും പുറത്തിറങ്ങിയ കാലഘട്ടത്തിലാണ് നീര ടെക്നീഷ്യൻമാരെ ആവശ്യമുണ്ടെന്ന വാർത്ത കേൾക്കാൻ ഇടയായത്. സുനിൽ, കുമാരൻ, എന്നീ മാസ്റ്റർ ട്രെയിനികളുടെ നിർബന്ധത്തിനു വഴങ്ങിയാണ് കൃഷ്ണൻകുട്ടി നിര ടെക്നീഷ്യൻ പരിശീലനത്തിനായി ഫെഡറേഷനിൽ എത്തിയത്. പരിശീലനത്തിൽ വേണ്ടത്ര മികവ് കാട്ടിയതിനു പുറമേ കൃഷ്ണൻകുട്ടിയുടെ പെരുമാറ്റത്തിൽ പ്രകടമായ മാറ്റവും എല്ലാവരെയും ആകർഷിച്ചു. പരിശീലനത്തോടൊപ്പം തന്നെ തെങ്ങ് കെട്ടാൻ തുടങ്ങി. താമസിയാതെ നീര ഉൽപാദനവും ആരംഭിച്ചു. ക്രമേണ നീര ഉൽപാദനം അളവ് കൂടി കൂടി വന്നു. എല്ലാ ടെക്നീഷ്യൻമ്മാരും ഈ കാലയളവിൽ നീര ഉൽപാദനത്തിൽ മികവ് പുലർത്തിയിരുന്നു.

ഇതിനിടയിൽ മഴക്കാലം ആരംഭിച്ചു. നീര ഉൽപാദനം കൂടുകയും ചെലവ് കുറയുകയും ചെയ്ത അവസരത്തിൽ ഇതിനെ എങ്ങനെ തരണം ചെയ്യണമെന്ന പ്രശ്നം ഉടലെടുത്തു. തൊഴിലാളികൾ അസ്വസ്ഥരായ ഒരു ഘട്ടം സംജാതമായി. നീര ചെലവില്ലാതെ വന്നതോടെ കൂടി പ്രശ്നം രൂക്ഷമായി.

വേതനം പോര എന്നു പറഞ്ഞ് പല തൊഴിലാളികളും ജോലി ഉപേക്ഷിച്ചു പോയി. ഈ സമയത്ത് ഫെഡറേഷൻ ഭാരവാഹികൾക്ക് കൃഷ്ണൻകുട്ടിയുടെ പിന്തുണയും നേതൃപരമായ ഇടപെടലും വൻ മുതൽ കൂട്ടായി മാറി. എന്തു തന്നെ വന്നാലും ഈ സംരംഭം അടച്ചിടാൻ അനുവദിക്കില്ലെന്നും അതിന് തൊഴിലാളികളുടെ ഭാഗത്തു നിന്ന് എന്തു വിട്ടു വീഴ്ചയ്ക്കും തയ്യാറാണെന്നും കൃഷ്ണൻകുട്ടി അറിയിച്ചു. തൊഴിലാളികളിൽ 15 പേർ അദ്ദേഹത്തിനു പിന്നിൽ ഉറച്ചു നിന്നു.



ഇപ്പോൾ നീര ഉൽപാദനത്തിൽ രണ്ടു പേരാണ് മുന്നിൽ നിൽക്കുന്നത്. മാപ്പാല മണികണ്ഠനും, കൃഷ്ണൻകുട്ടിയും. കൃഷ്ണൻകുട്ടിക്ക് ശരാശരി ഒരു ദിവസം 30 ലിറ്റർ നീര ലഭിക്കും. ഒരു ലിറ്ററിന് 45 രൂപയാണ് വേതനം. 1350 രൂപ ശരാശരി ദിവസ വേതനം പറ്റുന്ന കൃഷ്ണൻകുട്ടി ഇപ്പോൾ ഒരു മാസം 6000/- രൂപയോളം മറ്റ് ചെലവുകളെല്ലാം കഴിച്ച് ബാങ്കിൽ നിക്ഷേപിക്കുന്നു. മാത്രമല്ല നാലോ, അഞ്ചോ, കുറികളിലും മുടങ്ങാതെ പണം അടയ്ക്കുന്നുണ്ട്. സ്വന്തമായി സ്ഥലം വാങ്ങി. കുട്ടികൾ നല്ല രീതിയിൽ പഠിക്കുന്നു. മൂത്തമകൾ കമ്പ്യൂട്ടർ ഡിപ്ലോമ കഴിഞ്ഞ് ഒരു ഹോസ്പിറ്റലിൽ ജോലി ചെയ്യുന്നു. രണ്ടാമത്തെ മകൾ പോളിടെക്നിക്കിൽ സിവിൽ എൻജിനീയറിംഗിനാണ് പഠിക്കുന്നത്. മൂന്നാമത്തെ കുട്ടി 10-ാം ക്ലാസ്സിലും. വീട്ടിൽ ഇപ്പോൾ ആഹ്ലാദ അന്തരീക്ഷമാണ്. മക്കളോടും ഭാര്യയോടുമെല്ലാം വളരെ സൗമ്യവും ശാന്തവുമായ പെരുമാറ്റം. ഈ ജോലിയിൽ പ്രവേശിച്ചതോടെ അച്ഛന്റെ സ്വഭാവത്തിൽ നല്ല മാറ്റം ഉണ്ടായിട്ടുണ്ടെന്ന് മക്കളും സാക്ഷ്യപ്പെടുത്തുന്നു. പണ്ടൊക്കെ 10 രൂപ ചോദിച്ചാൽ എടുക്കാനില്ലായിരുന്നു. എന്നാൽ ഇന്ന് 10 രൂപ ചോദിച്ചാൽ 100 രൂപ എടുത്തു തരുമെന്ന് മൂത്തമകൾ പറയുന്നു.

ഫെഡറേഷനിൽ ഇടവിളകൾ കൃഷി ചെയ്ത് ഉണ്ടാക്കുന്നുണ്ട്. ഏതു വിളയും വിൽപന നടത്തുന്നതിനു സഹായിക്കാനും അതിലൊരു പങ്ക് വാങ്ങിച്ച് വീട്ടിലെത്തിക്കാനും കൃഷ്ണൻകുട്ടി മറക്കാറില്ല. ഇടയ്ക്കിടെ നേന്ത്രക്കുലകൾ വാങ്ങി കൊണ്ടു പോകുന്നത് ഏവർക്കും അത്ഭുതമാണ്. കുട്ടികൾ സന്തുഷ്ടരായി ജീവിക്കണമെന്ന് അദ്ദേഹത്തിന് നിർബന്ധമാണ്.

കഴിഞ്ഞ ഓണം വന്നപ്പോൾ ഓണാഘോഷം വിപുലമായി നടത്തുവാനും ഓണസദ്യ ഒരുക്കുവാനും മറ്റും കൃഷ്ണൻകുട്ടി

# സിഡിബി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജിക്ക് നാഷണൽ അക്രഡിറ്റേഷൻ ബോർഡിന്റെ അംഗീകാരം



നാളികകേര വികസന ബോർഡിനു കീഴിൽ ആലുവ വാഴക്കുളത്ത് പ്രവർത്തിക്കുന്ന സിഡിബി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജിയുടെ പരിശോധന ശാലയ്ക്ക് നാഷണൽ അക്രഡിറ്റേഷൻ ബോർഡ് ഫോർ ടെസ്റ്റിംഗ് ആന്റ് കാലിബറേഷൻ ലബോറട്ടറീസിന്റെ ഔദ്യോഗിക അംഗീകാരം. ഭക്ഷ്യവസ്തുക്കളുടെ കെമിക്കൽ, ബയോളജിക്കൽ പരിശോധന നടത്തുനതിനാണ് ഈ അംഗീകാരം ലഭിച്ചിരിക്കുന്നത്.

നാളികേരാധിഷ്ഠിത ഉത്പന്നങ്ങളുടെയും മറ്റു ഭക്ഷ്യോത്പന്നങ്ങളുടെയും ഗുണപരിശോധന നടത്തുന്നതിന് ഉയർന്ന നിലവാരമുള്ള ഉപകരണങ്ങൾ സിഡിബി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജിയിൽ ഉണ്ട്. ബിഐഎസ്, എഒഎസി, എഒസിഎസ് എന്നിവയുടെ ഗുണനിലവാര മാനദണ്ഡമനുസരിച്ചാണ് വെളിച്ചെണ്ണ, വെജിറ്റബിൾ ഓയിൽ, ഡെസിക്കേറ്റഡ് കോക്കനട്ട്, കൊപ്രാ, വിനാഗിരി, നാളികേര മൂല്യവർദ്ധിത ഉത്പന്നങ്ങൾ, നീര, നീര അധിഷ്ഠിത ഉത്പന്നങ്ങൾ, തോങ്ങാപ്പാൽ, തോങ്ങാപ്പാൽ കൊണ്ടുള്ള ഉത്പന്നങ്ങൾ എന്നിവയുടെ ഗുണനിലവാര പരിശോധനയും, പോഷണ വിശകലനവും ഇവിടെ നടത്തുന്നത്. നാളികേര ഭക്ഷ്യോത്പന്നങ്ങളുടെയും, ഡെസിക്കേറ്റഡ് കോക്കനട്ട്, തേങ്ങാപാൽ, തേങ്ങാപാൽപ്പൊടി, ജാം, ലഘുപാനീയങ്ങൾ തുടങ്ങിയവയുടെ മൈക്രോബയോളജിക്കൽ നിലവാര പരിശോധനാ സംവിധാനവും ഇവിടെ ഉണ്ട്. യുഎസ്എഫ്ഡിഎ ബിഎഎം, ബിഐഎസ് മാനദണ്ഡമുള്ള ടോട്ടൽ പ്ലേറ്റ് കൗണ്ട്, ഈസ്റ്റ് ആന്റ് മോൾഡ്, ടോട്ടൽ കോളിഫോംസ്, എസ്ച്ചെരീച്ചിയ കോളി, സാൽമൊണെല്ലാ, സ്റ്റാഫൈലോകോക്കസ് ഓറസ് എന്നിവയുടെ ഘടകവും ഈ ലാബിൽ പരിശോധിക്കുന്നു. ഏറ്റവും മികച്ച പരിശോധനാ മാനദണ്ദങ്ങളും മാർഗനിർദ്ദേശങ്ങളും പാലിക്കുന്ന എൻഎബിഎൽ നിലവാരത്തിന് ലോകവ്യാപകമായി അംഗീകാരമുണ്ട്.

*കൂടുതൽ വിവരങ്ങൾക്ക്:* ക്വാളിറ്റി ടെസ്റ്റിംഗ് ലബോറട്ടറി, നാളികേര വികസന ബോർഡ്, സിഡിബി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി, കീൻപുരം, സൗത്ത് വാഴക്കുളം, ആലുവ, എറണാകുളം, പിൻകോഡ്: 683105, ഫോൺ: 0484-2679680, ഇ മെയിൽ: citaluva@gmail.com.

മുൻപന്തിയിലുണ്ടായിരുന്നു. 2016 ജനുവരി 17 ന് ആയിരുന്നു നീര ഉത്പാദനം തുടങ്ങിയതിന്റെ വാർഷികം. ആഘോഷത്തിന് ബിരിയാണി വേണമെന്ന് കൃഷ്ണൻ കുട്ടി ശഠിക്കുകയും, അത് തയാറാക്കുന്നതിനും വാർഷികം വിപുലമായ രീതിയിൽ നടത്തുന്നതിനും അത്യദ്ധ്വാനം ചെയ്യുകയും ചെയ്തു അദ്ദേഹം. വാർഷികത്തിന് എല്ലാ സി.പി.എസ്. പ്രസിഡന്റ് , വൈസ് പ്രസിഡന്റ് മാരേയും മറ്റ് അംഗങ്ങളേയും ക്ഷണിക്കുകയും എല്ലാവരുടേയും സാന്നിദ്ധ്യം കൊണ്ട് വാർഷികാഘോഷം വളരെ ആർഭാടമാവുകയും ചെയ്തു. ചുറ്റുവട്ടത്തുള്ളവരും പങ്കാളികളായി.

നീര ടാപ്പ് ചെയ്യാനുള്ള തെങ്ങ് തെരഞ്ഞെടുക്കുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ അദ്ദേഹം പറയുന്നതെന്തെന്നാൽ നല്ല ആരോഗ്യവും ഏകദേശം 32 പട്ടകളുമുള്ള തെങ്ങായിരിക്കണമെന്നാണ്. അതുപോലെ തന്നെ നീര ടാപ്പിംങ് വളരെ വൃത്തിയോടും ചിട്ടയോടും സൂക്ഷ്മതയോടും കൂടി ചെയ്യേണ്ട പ്രവൃത്തിയാണെന്നും കൃഷ്ണൻകുട്ടി പറയുന്നു. മറ്റെല്ലാ ടെക്നീഷ്യൻസിനും വേണ്ട രീതിയിൽ ഉപദേശങ്ങൾ നൽകി, സംശയ നിവാരണം വരുത്തുന്നതിനും കൃഷ്ണൻകുട്ടി ആത്മാർത്ഥത കാണിക്കുന്നുണ്ട്. ഈ തൊഴിലിലേക്ക് വരാൻ പലരും മടിക്കുന്നതിന് പ്രധാന കാരണം ലീവെടുക്കാൻ സാധിക്കുകയില്ല എന്നതുകൊണ്ടാണെന്ന് അദ്ദേഹം ചൂണ്ടിക്കാട്ടുന്നു. എന്നാൽ അതൊന്നും തനിക്കൊരു പ്രശ്നമല്ലെന്ന് കൃഷ്ണൻകുട്ടി പറയുന്നു. അദ്ധ്വാനത്തിന് അർഹമായ പ്രതിഫലം ലഭിക്കുന്നുണ്ടെന്നും, താൻ സംതൃപ്തനാണെന്നും അദ്ദേഹം പറഞ്ഞു.

നാളികേര കർഷകരുടെ കൂട്ടായ്മയെപ്പറ്റി നല്ലതേ അദ്ദേഹത്തിന് പറയുവാനുള്ളൂ. നമ്മുടെ നാടിന്റെ സാമ്പത്തികമായ ഉന്നമനത്തിനുള്ള ഏറ്റവും നല്ല വഴിയാണ് നീര ഉൽപാദനം അനുബന്ധ പ്രവർത്തനങ്ങളും എന്നും അദ്ദേഹം അഭിപ്രായപ്പെടുന്നു. ഈ ജോലി പൂർവ്വാധികം ശക്തിയോടെ മുന്നോട്ടു കൊണ്ടു പോകാൻ തന്നെയാണ് അദ്ദേഹത്തിന്റെ തീരുമാനം. ഇക്കാര്യത്തിൽ എല്ലാവർക്കും ഇദ്ദേഹം മാതൃകയാണ്. ■

# നീര ടെക്നീഷ്യൻ കോഴ്സ് ഉന്നത നിലവാരത്തിലേയ്ക്ക്



*രാജഗിരിയിൽ നീര ടെക്നീഷ്യൻ പരിശീലനം നടത്തുന്ന കുടുംബശ്രീ പ്രവർത്തകരുമായി നാളികേര വികസന ബോർഡ് ചെയർമാൻ ശ്രീ. ടി. കെ. ജോസ് ആശയവിനിമയം നടത്തുന്നു.*

നാളികേര വികസന ബോർഡിന്റെ സഹായത്തോടെ വിവിധ നാളികേര ഉത്പാദക കമ്പനികളുടെ പരിശീലന കേന്ദ്രങ്ങളിൽ ഒതുങ്ങി നിന്നിരുന്ന നീരടെക്നീഷ്യൻ ട്രെയിനിംങ് പരിപാടി കേന്ദ്രാവിഷ്കൃത പദ്ധതിയുമായി ചേർന്ന് മൂന്നു മാസത്തെ സർട്ടിഫിക്കറ്റ് കോഴ്സായി ഉയർന്നിരിക്കുന്നു. പരിശീലനം വിജയകരമായി പൂർത്തിയാക്കുന്നവർക്ക് കേന്ദ്രഗൺമെന്റിന്റെ അംഗീകാരമുള്ള സർട്ടിഫിക്കറ്റ് നല്കും. രാജഗിരി കോളജ് ഓഫ് സോഷ്യൽ സയൻസാണ് ഈ പരിശീലന പദ്ധതിക്ക് പുതിയ മാനം നല്കിയിരിക്കുന്നത്. കേന്ദ്രഗ്രാമ വികസന മന്ത്രാലയം നടപ്പാക്കി വരുന്ന ദീൻദയാൽ ഉപാധ്യായ ഗ്രാമീണ കൗശല്യ യോജന പദ്ധതിയുമായി ചേർന്നാണ് എറണാകുളം ജില്ലയിലെ കുടുംബശ്രീ അംഗങ്ങൾക്ക് പ്രഥമ പരിഗണന നല്കി ആദ്യ ബാച്ചിന് പരിശീലനം ആരംഭിച്ചിരിക്കുന്നത്.

നിലവിൽ 24 പഠിതാക്കളാണ് കോഴ്സിൽ ഇപ്പോൾ രാജഗിരിയിൽ പരിശീലനം നേടുന്നത്. എല്ലാവരും എറണാകുളം ജില്ലയിലെ മുളന്തുരുത്തി, കൂവപ്പടി, വടവുകോട്, വാഴക്കുളം, പാമ്പാക്കുട ബ്ലോക്കുകളിലെ വിവിധ ഗ്രാമപഞ്ചായത്തുകളിൽ നിന്നുള്ളവർ. ഇവരിൽ 19 സ്ത്രീകൾ, ബാക്കി പുരുഷന്മാർ. പ്രായം 25-45. രണ്ടു മാസം തീവ്രപരിശീലനം.ഒരു മാസം പഠനത്തിന്റെ ഭാഗമായുള്ള ജോലി പരിശീലനം. ഇപ്രകാരമാണ് കോഴ്സ് ക്രമീകരിച്ചിരിക്കുന്നത്. സോഫ്റ്റ് സ്കിൽ, കംപ്യൂട്ടർ പരിജ്ഞാനം, സ്പോക്കൺ ഇംഗ്ലീഷ്, എന്നിവയിലും പരിശീലനം നല്കുന്നുണ്ട്. ആറ് മാസ്റ്റർ ടെക്നീഷ്യൻ പരിശീലനം നല്കുന്നത്. കുന്ദമംഗലം പായിപ്ര ഫെഡറേഷനിൽ നീര ടാപ്പ് ചെയ്ത് സംസ്ഥാനത്തിനകത്തും പുറത്തും പ്രശസ്തരായ വിദ്യ ഷീന എന്നിവരും പരിശീലകരായി ഉണ്ട്.

രാജഗിരി കോളജിന്റെ കളമശേരി കാമ്പസിൽ ജനുവരി 4 ന് ആരംഭിച്ച പരിശീലനം തിയറി ക്ലാസുകൾക്കു ശേഷം ജനുവരി 11 ന് ഫീൽഡിലേയ്ക്ക് മാറ്റി. തൃപ്പൂണിത്തുറയ്ക്ക് സമീപം കുരീക്കാട്ടുള്ള തെങ്ങിൻ പുരയിടത്തിലാണ് പ്രായോഗിക ക്ലാസുകൾ നടക്കുന്നത്. ജനുവരി 25 മുതൽ തെങ്ങിനു മുകളിലായി പരിശീലനം. ഒരാൾക്ക് ഒരു തെങ്ങ് എന്ന ക്രമത്തിൽ വൃക്ഷങ്ങൾ മാർക്ക് ചെയ്തു നല്കി. ഫെബ്രുവരി ഒന്നു മുതൽ 25 തെങ്ങുകളിൽ നിന്ന് നീര ടാപ്പിംങ് ആരംഭിച്ചു. ഫെബ്രുവരി 11 ആയപ്പോഴേയ്ക്കും എല്ലാ തെങ്ങുകളിൽ നിന്നും നീര ലഭിച്ചു തുടങ്ങി. 19 ആയതോടെ 10 ലീറ്റർ നീര ലഭിക്കുകയും അത് സംസ്കരണത്തിനായി തിരുക്കൊച്ചി കമ്പനി വക പ്ലാന്റിലേയ്ക്ക് അയക്കുകയും ചെയ്യുന്നു

കോഴ്സിന് ഫീസ് ഇല്ല. പഠിതാക്കൾക്ക് ഇപ്പോൾ ദിവസം 125 രൂപ വീതം സ്റ്റൈപ്പന്റ് നല്കുന്നുണ്ട്. ഭക്ഷണം യാത്രക്കൂലി എന്നിവ ഉദ്ദേശിച്ചുള്ളതാണിത്. കൂടാതെ യൂണിഫോമും പഠന സാമഗ്രികളും സൗജന്യമായി നല്കും. കോഴ്സ് പൂർത്തിയാകുന്ന മുറയ്ക്ക് ഇവരെ തിരുകൊച്ചി നാളികേര ഉത്പാദക കമ്പനി അവരുടെ വിവിധ ഫെഡറേഷനുകളിൽ നിയമിക്കും.

രാജഗിരി കോളജ് ഓഫ് സോഷ്യൽ സയൻസ് നൈപുണ്യ വികസന പരിശീലന പരിപാടിയുടെ ഭാഗമായാണ് കേന്ദ്രഗവൺമെന്റിന്റെ ദീൻദയാൽ ഉപാധ്യായ ഗ്രാമീണ കൗശല്യ യോജന പദ്ധതിയുമായി ചേർന്ന് 2015 ൽ നാല് കോഴ്സുകൾ ആരംഭിച്ചത്. 2016 ജനുവരിയിലാണ് നാളികേര വികസന ബോർഡുമായി ചേർന്ന് നീരടെക്നീഷ്യൻ പരിശീലന പരിപാടിക്ക് തുടക്കമിട്ടത്. അടുത്തബാച്ച് മാർച്ചിൽ ആരംഭിക്കും. എറണാകുളം ജില്ലയിലെ കുടുംബശ്രീ യൂണിറ്റുകൾ മുഖേനയാണ് പഠിതാക്കളെ തെരഞ്ഞെടുക്കുക.

# തിരുക്കൊച്ചി നീര സംസ്കരണ പ്ലാന്റ് കമ്മിഷൻ ചെയ്തു



*തിരുകൊച്ചി കമ്പനിയുടെ നീര സംസ്ക്കരണ പ്ലാന്റ് മന്ത്രി ശ്രീ. അനൂപ് ജേക്കബ് ഉദ്ഘാടനം ചെയ്യുന്നു*

കേരളത്തിലെ അഞ്ചാമത്തെ നീര സംസ്കരണ പ്ലാന്റ് എറണാകുളം ജില്ലയിലെ കൂത്താട്ടുകുളത്തിനു സമീപം ഓണക്കൂറിൽ സംസ്ഥാന ഭക്ഷ്യ സിവിൽ സപ്ലൈസ് വകുപ്പ് മന്ത്രി ശ്രീ.അനൂപ് ജേക്കബ് 2016 ജനുവരി 23 ന് ഉദ്ഘാടനം ചെയ്തു. ജില്ലയിലെ ഏക നാളികേര ഉത്പാദക കമ്പനിയായ തിരുക്കൊച്ചിയുടെ ഉടമസ്ഥതയിലുള്ളതാണ് പ്ലാന്റ്. നീര സംസ്കരണ പ്ലാന്റ് പോലുള്ള നവീന പദ്ധതികൾ ജില്ലയിലെ നാളികേര കർഷകർക്ക് ആശ്രയവും തണലും ആകുമെന്ന് പ്ലാന്റ് ഉദ്ഘാടനം ചെയ്യവെ മന്ത്രി അഭിപ്രായപ്പെട്ടു. നീര ഏറ്റവും സംശുദ്ധമായ ആരോഗ്യ പാനീയമാണെന്നും കേരളത്തിന്റെ കാർഷിക മേഖലയിൽ അത് പുത്തൻ തൊഴിലവസരങ്ങൾ സൃഷ്ടിക്കുമെന്നും ശ്രീ. അനൂപ് ജേക്കബ് തുടർന്നു.

കർഷക ഉത്പാദക കൂട്ടായ്മകളുടെ ശാക്തീകരണത്തിലൂടെ മാത്രമെ നാളികേര മേഖലയുടെ ഉയർത്തെഴുന്നേല്പ് സാധ്യമാവുകയുള്ളു എന്ന് ചടങ്ങിൽ മുഖ്യ പ്രഭാഷണം നടത്തിയ നാളികേര വികസന ബോർഡ് ചെയർമാൻ ശ്രീ.ടി കെ ജോസ് ഐഎഎസ് ചൂണ്ടിക്കാട്ടി. പ്രവർത്തന മികവിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്തെ നാളികേര ഉത്പാദക കമ്പനികളെ ബോർഡ് തരം തിരിച്ചിട്ടുണ്ട്. അതിൽ എ പ്ലസ് നിലവരാത്തിലുള്ള അഞ്ചു കമ്പനികളിൽ ഒന്നാണ് തിരുകൊച്ചി നാളികേര ഉത്പാദക കമ്പനി എന്നും ചെയർമാൻ തുടർന്നു. മൂവാറ്റുപുഴ എം എൽ എ ജോസഫ് വാഴയ്ക്കൻ കമ്പനിയുടെ ഓഫീസ് സമുച്ചയം ഉദ്ഘാടനം ചെയ്തു. കമ്പനി സ്ഥാപിച്ചിട്ടുള്ള ആധുനിക കൊപ്ര ഡ്രയറിന്റെ കമ്മിഷനിംങ് മാർക്കറ്റ് ഫെഡ് മാനേജിംങ് ഡയറക്ടർ മൈക്കിൾ വേദശിരോമണിയും നിർവഹിച്ചു. കമ്പനിയുടെ പുതിയ ഉത്പ്പന്നങ്ങളായ കോക്കനട്ട് ജൂസ്, നീര ഹണി എന്നിവ യഥാക്രമം ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ശ്രീമതി ആശാ സനലും കേരള ഫിനാൻഷ്യൽ കോർപ്പറേൻ മാനേജിംങ് ഡയറക്ടർ ശ്രീ ജോയ് ഉമ്മൻ ഐഎഎസും വിപണിയിൽ ഇറക്കി. കമ്പനി ചെയർമാൻ ജോസഫ് ബാബു ചടങ്ങിൽ അധ്യക്ഷനായിരുന്നു.

പ്രതിദിനം 8000 ലീറ്റർ നീര സംസ്കരിച്ച് 200 മില്ലിയുടെ 20,000 കുപ്പികളിൽ പായ്ക്ക് ചെയ്യാൻ ശേഷിയുള്ളതാണ് പാമ്പാക്കുടയ്ക്കടുത്ത് ഓണക്കൂറിൽ സ്ഥാപിച്ചിട്ടുള്ള പ്ലാന്റ്. മൂന്നര കോടിയാണ് മുതൽമുടക്ക്. ആൽഫാ ലാവ്ൽ കമ്പനിയുടെ മെഷിനറികളാണ് പ്ലാന്റിൽ സജ്ജീകരിച്ചിരിക്കുന്നത്. നാളികേര വികസന ബോർഡിന്റെയും കളമശേരി എസ് സി എം എസിന്റെയും സാങ്കേതിക വിദ്യയാണ് ഈ പ്ലാന്റിൽ ഉപയോഗിക്കുന്നത്. ■




*തിരുകൊച്ചി കമ്പനിയുടെ നീര സംസ്ക്കരണ പ്ലാന്റ്*



ഇന്ത്യൻ നാളികേര ജേണലിന്റെ വായനക്കാരായ വീട്ടമ്മമാർക്കു വേണ്ടി ഈ ലക്കം മുതൽ പുതിയ പംക്തി ആരംഭിക്കുകയാണ്- കേര പാചകം. നാളികേരവും കരിക്കും തേങ്ങാപ്പാലും മറ്റും മുഖ്യ ചേരുവയായി ഉപയോഗിച്ച് തയാറാക്കുന്ന വിഭവങ്ങളാണ് ഈ പംക്തിയിലൂടെ പരിചയപ്പെടുത്തുന്നത്. പാചക വിദഗ്ധനും നെടുമ്പാശേരി ഫ്ളോറ എയർപോർട്ട് ഹോട്ടലിലെ എക്സിക്കുട്ടിവ് ഷെഫുമായ റോയ് ജോസഫ് പോത്തനാണ് വായനക്കാർക്കുവേണ്ടി ഈ പാചകക്കുറിപ്പുകൾ തയാറാക്കുന്നത്. ബൊൺസൈഡെ ഹൗസ് എഡിൻബർഗ്, കൊച്ചിയിലെ വൈറ്റ് ഫോർട്ട്, അവന്യൂ റിജന്റ്, താജ് മലബാർ തുടങ്ങിയ ഹോട്ടലുകളിൽ സേവനമനുഷ്ഠിച്ചിട്ടുള്ള റോയിക്ക് ഈ മേഖലയിൽ 25 വർഷത്തെ പരിചയമുണ്ട്. ഏഷ്യനെറ്റ്,ജീവൻ,അമൃത തുടങ്ങിയ ചാനലുകളിൽ പാചക പരിപാടികൾ അവതരിപ്പിക്കുന്നുണ്ട്. കോട്ടയം ജില്ലയിലെ വെളിയന്നൂർ സ്വദേശിയാണ്.

*ഫോൺ - 9495325526 ,8157994173*

# കരിക്ക് സ്റ്റ്യൂ.

മട്ടൺ സ്റ്റ്യൂവിന്റെയും മറ്റും അതേ രുചിയിലും സ്വാദിലും തയാറാക്കുന്ന ശുദ്ധ വെജിറ്റേറിയൻ ഡിഷാണ് കരിക്ക് സ്റ്റ്യൂ. പ്രധാന ചേരുവ കരിക്കും തേങ്ങാപ്പാലുമാണ്. പാലപ്പം, ഇടിയപ്പം, ചപ്പാത്തി തുടങ്ങിയവയ്ക്ക് ഒപ്പം പ്രാതലിന് രാവിലെ വിളമ്പാവുന്ന സ്വാദിഷ്ഠമായ വിഭവമാണ് ഇത്.



## ആവശ്യമായ സാധനങ്ങൾ

1. കരിക്ക് - 2 എണ്ണം
2. വെളിച്ചെണ്ണ - 10 മില്ലി
3. കറുവ - 5 ഗ്രാം
4. ഏലക്ക - 5 ഗ്രാം
5. ഗ്രാമ്പു - 3 ഗ്രാം
6. കുരുമുളക് പൊടി - 5 ഗ്രാം
7. കാരറ്റ് - 25 ഗ്രാം
8. ഗ്രീൻ പീസ് - 10 ഗ്രാം
9. പച്ചമുളക് - 5 ഗ്രാം
10. ഇഞ്ചി - 3 ഗ്രാം
11. കറിവേപ്പില - 5 ഗ്രാം
12. ഉള്ളി - 50 ഗ്രാം
13. തേങ്ങപ്പാൽ - 500 മില്ലി
14. ഉപ്പ് - പാകത്തിന്
15. അലങ്കരിക്കുന്നതിന് വറുത്ത കശുവണ്ടി, ഉണക്കമുന്തിരി.

## പാചക രീതി

കരിക്ക് പൂളിയെടുത്ത് കഷണങ്ങളാക്കി നുറുക്കി വയ്ക്കുക. കാരറ്റ് നീളത്തിൽ കഷണങ്ങളായി അരിയുക. ഒപ്പം ഇഞ്ചിയും പച്ചമുളകും ഉള്ളിയും അരിഞ്ഞ് വയ്ക്കുക.

ചീനച്ചട്ടിയിൽ വെളിച്ചെണ്ണ ചൂടാക്കി മസാല (3 മുതൽ 6 വരെ ചേരുവകൾ) മൂപ്പിക്കുക. ഇതിലേയ്ക്ക് കറിവേപ്പില, ഇഞ്ചി,പച്ചമുളക്, ഉള്ളി എന്നിവ ചേർത്ത് വഴറ്റുക. ഇവ വഴന്നു കഴിയുമ്പോൾ തേങ്ങാപ്പാൽ, ഉപ്പ്, കാരറ്റ്, ഗ്രീൻപീസ് എന്നിവയും ചേർത്തിളക്കുക. കാരറ്റ്, ഗ്രീൻപീസ് എന്നിവ വെന്തു പാകമാകുമ്പോൾ നുറുക്കി വച്ചിരിക്കുന്ന കരിക്ക് കഷണങ്ങൾ ചേർക്കുക. സ്റ്റൗ ഓഫാക്കിയ ശേഷം വറുത്ത് വച്ചിരിക്കുന്ന ഉണക്കമുന്തിരി, കശുവണ്ടി എന്നിവ കൊണ്ട് അലങ്കരിച്ച് വിളമ്പാം.

# പൊങ്ങിൻ ജ്യൂസ് – മികച്ച ആരോഗ്യപാനീയം



*മോഹൻ മേനോൻ*

"നാളികേര കർഷകർക്ക് ആശ്വാസമാകാൻ വേണ്ടി പലതരത്തിലുള്ള മൂല്യ വർദ്ധിത ഉത്പന്നങ്ങൾ നിർമ്മിക്കാൻ നാളികേര വികസന ബോർഡു പോലുള്ള പല ഏജൻസികളും ശ്രമിച്ചുകൊണ്ടിരിക്കുകയാണ്. അക്കൂട്ടത്തിൽ ഒരു ഉത്പന്നം കൂടി വിപണിയിലെത്തിക്കാനുള്ള ശ്രമത്തിലാണ് ഞാൻ". വൈക്കം കുലശേഖര മംഗലം സ്വദേശി മോഹൻ എ. മേനോൻ പറയുന്നു. എല്ലാവർക്കും അറിവുള്ളതാണ് നാളികേരപൊങ്ങിനെക്കുറിച്ച്; അതായത് മുളച്ച നാളികേരത്തിന്റെ കാമ്പാണ് പൊങ്ങ്. വളരെ പോഷക മൂല്യമുള്ള ഒരു ആഹാരമാണിത്. സാധാരണ പോഷകമൂല്യമല്ല; ഏതാണ്ട് ഉത്തേജിത പോഷക മൂല്യം എന്നു തന്നെ പറയാം. മുളച്ചു വരുന്ന എല്ലാ വിത്തുകൾക്കും കൂടുതൽ പോഷക മൂല്യമുണ്ടെന്നത് വസ്തുതയാണ്. പൊങ്ങ് കഴിക്കാത്തവർ കേരളത്തിൽ ആരും ഉണ്ടാവുമെന്നു തോന്നുന്നില്ല. എങ്കിലും ഇതിനെ മാർക്കറ്റിൽ ഒരു കമ്മേർസ്യൽ ഉൽപ്പന്നമായിട്ട് ഇതുവരെ ആരും അവതരിപ്പിച്ചിട്ടില്ല. വിദേശ രാജ്യങ്ങളിൽപോലും! അതുകൊണ്ട് ഇത്രയേറെ പോഷക മൂല്യമുള്ള ഭക്ഷ്യ വസ്തു മാർക്കറ്റിലെത്തിച്ച് ജനങ്ങൾക്ക് താങ്ങാവുന്ന രീതിയിൽ വില നിശ്ചയിച്ച് വിൽക്കുക എന്നുള്ളതാണ് ഈ സംരംഭത്തിന്റെ ലക്ഷ്യമെന്ന് കൃഷി, പത്ര പ്രവർത്തനം, അദ്ധ്യാപകവൃത്തി എന്നീ മേഖലകളിലെല്ലാം പ്രവൃത്തിപരിചയമുള്ള മോഹൻ മേനോൻ പറയുന്നു. പൊങ്ങിന്റെ ഡിമാന്റ് കൂടിയാൽ സ്വാഭാവികമായിട്ടും തേങ്ങയുടെ ഡിമാന്റു കൂടും. തേങ്ങയുടെ ഡിമാന്റു കൂടിയാൽ അത് കർഷകർക്ക് ഏറെ ആശ്വാസമായിത്തീരും. മൂപ്പെത്തിയ തേങ്ങ പാകി 6 മാസം കഴിയുമ്പോൾ പൊങ്ങായിക്കിട്ടും. പൊങ്ങ് 4 മാസം വരെ കേടുകൂടാതെയിരിക്കും. ഉയർന്ന ഹൈഡ്രോ സ്റ്റാറ്റിക് പ്രെഷർ മെത്തേഡ് ഉപയോഗിച്ച് പ്രിസർവ് ചെയ്ത് പൊങ്ങ് ഗുണമേന്മ നഷ്ടപ്പെടാതെ ഏറെക്കാലം സൂക്ഷിക്കാനുള്ള തയ്യാറെടുപ്പിലാണ് അദ്ദേഹം.

മൂത്ത തേങ്ങ തിരഞ്ഞെടുത്ത് തണലുള്ള സ്ഥലങ്ങളിൽ നിരത്തി വയ്ക്കുക,. എന്നിട്ട് ചെറിയ തോതിൽ നനക്കുക. 6 മാസം കൊണ്ട് ഇത് മുളയ്ക്കും. മുളച്ച നാളികേര കൂമ്പിന് ഒരുചാൺ വലിപ്പം കാണും. ഈ നാളികേരം പൊട്ടിച്ചു കഴിഞ്ഞാൽ പൊങ്ങു കിട്ടും. ഈ പൊങ്ങു കൊണ്ട് പല വിധത്തിലുള്ള ഭക്ഷ്യവസ്തുക്കൾ ഉണ്ടാക്കാം. ഉദാഹരണത്തിന് ജ്യൂസ്, ഷെയ്ക്ക്, കട്ലറ്റ്, ബിരിയാണി എന്നിങ്ങനെ. വളരെ പോഷകദായകമാണ് സൂപ്പ്. പൊങ്ങുപയോഗിച്ച് വിവിധ തരം കറികൾക്കൊപ്പം രുചി കൂട്ടുവാനായി ഇൻഗ്രീഡിയൻസ് ആയിട്ട് ചേർക്കാനും സാധിക്കും. വളരെയേറെ പോഷകഗുണങ്ങളുള്ളതും, വിറ്റാമിനുകൾ, മിനറലുകൾ, പ്രോട്ടീനുകൾ, ഡയറ്ററി ഫൈബറുകൾ എന്നിവയാൽ സമൃദ്ധമാണ് പൊങ്ങ്. ഗർഭിണികൾക്കും കുഞ്ഞുങ്ങൾക്കും വൃദ്ധജനങ്ങൾക്കും ഏറെ ഗുണകരം.





*പൊങ്ങിൻ ജ്യൂസ്*

**പൊങ്ങിൻ ജ്യൂസ് ഉണ്ടാക്കുന്ന വിധം**

100 ഗ്രാം പൊങ്ങ് ഒരു ഗ്ലാസ് വെള്ളം ചേർത്ത് മിക്സിയിൽ അരച്ച് പാലുപോലെയാക്കുക. ഷുഗറും ഫ്ളേവറും ചേർത്ത് തണുപ്പിച്ചെടുക്കുക. ഇപ്പോൾ നാരങ്ങാ നീരാണ് ഫ്ളേവറായി ചേർക്കുന്നത്. രുചി മാറണമെന്നുള്ളവർക്ക് വിവിധ ഫ്ളേവറുകൾ ചേർക്കാം. ഒരു ദിവസമാണ് ഇതിന്റെ ഷെൽഫ് ലൈഫ് . തയ്യാറാക്കിയ ജ്യൂസ് ഉടനെ ശീതീകരിച്ചു വെയ്ക്കണം. പൊങ്ങിൻ ജ്യൂസ് കൊടുത്ത കടകളിലെല്ലാം നല്ല ഡിമാന്റാണ്. എല്ലാവരും ഏറെ ഇഷ്ടപ്പെടുന്ന ജ്യൂസാണിത്. 250 മില്ലി ലിറ്ററിന്റെ ഒരു ബോട്ടിലിന് 80 രൂപയാണ് വില. ഒരു കിലോ പൊങ്ങിൽ നിന്ന് ഇപ്രകാരം 10 ബോട്ടിൽ ജ്യൂസ് തയ്യാറാക്കാം. ഒരു കിലോ പൊങ്ങിന് ലഭിക്കുന്ന വില 100 രൂപയാണ്. ഇപ്രകാരം 10 ബോട്ടിൽ ജ്യൂസിന് 800 രൂപയും. ഇവിടെ മൂല്യ വർദ്ധനവ് 700 ശതമാനം. എറണാകുളം കേന്ദ്രീകരിച്ചുള്ള പാലക്കൻസ് സർവ്വീസ് ഇന്റർനാഷണൽ എന്ന സ്ഥാപനവുമായി സഹകരിച്ച് പൊങ്ങിന്റെ വിവിധ മൂല്യവർദ്ധിത ഉത്പന്നങ്ങൾ വിപണിയിലെത്തിക്കാനുള്ള തയ്യാറെടുപ്പിലാണ് അദ്ദേഹം. NABL അക്രഡിറ്റേഷനുള്ള തൃപ്പൂണിത്തുറയിലെ സ്റ്റെർലിങ്ങ് ടെസ്റ്റ് ഹൗസിന്റെ ലാബ് റിപ്പോർട്ട് താഴെ കൊടുക്കുന്നു.

**100 ഗ്രാം പൊങ്ങിൽ അടങ്ങിയ പോഷകഘടകങ്ങൾ**

| | |
|---|---|
| ഊർജ്ജം | 87.3 കിലോ കലോറി |
| കൊഴുപ്പ് | 2.1 ഗ്രാം |
| പൂരിത കൊഴുപ്പ് | 1.9 ഗ്രാം |
| ഏകപൂരിത കൊഴുപ്പ് | 0.2 ഗ്രാം |
| ബഹു അപൂരിത കൊഴുപ്പ് | 0 ഗ്രാം |
| ട്രാൻസ് ഫാറ്റ് | 0 ഗ്രാം |
| സോഡിയം | 208.4 മില്ലി ഗ്രാം |
| ടോട്ടൽ കാർബോ ഹൈഡ്രേറ്റ് | 14.5 ഗ്രാം |
| ഡയറ്ററി ഫൈബർ | 2 ഗ്രാം |
| പ്രോട്ടീൻ | 2.6 ഗ്രാം |
| വിറ്റാമിൻ സി | 0.7 മില്ലി ഗ്രാം |
| കാൽസ്യം | 89.4 മില്ലി ഗ്രാം |
| അയൺ | 2.2 മില്ലി ഗ്രാം |
| മഗ്നീഷ്യം | 20.7 മില്ലി ഗ്രാം |
| ഫോസ്ഫറസ് | 19.3 മില്ലി ഗ്രാം |
| പൊട്ടാസ്യം | 385.8 മില്ലി ഗ്രാം |
| സിങ്ക് | 0.8 മില്ലി ഗ്രാം |

*തയ്യാറാക്കിയത് : മിനി മാത്യു*

# ഏഴാമത്തെ നീര സംസ്കരണ പ്ലാന്റ് ആര്യനൂരിൽ പ്രവർത്തനം തുടങ്ങി




*വടകര നാളികേര കമ്പനിയുടെ നീര സംസ്ക്കരണ പ്ലാന്റ് ഉദ്ഘാടനം ചെയ്തുകൊണ്ട് എം. പി. മുല്ലപ്പിള്ളി രാമചന്ദ്രൻ പ്രസംഗിക്കുന്നു.*

വടകര നാളികേര ഉത്പാദക കമ്പനി, ചെമ്മരത്തൂർ ആര്യനൂരിൽ നിർമ്മിച്ച നീര സംസ്കരണ പ്ലാന്റിന്റെ ഉദ്ഘാടനം നൂറുകണക്കിനു കർഷകരെ സാക്ഷിയാക്കി 2016 ജനുവരി 29 ന് മുൻ കേന്ദ്ര കൃഷി സഹമന്ത്രിയും ഇപ്പോഴത്തെ വടകര എംപിയുമായ ശ്രീ മുല്ലപ്പള്ളി രാമചന്ദ്രൻ നിർവഹിച്ചു. കേരളത്തിൽ സ്ഥാപിക്കപ്പെടുന്ന ഏഴാമത്തെതും, കോഴിക്കോട് ജില്ലയിലെ മൂന്നാമത്തെയും നീര സംസ്കരണ പ്ലാന്റാണ് ആര്യനൂരിലേത്. പ്ലാന്റിനു സമീപം പ്രത്യേകം തയാറാക്കിയ വേദിയിൽ നടന്ന ഉദ്ഘാടന ചടങ്ങിൽ ശ്രീമതി കെ.കെ ലതിക എം.എൽ.എ അധ്യക്ഷയായിരുന്നു. എംഎൽഎ മാരായ ശ്രീ. ഇകെ വിജയൻ ശ്രീ.സികെ നാണു എന്നിവർ ആശംസകൾ നേർന്നു. നാളികേര വികസന ബോർഡ് ചെയർമാൻ ടി കെ ജോസ് ഐഎഎസ് മുഖ്യ പ്രഭാഷണം നടത്തി. കോഴിക്കോടു ജില്ലയിലെ വിവിധ നാളികേര ഉത്പാദക കമ്പനികളുടെ ഭാരവാഹികളും വടകര കമ്പനിയുടെ കീഴിലുള്ള സിപിഎഫ്, സിപിഎസ് ഭാരവാഹികളും ജനപ്രതിനിധികളും നൂറുകണക്കിന് കർഷകരും പങ്കെടുത്തു. വടകര കമ്പനി ചെയർമാൻ പ്രൊഫ.ഇ ശശീന്ദ്രൻ സ്വാഗതവും സെക്രട്ടറി ഇകെ കരുണാകരൻ മാസ്റ്റർ നന്ദിയും പറഞ്ഞു.

കോഴിക്കോട് ജില്ലയിലെ അഞ്ചാമത്തെയും വടകര താലൂക്കിലെ മൂന്നാമത്തെയും കമ്പനിയാണ് 2.26 കോടി രൂപ ഓഹരി മൂലധനമുള്ള വടകര നാളികേര ഉത്പാദക കമ്പനി ലിമിറ്റഡ് അഥവ വിസിഎഫ്പിസിഎൽ. നിലവിൽ പത്തു ഫെഡറേഷനുകളും 131 ഉത്പാദക സംഘങ്ങളും 12225 അംഗങ്ങളും 593045 കായ്ഫലമുള്ള തെങ്ങുകളും കമ്പനിയുടെ പരിധിയിൽ ഉണ്ട്. വാർഷിക ഉത്പാദനം 29392016 നാളികേരമാണ്. കമ്പനി സ്വന്തം സ്ഥലത്ത് രണ്ടര കോടി ചെലവിൽ നിർമ്മിച്ചിരിക്കുന്ന നീര പ്ലാന്റിൽ ആൽഫാ ലാവ്ൽ കമ്പനിയുടെ യന്ത്രങ്ങളാണ് സ്ഥപിച്ചിരിക്കുന്നത്. പ്രതിദിനം മൂന്നു ഷിഫ്റ്റുകളിലായി 12000 ലീറ്റർ നീര സംസ്കരിച്ച് പായ്ക്ക് ചെയ്യുന്നതിനുള്ള ശേഷി ഇപ്പോൾ ഈ പ്ലാന്റിനുണ്ട്. ഇതോടനുബന്ധിച്ച് മൂല്യവർധിത ഉത്പന്നങ്ങളുടെ ഒരു യൂണിറ്റു കൂടി വൈകാതെ സ്ഥാപിക്കാനുള്ള ശ്രമത്തിലാണ് കമ്പനി. ഇവിടെ നിന്ന് വിവിധ ഫ്ളേവറുകളിലുള്ള നീരയായിരിക്കും വിപണിയിൽ ഇറങ്ങുക.

ശിലാസ്ഥാപനത്തിനു ശേഷം വെറും നൂറു ദിവസം കൊണ്ട് റിക്കാർഡ് വേഗത്തിലാണ് വടകര കമ്പനിയുടെ നീര സംസ്കരണ പ്ലാന്റ് നിർമ്മാണം പൂർത്തിയാക്കിയത് എന്ന് സ്വാഗത പ്രസംഗത്തിൽ കമ്പനി ചെയർമാൻ പ്രൊഫ. ഇ ശശീന്ദ്രൻ വ്യക്തമാക്കി. ഈ നാട്ടിലെ കർഷകർക്ക് ആശ്വാസം നല്കുന്ന സ്ഥാപനമായി ഇതു മാറണണം, അതിന് അതിനൂതനമായ വിപണന തന്ത്രങ്ങൾ ആവിഷ്കരിക്കേണ്ടതുണ്ട്. നീരയെ സംബന്ധിച്ച് കൃത്യമായ അവബോധം ജനങ്ങളിൽ ഇനിയും എത്തിയിട്ടില്ല എന്നതാണ് സത്യം. അതിന് കർഷകരെ മാനേജീരിയൽ ശേഷിയുള്ള വ്യക്തികളാക്കി മാറ്റണം. ഈ ഉത്തരവാദിത്വം സിപിഎസ്, സിപിഎഫ് ഭാരവാഹികൾ ഒരു വിമുഖതയും കൂടാതെ ഏറ്റെടുക്കേണ്ടിയിരിക്കുന്നു – പ്രൊഫ. ഇ ശശീന്ദ്രൻ പറഞ്ഞു.

ചടങ്ങിൽ ആധ്യക്ഷ്യം വഹിച്ച കുറ്റ്യാടി എംഎൽഎ ശ്രീമതി കെ കെ ലതിക: കേരളത്തിലെ കർഷക ലക്ഷങ്ങൾക്ക് ഏറെ പ്രതീക്ഷകൾ നല്കിയിരിക്കുന്ന ഉത്പ്പന്നമാണ് നീര. നാളികേരകൃഷിയിൽ നിന്ന് കർഷകർ പിന്നോക്കം പോകുന്ന അവസ്ഥ



*നിലവിളക്കു കൊളുത്തി എം. പി. മുല്ലപ്പിള്ളി രാമചന്ദ്രൻ പ്ലാന്റ് ഉദ്ഘാടനം ചെയ്യുന്നു.*

യിൽ എത്തിയപ്പോഴാണ് സംസ്ഥാന ഗവൺമെന്റ് നീര ഉത്പാദനത്തിനുള്ള അനുമതി നല്കിയത്. നമ്മുടെ നാട്ടിലെ തൊഴിലാളികളും കൃഷിക്കാരും ഒരുമിച്ച് ചേർന്ന് നടത്തുന്ന ഉത്പാദന പ്രക്രിയയാണ് നീരയുടേത്. നാളികേരത്തിന് തെറ്റില്ലാത്ത വില ഉണ്ടെന്നു പറയുമ്പോഴും അരിയുടെ വിലയുമായി താരതമ്യപ്പെടുത്തുമ്പോൾ വില അത്ര പോര. നമ്മുടെ പ്രദേശത്ത് ഉത്പാദിപ്പിക്കുന്ന കുറ്റ്യാടി തേങ്ങ ലോകത്തിലെ ഏറ്റവും മികച്ച നാളികേരമാണ്. കുറ്റ്യാടി നാളികേരത്തിന്റെ ഗുണമേന്മയുള്ള കുറിയ തെങ്ങിനങ്ങൾ നിർദ്ധാരണം ചെയ്യുക എന്നതാണ് യഥാർത്ഥത്തിൽ ഇപ്പോൾ നമുക്കു മുന്നിലുള്ള വെല്ലുവിളി. അതിനു കാലങ്ങൾ വേണ്ടിവന്നേക്കാം. പക്ഷെ, പ്രശസ്തമായ കുറ്റ്യാടി നാളികേരത്തിൽ നിന്നുള്ള വൈവിധ്യമാർന്ന ഉത്പ്പന്നങ്ങൾ നിർമ്മിച്ച് വ്യാവസായികാടിസ്ഥാനത്തിൽ വിപണിയിൽ ഇറക്കുവാൻ ഇനിയും നമുക്ക് സാധിച്ചിട്ടില്ല എന്നത് ദുഖകരമായ യാഥാർത്ഥ്യമാണ്. വടകര താലൂക്കിൽ ഇന്ന് നമുക്ക് മൂന്നു നാളികേര കമ്പനികളുണ്ട്. കുറ്റ്യാടി, കടത്തനാട്, വടകര – ഇവയുടെയെല്ലാം ഭാരവാഹികൾ ഇവിടെ ഇപ്പോൾ സന്നിഹിതരാണ്. ഈ മൂന്നു കമ്പനികളും ചേർന്ന ഒരു ഇടപെടൽ നടത്തിയാൽ നാളികേരത്തിൽ നിന്ന് വെളിച്ചെണ്ണയുൾപ്പെടെയുള്ള മൂല്യവർധിത ഉത്പ്പന്നങ്ങൾ നിർമ്മിച്ച് വിപണിയിലെത്തിക്കാം. അത് ഈ മൂന്നു കമ്പനികളുടെയും ഓഹരി ഉടമകളായ സാധാരണക്കാരായ നാളികേര കർഷകർക്ക് സാമ്പത്തികമായി ഒരു കൈത്താങ്ങാകും. ഈ ലക്ഷ്യങ്ങൾ മുൻ നിർത്തി കൃഷിക്കാരും തൊഴിലാളികളും പൊതുസമൂഹവും ചേർന്നാണ് ഈ കമ്പനികൾ മുന്നോട്ടു കൊണ്ടുപോകേണ്ടത്.

ഇപ്പോഴത്തെ അവസ്ഥ ആഭ്യന്തര ആവശ്യത്തിനുള്ള നീര ഉത്പാദിപ്പിക്കുന്നതിന് പോലും നമുക്ക് സാധിക്കുന്നില്ല എന്നതാണ്. തിരുവനന്തപുരത്ത് സെക്രട്ടേറിയറ്റിൽ നീര കിട്ടും. എന്നാൽ രാവിലെ ഒമ്പതിനു കൊണ്ടുവരുന്ന നീര പന്ത്രണ്ടാകുമ്പോൾ തീരും. തലസ്ഥാനത്തെ വിവിധ ആശുപത്രികളിലും ഇതിന് ആവശ്യക്കാർ ഏറെയാണ്. പക്ഷെ കിട്ടാനില്ല. അതുപോലെ തന്നെ തെങ്ങുകയറ്റക്കാരനായതുകൊണ്ട് പെണ്ണു കിട്ടാത്ത നാടാണ് നമ്മുടേത്. നല്ല കൂലിയൊക്കെ കിട്ടുന്നുണ്ട്. പക്ഷെ, മാന്യതയില്ല പോൽ. അതുകൊണ്ടാണ് ചെറുപ്പക്കാർ ഈ മേഖലയിലേയ്ക്ക് കടന്നു വരാൻ മടിക്കുന്നത്. എന്നാൽ മാസം 50000 മുതൽ മുകളിലേയ്ക്ക് വേതനം വാങ്ങുന്ന നീര ടെക്നീഷ്യന്മാരുണ്ട്. അവരുടേതു പോലെ മാന്യമായ അവസ്ഥയിലേയ്ക്ക് തെങ്ങു കയറ്റതൊഴിലാളികളുടെ നിലവാരവും ഉയരേണ്ടിയിരിക്കുന്നു. എംഎൽ എ ചൂണ്ടിക്കാട്ടി.

തെങ്ങുകൃഷി ഒരു തപസ്യയാണ്. തെങ്ങു കുഴിച്ചു വച്ചു എന്നതു കൊണ്ടു മാത്രം തേങ്ങ ഉണ്ടാവില്ല. മാവിൻ തൈ കുഴിച്ചു വയ്ക്കുന്നതുപോലെയോ വെള്ളരി കുരു നടുന്ന പോലെയോ തെങ്ങ് നട്ട് തേങ്ങ ഉത്പാദിപ്പിക്കാനാവില്ല. നട്ടിട്ട് ഇട്ടെറിഞ്ഞു പോകാനുമാവില്ല. അതിനെ ശുശ്രൂഷിച്ച് സംരക്ഷിച്ച് പരിപാലിച്ചാൽ അത് നമ്മെ എന്നും ഫലം നല്കി സഹായിക്കും. അതിനുള്ള എല്ലാ പിന്തുണയുമാണ് ഇപ്പോൾ നമ്മുടെ നാളികേര ഉത്പാദക കമ്പനികൾ കൃഷിക്കാർക്ക് വാഗ്ദാനം ചെയ്യുന്നത്. നല്ല തൈകൾ, വളങ്ങൾ, മാർഗ്ഗനിർദ്ദേശങ്ങൾ തുടങ്ങി ഈ കൂട്ടായ്മയിലൂടെ ലഭിക്കുന്ന അവസരങ്ങളും സാധ്യതകളും നാം പ്രയോജനപ്പെടുത്തണം. നീര മാത്രമല്ല, നാളികേരത്തിൽ എത്രയധികം വൈവിധ്യമാർന്ന ഉത്പ്പന്നങ്ങൾ നിർമ്മിക്കാമോ അവയത്രയും നിർമ്മിച്ച് പരമാവധി ആദായം ഉറപ്പാക്കാൻ നമുക്ക് കഴിയണം. അതുകൊണ്ട് തെങ്ങിനെ സംരക്ഷിക്കുക, കാരണം അത് നമ്മുടെ നിലനിൽപാണ്, ഈ നാട്ടിലെ കൃഷിക്കാരന്റെ നിലനില്പാണ്. ഈ നീര പ്ലാന്റിന്റെ നിർമ്മാണത്തിന് നമ്മുടെ നാട്ടിലെ എല്ലാ ആളുകളുടെയും അകമഴിഞ്ഞ സഹായം ഉണ്ടായിട്ടുണ്ട്. തുടർന്നും ഇതിന്റെ പ്രവർത്തനങ്ങൾക്ക് നിങ്ങളുടെ സഹകരണം ഉണ്ടാകണം – എം എൽ എ ആഹ്വാനം ചെയ്തു.

വടകര എം പി ശ്രീ.മുല്ലപ്പള്ളി രാമചന്ദ്രൻ നിലവിളക്ക് തെളിച്ച് നീര പ്ലാന്റിന്റെ ഉദ്ഘാടനം നിർവഹിച്ചു. ശ്രീ.മുല്ലപ്പള്ളിയുടെ



*നാളികേര വികസന ബോർഡ് ചെയർമാൻ നിലവിളക്ക് തെളിയിക്കുന്നു.*



*എം. പി. മുല്ലപ്പിള്ളി രാമചന്ദ്രൻ പ്ലാന്റിൽ*

പോവുകയാണ്.

കേരളത്തിലെ 45 ലക്ഷം കേര കർഷകരിൽ 6 ലക്ഷവും ഈ ജില്ലയിലാണ്. അപ്പോൾ കേരളത്തിൽ ഏറ്റവും നാളികേരം ഉത്പാദിപ്പിക്കുന്നത് നമ്മുടെ ജില്ലയിലാണ്. കേരളത്തിൽ ഉത്പാദിപ്പിക്കപ്പെടുന്ന നാളികേരത്തിൽ ഏറ്റവും കാമ്പും എണ്ണയും ഉള്ളത് നമ്മുടെ കുറ്റ്യാടി തേങ്ങയിലാണ്. ഇന്ത്യൻ കാർഷിക ഗവേഷണ കൗൺസിൽ തന്നെ അത് അംഗീകിരിച്ചിട്ടുണ്ട്. അങ്ങനെ പ്രശസ്തിയുടെ ഗോപുരത്തിലാണെങ്കിലും കുറ്റ്യാടി തേങ്ങയുടെ സാധ്യതകൾ പഠിക്കാൻ നമുക്ക് ഇനിയും സാധിച്ചിട്ടില്ല. ഒരു കാലത്ത് കേരളത്തിലെ എന്നല്ല, ഇന്ത്യയിലെ തന്നെ നാളികേര വില നിശ്ചയിച്ചിരുന്നത് കോഴിക്കോട് അങ്ങാടിയിലെ കച്ചവടക്കാരായിരുന്നു. ആ കാലമൊക്കെ പോയി. ഇന്നും ലോകത്തിൽ ഏറ്റവും നാളികേരം ഉത്പാദിപ്പിക്കുന്നത് ഇന്ത്യയിലാണെങ്കിലും ഫിലിപ്പീൻസ് പോലുള്ള രാജ്യങ്ങൾ അവർ ഉത്പാദിപ്പിക്കുന്ന നാളികേരത്തിന്റെ 70 ശതമാനവും മൂല്യവർധനവ് നടത്തി കയറ്റി അയച്ച് ലോക വിപണി പിടിച്ചടക്കിയിരിക്കുന്നു. ഇവിടെ നാം പിന്നിലായിപ്പോയി. ഫിലിപ്പീൻസിന്റെ ഉത്പ്പന്നമായ നീരയുടെ ബ്രാൻഡ് അംബാസിഡർ അവരുടെ പ്രസിഡന്റു തന്നെയാണ്. അത്തരത്തിലാണ് അവർ നാളികേരത്തെ പ്രോത്സാഹിപ്പിക്കുന്നത്. ഫിലിപ്പീൻസാണ് അമേരിക്കയിലേയ്ക്ക് വ്യാപകമായി വെളിച്ചെണ്ണ കയറ്റി അയക്കുന്നത്. യൂറോപ്യൻ യൂണിയനും അവർ കീഴടക്കി കഴിഞ്ഞു. വെളിച്ചെണ്ണയെ അകറ്റി നിർത്തിയിരുന്ന അമേരിക്ക ഇന്ന് അതിന്റെ മഹത്വം തിരിച്ചറിഞ്ഞ് അതിന്റെ ഉപയോഗത്തിലേയ്ക്ക് മടങ്ങി വന്നരിക്കുന്നു. നെതർലന്റും ജർമ്മനിയും ജപ്പാനും എന്നുവേണ്ട ലോകമെമ്പാടും വെളിച്ചെണ്ണയ്ക്കു പ്രിയം വർധിച്ചു വരുന്നു. അപ്പോൾ എന്തുകൊണ്ട് നമുക്കും നാളികേര ഉത്പ്പന്നങ്ങളുമായി ആ വിപണിയിൽ ഇറങ്ങിക്കൂടാ? അവിടെ വിജയിക്കാൻ സാധിക്കുമെന്ന് നാളികേര ബോർഡിന്റെ ടീമിന് പ്രത്യാശയുണ്ട്. പന്ത്രണ്ടാം പദ്ധതിക്കാലത്ത് നാളികേര ഉത്പാദക രാജ്യങ്ങളുടെ ഗ്ലോബൽ ലീഡറായി മാറാൻ പോകുന്നു. സംശയം വേണ്ട, ഇതേ വേഗത്തിൽ പോയാൽ ആ ലക്ഷ്യത്തിലെത്താൻ സാധിക്കുമെന്ന ഉറച്ച പ്ര

പ്രസംഗത്തിൽ നിന്ന്: ഇതൊരു ധന്യ മുഹൂർത്തമാണ്. ഈ നീര പ്ലാന്റ് നാടിനു സമർപ്പിച്ചതായി ഞാൻ പ്രഖ്യാപിക്കുന്നു. ഈ സംരംഭത്തെ നമ്മുടെ കാർഷിക രംഗത്തെ ഒരു വിപ്ലവം എന്നു തന്നെ ഞാൻ വിശേഷിപ്പിക്കുന്നു. ഈ പ്ലാന്റ് നമ്മുടെ പ്രദേശത്തെ നാളികേര കർഷകരിൽ ഏറെ പ്രതീക്ഷകൾ ഉയർത്തുന്ന ഒരു കുതിച്ചു ചാട്ടമായി കാണാനും ഞാൻ ആഗ്രഹിക്കുന്നു. 1984 മുതൽ നാളികേര വികസന ബോർഡിന്റെ മാറി മാറി വരുന്ന ചെയർമാൻമാരുമായി എനിക്ക് പരിചയമുണ്ട്. പാർലമെന്റ് പ്രതിനിധി എന്ന നിലയിൽ 80 കളിൽ ഞാൻ ബോർഡ് മെമ്പറുമായിരുന്നു. ഇതു കൂടാതെ കേന്ദ്ര കൃഷിമന്ത്രാലയത്തിൽ ഉപമന്ത്രിയായിരുന്ന കാലഘട്ടത്തിലും നാളികേര വികസന ബോർഡുമായി അടുത്ത് ഇടപഴകാൻ എനിക്ക് അവസരം ലഭിച്ചു. അന്ന് നാളികേരത്തിന് അല്പം പോലും വില ഇല്ലാതിരുന്ന കാലഘട്ടമായിരുന്നു. പക്ഷെ, നാഫെഡിനോട് മാർക്കറ്റിൽ ഇടപെടാൻ നിർദ്ദേശം നല്കാനല്ലാതെ മറ്റൊന്നും ചെയ്യാൻ എനിക്കായില്ല. എന്നാലും അങ്ങനെ അല്പം വില പിടിച്ചു നിർത്താൻ സാധിച്ചു. മാറി മാറി വരുന്ന സർക്കാരുകളുടെ മുമ്പിൽ ഇപ്പോഴും കേരളത്തിലെ എംപിമാർ ഏകമനസോടെ നാളികേരത്തിന്റെ പ്രശ്നങ്ങൾ ഉന്നയിക്കുന്നുണ്ട്. പക്ഷെ ദൗർഭാഗ്യമെന്നു പറയട്ടെ നാളികേരം ഉത്പാദിപ്പിക്കുന്ന നമ്മുടെ അയൽ സംസ്ഥാനങ്ങളിലെ എംപിമാരുടെ പോലും പിന്തുണ നമുക്ക് ലഭിക്കാറില്ല. ഇതൊക്കെ കേരളത്തിന്റെ പ്രശ്നങ്ങൾ എന്ന നിലയാണ് അവരുടെ നടപടികൾ. അങ്ങനെ ലോകസഭയിൽ നാളികേര കർഷകന്റെ ഒറ്റപ്പെട്ട നേർത്ത ശബ്ദമായി ഞങ്ങളുടെ സ്വരം മാറുന്നു.

നാളികേര ബോർഡ് ഇപ്പോൾ നടപ്പാക്കിക്കൊണ്ടിരിക്കുന്ന പദ്ധതികളുടെ പേരിൽ ഞാൻ അതിന്റെ അധ്യക്ഷൻ ശ്രീ.ടി കെ ജോസിനെ അഭിനന്ദിക്കുന്നു. ഇത്ര ഇഛാശക്തിയും ഭാവനയും ഉള്ള കുറെ ഐഎഎസ് ഉദ്യോഗസ്ഥർ നമുക്ക് ഉണ്ടായിരുന്നെങ്കിൽ ! നിക്ഷിപ്തമായ ഉത്തരവാദിത്വം തികഞ്ഞ പ്രതിബദ്ധതയോടെ സത്യസന്ധമായി നിർവഹിക്കുന്നതിൽ അദ്ദേഹം കാണിച്ച ത്യാഗപൂർണമായ സമീപനം ഇന്ത്യൻ അഡ്മിനിസ്ട്രേറ്റിവ് സർവീസിലെ എല്ലാ ഓഫീസർമാരും കാണിച്ചിരുന്നെങ്കിൽ എന്നു ഞാൻ ആശിച്ചു



*നാളികേര വികസനബോർഡ് ചെയർമാൻ ശ്രീ. ടി. കെ. ജോസ് പ്ലാന്റിന്റെ പ്രവർത്തനം വീക്ഷിക്കുന്നു.*



*ആശംസ : കെ.കെ. ലതിക എം. എൽ. എ*

ത്യാശയാണ് എനിക്കുള്ളത്.

വടകര കമ്പനി ഇന്ന് കേരളത്തിലെ ഇതര കമ്പനികളുടെ പട്ടികയിൽ അഞ്ചാം സ്ഥാനത്താണ് നില്ക്കുന്നത്. ബോർഡ് നടത്തിയ ഗ്രേഡിങ്ങിൽ എ പ്ലസാണ് ഇതിന്റെ സ്ഥാനം. നമുക്കറിയാം ചുരുങ്ങിയ സമയം കൊണ്ട്, വെറും നൂറു ദിവസം കൊണ്ട് മനോഹരമായ പ്ലാന്റ് റിക്കാർഡ് സമയത്തിനുള്ളിൽ പൂർത്തിയാക്കിയ പ്രൊഫ.ശശീന്ദ്രനെയും അദ്ദേഹത്തിന്റെ ടീമിനെയും ഞാൻ അഭിനന്ദിക്കുന്നു.

ഇതൊരു കൂട്ടായ്മയുടെ വിജയമാണ്. ആരെയും ആശ്രയിക്കാതെ ഞങ്ങൾ സ്വയം മുന്നോട്ടു പോകുമെന്ന് നാളികേര കർഷകർ എടുത്ത ഒരു ദൃഢനിശ്ചയത്തിന്റെ പ്രഖ്യാപനമായി ഞാൻ ഈ സംരംഭത്തെ കാണുന്നു. ഇതൊരു പുതിയ വിപ്ലവത്തിന്റെ തുടക്കമാണ്. നമ്മുടെ നാളികേര മേഖലയിലെ പ്രതിസന്ധി പരിഹരിക്കാനുള്ള ശേഷി ഈ സ്ഥാപനത്തിനുണ്ടാകട്ടെ എന്ന് ഞാൻ ആശംസിക്കുന്നു. ഈ പ്ലാന്റ് നാടിന് സമർപ്പിച്ചതായി ഞാൻ പ്രഖ്യാപിക്കുന്നു.

വടകര എം എൽ എ ശ്രീ. സികെ നാണു കമ്പനിയുടെ മൂന്നാം ഘട്ട ഷെയർ സർട്ടിഫിക്കറ്റുകളുടെ വിതരണം ഉദ്ഘാടനം ചെയ്തു. നാളികേരത്തിന് ഇനി അല്പം വില കുറഞ്ഞാലും തെങ്ങു കൃഷിക്കാർക്ക് രക്ഷപ്പെടാൻ ഒരു മാർഗ്ഗമായിരിക്കുന്നു. അത് പുതുതായി ഉത്പാദനം ആരംഭിച്ചിരിക്കുന്ന നീരയാണ് എന്ന് ശ്രീ നാണു അഭിപ്രായപ്പെട്ടു. നീരയിൽ നിന്നുള്ള മറ്റ് മൂല്യവർധിത ഉത്പ്പന്നങ്ങളും മാർക്കറ്റിൽ വ്യാപകമായാൽ നാളികേര കൃഷിക്കാർക്ക് സാമ്പത്തികമായി രക്ഷപ്പെടാൻ സാധിക്കുമെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

കർഷകരുടെ സംഘടനകൾ ശക്തിപ്പെടാത്തിടത്തോളം കാലം നാളികേരത്തിന് മാന്യവും ആദായകരവും സ്ഥിരതയുള്ളതുമായ വില ലഭിക്കാൻ സാഹചര്യം ഉണ്ടാവില്ല എന്ന് മുഖ്യപ്രഭാഷണം നടത്തിയ നാളികേര വികസന ബോർഡ് അധ്യക്ഷൻ ശ്രീ.ടികെ ജോസ് ഐഎഎസ് വ്യക്തമാക്കി. നാളികേരത്തിലായാലും റബറിലായാലും മറ്റേത് കാർഷിക വിളയിലായാലും ഉത്പാദനത്തിൽ നാം മിടുക്കരാണെങ്കിലും അതിന്റെ സംഭരണം സംസ്കരണം വിപണനം എന്നീ മേഖലകളിലേയ്ക്ക് ഉറച്ച കാൽവയ്പ്പുകൾ നടത്താൻ കഴിഞ്ഞിട്ടില്ല എന്നതാണ് കൃഷിക്കാർ നേരിടുന്ന പ്രധാന പ്രശ്നം എന്നും ശ്രീ.ജോസ് ചൂണ്ടിക്കാട്ടി. അദ്ദേഹത്തിന്റെ പ്രസംഗത്തിൽ നിന്ന്: കഴിഞ്ഞ രണ്ടു വർഷമായി നാളികേരത്തിന് മോശമല്ലാത്ത വില ലഭിച്ചിരുന്നു. ഈ വർഷം നാളികേരത്തിന്റെ ഉത്പാദനം പൊതുവെ കുറവാണ്. സാധാരണ ഉത്പാദനം കുറയുമ്പോൾ വില വർധിക്കുകയാണ് ചെയ്യുക. എന്നാൽ നാളികേരത്തിന്റെ ലഭ്യത കുറഞ്ഞിട്ടും വിപണിയിൽ നാളികേരത്തിന്റെ വില കുറയുന്ന ഒരു സ്ഥിതിവിശേഷമാണ് ഇപ്പോൾ നിലവിലുള്ളത്. ഇത് ആരാണ് നിശ്ചയിക്കുന്നത്. നാളികേരവില നിയന്ത്രിക്കുന്നത് കൊപ്രയുടെ വിലയാണ്. കൊപ്രവില നിശ്ചയിക്കുന്നതാകട്ടെ വെളിച്ചെണ്ണവിലയും. വെളിച്ചെണ്ണയുടെ വില നിശ്ചയിക്കാൻ കേരഫെഡിനോ, കർഷകർക്കോ, കൃഷിവകുപ്പിനോ അവസരമില്ല. മറിച്ച് വ്യാവസായിക ആവശ്യത്തിനായി വെളിച്ചെണ്ണ വാങ്ങുന്ന ഇന്ത്യയിലെ പത്തോ പന്ത്രണ്ടോ കുത്തക കമ്പനികളാണ് അതിന്റെ വില നിയന്ത്രിക്കുന്നത്. അവർ വിപണിയിൽ വന്ന് അവർക്ക് ഇഷ്ടമുള്ള രീതിയിൽ വെളിച്ചെണ്ണ വില ഇടിച്ചു താഴ്ത്താൻ ശ്രമിച്ചുകൊണ്ടിരിക്കുന്ന കാഴ്ച്ചയാണ് നാം ഇപ്പോൾ കാണുന്നത്. വെളിച്ചെണ്ണ വില ഇടിയുമ്പോൾ സ്വഭാവികമായി കൊപ്രയുടെ വില അതിനനുസരിച്ച് താഴും. കൊപ്രയുടെ വില കുറയുമ്പോൾ നാളികേരത്തിന്റെ വിലയും കുറയും. ഇതിന് ഒരു മാറ്റം വരുത്താൻ സാധിക്കുമോ എന്ന അന്വേഷണത്തിലാണ് നാളികേര വികസന ബോർഡ്. കർഷകർക്കും അവരുടെ കൂട്ടായ്മകൾക്കും നാളികേരവില നിശ്ചയിക്കാൻ സാധിക്കുന്ന ഉത്പ്പന്നങ്ങൾ കർഷക കൂട്ടായ്മയിലൂടെ നിർമ്മിക്കുക എന്ന ആശയം മുന്നോട്ട് വച്ചു. അങ്ങിനെയുള്ള ഉത്പ്പന്നങ്ങൾ ഉണ്ടോ. ഉണ്ട്. ഒന്നാമത്തെ ഉദാഹരണമാണ് ഇന്ന് ഇവിടെ ഉദ്ഘാടനം ചെയ്യപ്പെട്ട പ്ലാന്റിൽ സംസ്കരിക്കുന്ന നീര. ബ്രിട്ടീഷ് സാമ്രാജ്യത്വ സർക്കാർ അവർ ഇറക്കുമതി ചെയ്യുന്ന വിദേശ മദ്യത്തിന് വിപണി വിപുലപ്പെടുത്തുന്നതിനാണ് ഇവിടെ പ്രാദേശികമായി ഉത്പാദിപ്പിച്ചിരുന്ന കള്ളിനും, അതേ പ്രക്രിയയിൽ ഉണ്ടാക്കിയിരുന്ന നീരയ്ക്കും അബ്കാരി നിയമത്തിലൂടെ നിയന്ത്രണം ഏർപ്പെടുത്തിയത്. സ്വാതന്ത്ര്യ ലബ്ധിക്കു ശേഷവും അതു തുടർന്നു. ഒടുവിൽ 112 വർഷത്തിനു ശേഷം അടുത്ത കാലത്താണ് ആ നിയമം മാറ്റി എഴുതി നിയന്ത്രണം പിൻവലിച്ചത്. അത് കേരളത്തിലാണ്. 2014 ൽ കേരള ഗവൺമെന്റ് നീര ചട്ടങ്ങൾ പുറപ്പെടുവിച്ചു. ഇന്ന് തമിഴ്നാട്, കർണാടക, ആന്ധ്ര ഗവൺമെന്റുകൾ നമ്മുടെ വഴിയേയാണ്. തമിഴ്നാട്, കർണാടക, ആന്ധ്ര സംസ്ഥാനങ്ങളിൽ വലിയ കമ്പനികൾ നീര ഉത്പാദനത്തിന് തയാറായപ്പോൾ, നീരയ്ക്ക് ലൈസൻസ് നല്കുന്നുണ്ടെങ്കിൽ അത് കർഷകരുടെ കമ്പനികൾക്കു മാത്രമെ നല്കാവൂ എന്ന് നാളികേര വികസന ബോർഡാണ് ഈ ഗവൺമെന്റുകൾക്കു മുന്നിൽ ശിപാർശ വച്ചത്. കാരണം വൻ കമ്പനികൾ കർഷകരെ ചൂഷണം ചെയ്യും. ഇന്ന് കർഷകർക്ക് ലിറ്ററിന് 50 രൂപ ലഭിക്കുന്നു. പക്ഷെ കുത്തകകൾക്ക് ഇതിനുള്ള അനുമതി നല്കിയിരുന്നെങ്കിൽ കൃഷിക്കാർക്ക് അഞ്ചു രൂപ പോലും ലഭിക്കുമായിരുന്നില്ല. നീരയിൽ ഇന്ന് വൻ കുത്തക കമ്പനികൾ ഇല്ലാത്തതും ഇതുമൂലമാണ്. അതുകൊണ്ട് നീരയുടെ വില നിശ്ചയിക്കാനുള്ള അധികാരം കർഷകരുടെ നീര ഉത്പാദക കമ്പനികൾക്കാണ്. കേരളത്തിൽ ഇന്ന് 29 നീര ഉത്പാദക കമ്പനികൾ ഉണ്ട്. കോഴിക്കോടാണ് അതിൽ ഒന്നാം സ്ഥാനത്ത്. കേരളത്തിൽ 600 കോടി നാളികേര ഉത്പാദിപ്പിക്കുന്നതിൽ 200 കോടിയും മലപ്പുറം കോഴിക്കോട് ജില്ലകളിൽ നിന്നാണ്. അതിൽ തന്നെ കുറ്റ്യാടി മേഖല ഏറ്റവും മികച്ച പ്രകൃതിദത്ത നാളികേരത്തിനുള്ള ഭൂമിശാസ്ത്ര സൂചകം നേടാൻ അർഹയുള്ളതുമാണ്. പക്ഷെ പരമ്പരാഗതമായി കൃഷി ചെയ്തിരുന്ന ഇനങ്ങളിൽ നിന്ന് ഉയരം കുറഞ്ഞതും ഈ ഗുണങ്ങൾ നിലനിർത്തുന്നതുമായ ഇനങ്ങൾ വികസിപ്പിച്ച് എടുക്കുന്നതിലാണ് നാം വൈകി പോയത്. അതിനുള്ള തീവ്ര ശ്രമമാണ് ഇന്ന് കർഷകരുടെ കൂട്ടായ്മകൾ വഴി നാം നടത്തുന്നത്. ഈ കൂട്ടായ്മകളെ മുന്നിൽ നി



*സ്വാഗതം വടകര കമ്പനി ചെയർമാൻ പ്രൊഫ.ശശീന്ദ്രൻ*

വ്യാപാരി കൃഷിക്കാരനിൽ നിന്ന് നാളികേരം വാങ്ങുന്നു. അയാൾ അഞ്ചു ശതമാനം ലാഭം എടുത്തിട്ട് വൻകിട വ്യാപാരിക്ക് കൊടുക്കുന്നു. അയാളും 5-10 ശതമാനം ലാഭം എടുത്തശേഷം കൊപ്രക്കാരന് കൊടുക്കുന്നു. അയാൾ 10 ശതമാനം അവിടെ ലാഭം എടുത്തശേഷം എണ്ണയുണ്ടാക്കുന്ന മില്ലർക്ക് കൊടുക്കുന്നു. അയാൾ 20 ശതമാനം ലാഭമെടുത്ത് വെളിച്ചെണ്ണ മൊത്ത വ്യാപാരിക്ക് കൊടുക്കുന്നു. അയാൾ 5 ശതമാനം ലാഭം എടുത്തിട്ട് ചെറുകിട വ്യാപാരിക്ക് കൊടുക്കുന്നു. ചെറുകിട വ്യാപാരി ഉപഭോക്താവിൽ നിന്ന് 20 ശതമാനം ലാഭം എടുക്കുന്നു. ആരു രൂപയ്ക്ക് കർഷകൻ വിറ്റ തേങ്ങ എണ്ണയായി തിരികെ വരുമ്പോൾ 13.95 രൂപയാകുന്നു വില. അതിനാൽ തമിഴ്നാട്ടിലെ കർഷകർ തീരുമാനം എടുത്തിരിക്കുകയാണ് ഇനി തേങ്ങ വെളിച്ചെണ്ണയാക്കിയെ വില്ക്കുന്നുളളു. തമിഴ് നാട്ടിലെ ആറു കമ്പനികൾ അംഗങ്ങളുടെ ഗാർഹിക പാചകത്തിന് ഇനി വെളിച്ചെണ്ണയേ ഉപയോഗിക്കുകയുള്ളു എന്നും പ്രതിജ്ഞ എടുത്തിരിക്കുകയാണ്. മിതമായ നിരക്കിൽ നാം നമ്മുടെ നാളികേര ഉത്പ്പന്നങ്ങൾ ഉപഭോക്താവിൽ എത്തിച്ചു കൊടുക്കണം. അതും ആകർഷകമായി പായ്ക്ക് ചെയ്ത് നല്കണം. ഇത്തരത്തിൽ മൂല്യവർധനവും സംസ്കരണവും നടത്തുന്ന ജോലി കർഷകരുടെ കമ്പനികൾ ഏറ്റെടുത്താൽ മാത്രമെ, നാളികേരത്തിന് മാന്യവും ആദായകരവും സ്ഥിരതയുമുള്ള വില നിങ്ങൾക്കു ലഭിക്കുകയുള്ളു.

ഇന്നു ലഭ്യമായ ഏറ്റവും നൂതനമായ അറിവും സാങ്കേതിക വിദ്യയും സ്വായത്തമാക്കി, മാനേജ്മെന്റ് സാങ്കേതിക വിദഗ്ധരെയും നിയോഗിച്ച് പ്രൊഫഷണൽ ടീമിനെ കർഷകരുടെ നേതൃത്വത്തിൽ അണിനിരത്തുകയാണ് കമ്പനികൾ അടിയന്തിരമായി ചെയ്യേണ്ടത്. അത് മാതൃകാപരമായി ചെയ്ത അഞ്ചു കമ്പനികളെയാണ് ബോർഡ് ഏ ഗ്രേഡിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. അക്കൂട്ടത്തിൽ കുറ്റ്യാടിയും വടകരയും പേരാമ്പ്രയും ഒക്കെയുണ്ട് എന്നതിൽ എനിക്ക് അഭിമാനമുണ്ട്. ഇതു കൂടാതെ ഓരോ കമ്പനിയും സ്വന്തം വിപണന ശൃംഖല കൂടി വികസിപ്പിക്കണം. അതിന് മാർക്കറ്റിംങ് വിദഗ്ധരെ നിയമിക്കണം. ഈ ജില്ലയിലെ മികച്ച മാനേജ്മെന്റ് സ്ഥാപനങ്ങളിൽ നിന്ന് വിപണനം സാമ്പത്തികം എന്നീ കാര്യങ്ങളിൽ സഹായം ആവ

റുത്തിക്കൊണ്ട്, അവർക്കു വേണ്ട പശ്ചാത്തല സൗകര്യം ഒരുക്കിക്കൊണ്ട് സർക്കാരും സർക്കാർ ഏജൻസികളും പിന്നിൽ നിന്നു വേണ്ട സഹായങ്ങൾ നല്കുക എന്ന വികസന രീതിയാണ് നാളികേര വികസന ബോർഡ് അനുവർത്തിക്കുന്നത്.

ഉത്പാദക സംഘങ്ങൾ നാളികേരം ശേഖരിച്ച്, ഫെഡറേഷനുകൾ ഡ്രയറുകൾ സ്ഥാപിച്ച് ആ നാളികേരം കൊപ്രയാക്കി അത് കമ്പനികളെ ഏല്പിച്ച് അതിൽ നിന്ന് വെളിച്ചെണ്ണ ഉത്പാദിപ്പിച്ച് ഏറ്റവും മികച്ച വെളിച്ചെണ്ണ ഉപഭോക്താക്കൾക്ക് നേരിട്ട് എത്തിക്കുക. ഉത്തരവാദിത്വങ്ങൾ മൂന്നു തലങ്ങളിലേയ്ക്ക് കൊണ്ടു വന്നാൽ ഇത് എളുപ്പമാണ്. ഇന്ന് വിപണിയിൽ ലഭിക്കുന്ന മിക്ക ബ്രാൻഡ് വെളിച്ചെണ്ണകളിലും അപകടകരമായ വിധത്തിലുള്ള മായം കലർന്നിട്ടുണ്ട്. പലതും നിരോധിച്ചെങ്കിലും പുതിയ പേരിൽ അവ വീണ്ടും വിപണിയിൽ എത്തുന്നു. ഇവ കിഡ്നിയുടെ പ്രവർത്തനങ്ങളെയാണ് ബാധിക്കുക. 8000 രോഗികളാണ് കിഡ്നി മാറ്റി വയ്ക്കാൻ കേരളത്തിൽ കാത്തു നില്ക്കുന്നത്. ഇത്ര ഭീകരമായ അവസ്ഥയിലേയ്ക്ക് നാട് പോകുന്നതിന്റെ പ്രധാന കാരണം കഴിഞ്ഞ മാസം അമേരിക്കയിലെ പ്രിൻസ്റ്റൺ യൂണിവേഴ്സിറ്റിയുടെ മെഡിക്കൽ ബുള്ളറ്റിൻ പുറത്തുവിട്ടു. അത് ഇതാണ് - the food you eat is the strongest and safest medicine, or it can be the slowest poison killing you; choice is yours. നിങ്ങൾ കഴിക്കുന്ന ഭക്ഷണം ഏറ്റവും ശക്തവും സുരക്ഷിതവുമായ ഔഷധവുമാകാം. അല്ലെങ്കിൽ നിശബ്ദമായി നിങ്ങളെ കൊല്ലുന്ന വിഷവുമാകാം. തീരുമാനം നിങ്ങളുടേതാണ്.

വിദേശങ്ങളിൽ നിന്ന് ഇങ്ങോട്ട് കടന്നു കയറിയ കൃത്രിമ നിറവും മണവും രുചിയുമുള്ള ഭക്ഷ്യ പാനീയങ്ങൾ നമ്മുടെ രാജ്യത്തുണ്ടായിരുന്ന ആരോഗ്യകരമായ ഭക്ഷണ രീതിയെ തകിടം മറിച്ചിരിക്കുകയാണ്. ഇവയൊന്നും പെട്ടെന്ന് നമ്മളെ കൊല്ലുന്നില്ല. സാവകാശമാണ് അവ നമ്മുടെ ജീവൻ എടുക്കുന്നത്. അതാണ് മെഡിക്കൽ ബുള്ളറ്റിൻ ചൂണ്ടിക്കാട്ടുന്നത്. ഇതിനു മാറ്റം വരണമെങ്കിൽ കർഷകനിൽ നിന്ന് ഉപഭോക്താവിലേയ്ക്ക് മായവും മാലിന്യവുമില്ലാത്ത ആഹാര സാധനങ്ങൾ ഇന്നത്തെ കാലത്തിനുതകുന്ന രീതിയിൽ സംസ്കരിച്ച് പായ്ക്ക് ചെയ്ത് എത്തിക്കണം. തമിഴ്നാട്ടിൽ നിന്നു വന്ന കർഷകർ എന്നോടു പറഞ്ഞു. ആറു രൂപയക്ക് അവിടുത്തെ ചെറുകിട



*ആശംസ സി. കെ. നാണു എം.എൽ.എ*



*വടകര കമ്പനിയുടെ നീര പ്ലാന്റ്*

ശ്യപ്പെടണം. അവരുടെ ശേഷി നാം പ്രയോജനപ്പെടുത്തണം. കർഷകർ മൂന്നു കാര്യങ്ങൾ ചെയ്യണം. എല്ലാ കർഷകരേയും ഉത്പാദക സംഘത്തിൽ അംഗങ്ങളാക്കുക. എല്ലാ അംഗങ്ങളും ഓരോ വിളവെടുപ്പിനും ഒരു തെങ്ങിൽ നിന്ന് ഒരു തേങ്ങ വീതം കമ്പനിക്ക് ഓഹരിയായി നല്കുക. അത് നിങ്ങൾക്ക് തിരികെ വാങ്ങാവുന്നതാണ്. സംഭാവനയല്ല. ഭാരവാഹികൾ കൃത്യമായി പങ്കെടുക്കുന്നു എന്ന ഉറപ്പു വരുത്താൻ വാർഷിക പൊതുയോഗങ്ങളിൽ പങ്കെടുക്കണം. കായ്ഫലമുള്ള തെങ്ങ്, അതിൽ നിന്നുള്ള ഉത്പന്നങ്ങൾ, അവ നിർമ്മിക്കാൻ കമ്പനി, അതിന് നാട്ടിൽ വിശ്വാസ്യതയും സ്വീകാര്യതയുമുള്ള നേതൃത്വം – ഇത്രയും ഉണ്ടായാൽ ജനം സഹകരിക്കും. ഈ കമ്പനി കേരളത്തിലെ അഞ്ചാമത്തെ കമ്പനിയാണ്. ഇതിനെ ഇന്ത്യയിലെ ഒന്നാമത്തെ കമ്പനിയാക്കി മാറ്റാൻ നിങ്ങളുടെ സഹകരണവും കൂട്ടായ്മയും ഉണ്ടാകണം. അധികം പൗരാണികത്വം അവകാശപ്പെടാനില്ല, പക്ഷെ അതിവേഗമായിരുന്നു ഇതിന്റെ വളർച്ച. അതുകൊണ്ട് നിങ്ങളുടെ അകമഴിഞ്ഞ പിന്തുണ ഇതിനു നല്കണം.

നമ്മുടെ കർഷക കൂട്ടായ്മകളുടെ നേതൃത്വത്തിലേയ്ക്ക് മൂന്നു തലമുറയിൽ പെട്ട കർഷകരുടെയും പ്രതിനിധികൾ കടന്നു വരണം. 65 വയസിനു മുകളിൽ പ്രായമുള്ളവർ 30 ശതമാനം മതി. 35 നു മേൽ പ്രായമുള്ളവർ 40 ശതമാനം. ബാക്കി 30 ശതമാനം ചെറുപ്പക്കാർ. ഇവരിൽ എല്ലാ ഗണത്തിലും 30 ശതമാനം വനിതകളുടെ പ്രാതിനിധ്യവും നിർബന്ധമാക്കണം. ഇത്തരത്തിലുള്ള ഒരു നേതൃഘടന എല്ലാ കൂട്ടായ്മകൾക്കും ഉണ്ടായാൽ പ്രവർത്തനത്തിന് തുടർച്ച ലഭിക്കും.

അടുത്തത് നാളികേര മേഖലയിലേയ്ക്ക് കൂടുതൽ ആളുകളെ ആകർഷിക്കുക എന്നതാണ്. കൊല്ലത്ത് ആസാം സ്വദേശിയായ അനറോൾ എന്ന ചെറുപ്പക്കാരൻ കഴിഞ്ഞ മാസം നീര ടാപ്പ് ചെയ്ത് സമ്പാദിച്ചത് 54000 രൂപയാണ്. തെങ്ങ് കണ്ടിട്ടുപോലുമില്ലാത്ത അയാൾ ആ തുക കൈയിൽ കിട്ടിയപ്പോൾ ബോധം കെട്ടുപോയി പോൽ. കുന്ദമംഗലത്ത് നാലു സ്ത്രീകൾ നീര ടെക്നീഷ്യന്മാരുടെ ജോലി ചെയ്യുന്നു. അവർ ഇന്ന് എറണാകുളത്ത് കൂടുതൽ സ്ത്രീകളെ പരിശീലിപ്പിക്കുന്നു. ഗുണമേന്മ ഉറപ്പു വരുത്തി ആകർഷകമായി പായ്ക്കു ചെയ്താൽ നമ്മുടെ നീരയ്ക്കും മറ്റ് ഉത്പന്നങ്ങൾക്കും ഏതു വിദേശ രാജ്യങ്ങളിലും വിപണി കണ്ടെത്താനാകും. അടുത്ത ഘട്ടത്തിൽ കുറ്റ്യാടി തെങ്ങിന്റെ മേന്മ അതെ പടി നിലനിർത്തിക്കൊണ്ട് ഉയരം കുറഞ്ഞ ഇനങ്ങൾ ഉത്പാദിപ്പിക്കാൻ സാധിക്കുമോ എന്നു കൂടി നാം ചിന്തിക്കേണ്ടിയിരിക്കുന്നു. വർഗ്ഗ സങ്കരണം വഴി കുറ്റ്യാടി തെങ്ങിന്റെ ഡി x ടി ഇനങ്ങൾ ഉത്പാദിപ്പിക്കാൻ നമുക്ക് സാധിക്കുമോ. ഇതിന് നല്ല മാതൃ വൃക്ഷങ്ങൾ വേണം. അതിന് എല്ലാ ഫെഡറേഷനുകളും പതിനായിരം വിത്ത തേങ്ങകളെങ്കിലും പാകി നേഴ്സറി തുടങ്ങണം. ഇതിൽ വിട്ടുവീഴ്ച്ച പാടില്ല.

**തെങ്ങിൻ തോപ്പിൽ നിന്നുള്ള ഉത്പാദനം കർഷകർ ക്രമീകരിക്കണം. ആറുമാസം നീര ഉത്പാദിപ്പിക്കുക. ബാക്കി തേങ്ങ. അതിൽ മൂന്നു മാസത്തെത് കരിക്ക്. ഇങ്ങനെ വിളവ് ക്രമീകരിക്കണം. അപ്പോൾ വില നിയന്ത്രണം നമ്മുടെ കൈപ്പിടിയിൽ ഒതുങ്ങും.**

തെങ്ങിൻ തോപ്പിൽ നിന്നുള്ള ഉത്പാദനം കർഷകർ ക്രമീകരിക്കണം. ആറുമാസം നീര ഉത്പാദിപ്പിക്കുക. ബാക്കി തേങ്ങ. അതിൽ മൂന്നു മാസത്തെത് കരിക്ക്. ഇങ്ങനെ വിളവ് ക്രമീകരിക്കണം. അപ്പോൾ വില നിയന്ത്രണം നമ്മുടെ കൈപ്പിടിയിൽ ഒതുങ്ങും.

തെങ്ങിൻ തോപ്പുകളിൽ ഇടവിളകൾ കൃഷി ചെയ്യാൻ നാം അമാന്തം വിചാരിക്കരുത്. കഴിയുന്നത്ര രാസ വളവും, കീടനാശിനികൾ പൂർണമായും ഒഴിവാക്കി വേണം ഇടവിളകൾ കൃഷി ചെയ്യാൻ. ഇങ്ങനെ ഉത്പാദിപ്പിക്കുന്ന വിളകൾകൂടി നമ്മുടെ കമ്പനി വഴി വിൽക്കാൻ സാധിക്കണം. അതിന് നമ്മുടെ ഉത്പന്നങ്ങൾ വിൽക്കുന്ന കോക്കനട്ട് പോയിന്റുകൾ ആരംഭിക്കണം. അത്തരം പത്തു പോയിന്റുകൾ വീതം ഓരോ കമ്പനിയും തുറക്കണം. അതിന് ഒന്നര ലക്ഷം രൂപ വരെ ബോർഡിൽ നിന്നു സബ്സിഡ് ലഭിക്കും. പ്ലാന്റിനും മറ്റും ലഭിക്കുന്ന സബ്സിഡി വേറെ. ഇങ്ങനെയെല്ലാം പരിശ്രമിച്ചാൽ തേങ്ങയുടെ ഈറ്റില്ലമായ വടകരയിൽ നിന്നുള്ള നാളികേര ഉത്പന്നങ്ങൾ ലോകവിപണിയെ കീഴടക്കുന്ന കാലം വിദൂരമല്ല. ഇന്നല്ലെങ്കിൽ നാളെ നാളികേര ഉത്പന്നങ്ങൾ കയറ്റിപോകുന്ന കണ്ടെയ്നർ ലോറികൾ വരേണ്ട സ്ഥലമാണിത്. ഞാൻ അത് ദീർഘദർശനം ചെയ്യുന്നു. അതിനു കഴിയട്ടെ എന്ന് ആശംസിക്കുന്നു.

തുടർന്ന് നാളികേര വികസന ബോർഡ് നല്കുന്ന 25 ലക്ഷം രൂപയുടെ സബ്സിഡി തുക നാദാപുരം എം എൽ എ ഇ.കെ വിജയൻ കമ്പനി അധികൃതർക്ക് കൈമാറി. കമ്പനിയുടെ കീഴിൽ പ്രവർത്തിക്കുന്ന ഏറ്റവും മികച്ച നീര ടെക്നീഷ്യന്മാരെയും ചടങ്ങിൽ ആദരിച്ചു. ജില്ലാ പഞ്ചായത്ത് അംഗം ആർ ബാലറാം, തിരുവള്ളൂർ പഞ്ചായത്ത് പ്രസിഡന്റ് എ മോഹനൻ, അംഗം ഐകെ അശോകൻ, നാളികേര വികസന ബോർഡ് ടെക്നിക്കൽ ഓഫീസർ ശ്രീമതി.മൃദുല, കുറ്റ്യാടി കമ്പനി ചെയർമാൻ ബാബു മത്തത്ത്, നബാർഡ് അസിസ്റ്റന്റ് ജനറൽ മാനേജർ ജെയിംസ് പി ജോർജ് തുടങ്ങിയവർ ആശംസകൾ നേർന്നു. വടകര കമ്പനി സെക്രട്ടറി ഇകെ കരുണാകരൻ നന്ദി പറഞ്ഞു. ■

*തയ്യാറാക്കിയത്,*
**ആബെ ജേക്കബ്**

# ഉത്പാദന ക്ഷമത : തമിഴ്നാട് മുന്നിൽ

● വി. വസന്തകുമാർ,
സ്റ്റാറ്റിസ്റ്റിക്കൽ ഓഫീസർ, നാളികേര വികസനബോർഡ്, കൊച്ചി-11

പ്രകൃതി മനുഷ്യനു നൽകിയ വരദാനമാണ് തെങ്ങ്. ഏഷ്യാപെസഫിക്ക് രാജ്യങ്ങളിലെ ഒരു വലിയ പങ്ക് ജനങ്ങളുടെ ജീവിതത്തിന് അവശ്യം വേണ്ട സുരക്ഷ തെങ്ങ് നൽകുന്നു. തെങ്ങിന്റെ അടിതൊട്ട് മുടിവരെയുള്ള ഭാഗങ്ങൾ ഒരു ജനതയു ടെ സാമൂഹ്യ സാമ്പത്തിക മേഖലയുമായി വളരെയധികം ബന്ധപ്പെട്ടിരിക്കുന്നു. ഇതിന്റെ ഒരു ഭാഗവും പാഴായിപ്പോകുന്നില്ല. വൈവിദ്ധമാർന്ന ഉല്പ്പന്ന ശ്രേണിയാണ് തെങ്ങ് മനുഷ്യന് സംഭാവന ചെയ്യുന്നത്. ഇതുകൊണ്ടു തന്നെ തെങ്ങിനെ കല്പവൃക്ഷം എന്നാണ് വിശേഷിപ്പിക്കുന്നത്. ഇന്ത്യയിൽ ഏകദേശം 12 ദശലക്ഷം പേർ തെങ്ങുകൃഷിയെ ആശ്രയിച്ചാണ് കഴി യുന്നത്. ലോകത്ത് എല്ലാ നാളികോരോല്പാദക രാജ്യങ്ങളി ലും കൂടി 12.5 ദശലക്ഷം ഹെക്ടറിൽ നാളികേര കൃഷിയുണ്ട്. ലഭ്യമായ സ്ഥിതി വിവരക്കണക്കനുസരിച്ച് ഇന്ത്യയാണ് നാ ളികേര ഉല്പാദനത്തിലും ഉല്പാദന ക്ഷമതയിലും ഒന്നാം സ്ഥാനത്ത്. ഇന്ത്യയിലെ 2014 – 15 വർഷത്തെ ഉല്പാദനം 20440 ദശലക്ഷം നാളികേരവും ഉല്പാദനക്ഷമത ഹെക്ടറിൽ 10345 നാളികേരവുമാണ്. ലോകത്തെ നാളികേര കൃഷിയുടെ വിസ്തീർണ്ണത്തിന്റെ 17.12% ആണ് ഇന്ത്യയുടെ വിഹിതം, എന്നാൽ ലോകനാളികേരോല്പാദനത്തിന്റെ 31.46%വും ഇന്ത്യയുടെ സംഭാവനയാണ് പട്ടിക 1

Area, Production and Productivity in Major Coconut Growing Countries (2013)

| Sl. No | Country | Area ('000 ha) | % Share | **Production (Million Nuts)** | % Share | Productivity (Nuts/ha) |
|---|---|---|---|---|---|---|
| 1 | Indonesia | 3787.00 | 30.35 | 16463.00 | 22.84 | 4347 |
| 2 | Philippines | 3550.00 | 28.45 | 15353.00 | 21.30 | 4325 |
| 3 | India | 2136.67 | 17.12 | 22680.03 | 31.46 | 10615 |
| 4 | Sri Lanka | 395.00 | 3.17 | 2513.32 | 3.49 | 6363 |
| 5 | Tanzania | 310.00 | 2.48 | 427.51 | 0.59 | 1379 |
| 6 | Brazil | 279.00 | 2.24 | 3326.57 | 4.61 | 11923 |
| 7 | Papua Guinea | 221.00 | 1.77 | 1482.59 | 2.06 | 6709 |
| 8 | Thailand | 209.00 | 1.67 | 838.00 | 1.16 | 4010 |
| 9 | Mexico | 176.00 | 1.41 | 1463.74 | 2.03 | 8317 |
| 10 | Vietnam | 158.00 | 1.27 | 1235.45 | 1.71 | 7819 |
| 11 | Samoa | 99.00 | 0.79 | 267.00 | 0.37 | 2697 |
| 12 | Malaysia | 98.50 | 0.79 | 647.00 | 0.90 | 6569 |
| 13 | Vanuatu | 92.00 | 0.74 | 493.98 | 0.69 | 5369 |
| 14 | Mozambique | 70.00 | 0.56 | 302.11 | 0.42 | 4316 |
| 15 | Fiji | 60.00 | 0.48 | 148.00 | 0.21 | 2467 |
| 16 | Ghana | 55.00 | 0.44 | 362.50 | 0.50 | 6591 |
| 17 | Jamaica | 49.00 | 0.39 | 296.67 | 0.41 | 6055 |
| 18 | Myanmar | 42.00 | 0.34 | 425.01 | 0.59 | 10119 |
| 19 | Solomon Islands | 38.00 | 0.30 | 100.00 | 0.14 | 2632 |
| 20 | Others | 653.80 | 5.24 | 3269.11 | 4.53 | 5000 |
| | Total | **12478.97** | 100 | 72094.58 | 100 | 5777 |

Source: APCC Statistical Year Book 2013
r - Revised

രാജ്യത്തെ നാളികേര കൃഷി പ്രധാനമായും കേന്ദ്രീകരിച്ചിരിക്കുന്നത് ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങളായ കേരളം, തമിഴ്നാട്, കർണ്ണാടകം, ആന്ധ്രപ്രദേശ് എന്നിവിടങ്ങളിലാണ്. ഇന്ത്യയിലെ നാളികേര കൃഷിയുടെ വിസ്തീർണ്ണത്തിന്റെ 88 ശതമാനവും ഉല്പാദനത്തിന്റെ 90 ശതമാനവും ഈ സംസ്ഥാനങ്ങളിലാണുള്ളത്. (പട്ടിക 2)

AREA AND PRODUCTION OF COCONUT IN INDIA (2014-15)

| Sl No: | STATES | Area "000" ha | % Share in Area | Pro-duction Million nuts | % Share in Pro-duction | Yield (Nuts /Ha) |
|---|---|---|---|---|---|---|
| 1 | Kerala | 649.85 | 32.89% | 4896.61 | 23.96% | 7535 |
| 2 | Karnataka | 515.03 | 26.07% | 5141.15 | 25.15% | 9982 |
| 3 | Tamil Nadu | 465.11 | 23.54% | 6917.46 | 33.84% | 14873 |
| 4 | Andhra | 105.99 | 5.36% | 1463.56 | 7.16% | 13808 |
| 5 | Odisha | 50.68 | 2.57% | 324.89 | 1.59% | 6411 |
| 6 | Gujarat | 31.63 | 1.60% | 295.03 | 1.44% | 9328 |
| 7 | West Bengal | 29.41 | 1.49% | 372.23 | 1.82% | 12657 |
| 8 | Maharashtra | 28.10 | 1.42% | 187.44 | 0.92% | 6670 |
| 9 | Goa | 25.79 | 1.31% | 127.72 | 0.62% | 4952 |
| 10 | Andaman | 21.91 | 1.11% | 129.77 | 0.63% | 5923 |
| 11 | Assam | 21.14 | 1.07% | 237.49 | 1.16% | 11234 |
| 12 | Bihar | 14.90 | 0.75% | 141.38 | 0.69% | 9489 |
| 13 | Tripura | 6.93 | 0.35% | 28.41 | 0.14% | 4100 |
| 14 | Lakshadweep | 2.57 | 0.13% | 70.91 | 0.35% | 27591 |
| 15 | Puducherry | 1.88 | 0.10% | 21.90 | 0.11% | 11649 |
| 16 | Chhattisgarh | 1.71 | 0.09% | 27.85 | 0.14% | 16287 |
| 17 | Telengana | 1.69 | 0.09% | 25.34 | 0.12% | 14994 |
| 18 | Nagaland | 1.45 | 0.07% | 16.32 | 0.08% | 11255 |
| 19 | Mizoram | 0.04 | 0.00% | 0.16 | 0.00% | 4000 |
| 20 | Daman & Diu | Neg | | 13.99 | 0.07% | |
| | All India | 1975.81 | 100.00% | 20439.60 | 100.00% | 10345 |

Source : Horticulture Division ,Government of India

നാളികേരത്തിന്റെ വിസ്തീർണ്ണവും ഉല്പാദനവും സംബന്ധിച്ച സ്ഥിതി വിവരക്കണക്കുകൾ ഔദ്യോഗികമായി പുറത്തുവിടുന്ന സർക്കാർ ഏജൻസികൾ വിവിധ സംസ്ഥാനങ്ങളിൽ വ്യത്യസ്ഥമാണ്. കേരള, കർണാടക, തമിഴ്നാട്, ആന്ധ്രപ്രദേശ് എന്നീ സംസ്ഥാനങ്ങളിൽ ഇതിന്റെ ചുമതല ഡയക്ടറേറ്റ് ഓഫ് ഇക്കണോമിക്സ് & സ്റ്റാറ്റിസ്റ്റിക്സിന് ആണ്. മഹാരാഷ്ട്ര, ഗുജറാത്ത്, ഒഡീഷ, പശ്ചിമബംഗാൾ, മഹാരാഷ്ട്ര, ഗോവ എന്നീ സംസ്ഥാനങ്ങളിൽ അതാതു സംസ്ഥാനങ്ങളിലെ അഗ്രികൾച്ചർ/ഹോർട്ടികൾച്ചർ വിഭാഗങ്ങളാണ് ഇത് നിർവ്വഹിക്കുന്നത്. അഖിലേന്ത്യാതലത്തിലുള്ള നാളികേരകൃഷിയെ സംബന്ധിച്ച സ്ഥിതി വിവരക്കണക്കുകൾ ലഭ്യമാക്കുന്നത് കേന്ദ്രകൃഷി മന്ത്രാലയത്തിന്റെ കീഴിലുള്ള ഹോർട്ടികൾച്ചർ വിഭാഗമാണ്.

പക്ഷേ, ഈ വകുപ്പുകളിൽ നിന്നെല്ലാം ലഭ്യമാകുന്ന ഔദ

ദ്യാഗിക കണക്കുകൾ ചുരുങ്ങിയത് ഒരു വർഷമെങ്കിലും പുറകിലായിരിക്കും. തന്നാണ്ടത്തെ സ്ഥിതിവിവരക്കണക്കുകൾ ഒരു കാലത്തും ലഭ്യമല്ലെന്നതാണ് യാഥാർത്ഥ്യം. നാളികേര കൃഷി സംബന്ധിച്ചുള്ള നയപരമായ തീരുമാനങ്ങൾ എടുക്കുന്നതിനും ആസൂത്രണം ചെയ്യുന്നതിനും നാളികേര വികസനത്തെ സംബന്ധിച്ചുള്ള വിവിധ പദ്ധതികൾ ആവിഷ്ക്കരിക്കുന്നതിനും അവ യഥാസമയം നടപ്പിലാക്കുന്നതിനും, വിശിഷ്യാ, നാളികേരത്തിന്റെ താങ്ങുവില നിശ്ചയിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ കേന്ദ്ര സർക്കാറിന് വർഷാവർഷം സമർപ്പിക്കുന്നതിനും നാളികേരോല്പാദനത്തെ സംബന്ധിച്ച വിവരങ്ങൾ തനതു വർഷം തന്നെ മുൻകൂട്ടി ലഭ്യമായേ മതിയാകൂ. കൂടാതെ, ഈ വിവരങ്ങൾ കർഷകരിലേക്ക് എത്തിക്കുന്നതു വഴി കർഷക കൂട്ടായ്മകൾക്ക് അവരുടെ വിളവെടുപ്പ്, പ്രാഥമിക സംസ്കരണം, വിപണനം എന്നീ മേഖലകളിൽ മുൻകൂട്ടി ആസൂത്രണം നടത്തുവാനും അവരുടെ ഉല്പന്നത്തിന് ന്യായമായതും സ്ഥിരതയുള്ളതുമായ വില ഉറപ്പാക്കുവാൻ വേണ്ടി വിപണിയിലേക്കുള്ള ഉല്പന്ന വരവ് ക്രമീകരിക്കുന്നതിനും കഴിയും. ഇതിന്റെ വെളിച്ചത്തിലാണ് ഇൻഡ്യയിലെ പ്രധാന നാളികേരോല്പാദക സംസ്ഥാനങ്ങളിലെ നാളികേര കൃഷിയെ സംബന്ധിച്ചുള്ള സ്ഥിതിവിവരക്കണക്കുകൾ മുൻകൂട്ടി നിർണ്ണയിക്കാനുള്ള പഠനം നടത്തുന്നത് എന്തുകൊണ്ടും ഉചിതമാണെന്നു നാളികേര വികസന ബോർഡ് കണ്ടത്. ഇതിനു പുറമെ, ഇപ്രകാരമുള്ള സ്ഥിതിവിവരക്കണക്കുകൾ ശേഖരിക്കുക എന്നത് നാളികേര ബോർഡിന്റെ പ്രവർത്തനോദ്ദേശങ്ങളിൽപ്പെട്ടതാണെന്നതും വസ്തുതയാണ്. ഇതിൻപ്രകാരം 2012ൽ നടന്ന നാളികേര വികസന ബോർഡിന്റെ 111-ാം യോഗത്തിലെടുത്ത തീരുമാന പ്രകാരം 2012-13 കാർഷിക വർഷത്തെ ഇന്ത്യയിലെ നാളികേരോല്പാദനം സംബന്ധിച്ച സ്ഥിതിവിവരക്കണക്കുകൾ ലഭ്യമാക്കുന്നതിനു വേണ്ടി ഒരു സ്റ്റാറ്റിസ്റ്റിക്കൽ സർവ്വേ നടത്തുവാനും കേരളം, കർണാടകം, തമിഴ്നാട്, ആന്ധ്രപ്രദേശ് എന്നീ തെന്നിന്ത്യൻ സംസ്ഥാനങ്ങളിലെ 31 ജില്ലകളിൽ നിന്നു അതിനുവേണ്ട വിവരങ്ങൾ ശേഖരിക്കുന്നതിനും തീരുമാനിച്ചു. പഠനം വിജയകരമായതിനാൽ അടുത്ത വർഷമായപ്പോഴേക്കും അത് ഒഡീഷ, പശ്ചിമബംഗാൾ, മഹാരാഷ്ട്ര എന്നീ സംസ്ഥാനങ്ങളിലേക്കു കൂടി വ്യാപിപ്പിച്ചു. 2014 - 15ൽ ഗുജറാത്ത് സംസ്ഥാനം കൂടി ഈ സർവ്വേക്കു കീഴിൽ കൊണ്ടുവന്നു. 2015 - 16ലെ പഠനത്തിൽ ഗോവ കൂടി ഉൾപ്പെടുത്തിയതോടെ ഇന്ത്യയിലെ നാളികേരോല്പാദനത്തിൽ മുന്നിൽ നിൽക്കുന്ന 9 സംസ്ഥാനങ്ങളും ഈ പഠനത്തിൻ കീഴിലായി. രാജ്യത്തെ നാളികേര കൃഷിയുടെ വിസ്തീർണ്ണത്തിന്റെയും ഉല്പാദനത്തിന്റെയും ഏതാണ്ട് 97% ശതമാനവും കേന്ദ്രീകൃതമായിരിക്കുന്നത് ഈ സംസ്ഥാനങ്ങളിലാണ്. സ്റ്റാറ്റിസ്റ്റിക്സ്/സാമ്പത്തിക വിഭാഗങ്ങളുള്ള ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളുമായോ, ഗവേഷണ സ്ഥാപനങ്ങളുമായോ കൈകോർത്തു കൊണ്ടാണ്, നാളികേര വികസന ബോർഡ് ഈ സർവ്വേ നടത്തിയത്.

States Covered under the survey of concurrent estimation of coconut production and productivity for the year 2015 - 16



**സർവ്വേയുടെ ഉദ്ദേശങ്ങൾ**

ഇന്ത്യയിലെ പ്രധാന നാളികേരോല്പാദക സംസ്ഥാനങ്ങളിലെ 2015 - 16 കാർഷിക വർഷത്തെ ഉല്പാദനം മുൻകൂട്ടി നിർണ്ണയിക്കുയും അതുവഴി ഇന്ത്യയിലെ നാളികേരോല്പാദനം കണക്കാക്കുകയും ചെയ്യുക. ഇതിനു വേണ്ടി തിരഞ്ഞെടുത്ത സംസ്ഥാനങ്ങളിലെ 49 ജില്ലകളിൽ നിന്നുള്ള സാമ്പിൾ തോട്ടങ്ങളിലെ തെങ്ങുകളിൽ നിന്നും സർവ്വേ നടത്തി വിവരങ്ങൾ ശേഖരിക്കുക.

**പഠന രീതിയും സാമ്പിളിങ്ങും**

ഈ ഉദ്ദേശത്തോടു കൂടി ഇന്ത്യയിലെ ഒമ്പത് പ്രധാന നാളികേരോല്പാദക സംസ്ഥാനങ്ങളായ കേരളം, കർണ്ണാടകം, തമിഴ്നാട്, ആന്ധ്രപ്രദേശ്, ഒഡീഷ, പശ്ചിമബംഗാൾ, മഹാരാഷ്ട്ര, ഗുജറാത്ത്, ഗോവ എന്നിവിടങ്ങളിലാണ് സർവ്വേ നടത്തിയത്. ഈ സംസ്ഥാനങ്ങളെല്ലാം ചേർന്നാൽ ഇന്ത്യയിലെ നാളികേര കൃഷിയുടെ വിസ്തീർണ്ണത്തിന്റെയും ഉല്പാദനത്തിന്റെയും ഏകദേശം 97 ശതമാനത്തോളം വരും. ഈ സംസ്ഥാനങ്ങളിൽ നിന്നും നാളികേര തോട്ടങ്ങൾ തിരഞ്ഞെടുക്കാൻ വിവിധ ഘട്ടങ്ങളുൾപ്പെട്ട പ്രത്യേക ക്രമമോ, സ്ഥാനമോ ഇല്ലാത്ത സാമ്പിളിങ്ങ് (Multistage random sampling) രീതിയാണ് അവലംബിച്ചത്.

തെങ്ങുകൃഷിയുടെ വിസ്തീർണ്ണത്തിന്റെ അടിസ്ഥാനത്തിൽ ഈ സംസ്ഥാനങ്ങളിലെ ജില്ലകൾ തിരഞ്ഞെടുത്തു. ജില്ലകൾ തിരഞ്ഞെടുക്കാൻ വേണ്ട മാനദണ്ഡം സംസ്ഥാനങ്ങൾക്കിടയിൽ വ്യത്യസ്ഥമായിരുന്നു. കേരളം, കർണ്ണാടകം എന്നീ സംസ്ഥാനങ്ങളിൽ ചുരുങ്ങിയത് 16,000 ഹെക്ടർ കേരകൃഷിയുള്ള ജില്ലകളാണ് പരിഗണിച്ചതെങ്കിൽ തമിഴ്നാട്ടിൽ ഇത് 15,000 ഹെക്ടറായിരുന്നു. ഗോവയിൽ 11,000 ഹെക്ടർ. ആന്ധ്രപ്രദേശിൽ 6,000 ഹെക്ടർ, ഒഡിഷയിൽ 4000 ഹെക്ടർ, ഗുജറാത്തിൽ 3500 ഹെക്ടർ, പശ്ചിമബംഗാളിൽ 3000 ഹെക്ടർ, മഹാരാഷ്ട്രയിൽ 1500 ഹെക്ടർ വരെ എങ്കിലും കൃഷിയുള്ള ജില്ലകളയാണ് പരിഗണിച്ചത്.

തിരഞ്ഞെടുത്ത ജില്ലകളിൽ നിന്നും ബ്ലോക്ക് തലത്തിൽ തെങ്ങുകൃഷിയുടെ വിസ്തീർണ്ണം അടിസ്ഥാനമാക്കി ബ്ലോക്കുകൾ തിരഞ്ഞെടുത്തു.ഇങ്ങനെ ലഭ്യമായ ബ്ലോക്കുകളിൽ നിന്നും ഗ്രാമപഞ്ചായത്തുകളെ തിരഞ്ഞെടുത്തതും അവിടെയുള്ള നാളികേരകൃഷിയുടെ വിസ്തീർണ്ണം അടിസ്ഥാനമാക്കിയാണ്. ഈ ഗ്രാമപഞ്ചായത്തുകളിൽ നിന്ന് സാമ്പിളിനാവശ്യമായ തെങ്ങിൻ തോട്ടങ്ങൾ റാൻഡമായി തിരഞ്ഞെടുത്തു. കേരളത്തിൽ ചുരുങ്ങിയത് 20 കായ്ക്കുന്ന തെങ്ങും കേരളത്തിന് പുറത്ത് ചുരുങ്ങിയത് 40 കായ്ക്കുന്ന തെങ്ങും ഉള്ള തോട്ടങ്ങൾ മാത്രമാണ് ഈ രീതിയിൽ തിരഞ്ഞെടുത്തത്. ഇങ്ങനെ തിരഞ്ഞെടുത്ത ഓരോ തോട്ടത്തിൽ നിന്നും 10 കായ്ക്കുന്ന തെങ്ങുകൾ വീതം റാൻഡം ആയി തിരഞ്ഞെടുത്ത്, പ്രസ്തുത തെങ്ങുകളിൽ നിന്നാണ് സർവ്വേക്ക് ആവശ്യമുള്ള വിവരങ്ങൾ ശേഖരിച്ചത്. മുകളിൽ പറഞ്ഞ രീതിയിൽ തിരഞ്ഞെടുക്കുന്ന 10 തെങ്ങുകളിലെ മൂന്നു മാസത്തിന് മുകളിൽ പ്രായമുള്ള കുലകളിലെ നാളികേരത്തിന്റെ

എണ്ണമാണ് വിവരശേഖരണ ഫോമിൽ രേഖപ്പെടുത്തുന്നത്.

ഒരു തെങ്ങിൽ നിന്നും ഒരു വർഷം ലഭിക്കുന്ന വിള വെന്നാൽ ആ തെങ്ങിൽ നിന്നും പ്രസ്തുത വർഷം എല്ലാ വിളവെടുപ്പിലും കൂടി ലഭിക്കുന്ന നാളികേരത്തിന്റെ എണ്ണമാണ്. ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങളിലെല്ലാം തന്നെ 45 മുതൽ 60 ദിവസം വരെയുള്ള ഇടവേളകളിലാണ് സാധാരണ വിള വെടുക്കാറുള്ളത്. (വേനൽക്കാലത്ത് 45 ദിവസത്തെ ഇടവേളകളിലും, വർഷക്കാലത്തും ശിശിരകാലത്തും 60 ദിവസത്തെ ഇടവേളകളിലും) അതായത് ഒരു വർഷം 6 മുതൽ 8 വരെ വിളവെടുപ്പ് ഉണ്ടാകാം. തെങ്ങിൻ പൂക്കുലകളിൽ 3 മാസം പ്രായം കഴിഞ്ഞാൽ സാധാരണ ഗതിയിൽ മച്ചിങ്ങ പൊഴിച്ചിൽ അപൂർവ്വമാണെന്ന വസ്തുതയുടെ അടിസ്ഥാനത്തിൽ മൂന്നു മാസത്തിനു മുകളിൽ പ്രായം മുതൽ വിളവെടുപ്പിനു പാകമായ കുലകൾ വരെയുള്ള നാളികേരത്തിന്റെ എണ്ണമാണ് ഒരു തോട്ടത്തിലെ തിരഞ്ഞെടുത്ത 10 തെങ്ങുകളിൽ നിന്നും എടുക്കുന്നത്. മൂന്നു മാസം പ്രായമായ കുലകൾ വിവരശേഖരണം നടന്ന സമയം തൊട്ട് 8 മാസം മുതൽ 9 മാസം വരെ കാലാവധികൊണ്ട് വിളവെടുപ്പിന് തയ്യാറാകും. തെങ്ങിന്റെ ചങ്ങാതികളുടെ സേവനം ഉപയോഗിച്ചാണ് ഓരോ തെങ്ങിന്റേയും മുകളിൽ കയറി ഓരോ കുലയിലേയും നാളികേരം എണ്ണി രേഖപ്പെടുത്തിയത്.

**Sample Details**

| States | No: of Districts | No: of Blocks | No: Of Panchayaths | No: of gardens | No: of Palms |
|---|---|---|---|---|---|
| കേരളം | 12 | 104 | 108 | 1200 | 12000 |
| കർണാടക | 8 | 27 | 87 | 1000 | 10000 |
| തമിഴ്നാട് | 9 | 22 | 108 | 1000 | 10000 |
| ആന്ധ്ര പ്രദേശ് | 4 | 25 | 125 | 600 | 6000 |
| ഒഡീഷ | 4 | 9 | 15 | 250 | 2500 |
| പശ്ചിമ ബംഗാൾ | 4 | 15 | 16 | 150 | 1500 |
| മഹാരാഷ്ട്ര | 4 | 8 | 22 | 100 | 1000 |
| ഗുജറാത്ത് | 2 | 3 | 9 | 100 | 1000 |
| ഗോവ | 2 | 11 | 100 | 100 | 1000 |
| **Total** | **49** | **224** | **590** | **4500** | **45000** |

**സാമ്പിൾ**

ഇന്ത്യയിൽ നാളികേരോല്പാദനത്തിൽ മുൻപന്തിയിൽ നിൽക്കുന്ന 9 സംസ്ഥാനങ്ങളിലാണ് സർവ്വേ നടത്തിയത്. കേരളത്തിൽ 12 ജില്ലകളിൽ നിന്നും, തമിഴ്നാട്ടിൽ 9 ജില്ലകളിൽ നിന്നും, കർണ്ണാടകത്തിൽ 8 ജില്ലകളിൽ നിന്നും, ആന്ധ്രപ്രദേശ്, ഒഡീഷ, പശ്ചിമബംഗാൾ, മഹാരാഷ്ട്ര എന്നീ സംസ്ഥാനങ്ങളിൽ 4 ജില്ലകളിൽ നിന്ന് വീതവും, മഹാരാഷ്ട്ര, ഗോവ എന്നീ സംസ്ഥാനങ്ങളിൽ 2 ജില്ലകളിൽ നിന്ന് വീതവും വിവരശേഖരണം നടത്തുകയുണ്ടായി.

സർവ്വെയുടെ മേൽനോട്ടം വഹിച്ചത് നാളികേര വികസന ബോർഡിന്റെ കൊച്ചി കാര്യാലയമാണ്. പഠനം സംബന്ധിച്ച ആസൂത്രണം, ജില്ല/ ബ്ലോക്ക് തിരഞ്ഞെടുപ്പ്, സർവ്വെയിൽ സഹകരിക്കുന്ന വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കുള്ള പ്രവർത്തി പരിചയം, വിവരങ്ങൾ ശേഖരിക്കുന്നവർക്കുള്ള പരിശീലനം എന്നീ പ്രാരംഭ പ്രവർത്തനങ്ങൾ നാളികേര വികസന ബോർഡിന്റെ സ്റ്റാറ്റിസ്റ്റിക്സ് വിഭാഗത്തിന്റെ ചുമതലയിൽ നടന്നു. സർവ്വേയുടെ ഏകോപനവും ശേഖരിച്ച വിവരങ്ങളുടെ പുനപരിശോധനയും നാളികേര വികസന ബോർഡിന്റെ അതാതു സംസ്ഥാനങ്ങളിലെ മേഖല ഓഫീസ്/ സംസ്ഥാന തല ഓഫീസിന്റെ സഹായത്തോടു കൂടിയാണ് നടത്തിയത്.

| ക്രമ നമ്പർ | വിദ്യാഭ്യാസ/ ഗവേഷണ സ്ഥാപനം | പ്രധാന ചുമതല വഹിച്ച അദ്ധ്യാപകൻ/ ഗവേഷകൻ |
|---|---|---|
| **കേരളം** | | |
| 1. | ഗവൺമെന്റ് കോളേജ്, കാസറഗോഡ് | ഡോ. കെ. ഹരികുറുപ്പ് |
| 2. | ഫറൂഖ് കോളേജ്, കോഴിക്കോട് | ഡോ. പി. അനിൽകുമാർ |
| 3. | ശ്രീ. കേരളവർമ്മ കോളേജ്, തൃശ്ശൂർ | ശ്രീ. വിശ്വാസ് വി നാഥ് |
| 4. | സെന്റ്. ആൽബർട്ട്സ് കോളേജ്, എറണാകുളം | ശ്രീ. ഫ്രാൻസീസ്. എം.സി |
| 5. | നിർമ്മല കോളേജ്, മൂവാറ്റുപുഴ | ഡോ. ജോണി സ്കറിയ |
| 6. | സെന്റ്. മൈക്കിൾസ് കോളേജ്, ചേർത്തല | ശ്രീമതി. മിനു മാത്യു |
| 7. | സെന്റ്. തോമസ് കോളേജ്, പാല, കോട്ടയം | ഡോ. കെ.എം. കുര്യൻ |
| 8. | ഗവൺമെന്റ് കോളേജ്, ആറ്റിങ്ങൽ, തിരുവനന്തപുരം | ശ്രീ. ഷിബു. എ.എസ് |
| **തമിഴ്നാട്** | | |
| 1. | പി.എസ്.ജി കോളേജ് ഓഫ് ആർട്ട്സ് & സയൻസ്, കോയമ്പത്തൂർ | ഡോ. വി. മോഹന സുന്ദരം |
| 2. | ഗോപി ആർട്ട് & സയൻസ് കോളേജ്, ഈറോഡ് | ഡോ. എം. രാജു |
| 3. | ശ്രീമദ് ആണ്ടവൻ കോളേജ്, തഞ്ചാവൂർ | ഡോ. ആർ. തങ്കപ്രസാദ് |
| 4. | സ്കോട്ട് ക്രിസ്റ്റ്യൻ കോളേജ്, കന്യാകുമാരി | ഡോ. സിറിൾ കൺമണി |
| 5. | പെരിയാർ യൂണിവേഴ്സിറ്റി, സേലം | ഡോ. ഡി. ജനകം |
| 6. | സെന്റ്.സേവ്യേഴ്സ് കോളേജ്,തിരുനൽവേലി | ഡോ. മൈക്കിൾ |
| 7. | ഗാന്ധിഗ്രാം റൂറൽ ഇൻസ്റ്റിറ്റ്യൂട്ട്, ഡിൻഡിഗൽ | ഡോ. എസ്. രാമസ്വാമി |
| **കർണാടകം** | | |
| 1. | യൂണിവേഴ്സിറ്റി ഓഫ് ഹോർട്ടികൾച്ചറൽ സയൻസസ്, ബാഗൽകോട്ട് | ശ്രീ. ശ്രീപദ് വിശ്വേശ്വർ, ഡോ. ബസവരാജ്. ജി, ഡോ. അശോക്. എൻ, ഡോ. സച്ചിൻ നന്ദിമത്ത്, ഡോ. തൻവീർഅഹമ്മദ്, ഡോ. സി.ജി. യാദവ്, ഡോ. എം.ജി. കേരുട്ടഗി, ഡോ. അരുൺ കുമാർ |
| **ആന്ധ്രപ്രദേശ്** | | |
| 1. | ഡോ. വൈ.എസ്.ആർ ഹോർട്ടികൾച്ചറൽ, യൂണിവേഴ്സിറ്റി, ആന്ധ്രപ്രദേശ് | ഡോ. ജി. രാമാനന്ദം |
| **ഒഡീഷ** | | |
| 1. | ഒറീസ യൂണിവേഴ്സിറ്റി ഓഫ് അഗ്രികൾച്ചർ ആന്റ് ടെക്നോളജി, ഭുവനേശ്വർ | ഡോ. എസ്.കെ. ത്രിപാഠി |
| **ഗുജറാത്ത്** | | |
| 1. | ജുനഗഡ് യൂണിവേഴ്സിറ്റി, ജുനഗഡ് | ഡോ. എസ്.ബി. വെക്കരിയ |
| **മഹാരാഷ്ട്ര** | | |
| 1. | ആർ.പി. ഗോഗേറ്റ് ആർട്ട്സ് & സയൻസ് കോളേജ്, രത്നഗിരി | ശ്രീ. സുരേന്ദ്ര താക്കൂർദേശായി |
| **ഗോവ** | | |
| 1. | ഐ.സി.എ.ആർ, ഗോവ | ഡോ. അരുണാചലം |

**വിവര ശേഖരണ ഫോറം**

തെങ്ങിൻ തോട്ടത്തിൽ നിന്നുമുള്ള വിളവിനെ സംബന്ധിച്ച വിവര ശേഖരണം വിജയകരമായി നടത്താൻ ബോർഡ് ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളുമായും ഗവേഷണ സ്ഥാപനങ്ങളുമായും സഹകരിച്ചു കൊണ്ടാണ് പ്രവർത്തിച്ചത്. ഓരോ സ്ഥാപനങ്ങളിൽ നിന്നും നിയോഗിക്കപ്പെട്ട പ്രധാന ചുമതലയു

ള്ള അധ്യാപകരും ഗവേഷകരുമാണ് വിവരശേഖരണത്തിന്റേയും സർവ്വേ മേൽനോട്ടത്തിന്റെയും, ഓൺലൈനായി വിവരങ്ങൾ അപ്‌ലോഡ് ചെയ്യുന്നതിന്റെയും, ലഭിച്ച വിവരങ്ങൾ ആധാരമാക്കി പ്രാഥമിക അപഗ്രഥനം നടത്തുന്നതിന്റെയും ചുമതല നിർവ്വഹിച്ചത്.

അടിസ്ഥാനതലത്തിൽ നിന്നും ശേഖരിക്കുന്ന വിവരങ്ങൾ രേഖപ്പെടുത്താൻ നാലുഭാഗങ്ങളായി തിരിച്ച ഒരു ഫോറം മാത്രമാണ് ഉപയോഗിച്ചത്. ആദ്യഭാഗം തിരഞ്ഞെടുത്ത തെങ്ങിൻതോപ്പിനെ സംബന്ധിച്ച പൊതുവായ വിവരങ്ങൾക്കുവേണ്ടിയും, രണ്ടാമത്തെഭാഗം കേരകർഷകന്റെ വ്യക്തിഗത വിവരങ്ങൾക്കുവേണ്ടിയും മൂന്നാം ഭാഗം തോട്ടത്തിലെ കായ്ഫലമുള്ള/ കായ്ഫലമില്ലാത്ത തെങ്ങുകളെ സംബന്ധിച്ച വിവരങ്ങൾ, കൃഷി സമ്പ്രദായം/ രീതി മുതലായ വിവരങ്ങൾക്കു വേണ്ടിയും അവസാന ഭാഗം തെങ്ങിൽ നിലവിലുള്ള മൂന്നു മാസം പ്രായം മുതൽ മുകളിലേക്കുള്ള എല്ലാ കുലകളിൽ നിന്നുമുള്ള നാളികേരത്തിന്റെ എണ്ണം രേഖപ്പെടുത്തുന്നതിനു വേണ്ടിയും പ്രത്യേകമായി തയ്യാറാക്കിയതായിരുന്നു.

**അടിസ്ഥാനതല വിവരാന്വേഷകർക്കും തെങ്ങിന്റെ ചങ്ങാതികൾക്കുമുള്ള പരിശീലനം**

സർവ്വെ തുടങ്ങുന്നതിനു മുമ്പ് അടിസ്ഥാനതലത്തിൽ പ്രവർത്തിക്കേണ്ട അന്വേഷകർക്ക്, റാൻഡമായി സാമ്പിൾ തിരഞ്ഞെടുക്കുന്നതിനും ഫോറം പൂരിപ്പിക്കുന്നതിനെ സംബന്ധിച്ചും തെങ്ങിന്റെ ചങ്ങാതികൾക്ക്, മൂന്നു മാസത്തിനു മുകളിൽ പ്രായമുള്ള കുലകൾ തിരിച്ചറിയുന്നതിനും അവസാന വിളവെടുപ്പിനു പാകമായതു വരെയുള്ള കുലകളിൽ നിന്നും നാളികേരം എണ്ണി തിട്ടപ്പെടുത്തുന്നത് സംബന്ധിച്ചും ഒരു ദിവസത്തെ പരിശീലന പരിപാടി സംഘടിപ്പിക്കുകയുണ്ടായി.

**മേൽനോട്ടം**

സർവ്വേയിൽ ലഭിക്കുന്ന വിവരങ്ങളുടെ വിശ്വാസ്വത ഉറപ്പാക്കുന്നതിനു വേണ്ടി സ്ഥാപനങ്ങളുടെ ഭാഗത്തു നിന്നും കൃത്യമായ മേൽനോട്ടമുണ്ടായിരുന്നു. നാളികേര ബോർഡിന്റെ വിവിധ ഓഫീസുകൾ തിരഞ്ഞെടുത്ത തോട്ടങ്ങൾ പരിശോധിച്ച് ലഭിച്ച വിവരങ്ങൾ ശരിയാണെന്ന് ഉറപ്പുവരുത്തുകയും ചെയ്തു.

**കാലാവധി**

നവംബർ 2015ന് തുടങ്ങിയ അടിസ്ഥാനതല വിവരശേഖരണം ജനുവരി 2016 വരെ മൂന്നു മാസക്കാലത്തേക്കായിരുന്നു. 2015 – 16ലെ ഇന്ത്യയിലെ നാളികേരോല്പാദനം എത്രമാത്രമുണ്ടാകുമെന്ന് നിർണ്ണയിക്കുക എന്നതായിരുന്നു സർവ്വെയുടെ പ്രധാന ഉദ്ദേശം. ഇതിനു വേണ്ടുന്ന അപഗ്രഥനം എല്ലാ സംസ്ഥാനങ്ങളിലും ജില്ലാതലത്തിലാണ് നടത്തിയത്. 2016 ജൂൺ മാസം വരെ വിളവെടുപ്പിന് സജ്ജമാകാവുന്ന നാളികേരം ആണ് ഉല്പാദനം നിർണ്ണയിക്കാനായി പരിഗണിച്ചത്. ഇതിനെ Extrapolate ചെയ്ത് ഓരോ തെങ്ങിന്റെയും വാർഷിക ഉല്പാദനം നിർണ്ണയിച്ചു. മൊത്തം വാർഷിക ഉല്പാദനത്തെ സാമ്പിളിലുള്ള കായ്ക്കുന്ന തെങ്ങുകളുടെ എണ്ണം കൊണ്ട് ഭാഗിക്കുമ്പോൾ ഒരു തെങ്ങിന്റെ ശരാശരി വാർഷിക ഉല്പാദനം ലഭിക്കുന്നു. ഈ സംഖ്യയെ കായ്ക്കുന്ന തെങ്ങുകളുടെ സാന്ദ്രത (Bearing Palm Density) കൊണ്ട് ഗുണിക്കുമ്പോൾ ഉല്പാദനക്ഷമതയും ലഭിക്കുന്നു. ഉല്പാദനക്ഷമതയും അതാതു ജില്ലയിലെ തെങ്ങുകൃഷിയുടെ വിസ്തീർണ്ണവും അടിസ്ഥാനമാക്കി 2015 – 16ലെ ജില്ലാതലത്തിലെ ഉല്പാദനം കണക്കാക്കുന്നു. ഈ ഫലങ്ങൾ സംസ്ഥാനതലത്തിൽ ക്രോഡീകരിച്ചാണ് അന്തിമമായി രാജ്യത്തെ ഉല്പാദനം തിട്ടപ്പെടുത്തിയത്.

**പ്രധാന നിരീക്ഷണങ്ങൾ**

തെങ്ങുകളുടെ വാർഷിക ഉല്പാദനവും, ഉല്പാദനക്ഷമതയും സംസ്ഥാനങ്ങൾക്കിടയിലും ഓരോ സംസ്ഥാനത്തേയും ജില്ലകൾക്കിടയിലും വിഭിന്നമായിരുന്നു. ഏറ്റവും ഉയർന്ന വാർഷിക ഉല്പാദനമായി ഒരു തെങ്ങിൽ നിന്ന് 119 നാളികേരം ലഭിക്കുന്നത് പശ്ചിമബംഗാളിലാണെങ്കിൽ ഏറ്റവും താഴ്ന്ന വാർഷിക ഉല്പാദനമായ 51 നാളികേരം ലഭിക്കുന്നത് ഗോവയിലാണ്. ബാക്കി സംസ്ഥാനങ്ങളിലെല്ലാം ഇത് 61 നാളികേരത്തിനും 83 നാളികേരത്തിനും ഇടയിലാണ്. ഉല്പാദനക്ഷമതയുടെ കാര്യത്തിൽ ഹെക്ടറിൽ 12,852 നാളികേരവുമായി പശ്ചിമബംഗാളാണ് മുൻപന്തിയിൽ. ഇക്കാര്യത്തിൽ ഏറ്റവും പുറകിൽ ഉള്ളത് ശരാശരി 5,504 നാളികേരം ഹെക്ടറിൽ നിന്നും ലഭിക്കുന്ന ഒഡീഷയാണ്. മറ്റു സംസ്ഥാനങ്ങളിൽ ശരാശരി ഉല്പാദനക്ഷമത 6,968 മുതൽ 11,537 നാളികേരം വരെയാണ്.

സർവ്വെ പ്രകാരം ലഭിച്ച വിവരങ്ങളുടെ അടിസ്ഥാനത്തിൽ ഇന്ത്യയിലെ 2015 –16 കാർഷിക വർഷത്തിലെ നാളികേരോല്പാദനം 2014–15 വർഷത്തേതിനേക്കാൾ 4.92 ശതമാനം കുറയും എന്നാണ് കണ്ടെത്തിയിരിക്കുന്നത്. ഇന്ത്യയിലെ നാളികേരോല്പാദനത്തിന്റെ 90 ശതമാനവും സംഭാവന ചെയ്യുന്നത് തെന്നിന്ത്യൻ സംസ്ഥാനങ്ങളായ കേരളം, കർണ്ണാടകം, തമിഴ്നാട്, ആന്ധ്രപ്രദേശ് എന്നിവിടങ്ങളിൽ നിന്നാണ്. ഈ സംസ്ഥാനങ്ങളിൽ കേരളത്തിൽ മാത്രമാണ് ഉല്പാദനം ഉയർന്നതായി കണ്ടത്. കേരളത്തിൽ 2015–16ലെ ഉല്പാദനം പോയ വർഷത്തേക്കാൾ 8.37 ശതമാനം വർദ്ധിക്കും എന്നാണ് സർവ്വേ ഫലങ്ങൾ സൂചിപ്പിക്കുന്നത്. തമിഴ്നാട്ടിൽ കഴിഞ്ഞ വർഷത്തെ അപേക്ഷിച്ച് ഉല്പാദനത്തിൽ കാര്യമായ വ്യതിയാനം കാണിക്കുന്നില്ല. പോയ വർഷത്തേക്കാൾ 1.06 ശതമാനത്തോളം ഉല്പാദനം കുറയും എന്നാണ് സൂചന. എന്നാൽ, കർണ്ണാടകത്തിലും, ആന്ധ്രപ്രദേശിലും സ്ഥിതി വ്യത്യസ്ഥമാണ്. ഗണ്യമായ കുറവാണ് ഈ രണ്ടു പ്രധാന സംസ്ഥാനങ്ങളിലും കാണാൻ കഴിയുന്നത്. കർണ്ണാടകത്തിൽ 21.90 ശതമാനവും ആന്ധ്രപ്രദേശിൽ 31.15 ശതമാനവും ഉല്പാദനക്കുറവ് ഉണ്ടാവുമെന്ന് ഫലങ്ങൾ സൂചിപ്പിക്കുന്നു. ഏറ്റവും കൂടുതൽ ഉല്പാദനക്കുറവ് രേഖപ്പെടുത്തിയത് ആന്ധ്രപ്രദേശിലാണ്. പൊതുവായി മഴയുടെ ലഭ്യതയിലുണ്ടായ കുറവും രോഗകീടബാധയുമാണ് ഉല്പാദനക്കുറവിന്റെ മുഖ്യഹേതുവായി കർഷകർ പറയുന്നത്. ആന്ധ്രപ്രദേശിലെ കുറവ് പ്രധാനമായും, 2013ൽ ഉണ്ടായ 'ഫിയാലിൻ', 2014ൽ ഉണ്ടായ 'ഹുഡ് – ഹുഡ്'എന്നീ ചുഴലിക്കൊടും കാറ്റുകളുടെ അനന്തരഫലം കൊണ്ടു കൂടിയാണ്. എന്നാൽ സംസ്ഥാനത്തെ ഉല്പാദനം പൂർവ്വസ്ഥിതിയിലേക്കു മടങ്ങുന്നതിന്റെ സൂചനകൾ കാണിക്കുന്നുണ്ട്. 2013 – 14ൽ നിന്നും 2014 – 15 വർഷത്തേക്കു കണക്കാക്കിയ ഉല്പാദനക്കുറവിന്റെ തോത് 54 ശതമാനം ആയിരുന്നുവെങ്കിൽ 2014 – 15 നെ അപേക്ഷിച്ച് 2015 – 16ൽ നിർണ്ണയിക്കപ്പെട്ടിട്ടുള്ള കുറവ് 31.15 ശതമാനം മാത്രമാണ്. ഒഡീഷയിലെ ഗഞ്ചം ജില്ലയിലും ഹുഡ് ഹുഡ് ചുഴലി നാശം വിതച്ചിരുന്നു. ഈ ജില്ലയിലും ഉല്പാദനം കുറവാണ്. സർവ്വേ നടത്തിയ ഇനിയുള്ള 5 സംസ്ഥാനങ്ങളിൽ ഒഡീഷയിൽ മാത്രമാണ് ഉല്പാദന കുറവ് കാണുവാൻ സാധിക്കുന്നത്. ഒഡീഷയിൽ പോയ വർഷത്തെ അപേക്ഷിച്ച് ഈ വർഷം രേഖപ്പെടുത്തിയ ഉല്പാദനക്കുറവ് 14.15 ശതമാനമാണെങ്കിൽ ഗോവ, ഗുജറാത്ത്, പശ്ചിമബംഗാൾ, മഹാരാഷ്ട്ര എന്നീ സംസ്ഥാനങ്ങളിൽ യഥാക്രമം 28.13 ശതമാനവും, 4.95 ശതമാനവും, 1.62 ശതമാനവും, 1.20 ശതമാനവും വർദ്ധനവാണ് കാണിക്കുന്നത്.

കേരളത്തിൽ കാസർഗോഡ്, മലപ്പുറം, കോട്ടയം, ഇടുക്കി എന്നീ ജില്ലകളിലൊഴികെ മറ്റെല്ലാ ജില്ലകളിലും ഉല്പാദനത്തിൽ വർദ്ധനവാണ് രേഖപ്പെടുത്തിയത്, 1386 ദശലക്ഷം

നാളികേരവുമായി കോഴിക്കോടാണ് ഉല്പാദനത്തിൽ മുമ്പിൽ. തൊട്ടു പിന്നിലുള്ള മലപ്പുറത്തിന്റെ സംഭാവന 890 ദശലക്ഷം നാളികേരമാണ്. സംസ്ഥാനത്തെ ഉല്പാദനക്ഷമത ഹെക്ടറിൽ 8,118 നാളികേരമാണ്.

തമിഴ്നാടിനെ സംബന്ധിച്ചിടത്തോളം കോയമ്പത്തൂർ, തേനി ജില്ലകളിൽ ഉല്പാദനം 50 ശതമാനത്തിനു മുകളിൽ വർദ്ധിച്ചപ്പോൾ കന്യാകുമാരി, ഡിൻഡിഗൽ, തിരുപ്പൂർ എന്നീ ജില്ലകളിൽ ശ്രദ്ധേയമായ കുറവും സൂചിപ്പിച്ചു. 13,863 ദശലക്ഷം നാളികേരവുമായി കോയമ്പത്തൂരാണ് ഉല്പാദനത്തിൽ മുൻപന്തിയിൽ നില്ക്കുന്ന ജില്ല. 165 ദശലക്ഷം നാളികേരം ലഭിക്കുന്ന തിരുനൽവേലിയിലാണ് ഏറ്റവും കുറവ് ഉല്പാദനം. സംസ്ഥാനത്തെ ഉല്പാദനക്ഷമത ഹെക്ടറിൽ 11537 നാളികേരമാണ്.

കർണ്ണാടകത്തിൽ ഈ വർഷം കഴിഞ്ഞ വർഷത്തെ അപേക്ഷിച്ച് 21.90 ശതമാനത്തിന്റെ ഉല്പാദനക്കുറവാണ് കണക്കാക്കപ്പെട്ടിരിക്കുന്നുത്. ഇന്ത്യയിലെ തന്നെ പ്രധാന നാളികേരോല്പാദക ജില്ലയായ തുമക്കുരുവിലും, മാണ്ഡ്യയിലും തീരദേശ ജില്ലകളായ ഉടുപ്പി, ദക്ഷിണകന്നഡ എന്നിവിടങ്ങളിലും ഉല്പാദനം കുറവാണ്. അതേ സമയം ചിത്രദുർഗ്ഗ ജില്ലയിൽ ഗണ്യമായ വർദ്ധനവും ദൃശ്യമാകുന്നുണ്ട്. ഉല്പാദനം കുറഞ്ഞെങ്കിലും തുമക്കുരു ജില്ല തന്നെയാണ് നാളികേരോല്പാദനത്തിൽ മുന്നിൽ. സർവ്വേ പ്രകാരം ജില്ലയിലെ ഉല്പാദനം 945 ദശലക്ഷം നാളികേരമാണ്. ഹെക്ടറിൽ 6968 നാളികേരമാണ് സംസ്ഥാനത്തെ ഉല്പാദനക്ഷമത

ആന്ധ്രപ്രദേശ് സംസ്ഥാനത്തെ സംബന്ധിച്ചിടത്തോളം പ്രധാന നാളികേരോല്പാദക ജില്ലകളായ കിഴക്കൻ ഗോദാവരി, പടിഞ്ഞാറൻ ഗോദാവരി, ശ്രീകാകുളം, വിശാഖപട്ടണം എന്നീ ജില്ലകളിലെല്ലാം തന്നെ ഉല്പാദനം പോയ വർഷത്തേക്കാൾ കുറവായിരുന്നു. സംസ്ഥാനത്തെ ഈ വർഷത്തെ ഉല്പാദനം കഴിഞ്ഞ വർഷത്തെ അപേക്ഷിച്ച് 31.15 ശതമാനം കുറവാണ് രേഖപ്പെടുത്തിയത്. 572 ദശലക്ഷം നാളികേരം ഉല്പാദിപ്പിക്കുന്ന കിഴക്കൻ ഗോദാവരി ജില്ലയാണ് ഉല്പാദനത്തിൽ മുൻപന്തിയിൽ. ആന്ധ്രപ്രദേശിലെ ഉല്പാദനക്ഷമത ഹെക്ടറിൽ 9514 നാളികേരമാണ്.

ഒഡീഷയിൽ നയാഗർ ജില്ലയിൽ മാത്രമാണ് ഉല്പാദനക്കൂടുതൽ രേഖപ്പെടുത്തിയത്. ഗഞ്ചം, കട്ടക്, പുരി എന്നീ പ്രധാന നാളികേര ഉൽപാദന ജില്ലകളിലെല്ലാം തന്നെ ഉല്പാദനത്തിൽ കുറവാണ് കണ്ടത്. സംസ്ഥാനത്ത് ഈ വർഷം പോയ വർഷത്തെ അപേക്ഷിച്ച് 14.15 ശതമാനം കുറവാണ് ഉല്പാദനത്തിൽ പ്രതീക്ഷിക്കുന്നത്. 64 ദശലക്ഷം നാളികേരത്തിന്റെ ഉല്പാദനത്തോടെ പുരി ജില്ലയാണ് സംസ്ഥാനത്ത് മുന്നിൽ. ശരാശരി 5504 നാളികേരമാണ് സംസ്ഥാനത്തെ ഒരു ഹെക്ടറിൽ നിന്നുള്ള ഉല്പാദനം.

പശ്ചിമബംഗാളിൽ കഴിഞ്ഞ വർഷത്തെ അപേക്ഷിച്ച് ഉല്പാദനം കൂടിയത് മിഡ്നാപൂർ, 24 പർഗാനാസ് തെക്ക്, 24 പർഗാനാസ് വടക്ക് എന്നീ ജില്ലകളിലാണ്. എന്നാൽ പ്രധാന ഉല്പാദക ജില്ലയായ മുർഷിദാബാദിൽ 15.63 ശതമാനം ഉല്പാദനക്കുറവാണ് രേഖപ്പെടുത്തിയത്. സംസ്ഥാനതലത്തിൽ 1.62 ശതമാനത്തിന്റെ വർദ്ധനവാണ് ഉല്പാദനത്തിൽ കാണിക്കുന്നത്. ഒരു ഹെക്ടറിൽ 12,852 നാളികേരമാണ് സംസ്ഥാനത്തെ ഉല്പാദനക്ഷമത.


മഹാരാഷ്ട്രയിൽ സിന്ധുദുർഗ്ഗ്, റായ്ഗഡ്, താനെ എന്നീ ജില്ലകളിൽ പോയ വർഷവുമായി താരതമ്യം ചെയ്യുമ്പോൾ ഉല്പാദനത്തിൽ വർദ്ധനവുണ്ടായി. എന്നാൽ രത്നഗിരി ജില്ലയിൽ ഉല്പാദനം 7.32 ശതമാനം കുറഞ്ഞു. സംസ്ഥാനത്തെ ഉല്പാദനം 1.20 ശതമാനം വർദ്ധനവാണ് സൂചിപ്പിക്കുന്നത്. ശരാശരി 8845 നാളികേരമാണ് മഹാരാഷ്ട്രയിൽ ഒരു ഹെക്ടറിൽ നിന്നുള്ള ഉല്പാദനം.

ഗുജറാത്തിൽ ഭാവ്നഗർ ജില്ലയിൽ തലേ വർഷത്തേക്കാൾ ഉല്പാദനം കൂടിയപ്പോൾ ജുനഗഡ് ജില്ലയിൽ കുറവാണ് കാണിക്കുന്നത്. സംസ്ഥാനത്തെ മൊത്തം ഉല്പാദനം 4.95 ശതമാനം വർദ്ധനവ് രേഖപ്പെടുത്തി. 129 ദശലക്ഷം നാളികേരവുമായി ജുനഗഡ് ജില്ലയാണ് ഉൽപാദനത്തിൽ മുന്നിൽ. സംസ്ഥാനത്ത് ഒരു ഹെക്ടറിലെ ശരാശരി ഉല്പാദനം 11025 നാളികേരമാണ്.


ഗോവയിൽ സർവ്വേ നടന്ന തെക്കൻ ഗോവയിലും വടക്കൻ ഗോവയിലും ഗണ്യമായ ഉല്പാദന വർദ്ധനവാണ് സൂചിപ്പിക്കുന്നത്. സംസ്ഥാനത്തെ ഉല്പാദനം കഴിഞ്ഞ വർഷത്തേക്കാൾ 28.15 ശതമാനം വർദ്ധിച്ചതായി കാണുന്നു. 97 ദശലക്ഷം നാളികേര ഉൽപാദിപ്പിക്കുന്ന തെക്കൻ ഗോവയാണ് സംസ്ഥാനത്ത് മുൻപന്തിയിലുള്ള ജില്ല. ഗോവയിലെ ഒരു ഹെക്ടറിലെ ശരാശരി ഉല്പാദനം 6375 നാളികേരമാണ്. (വിശദവിവരങ്ങൾക്ക് പട്ടിക 4,5,6 കാണുക)

General details on holding size/Yield per palm and palm density in the states covered

| Sl No | State | No: of Holdings | Avg Holding Size (Ha.) | Yield / Palm | Yield/ Ha | Palm Density | Bearing Palm Density |
|---|---|---|---|---|---|---|---|
| 1 | കേരളം | 1200 | 0.40 | 66 | 8118 | 144 | 123 |
| 2 | തമിഴ്നാട് | 1000 | 2.36 | 83 | 11537 | 147 | 139 |
| 3 | കർണാടക | 1000 | 1.39 | 67 | 6968 | 113 | 104 |
| 4 | ആന്ദ്ര പ്രദേശ് | 600 | 1.75 | 67 | 9514 | 146 | 142 |
| 5 | ഒഡീഷ | 250 | 0.51 | 64 | 5504 | 117 | 86 |
| 6 | പശ്ചിമ ബംഗാൾ | 150 | 0.22 | 119 | 12852 | 122 | 108 |
| 7 | മഹാരാഷ്ട്ര | 100 | 0.54 | 61 | 8845 | 145 | 105 |
| 8 | ഗുജറാത്ത് | 100 | 0.73 | 63 | 11025 | 201 | 175 |
| 9 | ഗോവ | 100 | 0.75 | 51 | 6375 | 136 | 120 |



Statewise estimated production for 2015-16 (Million nuts)





| Comparison of Production estimation as per survey and production reported by Dept. of Agri. And Cooperation for last three years | | | |
|---|---|---|---|
| Sl no | Year of Survey | All India Production –Million Nuts (Survey Result) | All India Production – Million Nuts (Department of Agriculture And Cooperation) |
| 1 | 2012-13 | 13757.65 | 22680.03 |
| 2 | 2013-14 | 20156.77 | 21665.00 |
| 3 | 2014-15 | 19503.12 | 20439.60 |
| 4 | 2015-16 | 19433.97* | NA |

*A decrease of 4.92% over 2014-15 is estimated in 2015-16 NA – Not Available

| Statewise Estimated coconut production for the year 2015-16 | | | | | | |
|---|---|---|---|---|---|---|
| Sl. No | State | Production Estimate for State (MIllion Nuts) (2015-16): Survey Result | Production Estimate for State (MIllion Nuts) (2014-15): Survey Result | DES / DOA/ DOH : State (Production in Million Nuts) | Increase/ Decrease (w.r.t survey 2014-15) | Increase/ Decrease (w.r.t DES) |
| 1 | കേരളം | 6445 | 4886 | 5947 | 31.90 | 8.37 |
| 2 | കർണാടക | 3070 | 4126 | 3931 | -25.61 | -21.90 |
| 3 | തമിഴ്നാട് | 4936 | 4850 | 4989 | 1.77 | -1.06 |
| 4 | ആന്ധ്ര പ്രദേശ് | 1008 | 781 | 1464 | 29.11 | -31.15 |
| 5 | ഒഡിഷ | 279 | 491 | 325 | -43.08 | -14.15 |
| 6 | പശ്ചിമ ബംഗാൾ | 377 | 442 | 371 | -14.80 | 1.62 |
| 7 | മഹാരാഷ്ട്ര | 169 | 187 | 167 | -9.62 | 1.20 |
| 8 | ഗുജറാത്ത് | 233 | 256 | 222 | -9.06 | 4.95 |
| 9 | ഗോവ | 164 | NA | 128 | NA | 28.13 |
| Total | | 16681 | | 17544 | | -4.92 |

*97% of area under coconut and production in India is from the nine states covered*

Comparison of survey results 2015-2016 with DES/DoA/DOH data




**ഉപസംഹാരം**

ഇന്ത്യയിൽ നാളികേര ഉല്പാദനത്തിൽ മുന്നിൽ നിൽക്കുന്ന 9 സംസ്ഥാനങ്ങളിൽ നടത്തിയ സർവ്വേയുടെ ഫലങ്ങൾ സൂചിപ്പിക്കുന്നത് 2015 – 16 കാർഷികവർഷത്തിൽ പോയ വർഷത്തെ അപേക്ഷിച്ച് 4.92 ശതമാനം ഉല്പാദനത്തിൽ കുറവുണ്ടാകുമെന്നാണ്.

ഭൂരിഭാഗം തോപ്പുകളിലും മഴയെ ആശ്രയിച്ചാണ് കൃഷി എന്നതുകൊണ്ടു തന്നെ, മഴയുടെ അപര്യാപ്തതയും രോഗകീടബാധകളുമാണ് ഉല്പാദനത്തിൽ കുറവുകാണുന്നതിനുള്ള മുഖ്യഹേതുവായി പറയുന്നത്. ജലസേചന സൗകര്യം ലഭ്യമായ നല്ല നിലയിൽ പരിപാലിക്കുന്ന തോട്ടങ്ങളിൽ ഉല്പാദനത്തിൽ വർദ്ധനവ് കാണുന്നതും ശ്രദ്ധേയമാണ്.

ഈ വർഷത്തെ ഉല്പാദനം മുൻകൂട്ടി നിർണ്ണയിക്കാൻ നടത്തിയ സർവ്വേയിലെ ഫലങ്ങൾ കേരകർഷകർ ശ്രദ്ധിക്കേണ്ടതുണ്ട്. 2012 – 13 മുതൽ തന്നെ പ്രധാന ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങളിലെല്ലാം കൂടി ഉല്പാദനത്തിൽ ക്രമമായി കുറവാണ് കാണുന്നത്. ഇതിനു പുറമെ നാളികേരം മൂല്യവർദ്ധനവിനായി വൻതോതിൽ ഉപയോഗിക്കുന്നതും, നാളികേരോല്പന്നങ്ങളുടെ ഇന്ത്യയിൽ നിന്നുമുള്ള കയറ്റുമതി ക്രമമായി വർദ്ധിക്കുന്നതും നാളികേരത്തിന്റെ വിപണിയിലേക്കുള്ള വരവ് കുറക്കുന്ന വസ്തുതകളാണ്. കൂടാതെ, കരിക്കിന്റെ ഉപയോഗത്തിൽ വൻ വർദ്ധനവാണ് സമീപകാലത്ത് ഉണ്ടായിട്ടുള്ളത്. ഇതിന്റെയെല്ലാം പരിണിത ഫലമായി വിപണിയിലേക്കുള്ള നാളികേരത്തിന്റെ വരവ് കുറയും.

കേരകർഷക കൂട്ടായ്മകൾ സ്ഥിരവും, ഉചിതവും, ന്യായവുമായ വില തങ്ങളുടെ ഉല്പന്നങ്ങൾക്ക് ഉറപ്പാക്കുവാൻ ഈ വിവരങ്ങളുടെ അടിസ്ഥാനത്തിൽ പദ്ധതികൾ ആസൂത്രണം ചെയ്ത് പ്രവർത്തിക്കണം. വിളവെടുപ്പ്, സംസ്കരണം, വിപണനം എന്നീ മേഖലകളിലെല്ലാം തന്നെ ഈ ആസൂത്രണം ആവശ്യമാണ്. കൂടാതെ കരിക്കിന്റെ വിളവെടുപ്പ് വർദ്ധിപ്പിച്ച്, ഇപ്പോൾ കരിക്കിന് നിലവിലുള്ള വൻ ആവശ്യകത മുതലാക്കാനും അതുവഴി ഉല്പന്നത്തിന് കൂടുതൽ വില ലഭിക്കാനും ഉള്ള സാഹചര്യം ഉണ്ടാക്കണം. ഉല്പന്നത്തിന്റെ വരവ് കൂടുന്നതുകൊണ്ട് മാത്രം വില കുറയുന്നു എന്ന പ്രചാരണം തെറ്റിദ്ധാരണാജനകമാണ്. തെങ്ങിൻ തോട്ടങ്ങളെ ശാസ്ത്രീയമായി നല്ല നിലയിൽ പരിപാലിച്ച് ഇടവിള കൃഷികൾ നടത്തി ഉൽപാദന ക്ഷമത വർദ്ധിപ്പിക്കുന്നതിൽ കർഷകർ ശ്രദ്ധയൂന്നണം. ഉൽപാദനത്തിൽ മുന്നിലെത്താൻ ഇത് കൂടിയേ കഴിയൂ. കേരളത്തിലെ ഉൽപാദന ക്ഷമത തമിഴ്നാട്ടിലേതിനേക്കാൾ പകുതിയോളം മാത്രമേയുള്ളൂ എന്ന വസ്തുത പ്രാധാന്യത്തോടെ തന്നെ കാണണം.

# നാളികേര വികസന ബോർഡ്

കൊച്ചി – 682 011

**നീര ടെക്നീഷ്യൻ പരിശീലന പരിപാടിയിൽ പങ്കെടുക്കുന്നതിനുള്ള അപേക്ഷ ഫാറം**

ഫോട്ടോ

1. അപേക്ഷകന്റെ പേര് : ..........................................................................................................
2. മേൽവിലാസം : ..........................................................................................................

..........................................................................................പിൻകോഡ് ..........................................

3. ഫോൺ നമ്പർ ...................................................... ..........................................................................
4. പഞ്ചായത്ത് ............................................ താലൂക്ക് ........................................................ജില്ല ............................................
5. വയസ്സ്, ജനന തീയതി : ..........................................................................................സ്ത്രീ/പുരുഷൻ.......................
6. വിദ്യാഭ്യാസയോഗ്യത : ..........................................................................................................................
7. അച്ഛന്റെ/ഭർത്താവിന്റെ പേര്.................................................................................................................
8. ഇലക്ഷൻ ഐഡി/ആധാർ കാർഡ് നമ്പർ : ........................................................................................
9. മതം (ഹിന്ദു/ക്രിസ്ത്യൻ/മുസ്ലീം/മറ്റുള്ള മതങ്ങൾ) ..........................................................................................
10. ജാതി (പട്ടിക ജാതി/പട്ടിക വർഗ്ഗം/മറ്റു പിന്നോക്ക ജാതികൾ/പൊതു വിഭാഗം)..................................................................
11. അപേക്ഷകൻ നിലവിൽ ഏർപ്പെട്ടിരിക്കുന്ന തൊഴിൽ : ............................................ പ്രതിമാസ വരുമാനം.......................

## അപേക്ഷകന്റെ കുടുംബത്തെ സംബന്ധിച്ച വിവരങ്ങൾ

| ക്രമ നമ്പർ | അപേക്ഷകനുമായുള്ള ബന്ധം | പ്രായം | സ്ത്രീ/ പുരുഷൻ | തൊഴിൽ | പ്രതിമാസ വരുമാനം |
|---|---|---|---|---|---|
| | | | | | |
| | | | | | |
| | | | | | |
| | | | | | |
| | | | | | |
| | | | | | |

### സത്യവാങ്മൂലം

മേൽ പറഞ്ഞിരിക്കുന്ന വസ്തുതകൾ എന്റെ അറിവിലും വിശ്വാസത്തിലും സത്യമാണെന്നും, ഞാൻ പൂർണ്ണ ആരോഗ്യവാനാണെന്നും ഈ പരിശീലന പരിപാടിയിലെ എല്ലാ ക്ലാസുകളിലും ഞാൻ പങ്കെടുത്തുകൊള്ളാമെന്നും, പരിശീലകർ നൽകുന്ന നിർദ്ദേശങ്ങൾ അനുസരിച്ചുകൊള്ളാമെന്നും ഞാൻ ഉറപ്പ് നൽകുന്നു. പരിശീലനം വിജയകരമായി പൂർത്തീകരിച്ചില്ലെങ്കിൽ നീര ടെക്നീഷ്യൻ ജോലിക്ക് അർഹത ഉണ്ടായിരിക്കില്ലെന്ന കാര്യം എനിക്ക് അറിവുള്ളതാണ്.

സ്ഥലം :

തീയതി : അപേക്ഷകന്റെ പേരും, ഒപ്പും

..........................................................................................................................................

**അപേക്ഷയോടൊപ്പം നൽകേണ്ട രേഖകൾ**

■ പാസ്സ്പോർട്ട് സൈസ് ഫോട്ടോ – 3 എണ്ണം, ■ മേൽവിലാസം തെളിയിക്കാനുള്ള രേഖ,
■ പ്രായം തെളിയിക്കാനുള്ള രേഖകൾ, ■ മതം/ജാതി തെളിയിക്കാനുള്ള രേഖ ■ വരുമാനം തെളിയിക്കാനുള്ള രേഖ

# നാളികേര ഉത്പന്ന കയറ്റുമതി വർദ്ധനവ് നിലനിർത്തുന്നു

● കെ.എസ്. സെബാസ്റ്റ്യൻ
അസിസ്റ്റന്റ് ഡയറക്ടർ (എക്സ്പോർട്ട് പ്രൊമോഷൻ), നാളികേര വികസനബോർഡ്, കൊച്ചി-11

2015-16 സാമ്പത്തിക വർഷത്തിന്റെ ആദ്യ പത്തു മാസം ഇന്ത്യയിൽ നിന്നുമുള്ള പല ഉൽപ്പന്നങ്ങളുടെയും കയറ്റുമതിയിൽ മാന്ദ്യം രേഖപ്പെടുത്തിയപ്പോഴും നാളികേര ഉൽപന്ന കയറ്റുമതിയിൽ വർദ്ധനവ് തുടരുന്നു. നാളികേര ഉത്പന്ന കയറ്റുമതി മൂല്യം 1,188 കോടി രൂപയിലെത്തി. മുൻ വർഷം ഇതേ കാലയളവിലുണ്ടായ (2014 ഏപ്രിൽ മുതൽ 2015 ജനുവരി വരെ) കയറ്റുമതിയേക്കാൾ 8.7% ശതമാനം വർദ്ധനവാണ് രേഖപ്പെടുത്തിയിരിക്കുന്നത്. ഉത്തേജിത കാർബൺ, വെളിച്ചെണ്ണ, വെർജിൻ കോക്കനട്ട് ഓയിൽ, കൊട്ടത്തേങ്ങ എന്നീ ഉത്പന്നങ്ങളുടെ കയറ്റുമതിയിൽ വർദ്ധനവുണ്ടായതായി കാണുന്നു. ഇന്ത്യയിൽ നിന്നും കയറ്റുമതി ചെയ്യുന്ന പ്രധാനപ്പെട്ട നാളികേര ഉത്പന്നങ്ങളുടെ 2015 ഏപ്രിൽ മുതൽ 2016 ജനുവരി വരെയുള്ള കയറ്റുമതി വിവരങ്ങൾ പട്ടിക-1 ൽ നൽകിയിരിക്കുന്നു.

പട്ടിക -1: ഏപ്രിൽ 2015 മുതൽ ജനുവരി 2016 വരെയുള്ള നാളികേര ഉത്പന്ന കയറ്റുമതി

| ക്രമ നമ്പർ | ഉത്പന്നം | ജനുവരി 2016 | | ഏപ്രിൽ 2015 മുതൽ ജനുവരി 2016 വരെ | |
|---|---|---|---|---|---|
| | | അളവ് (മെട്രിക് ടൺ) | മൂല്യം (ലക്ഷം രൂപയിൽ) | അളവ് (മെട്രിക് ടൺ) | മൂല്യം (ലക്ഷം രൂപയിൽ) |
| 1 | ഉത്തേജിത കരി | 4507.81 | 4630.23 | 51644.61 | 53177.67 |
| 2 | കോക്കനട്ട് ഫാറ്റി ആസിഡ് സോപ്പുകൾ | | 216.26 | | 2513.27 |
| 3 | ഹെയർ ക്രീം | | 109.91 | | 886.54 |
| 4 | വെളിച്ചെണ്ണ | 731.62 | 1297.04 | 6575.98 | 14138.61 |
| 5 | കരിക്കിൻ/ തേങ്ങവെള്ളം | | 70.22 | | 600.14 |
| 6 | കൊപ്ര | 654.36 | 460.62 | 3581.58 | 3043.67 |
| 7 | തൂൾ തേങ്ങ | 319.05 | 386.66 | 2175.96 | 3072.15 |
| 8 | കൊട്ട തേങ്ങ | 1563.66 | 1198.31 | 15499.14 | 15566.91 |
| 9 | പച്ച തേങ്ങ | 4005.54 | 1592.57 | 31191.73 | 12180.90 |
| 10 | ചിരകിയ തേങ്ങയുടെ കാമ്പ് | 199.71 | 309.89 | 1779.11 | 3207.24 |
| 11 | ബേർഡ് ഫീഡർ, ഐസ്ക്രീം കപ്പ് | 112.31 | 72.98 | 1346.84 | 723.24 |
| 12 | ചിരട്ടക്കരി | 101.95 | 31.27 | 7383.51 | 2441.93 |
| 13 | വെർജിൻ വെളിച്ചെണ്ണ | 49.48 | 165.95 | 767.94 | 2465.90 |
| 14 | മറ്റു നാളികേര ഉത്പന്നങ്ങൾ | | 479.21 | | 4808.98 |
| | **ആകെ** | | **11021.12** | | **118827.17** |




### ഉത്തേജിത കാർബൺ

ഈ സാമ്പത്തിക വർഷം ഏപ്രിൽ മുതൽ ജനുവരി വരെയുള്ള കാലയളവിൽ ഇന്ത്യയിൽ നിന്നും 51,645 മെട്രിക് ടൺ ഉത്തേജിത കാർബൺ കയറ്റുമതി ചെയ്യുകയുണ്ടായി. ഇന്ത്യയിൽ നിന്നും ഈ കാലയളവിൽ കൂടുതൽ ഉത്തേജിത കാർബൺ ഇറക്കുമതി ചെയ്തിരിക്കുന്നത് അമേരിക്കയാണ്. രണ്ടാം സ്ഥാനത്ത്, നിൽക്കുന്നത് ബ്രിട്ടൺ ആണ്. ഇന്ത്യയിൽ നിന്നും ഉത്തേജിത കാർബൺ ഇറക്കുമതി ചെയ്തിരിക്കുന്ന പ്രധാന രാജ്യങ്ങൾ താഴെ പട്ടിക -2ൽ കൊടുത്തിരിക്കുന്നു.

പട്ടിക 2 – ഇന്ത്യയിൽ നിന്നും വിവിധ രാജ്യങ്ങളിലേക്കായി ഏപ്രിൽ 2015 മുതൽ ജനുവരി 2016 വരെയുള്ള ഉത്തേജിത കാർബൺ കയറ്റുമതി

| ക്രമ നമ്പർ | രാജ്യം | അളവ് (മെ. ടണ്ണിൽ) | മൂല്യം (ലക്ഷം രൂപയിൽ) |
|---|---|---|---|
| 1. | അമേരിക്ക | 14567.03 | 15093.55 |
| 2. | ബ്രിട്ടൺ | 5164.42 | 5558.94 |
| 3. | നെതർലാൻസ് | 3134.00 | 3210.17 |
| 4. | ജർമ്മനി | 3038.70 | 3326.81 |
| 5. | സൗത്ത് കൊറിയ | 2398.15 | 2832.32 |
| 6. | ശ്രീലങ്ക | 3704.62 | 2737.65 |
| 7. | റഷ്യ | 1824.80 | 1952.21 |
| 8. | ബെൽജിയം | 1662.99 | 1659.98 |
| 9. | എസ്റ്റോണിയ | 1078.00 | 1108.42 |
| 10. | ഇറ്റലി | 1440.60 | 1245.30 |
| 11. | ജപ്പാൻ | 956.10 | 942.98 |
| 12. | ഫ്രാൻസ് | 782.40 | 1062.53 |
| 13. | ചൈന | 579.14 | 749.07 |
| 14. | കാനഡ | 559.05 | 591.68 |
| 15. | സൗത്ത് ആഫ്രിക്ക | 951.20 | 1023.41 |
| 16. | തായ്‌വാൻ | 469.68 | 546.65 |
| 17. | ഫിലിപ്പീൻസ് | 429.69 | 512.98 |
| 18. | ഫിൻലാന്റ് | 310.35 | 321.68 |
| 19. | തുർക്കി | 344.30 | 317.58 |
| 20. | മറ്റു രാജ്യങ്ങൾ | 8249.40 | 8383.77 |
| | ആകെ | 51644.61 | 53177.67 |





## വെർജിൻ കോക്കനട്ട് ഓയിൽ

2015 ഏപ്രിൽ മുതൽ ജനുവരി 2016 വരെയുള്ള കാലയളവിൽ ഇന്ത്യയിൽ നിന്നും 767 മെട്രിക് ടൺ വെർജിൻ കോക്കനട്ട് ഓയിൽ കയറ്റുമതി ചെയ്യുകയുണ്ടായി. ഈ കാലയളവിൽ അമേരിക്ക മാത്രം 530 മെട്രിക് ടൺ വെർജിൻ കോക്കനട്ട് ഓയിലാണ് ഇന്ത്യയിൽ നിന്നും ഇറക്കുമതി ചെയ്തത്. വിവിധ രാജ്യങ്ങളിലേക്ക് ഉണ്ടായ കയറ്റുമതി സംബന്ധമായ വിവരങ്ങൾ പട്ടിക – 3 ൽ നൽകിയിരിക്കുന്നു. കഴിഞ്ഞ വർഷം ഇതേ കാലയളവിൽ രേഖപ്പെടുത്തിയ കയറ്റുമതി 505 മെട്രിക് ടൺ ആയിരുന്നു.

പട്ടിക 3 ഇന്ത്യയിൽ നിന്നും വിവിധ രാജ്യങ്ങളിലേക്ക് ഏപ്രിൽ 2015 മുതൽ ജനുവരി 2016 വരെയുള്ള വെർജിൻ കോക്കനട്ട് കയറ്റുമതി

| ക്രമ നമ്പർ | രാജ്യം | അളവ് (മെ. ടണ്ണിൽ) | മൂല്യം (ലക്ഷം രൂപയിൽ) |
|---|---|---|---|
| 1. | അമേരിക്ക | 529.87 | 1605.38 |
| 2. | ജപ്പാൻ | 49.87 | 117.73 |
| 3. | ബ്രിട്ടൻ | 19.11 | 59.32 |
| 4. | മറ്റു രാജ്യങ്ങൾ | 169.09 | 683.47 |
| | ആകെ | 767.94 | 2465.90 |







## കൊട്ടത്തേങ്ങ

ഏപ്രിൽ 2015 മുതൽ ജനുവരി 2016 വരെയുള്ള കാലയളവിൽ 15,499 മെട്രിക് ടൺ കൊട്ടത്തേങ്ങ ഇന്ത്യയിൽ നിന്നും കയറ്റുമതി ചെയ്യുകയുണ്ടായി. ഇതിൽ 14,737 മെട്രിക് ടൺ പാക്കിസ്ഥാനിലേക്കായിരുന്നു. വിവിധ രാജ്യങ്ങളിലേക്ക് ഈ കാലയളവിൽ ഉണ്ടായ കയറ്റുമതിയുടെ വിവരങ്ങൾ പട്ടിക-4ൽ കൊടുത്തിരിക്കുന്നു.

പട്ടിക -4 ഇന്ത്യയിൽ നിന്നും വിവിധ രാജ്യങ്ങളിലേക്ക് ഏപ്രിൽ 2015 മുതൽ ജനുവരി 2016 വരെയുള്ള കൊട്ടത്തേങ്ങ കയറ്റുമതി

| ക്രമ നമ്പർ | രാജ്യം | അളവ് (മെ. ടണ്ണിൽ) | മൂല്യം (ലക്ഷം രൂപയിൽ) |
|---|---|---|---|
| 1. | പാക്കിസ്ഥാൻ | 14736.90 | 14611.35 |
| 2. | ബംഗ്ലാദേശ് | 225.00 | 188.98 |
| 3. | ഇറാൻ | 200.00 | 218.69 |
| 4. | ഹോങ്കോങ് | 72.96 | 153.00 |
| 5. | മറ്റു രാജ്യങ്ങൾ | 264.28 | 394.89 |
| | | 15499.14 | 15566.91 |





## വെളിച്ചെണ്ണ

2015 – 16 സാമ്പത്തിക വർഷത്തിലെ ആദ്യ പത്തു മാസക്കാലയളവിൽ ഇന്ത്യയിൽ നിന്നുള്ള വെളിച്ചെണ്ണ കയറ്റുമതി 6576 മെട്രിക് ടണ്ണിലെത്തി. മുൻ വർഷം ഇതേ കാലയളവിലെ വെളിച്ചെണ്ണ കയറ്റുമതി 5405 മെട്രിക് ടണ്ണായിരുന്നു. യു. എ. ഇ യിലേക്ക് മാത്രമായി ഈ കാലയളവിൽ 1613 മെട്രിക് ടൺ വെളിച്ചെണ്ണ കയറ്റുമതി ചെയ്യുകയുണ്ടായി.

യുഎഇ, മ്യാൻമർ, സൗദി അറേബ്യ, അമേരിക്ക, ഖത്തർ, ഒമാൻ, കുവൈറ്റ്, സിംഗപ്പൂർ, മലേഷ്യ, പാക്കിസ്ഥാൻ, ബഹ്റിൻ, നേപ്പാൾ, ഓസ്ട്രേലിയ മുതലായ രാജ്യങ്ങളിലേക്കാണ് വെളിച്ചെണ്ണ പ്രധാനമായും കയറ്റുമതി ചെയ്യുന്നത്.

പട്ടിക 5: ഇന്ത്യയിൽ നിന്നും വിവിധ രാജ്യങ്ങളിലേക്ക് ഏപ്രിൽ 2015 മുതൽ ജനുവരി 2016 വരെയുള്ള വെളിച്ചെണ്ണ കയറ്റുമതി

| ക്രമ നമ്പർ | രാജ്യം | അളവ് (മെ. ടണ്ണിൽ) | മൂല്യം (ലക്ഷം രൂപയിൽ) |
|---|---|---|---|
| 1. | യു. എ. ഇ | 1612.53 | 3197.33 |
| 2. | മ്യാൻമാർ | 831.31 | 1866.05 |
| 3. | സൗദി അറേബ്യ | 655.75 | 1365.63 |
| 4. | അമേരിക്ക | 653.45 | 1568.04 |
| 5. | ഖത്തർ | 353.26 | 734.76 |
| 6. | ഒമാൻ | 347.91 | 710.69 |
| 7. | കുവൈറ്റ് | 234.05 | 490.43 |
| 8. | സിംഗപ്പൂർ | 187.27 | 466.62 |
| 9. | മലേഷ്യ | 183.69 | 436.58 |
| 10. | പാക്കിസ്ഥാൻ | 171.01 | 303.18 |
| 11. | ബഹ്റിൻ | 159.79 | 323.76 |
| 12. | നേപ്പാൾ | 135.68 | 237.07 |
| 13. | ആസ്ട്രേലിയ | 109.89 | 273.39 |
| 14. | ബ്രിട്ടൺ | 77.46 | 187.08 |
| 15. | ജപ്പാൻ | 76.38 | 167.64 |
| 16. | കാനഡ | 68.15 | 120.82 |
| 17. | ഫ്രാൻസ് | 61.07 | 127.98 |
| 18. | റഷ്യ | 58.69 | 104.05 |
| 19. | മറ്റു രാജ്യങ്ങൾ | 598.64 | 1457.51 |
| | **ആകെ** | **6575.98** | **14138.61** |





## പച്ചത്തേങ്ങ

ഈ സാമ്പത്തിക വർഷം ഏപ്രിൽ 2015 മുതൽ ജനുവരി 2016 വരെയുള്ള കാലയളവിൽ പച്ചത്തേങ്ങ (തൊണ്ട് ഉരിഞ്ഞത്) കയറ്റുമതി 31,192 മെട്രിക് ടണ്ണായി രേഖപ്പെടുത്തി. നിലവിൽ പച്ചത്തേങ്ങ ഏറ്റവും അധികം കയറ്റുമതി ചെയ്യുന്നത് യു. എ. ഇ ലേക്കാണ്. യുഎഇ ലേയ്ക്ക് മാത്രമായി ഈ കാലയളവിൽ 17,796 മെട്രിക് ടൺ പച്ചത്തേങ്ങ കയറ്റുമതി ചെയ്യുകയുണ്ടായി.വിവിധ രാജ്യങ്ങളിലേക്ക് ഈ കാലയളിൽ കയറ്റുമതി ചെയ്ത പച്ചത്തേങ്ങയുടെ വിവരങ്ങൾ പട്ടിക 6ൽ കൊടുത്തിരിക്കുന്നു.

പട്ടിക 6: ഇന്ത്യയിൽ നിന്നും വിവിധ രാജ്യങ്ങളിലേക്ക് ഏപ്രിൽ 2015 മുതൽ ജനുവരി 2016 വരെയുള്ള പച്ചത്തേങ്ങ കയറ്റുമതി

| ക്രമ നമ്പർ | രാജ്യം | അളവ് (മെ. ടണ്ണിൽ) | മൂല്യം (ലക്ഷം രൂപയിൽ) |
|---|---|---|---|
| 1. | യു. എ. ഇ | 17796.15 | 7367.62 |
| 2. | ബ്രിട്ടൺ | 3279.66 | 1432.07 |
| 3. | ഇറാൻ | 3121.97 | 1111.29 |
| 4. | ബഹറിൻ | 1401.39 | 458.67 |
| 5. | കുവൈറ്റ് | 896.48 | 421.98 |
| 6. | മൗറീഷ്യസ് | 861.39 | 298.42 |
| 5. | ഖത്തർ | 632.57 | 312.21 |
| 6. | സൗദി അറേബ്യ | 483.73 | 178.05 |
| 7. | മറ്റു രാജ്യങ്ങൾ | 2718.39 | 600.59 |
| | ആകെ | 31191.73 | 12180.90 |




## നാളികേര ഉൽപ്പന്ന ഇറക്കുമതി

2015-16 സാമ്പത്തിക വർഷത്തിന്റെ ആദ്യ പത്ത് മാസ കാലയളവിൽ 300 കോടി രൂപയുടെ നാളികേര ഉൽപ്പന്നങ്ങൾ ഇന്ത്യയിലേക്ക് ഇറക്കുമതി ചെയ്യുകയുണ്ടായി. പിണ്ണാക്ക്, ചിരട്ടക്കരി, കോക്കനട്ട്ഫാറ്റി ആസിഡ്, വെളിച്ചെണ്ണ, ചിരട്ടക്കരി എന്നീ ഉത്പന്നങ്ങളാണ് പ്രധാനമായും ഇറക്കുമതി ചെയ്യുന്ന നാളികേര ഉത്പന്നങ്ങൾ. ഏപ്രിൽ 2015 മുതൽ ജനുവരി 2016 വരെ ഇന്ത്യയിലേക്ക് ഇറക്കുമതി ചെയ്ത നാളികേര ഉത്പന്നങ്ങളെ സംബന്ധിച്ച വിവരങ്ങൾ പട്ടിക 7 ൽ കൊടുത്തിരിക്കുന്നു.

പട്ടിക 7: 2015 ഏപ്രിൽ മുതൽ ജനുവരി 2016 വരെയുള്ള നാളികേര ഉത്പന്ന ഇറക്കുമതി

| ക്രമ നമ്പർ | ഉത്പന്നങ്ങൾ | ജനുവരി 2016 | | ഏപ്രിൽ 2015 – ജനുവരി 2016 | |
|---|---|---|---|---|---|
| | | അളവ് (മെട്രിക് ടൺ) | മൂല്യം (ലക്ഷം രൂപയിൽ) | അളവ് (മെട്രിക് ടൺ) | മൂല്യം (ലക്ഷം രൂപയിൽ) |
| 1 | കോക്കനട്ട് ഫാറ്റി ആസിഡ് | 644.66 | 463.88 | 6821.93 | 5264.51 |
| 2 | വെളിച്ചെണ്ണ | 0.00 | 0.00 | 4689.12 | 3840.16 |
| 3 | പിണ്ണാക്ക് | 6475.32 | 970.47 | 94135.99 | 14568.96 |
| 4 | ചിരട്ടക്കരി | 0.00 | 0.00 | 11605.59 | 3679.51 |
| 5 | നാളികേര ക്രീം/ പാൽ | | 219.09 | | 1382.47 |
| 6 | കൊപ്ര | 0.00 | 0.00 | 291.25 | 208.45 |
| 7 | മറ്റു നാളികേര ഉത്പന്നങ്ങൾ | | 86.87 | | 1058.49 |
| | **ആകെ** | | **1740.31** | | **30002.56** |


## കോക്കനട്ട് ഫാറ്റി ആസിഡ്

ഏപ്രിൽ 2015 മുതൽ ജനുവരി 2016 വരെയുള്ള കാലയളവിൽ 6822 മെട്രിക് ടൺ കോക്കനട്ട് ഫാറ്റി ആസിഡ് ഇന്ത്യ ഇറക്കുമതി ചെയ്തു. ഇതിൽ 6224 മെട്രിക് ടണ്ണും, മലേഷ്യയിൽ നിന്നാണ്.

വിവിധ രാജ്യങ്ങളിൽ നിന്നുമുള്ള കോക്കനട്ട് ഫാറ്റി ആസിഡ് ഇറക്കുമതി വിവരങ്ങൾ പട്ടിക 8ൽ കൊടുത്തിരിക്കുന്നു.

പട്ടിക 8: ഏപ്രിൽ 2015 മുതൽ ജനുവരി 2016 വരെയുള്ള കോക്കനട്ട് ഫാറ്റി ആസിഡ് ഇറക്കുമതി വിവരങ്ങൾ

| ക്രമ നമ്പർ | രാജ്യം | അളവ് (മെ. ടണ്ണിൽ) | മൂല്യം (ലക്ഷം രൂപയിൽ) |
|---|---|---|---|
| 1 | മലേഷ്യ | 6223.84 | 4775.47 |
| 2 | ഇന്തോനേഷ്യ | 382.81 | 326.42 |
| 3 | മറ്റു രാജ്യങ്ങൾ | 215.28 | 162.62 |
| | ആകെ | 6821.93 | 5264.51 |




## തേങ്ങാപ്പിണ്ണാക്ക്



ഇന്ത്യയിലേക്ക് ഇറക്കുമതി ചെയ്യുന്ന നാളികേര ഉൽപ്പന്നങ്ങളിൽ അളവിലും മൂല്യത്തിലും ഒന്നാം സ്ഥാനത്തുള്ളത് തേങ്ങാപ്പിണ്ണാക്കാണ്. ഈ സാമ്പത്തിക വർഷത്തിൽ ആദ്യ പത്തു മാസത്തെ ഇറക്കുമതി 94,136 മെട്രിക് ടൺ ആണ്. തേങ്ങാപ്പിണ്ണാക്ക് ഇറക്കുമതി ചെയ്യുന്ന പ്രധാന രാജ്യങ്ങളുടെ വിവരങ്ങൾ പട്ടിക 9 ൽ കൊടുത്തിരിക്കുന്നു.

പട്ടിക 9: ഏപ്രിൽ 2015 മുതൽ ജനുവരി 2016 വരെ ഇന്ത്യയിലേക്ക് ഇറക്കുമതി ചെയ്തിരിക്കുന്ന തേങ്ങാപ്പിണ്ണാക്കിന്റെ വിവരങ്ങൾ

| ക്രമ നമ്പർ | രാജ്യം | അളവ് (മെ. ടണ്ണിൽ) | മൂല്യം (ലക്ഷം രൂപയിൽ) |
|---|---|---|---|
| 1 | ഇന്തോനേഷ്യ | 65865.89 | 10262.84 |
| 2 | ഫിലിപ്പീൻസ് | 18226.81 | 2739.52 |
| 3 | ശ്രീലങ്ക | 8878.66 | 1402.18 |
| 4 | മറ്റു രാജ്യങ്ങൾ | 1164.64 | 164.43 |
| | ആകെ | 94135.99 | 14568.96 |





## വെളിച്ചെണ്ണ



ഏപ്രിൽ 2015 മുതൽ ജനുവരി 2016 വരെ 4689 മെട്രിക് ടൺ വെളിച്ചെണ്ണ ഇന്ത്യയിലേക്ക് ഇറക്കുമതി ചെയ്യുകയുണ്ടായി. ഇന്തോനേഷ്യയിൽ നിന്നുമാണ് പ്രധാനമായും (4396 മെട്രിക് ടൺ) വെളിച്ചെണ്ണയുടെ ഇറക്കുമതി നടത്തിയിരിക്കുന്നത്. ഏപ്രിൽ 2015 മുതൽ ജനുവരി 2016 വരെ 4689 മെട്രിക് ടൺ വെളിച്ചെണ്ണ ഇന്ത്യയിലേക്ക് ഇറക്കുമതി ചെയ്യുകയുണ്ടായി. ഇന്തോനേഷ്യയിൽ നിന്നുമാണ് പ്രധാനമായും (4396 മെട്രിക് ടൺ) വെളിച്ചെണ്ണയുടെ ഇറക്കുമതി നടത്തിയിരിക്കുന്നത്. ജനുവരി മാസത്തിൽ വെളിച്ചെണ്ണയുടെ ഇറക്കുമതി ഉണ്ടായിട്ടേയില്ല. വെളിച്ചെണ്ണ ഇറക്കുമതിക്ക് അനുമതി നൽകുന്നത് കേന്ദ്ര ഗവൺമെന്റ് താത്കാലികമായി നിറുത്തിവെച്ചിരിക്കുന്നതിനാൽ ഈ സാമ്പത്തിക വർഷത്തിന്റെ അവസാന രണ്ടു മാസവും വെളിച്ചെണ്ണ ഇറക്കുമതി ഉണ്ടാകുവാൻ സാദ്ധ്യതയില്ല.

പട്ടിക 10: ഏപ്രിൽ 2015 മുതൽ ജനുവരി 2016 വരെ ഇന്ത്യയിലേക്ക് ഇറക്കുമതി ചെയ്തിരിക്കുന്ന വെളിച്ചെണ്ണയുടെ വിവരങ്ങൾ

| ക്രമ നമ്പർ | രാജ്യം | അളവ് (മെ. ടണ്ണിൽ) | മൂല്യം (ലക്ഷം രൂപയിൽ) |
|---|---|---|---|
| 1 | ഇന്തോനേഷ്യ | 4395.85 | 3560.15 |
| 2 | മറ്റു രാജ്യങ്ങൾ | 293.27 | 280.02 |
| | ആകെ | 4689.12 | 3840.16 |





## ചിരട്ടക്കരി



പട്ടിക 11: ഏപ്രിൽ 2015 മുതൽ ജനുവരി 2016 വരെ ഇന്ത്യയിലേക്ക് ഇറക്കുമതി ചെയ്തിരിക്കുന്ന ചിരട്ടക്കരിയുടെ വിവരങ്ങൾ

| ക്രമ നമ്പർ | രാജ്യം | അളവ് (മെ. ടണ്ണിൽ) | മൂല്യം (ലക്ഷം രൂപയിൽ) |
|---|---|---|---|
| 1 | ഫിലിപ്പീൻസ് | 5152.53 | 1606.82 |
| 2 | മലേഷ്യ | 3978.79 | 1250.70 |
| 3 | ഇന്തോനേഷ്യ | 1785.21 | 612.95 |
| 4 | ശ്രീലങ്ക | 503.36 | 157.27 |
| 5 | മറ്റു രാജ്യങ്ങൾ | 185.70 | 51.76 |
| | ആകെ | 11605.59 | 3679.51 |

ഈ സാമ്പത്തിക വർഷത്തിന്റെ ആദ്യ പത്തു മാസത്തെ ചിരട്ടക്കരി ഇറക്കുമതി 11,606 മെട്രിക് ടണ്ണാണ്. ഫിലിപ്പീൻസ്, മലേഷ്യ, ഇൻഡോനേഷ്യ, ശ്രീലങ്ക എന്നീ രാജ്യങ്ങളിൽ നിന്നുമാണ് ചിരട്ടക്കരി ഈ കാലയളവിൽ ഉയർന്ന തോതിൽ ഇറക്കുമതി ചെയ്തിരിക്കുന്നത്. വിവിധ രാജ്യങ്ങളിൽ നിന്നുള്ള ചിരട്ടക്കരിയുടെ ഇറക്കുമതി വിവരങ്ങൾ പട്ടിക11ൽ കൊടുത്തിരിക്കുന്നു.



# മാർച്ച് മാസത്തെ കൃഷിപ്പണികൾ

● ആർ ജ്ഞാനദേവൻ
ഡെപ്യൂട്ടി ഡയറക്ടർ, നാളികേര വികസന ബോർഡ്, കൊച്ചി – 11

**കേരളം / ലക്ഷദ്വീപ്**

തെങ്ങുകൾക്ക് പ്രത്യേകിച്ച് എക്കൽമണ്ണിലും ചൊരിമണലിലും നില്ക്കുന്ന തെങ്ങുകൾക്ക് ജലസേചനം തുടരണം. കായൽ വരമ്പുകളിലുള്ള തെങ്ങിന്റെ ചുവട്ടിൽ മണലും മണൽ മണ്ണിൽ നട്ടിട്ടുള്ള തെങ്ങിന്റെ ചുവട്ടിൽ ചെളിയും ഇറക്കേണ്ടതാണ്. തെരഞ്ഞെടുത്ത മാതൃവൃക്ഷങ്ങളിൽനിന്നും വിത്തുതേങ്ങ ശേഖരിച്ച് തണലിൽ ഈർപ്പം തട്ടാതെ സൂക്ഷിക്കുക.

തെങ്ങോലപ്പുഴുവിന്റെ ആക്രമണം കാണുന്നുവെങ്കിൽ കീടാക്രമണം ഗുരുതരമായുള്ള ഓലകൾ വെട്ടി നീക്കി കത്തിച്ചു കളയുക. ഓലകളുടെ, പ്രത്യേകിച്ച് മദ്ധ്യനിരയിലുള്ള ഓലകളുടെ അടിഭാഗത്തുള്ള പുഴുക്കളോട് കൂടിയ അറകളിൽ പതിക്കത്തക്കരീതിയിൽ 0.05% വീര്യമുള്ള ക്വിനാൽഫോസ് എന്ന കീടനാശിനി തളിച്ച് ഈ കീടത്തെ നിയന്ത്രിക്കാം. കൂടാതെ തെങ്ങോലപ്പുഴുവിനെതിരെ ജൈവിക നിയന്ത്രണം വളരെ ഫലപ്രദമാണ്. തെങ്ങോലപ്പുഴുവിന്റെ വിവിധ ദശകളെ ആക്രമിക്കുന്ന ഗോണിയോസസ് നിഫാന്റിഡിസ് (Goniozus nephantidis), എലാസ്മസ് നിഫാന്റിഡിസ് (Elasmus nephantidis), ബ്രാക്കിമേറിയ നൊസട്ടോയ് (Brachymeria nosatoi) തുടങ്ങിയ എതിർപ്രാണികളെ വൻ തോതിൽ തുറന്നുവിട്ട് തെങ്ങോലപ്പുഴുക്കളെ നശിപ്പിക്കാം. കീടനാശിനി തളിച്ച് 15-20 ദിവസത്തിനുശേഷം പരാദപ്രാണികളെ വിടാവുന്നതാണ്.

മണ്ഡരി ബാധിച്ചിട്ടുള്ള തോട്ടങ്ങളിൽ 2 ശതമാനം വീര്യമുള്ള വേപ്പെണ്ണ-വെളുത്തുള്ളി-സോപ്പ് മിശ്രിതം തളിച്ച് മണ്ഡരി ബാധയെ നിയന്ത്രിക്കാം. ഒരു ലിറ്റർ വെള്ളത്തിൽ 20 മി.ലി. വേപ്പെണ്ണ, 20 ഗ്രാം വെളുത്തുള്ളി, 5 ഗ്രാം അലക്കു സോപ്പ് എന്നിവ കലർത്തി മിശ്രിതം തയ്യാറാക്കാം. ആദ്യമായി 5 ഗ്രാം സോപ്പ് അര ലിറ്റർ വെള്ളത്തിൽ ലയിപ്പിച്ച് അതിൽ 20 മി. ലി. വേപ്പെണ്ണ ഒഴിച്ച് നന്നായി യോജിപ്പിക്കുക. 20 ഗ്രാം വെളുത്തുള്ളി നന്നായി അരച്ച് ബാക്കി അര ലിറ്റർ വെള്ളത്തിൽ കലർത്തുക. ഇത് ഒരു തുണിയിലൂടെ അരിച്ചെടുത്ത്, ആദ്യം തയ്യാറാക്കിയ സോപ്പ്-വേപ്പെണ്ണ മിശ്രിതവുമായി ചേർത്ത് നന്നായി ഇളക്കുക. ഈ മിശ്രിതം അതാതു ദിവസം തന്നെ ഉണ്ടാക്കി ഉപയോഗിക്കേണ്ടതാണ്. വേപ്പെണ്ണ-വെളുത്തുള്ളി മിശ്രിതത്തിനുപകരം അസാഡിറാക്ടിൻ (0.04 ശതമാനം) അടങ്ങിയ ജൈവ കീടനാശിനി 4 മി.ലി. ഒരു ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ കലക്കി കുലകളിൽ തളിക്കാനായി ഉപയോഗിയ്ക്കാം. വേനൽമഴ തുടങ്ങുന്ന ഏപ്രിൽ-മെയ് മാസങ്ങളിൽ, മഴക്കാലം കഴിഞ്ഞ് ഒക്ടോബർ-നവംബർ മാസങ്ങളിൽ, പിന്നീട് ജനുവരി-ഫെബ്രുവരി മാസങ്ങളിൽ എന്നിങ്ങനെ മൂന്നു തവണകളിലായി തളിക്കേണ്ടതാണ്. മണ്ഡരികൾ മോടത്തിനുള്ളിൽ വസിക്കുന്നതിനാൽ കീടനാശിനി പ്രധാനമായും മോടത്തിന് പുറമെയും മോടത്തിന്റെ ഇതളുകൾക്ക് ചുറ്റും പ്രത്യേകിച്ച് മച്ചിങ്ങകളുടേയും 4-5 മാസം പ്രായമുള്ള ഇളം തേങ്ങകളുടേയും പുറത്തു തളിക്കാൻ ശ്രദ്ധിക്കണം. അഞ്ച് ശതമാനം അസാഡിറാക്ടിൻ അടങ്ങിയിട്ടുള്ള ഏഴര മി.ലി. ജൈവ കീടനാശിനി ഏഴര മി.ലി. വെള്ളത്തിൽ ലയിപ്പിച്ച് വേരിൽകൂടി നൽകുന്നതും ഫലപ്രദമാണ്.

ചെമ്പൻചെല്ലിയെ നശിപ്പിക്കുന്നതിന് ഒരു ശതമാനം വീര്യമുള്ള കാർബാറിൽ (20 ഗ്രാം കാർബാറിൽ ഒരു ലിറ്റർ വെള്ളത്തിൽ ചേർത്ത്) തെങ്ങിൻ തടിയിൽ കീടം ഉണ്ടാക്കിയ ദ്വാരങ്ങൾ അടച്ചതിനുശേഷം അല്പം മുകളിലായി താഴേക്ക് ചരിഞ്ഞ ഒരു ദ്വാരം ഉണ്ടാക്കി അതിൽ ചോർപ്പ് വെച്ച് ഒഴിച്ചു കൊടുത്തശേഷം ആ ദ്വാരം അടയ്ക്കുക. ചെമ്പൻചെല്ലിക്കെതിരെ ഒരു പ്രദേശത്തൊട്ടാകെയുള്ള കർഷകർക്ക് ഒരുമിച്ച് ഫിറമോൺ കെണി ഉപയോഗിക്കാവുന്നതാണ്.

പൂങ്കുലച്ചാഴിയുടെ ആക്രമണമുണ്ടെങ്കിൽ ഇളംകുലയിൽ (ഒന്നു മുതൽ അഞ്ചു മാസം വരെ പ്രായമുള്ളത്) കാർബാറിൽ എന്ന കീടനാശിനി 0.1% വീര്യത്തിൽ (20 ഗ്രാം 10 ലിറ്റർ വെള്ളത്തിൽ കലക്കി) തളിച്ച് ഈ കീടത്തെ നിയന്ത്രിക്കാം. വിരിഞ്ഞ് പരാഗണം നടക്കാത്ത പൂക്കുലകളിൽ (ഒരു മാസം വരെ പ്രായമായത്) മരുന്നു തളിക്കരുത്. കുമിൾരോഗങ്ങൾക്കെതിരെ ഒരു ശതമാനം വീര്യമുള്ള ബോർഡോ മിശ്രിതം തളിക്കാം.

നീരൂറ്റിക്കുടിക്കുന്ന മീലിമൂട്ടകൾ, ശൽക്കകീടങ്ങൾ എന്നിവ വേനൽക്കാലങ്ങളിൽ നാമ്പോലകളേയും കൊതുമ്പുകളേയും തേങ്ങാക്കുലകളേയും ആക്രമിയ്ക്കുന്നു. ശൽക്കകീടങ്ങൾ ഓലകളിലും കാണാറുണ്ട്. ഇവയുടെ ആക്രമണഫലമായി ഓലകൾ മഞ്ഞനിറമായി ഉണങ്ങുന്നു. മീലിമൂട്ടകളെ നിയന്ത്രിയ്ക്കുവാൻ 2 ശതമാനം വേപ്പെണ്ണ 20 ദിവസത്തെ ഇടവേളകളിൽ രണ്ടുതവണ തളിച്ചാൽ മതിയാകും. ശൽക്കകീടങ്ങൾക്കെതിരെ ഡൈമെത്തൊയേറ്റ് ഫലപ്രദമായി ഉപയോഗിയ്ക്കാം.

കൊമ്പൻ ചെല്ലിയെ ചെല്ലിക്കോൽകൊണ്ട് കുത്തിയെടുത്ത് നശിപ്പിക്കുക. കൊമ്പൻചെല്ലിയുടെ ആക്രമണത്തിന് മുൻകരുതലെന്ന നിലയിൽ തെങ്ങിന്റെ മണ്ട വൃത്തിയാക്കി കൂമ്പോലയ്ക്ക് ചുറ്റുമുള്ള രണ്ടോമൂന്നോ ഓലക്കവിളുകളിൽ പാറ്റഗുളിക 10 ഗ്രാം (4 എണ്ണം) വെച്ച് മണൽ കൊണ്ടുമൂടുകയോ, വേപ്പിൻ പിണ്ണാക്ക് അല്ലെങ്കിൽ മരോട്ടിപ്പിണ്ണാക്ക് (250 ഗ്രാം) തുല്യ അളവിൽ മണലുമായി ചേർത്ത് ഇടുകയോ ചെയ്യുക. 0.01 ശതമാനം വീര്യമുള്ള കാർബാറിൽ (50 ശതമാനം വെള്ളത്തിൽ കലക്കാവുന്ന പൊടി) എന്ന കീടനാശിനി 200 മി.ഗ്രാം ഒരു ലിറ്റർ വെള്ളത്തിലെന്ന തോതിൽ കലക്കി വണ്ടുകളുടെ പ്രജനനം നടക്കുന്ന ചാണകക്കുഴികളിലും മറ്റും തളിയ്ക്കുക. പെരുവലം എന്ന ചെടി പറിച്ച് ചാണകക്കുഴികളിൽ ചേർക്കുന്നതും നല്ലതാണ്. ബാക്കുലോവൈറസ് ഒറിക്ടസ് എന്ന വൈറസ് കൊമ്പൻചെല്ലിയുടെ ജൈവിക നിയന്ത്രണത്തിന് ഉപയോഗിയ്ക്കാം.

ഇതിനായി വൈറസ് രോഗബാധയേറ്റ ചെല്ലികളെ ഒരു ഹെക്ടറിൽ 10-15 എണ്ണം എന്ന കണക്കിൽ സന്ധ്യാസമയത്ത് തോട്ടത്തിൽ തുറന്നുവിടുക. മഴക്കാലത്ത് മെറ്റാറൈസിയം അനിസോപ്ലിയ എന്ന കുമിൾ തേങ്ങാവെള്ളത്തിലോ കപ്പകഷണങ്ങളും തവിടും ചേർത്തുണ്ടാക്കിയ മിശ്രിതത്തിലോ വൻതോതിൽ വളർത്തിയെടുത്ത് ഒരു ക്യൂബിക് മീറ്ററിന് 250 മി.ഗ്രാം മെറ്റാറൈസിയം കൾച്ചർ 750 മി.ലി. വെള്ളവുമായി കലർത്തിയ മിശ്രിതം എന്ന തോതിൽ ചാണകക്കുഴികളിലും മറ്റും ഒഴിച്ച് പുഴുക്കളെ നശിപ്പിയ്ക്കുക.

തെങ്ങിന് ചെന്നീരൊലിപ്പു രോഗം ബാധിച്ചിട്ടുണ്ടോയെന്നു പരിശോധിക്കുക. ചെന്നീരൊലിപ്പുള്ള തെങ്ങിന്റെ തടിയിലുണ്ടാകുന്ന വിള്ളലുകളിലൂടെ ചുവപ്പു കലർന്ന തവിട്ടുനിറത്തി

ലുള്ള കറ ഒലിച്ചിറങ്ങുന്നതു കാണാം. ഇത് ഉണങ്ങി കറുപ്പു നിറത്തിലുള്ള പാടുകളാകുന്നു. ചെന്നീരൊലിക്കുന്ന ഭാഗത്തെ തൊലി ചെത്തി മാറ്റി നോക്കിയാൽ ഉൾഭാഗം ചീഞ്ഞിരിക്കുന്നതായി കാണാം. തെങ്ങിൻതടിയിൽ രോഗബാധ കാണുന്ന ഭാഗത്തെ പുറംതൊലി മൂർച്ചയുള്ള ഉളി കൊണ്ട് ചെത്തി മാറ്റിയ ശേഷം മുറിപ്പാടുകളിൽ 5 മി.ലി. കാലിക്സിൻ 100 മി.ലി. വെള്ളത്തിൽ എന്ന തോതിൽ കലക്കി പുരട്ടുക. ഒന്നു രണ്ടു ദിവസത്തിനുശേഷം ചൂടുള്ള കോൾടാർ പുരട്ടുക. ചെത്തി മാറ്റിയ ഭാഗങ്ങൾ തീയിട്ട് നശിപ്പിക്കുക. മറ്റ് വളങ്ങൾക്കൊപ്പം തെങ്ങൊന്നിന് 5 കി.ഗ്രാം വേപ്പിൻപിണ്ണാക്ക് ചേർത്തു കൊടുക്കുക. വേനൽക്കാലത്ത് ജലസേചനം നൽകുകയും വർഷക്കാലത്ത് തോട്ടത്തിൽ നീർവാർച്ച സൗകര്യം ഏർപ്പെടുത്തുകയും ചെയ്യുക. രോഗനിയന്ത്രണത്തിനായി 5 ശതമാനം വീര്യമുള്ള കാലിക്സിൻ വർഷത്തിൽ മൂന്നുതവണ, അതായത് ഏപ്രിൽ-മെയ്, സെപ്തംബർ-ഒക്ടോബർ, ജനുവരി-ഫെബ്രുവരി മാസങ്ങളിലായി വേരിൽകൂടി നൽകുക.

തെങ്ങിൻതോപ്പിൽ സൂര്യപ്രകാശത്തിന്റെ ലഭ്യതയ്ക്കനുസരിച്ച് ഇടവിളകൾ കൃഷി ചെയ്യാവുന്നതാണ്. തെങ്ങിൻതൈ നടുന്നതു മുതൽ 8 വർഷം വരെ 30 മുതൽ 80 ശതമാനംവരെ സൂര്യപ്രകാശം ഇടവിളകൾക്ക് ലഭിക്കും. ഇക്കാലത്ത് മരച്ചീനി, മധുരക്കിഴങ്ങ്, വാഴ, പച്ചക്കറി എന്നിവ കൃഷി ചെയ്യാം. 9 മുതൽ 25 വർഷം വരെയുള്ള രണ്ടാം ഘട്ടത്തിൽ സൂര്യപ്രകാശലഭ്യത 20 ശതമാനമായിരിക്കും. അപ്പോൾ ചേന, ചേമ്പ്, വാഴ തുടങ്ങി തണലിനു യോജിച്ചവ ഇടവിളയായി വളർത്താം. തെങ്ങിന് 25 വർഷം പ്രായമാകുന്നതോടെ സൂര്യപ്രകാശ ലഭ്യത ക്രമേണ കൂടുന്നു. ഇക്കാലത്ത് തുറന്ന സൂര്യപ്രകാശം വേണ്ടാത്ത എല്ലാ വാർഷിക വിളകളും ദീർഘകാലവിളകളും ഇടവിളയായി വളർത്താം. കാർ ഷിക വിളകൾ കൂടാതെ തേനീച്ച, പശു, ആട്, കോഴി, മീൻ, മുയൽ എന്നിവ തെങ്ങിൻതോട്ടത്തിൽ വളർത്തിയും പട്ടുനൂൽകൃഷി, മണ്ണിരകമ്പോസ്റ്റ്, കൂൺകൃഷി എന്നിവ വഴിയും ആദായം ഉണ്ടാക്കാം.

**ആൻഡമാൻ / നിക്കോബാർ ദ്വീപുകൾ**

തെങ്ങോലപ്പുഴുവിന്റെ ആക്രമണം കാണുന്നുവെങ്കിൽ കീടാക്രമണം ഗുരുതരമായുള്ള ഓലകൾ വെട്ടി നീക്കി കത്തിച്ചു കളയുക. ഓലകളുടെ, പ്രത്യേകിച്ച് മദ്ധ്യനിരയിലുള്ള ഓലകളുടെ അടിഭാഗത്തുള്ള പുഴുക്കളോട് കൂടിയ അറകളിൽ പതിക്കത്തക്കരീതിയിൽ 0.05% വീര്യമുള്ള ക്വിനാൽഫോസ് എന്ന കീടനാശിനി തളിച്ച് ഈ കീടത്തെ നിയന്ത്രിക്കാം. കൂടാതെ തെങ്ങോലപ്പുഴുവിനെതിരെ ജൈവിക നിയന്ത്രണം വളരെ ഫലപ്രദമാണ്. തെങ്ങോലപ്പുഴുവിന്റെ വിവിധ ദശകളെ ആക്രമിക്കുന്ന ഗോണിയോസസ് നിഫാന്റിഡിസ് (Goniozus nephantidis), എലാസ്മസ് നിഫാന്റിഡിസ് (Elasmus nephantidis), ബ്രാക്കിമേറിയ നൊസട്ടോയ് (Brachymeria nosatoi) തുടങ്ങിയ എതിർപ്രാണികളെ വൻ തോതിൽ തുറന്നുവിട്ട് തെങ്ങോലപ്പുഴുക്കളെ നശിപ്പിക്കാം. കീടനാശിനി തളിച്ച് 15-20 ദിവസത്തിനുശേഷം പരാദപ്രാണികളെ വിടാവുന്നതാണ്.

**തമിഴ്നാട് / പോണ്ടിച്ചേരി**

നന തുടരുക. വളക്കുഴികളിലും ചെല്ലി മുട്ടയിടുന്ന സ്ഥലങ്ങളിലും 0.1 ശതമാനം കാർബാറിൽ തളിച്ച് ചെല്ലിയുടെ പുഴുക്കളെ നശിപ്പിക്കുക. തെരഞ്ഞെടുത്ത മാതൃവൃക്ഷങ്ങളിൽ നിന്നും വിത്തുതേങ്ങ ശേഖരിച്ച് തണലിൽ ഈർപ്പം തട്ടാതെ സൂക്ഷിക്കുക.

മണ്ഡരി ബാധിച്ചിട്ടുള്ള തോട്ടങ്ങളിൽ അസാഡിറാക്ടിൻ (0.004 ശതമാനം) അടങ്ങിയ ജൈവ കീടനാശിനി 4 മി.ലി. ഒരു ലിറ്റർ വെള്ളത്തിൽ എന്നതോതിൽ കലക്കി കുലകളിൽ തളിക്കുക.

**കർണ്ണാടകം**

തോട്ടത്തിൽ ആടുകളെ കെട്ടിയിട്ട് അവയുടെ കാഷ്ഠം മണ്ണുമായി യോജിപ്പിച്ച് ഉഴുതുചേർക്കുക. തോട്ടത്തിൽ നന തുടരുക. തെരഞ്ഞെടുത്ത മാതൃവൃക്ഷങ്ങളിൽ നിന്നും വിത്തുതേങ്ങ ശേഖരിക്കുക. പ്രതിവർഷം തെങ്ങൊന്നിന് 50 കി. ഗ്രാം ജൈവ വളവും 5 കി. ഗ്രാം വേപ്പിൻ പിണ്ണാക്കും രണ്ടു തുല്യതവണകളായി രാസവളത്തിനൊപ്പം ചേർത്തു കൊടുത്ത് മണ്ണിന്റെ ഫലപുഷ്ടി മെച്ചപ്പെടുത്തുക.

മണ്ഡരി ബാധിച്ചിട്ടുള്ള തോട്ടങ്ങളിൽ അസാഡിറാക്ടിൻ (0.004 ശതമാനം) അടങ്ങിയ ജൈവ കീടനാശിനി 4 മി.ലി. ഒരു ലിറ്റർ വെള്ളത്തിൽ എന്നതോതിൽ കലക്കി കുലകളിൽ തളിക്കുക.തെങ്ങോലപ്പുഴുവിന്റെ ആക്രമണം കാണുന്നുവെങ്കിൽ കീടാക്രമണം ഗുരുതരമായുള്ള ഓലകൾ വെട്ടി നീക്കി കത്തിച്ചു കളയുക. ഓലകളുടെ, പ്രത്യേകിച്ച് മദ്ധ്യനിരയിലുള്ള ഓലകളുടെ അടിഭാഗത്തുള്ള പുഴുക്കളോട് കൂടിയ അറകളിൽ പതിക്കത്തക്കരീതിയിൽ 0.05% വീര്യമുള്ള ക്വിനാൽഫോസ് എന്ന കീടനാശിനി തളിച്ച് ഈ കീടത്തെ നിയന്ത്രിക്കാം. കൂടാതെ തെങ്ങോലപ്പുഴുവിനെതിരെ ജൈവിക നിയന്ത്രണം വളരെ ഫലപ്രദമാണ്. തെങ്ങോലപ്പുഴുവിന്റെ വിവിധ ദശകളെ ആക്രമിക്കുന്ന ഗോണിയോസസ് നിഫാന്റിഡിസ് (Goniozus nephantidis), എലാസ്മസ് നിഫാന്റിഡിസ് (Elasmus nephantidis), ബ്രാക്കിമേറിയ നൊസട്ടോയ് (Brachymeria nosatoi) തുടങ്ങിയ എതിർപ്രാണികളെ വൻ തോതിൽ തുറന്നുവിട്ട് തെങ്ങോലപ്പുഴുക്കളെ നശിപ്പിക്കാം. കീടനാശിനി തളിച്ച് 15-20 ദിവസത്തിനുശേഷം പരാദപ്രാണികളെ വിടാവുന്നതാണ്.

**കത്തുകൾ**

**കാറ്റുവീഴ്ചയ്ക്കു പരിഹാരമില്ലേ**

സർ,

2015 നവംബർ മാസത്തിലെ ഇന്ത്യൻ നാളികേര ജേണലിൽ ശ്രീ. ആർ. ഹേലിയുടെ നാളികേര ഗവേഷണത്തിന്റെ നൂറു വർഷങ്ങൾ എന്ന ലേഖനത്തിൽ സങ്കര ഇനം തെങ്ങുകളുടെ ഗവേഷണത്തിൽ വിജയക്കൊടി നാട്ടിയതിൽ ഊറ്റം കൊള്ളുന്നു. പക്ഷേ, കേരളത്തിൽ നിന്നും കേര വൃക്ഷം ദിനം തോറും ഇല്ലാതാകുന്ന കാറ്റു വീഴ്ച എന്ന രോഗം തുടങ്ങിയിട്ടു ഏതാണ്ട് 92 വർഷം കഴിഞ്ഞിരിക്കുന്നു. ഈ രോഗത്തിനു പ്രതിവിധി കണ്ടെത്താൻ സ്ഥാപിച്ചതാണ് കായംകുളം നാളികേര ഗവേഷണ കേന്ദ്രം. അനേക വർഷങ്ങൾ കഴിഞ്ഞിട്ടും അനേകം കോടി രൂപ ചെലവാക്കിയിട്ടും കാറ്റ് വീഴ്ച രോഗത്തിന് പ്രതിവിധി കണ്ടെത്താൻ ഈ ഗവേഷണ സ്ഥാപനത്തിന് കഴിഞ്ഞിട്ടില്ല. ഈ സ്ഥാപനത്തിൽ ഇപ്പോൾ നടക്കുന്നത് തെങ്ങുകൾ വയ്ക്കുക, കുറേ കഴിയുമ്പോൾ വെട്ടിക്കളയുക ഇത് തുടർച്ചയായി നടന്നു കൊണ്ടിരിക്കുന്നു. കാറ്റ് വീഴ്ച രോഗത്തിനു പ്രതിവിധി കണ്ടു പിടിയ്ക്കാൻ കഴിയാത്ത ഈ സ്ഥാപനം അടച്ചു പൂട്ടിക്കൂടേ!

നാളികേര കർഷകർക്കു താങ്ങും തണലുമായി അഹോരാത്രം ചിന്തിക്കുകയും, പ്രവർത്തിക്കുകയും ചെയ്യുന്ന ബഹുമാനപ്പെട്ട കേന്ദ്ര നാളികേര വികസന ബോർഡ് ചെയർമാന്റെ സത്വര ശ്രദ്ധ മേൽ പറഞ്ഞ കാര്യങ്ങളിൽ കൂടി പതിയട്ടെ എന്ന് ഒരപേക്ഷ.

*സി. സഖറിയ, ഹരിത കേര കർഷക സംഘം, കരുവാറ്റ*



## മുഖമൊഴി

കായിക കലാ മത്സരങ്ങളുടെ കാലം കഴിഞ്ഞു. ഇനി പരീക്ഷകളുടെ പരീക്ഷണ കാലം. പഠനത്തിന്റെ ഇടവേളകളെ ജീവിതാനുഭവങ്ങളുടെ സമ്പന്ന കാലമായി മാറ്റാൻ കഴിയണം. കളിയും കാര്യവും ഇടകലർന്നൊരു വിദ്യാർത്ഥി ജീവിത കാലം ആശംസിക്കുന്നു.

**പായിപ്ര രാധാകൃഷ്ണൻ**



## നാളികേര സമർപ്പണം

മുക്കണ്ണൻ ചന്തയ്ക്കു പോയി എന്ന കടങ്കഥയിൽ കവിതയും കുസൃതിയുമുണ്ട്. നാളികേരം ശിവരൂപമെന്ന് ഒരു സങ്കല്പമുണ്ട്. ഗണപതിഹോമത്തിലും ഹനുമാന്റെ തേങ്ങാമാലയിലും നാളികേരം പ്രധാനമാണ്. ശബരിമല അയ്യപ്പന് നെയ്ത്തേങ്ങയായും, കാടാമ്പുഴക്ഷേത്രത്തിൽ മുട്ടറുക്കുന്നതിനും ഗണപതിയ്ക്ക് ഉടയ്ക്കുന്നതിനും നാളികേരം വേണം. ഭക്തർ തന്റെ അഹന്തയെ ഭഗവാനു മുന്നിൽ ഉടച്ചു കളയുന്നതാണ് നാളികേരമുടയ്ക്കുന്നതിന്റെ പ്രതീകാത്മകത.

വിഘ്നങ്ങൾ മാറാൻ നാളികേരം ഉടയ്ക്കാറുണ്ട്. ഉടയാതിരിക്കുന്നത് ദോഷകാഠിന്യത്താലാണെന്നാണ് വിശ്വാസം. നാളികേരമുറികൾ സമവും നിരപ്പുമായിരുന്നാൽ ഉത്തമം. കയ്യിൽ നിന്നും തെന്നപ്പോയാൽ ദുഃഖകാരണമാകാം. തേങ്ങാപ്പൂൾ ഇളകിത്തെറിക്കുന്നത് ശുഭകരം. ഗൃഹനിർമ്മാണാരംഭത്തിൽ നാളികേരമുടച്ച് ലക്ഷണം പറയാറുണ്ട്. ഇളമുറി വെള്ളത്തോടെ താഴെ വച്ച് തുമ്പപ്പൂവിട്ടു നോക്കുക. പുഷ്പം കറങ്ങി വന്ന് മേടം രാശിയിൽ നിന്നാൽ ധനലാഭം, ഇടവത്തിൽ കലഹം, മിഥുനത്തിൽ അഭിവൃദ്ധി, കർക്കിടകത്തിൽ ധാന്യവൃദ്ധി, ചിങ്ങം സർവ്വൈശ്വര്യവും, കന്നി ദോഷ കോപം, തുലാം ദ്രവ്യലാഭം, വൃശ്ചികം വിഷഭയം, ധനു കേസ്, മകരം സന്താന ലാഭം, കുംഭം മരണം, മീനം വംശനാശം, പുഷ്പം ഒരിടത്തും അടുക്കാതെ താന്നു പോയാൽ സർവ്വനാശം.

**പായിപ്ര രാധാകൃഷ്ണൻ**

കവിത



# ഇളനീർ

● **ബിനോജ് കാലായിൽ**
കുലയേറ്റിക്കര, എറണാകുളം - 682315

കാലപാശത്തിൻ ഞാത്തിയ കപ്പിയിൽ നിന്നും
ഓർമ്മ തൻ പത്രങ്ങൾ താഴോട്ടുതിരുന്നു.
കാമ്പുറയ്ക്കാത്ത നിൻ മാർദ്ദവമാധുര്യം
ആദ്യം മുതലെ ഉണ്ടു ഞാൻ ആവോളവും

മൂശേട്ട ഭഗവതി വാഴുന്ന വീട്ടിൽ
എന്നും കൊടിയേറും വറുതി തിറയ്ക്കമ്മ
അഞ്ചാറു വയറിൻ കാളലകറ്റുവാൻ
ചക്കര ചിരകി നിന്നെ നേദിക്കും

വാക്കുകൾ കരിഞ്ഞ് വരണ്ട തൊണ്ടയെ
അവൾ നീട്ടിയ ഒരിറ്റിളനീർ നനച്ചപ്പോൾ
ആദ്യമായി അറിഞ്ഞ നിർമ്മല പ്രണയം
കൗമാര കുതൂഹലം മാത്രമായിരുന്നില്ല

കരുത്തും വേഗവും ജയം നിശ്ചയിക്കും
മത്സരക്കളങ്ങളിൽ ഇടറാതെയോടാൻ
തളരാതെ പൊരുതാൻ സിരകളിൽ
ഊർജ്ജമായ് നിറഞ്ഞതും നീയല്ലാതാര്

ഒരു തൈതെങ്ങിളനീർ മധുരം
പതുത്താണു നാം പരസ്പരം
കയ്പും കൽക്കണ്ടമായ് നുണയുന്ന
ജീവിത പാതയിൽ ഒന്നിച്ച് നടന്നത്

ഒടുവിലെന്നാകാശത്തെ കറുപ്പ് വിഴുങ്ങിയ
നാളിൽ അവളൊരു നക്ഷത്രമായ് മറഞ്ഞപ്പോൾ
പുതുമൺ കൂനയിൽ എള്ളിനും പൂവിനുമൊപ്പം
ദാഹമായ് നിന്നതും നീ തന്നെ, നീ തന്നെയല്ലേ

# കൃഷിപാഠം

● **ലീലാമ്മ ജെയിംസ്, നന്തലത്ത്,**
കരിമണ്ണൂർ, തൊടുപുഴ - 685 581

പാദമൂന്നുന്ന മണ്ണിൽനമുക്കായ് ഭൂമിയെന്നും
ഒരുക്കിടുമാഹാര-മോർക്കണം നാമെന്നെന്നും

മണ്ണിളക്കി വളം ചേർത്തു വിത്തിറക്കി നനച്ചെന്നാൽ
കായ്കനികൾ നിറച്ചിടാം ശങ്കയേതും വേണ്ടതൊട്ടും

കീടബാധയകറ്റാൻ നാം മിത്രകീടങ്ങളെ വളർത്തണം
കീടനാശിനികൾ നമ്മെ കീഴടക്കും സുനിശ്ചയം

തൊടിയിൽ ലഭ്യമാം പല വകകൾ ചേർത്തീടുകിൽ
മാറാരോഗനിവാരണമതുതാൻ മംഗളമാം.

എരിശ്ശേരി, പുളിശ്ശേരി, കാളൻ
എരിവുള്ളോരവിയലും എന്തിനും പോന്നൊരു രസവും
എൻ തൊടിയിൽ നിന്നുദിക്കണം

താളും തകരയും ചീര, താരിളം കുമ്പളം
മത്തൻ താഴികക്കുടം പോൽ ചേനയും
തനതുഫലങ്ങളും കഴിക്കണം.

പ്ലാവിൻ ഫലങ്ങളും മാവിൻ  പഴങ്ങളും പേരയും കാരയും
ആവോളം ഭക്ഷിച്ചു നമ്മൾ ആരോഗ്യമേറെ കാത്തിടേണം

ഹോട്ടലിൽ രുചിയെ മറക്കണം വീട്ടിലെ രുചിയെ
രുചിക്കണം നാട്ടിലെ ഭക്ഷണം വിളമ്പണം
തനിമയിൽ തനി നാടനായ്ത്തീരണം

ഒന്നു ചിന്തിച്ചുറയ്ക്കണം നാം ഒന്നിച്ചൊരുവഴിയേ
പോകുവാൻ ഒന്നിനൊന്നു മെച്ചമായ് വരാം
ഒന്നാമതാകാൻ കെൽപുണ്ടാകാം.



കഥ

# ഗൗരിഗാത്ര കേരളം

● ചിത്രലേഖ വി. ദേവ്,
വടക്കുംചേരി അകത്തൂട്ട്, പായിപ്ര മാന്നാറി പിഒ, മൂവാറ്റുപുഴ

ഗോത്ര വർഗ്ഗത്തിന്റെ നിറം കറുപ്പാണ്. ഗൗരി ഗാത്രത്തിന്റെ നിറം തേടി കിഷ്കിന്ധയിലും ആരണ്യകാണ്ഡത്തിലും യാത്ര ചെയ്ത് സത്യവൃക്ഷ ചുവട്ടിൽ ഗാത്രി മയങ്ങിയപ്പോൾ നിലാവിൽ നീണ്ട ഓലകളുള്ള വൃക്ഷത്തിന്റെ അറ്റത്ത് ആറ്റക്കിളിക്കൂട് നിഴൽ ചിത്രമായുണ്ട്.

നിഴലിന്റെ അവകാശത്തെച്ചൊല്ലി വിശ്വാമിത്രനും പരശുരാമനും തമ്മിൽ വാക്കേറ്റമായി. ത്രിശങ്കു സ്വർഗ്ഗത്തിൽ തന്റെ ശിഷ്യനുവേണ്ടി താൻ സൃഷ്ടിച്ച കല്പവൃക്ഷത്തിന്റെ ഓലകൾ കാറ്റിലാടിയതിന്റെ ചിത്രമെന്ന് വിശ്വാമിത്രനും, കേരളത്തിലെ ജനങ്ങളുടെ ഐശ്വര്യത്തിനും നന്മയ്ക്കും വേണ്ടി താൻ സൃഷ്ടിച്ചതെന്ന് പരശുരാമനും വാദിക്കുന്നതിനിടയിൽ നാഗലോകത്തെ രാജാവ് പ്രത്യക്ഷപ്പെട്ട് നാഗലോകത്തു നിന്ന് താൻ കൊണ്ടുവന്നതാണെന്ന് പറയുകയും ചെയ്തു. മൂന്നാമതൊരു അവകാശി ഉണ്ടായതിനെ തുടർന്ന് ഒത്തു തീർപ്പിനായി മൂവരും ദേവേന്ദ്രനെ സമീപിക്കാൻ തീരുമാനിച്ചു.

മൂവരും തേങ്ങ ചകിരിയിൽ തീർത്ത കനം കുറഞ്ഞ വിമാനത്തിൽ യാത്ര ചെയ്തു ദേവ ലോകത്തെ നന്ദനോദ്യാനത്തിൽ എത്തിച്ചേർന്നു. ദേവാസുരന്മാർ പാലാഴി കടഞ്ഞപ്പോൾ ലഭിച്ച വിശിഷ്ഠ വൃക്ഷമായ തെങ്ങ് വിളഞ്ഞു നിൽക്കുന്നതു കണ്ട് മൂവരും അതിശയപ്പെട്ടു.

ദേവലോകത്തേയ്ക്ക് പ്രവേശിച്ചപ്പോൾ ഗൗരി ഗാത്ര വർണ്ണമുള്ള ഇരിപ്പിടത്തിൽ കരിക്കിൻ പാനീയം സേവിച്ച് അപ്സരസ്സുകളുടെ കുരുത്തോല നൃത്തം കണ്ട് ആസ്വദിക്കുകയായിരുന്നു ഇന്ദ്രൻ. കവാടത്തിൽ പ്രവേശിച്ചവരെ സ്വീകരിക്കാൻ ഐരാവതത്തിന്റെ വലിപ്പമുള്ള തേങ്ങ ഉരുണ്ടു വരികയും ക്ഷുഭിതനായ വിശ്വാമിത്രൻ തേങ്ങയെ ശപിക്കുകയും ചെയ്തു. വിശ്വാമിത്രന്റെ ശാപ മോക്ഷത്തിനായി ദേവേന്ദ്രൻ അപേക്ഷിക്കുകയും ശാപത്തിൽ ഇളവു ചെയ്ത് ഉയരമുള്ള വൃക്ഷത്തിൽ കൈയ്യെത്താത്ത ദൂരത്ത് പോയി ഇരുന്ന് ഒന്നായനിന്റെ വലിപ്പം ഒരു കുലയിൽ അനേകമായിത്തീരട്ടെയെന്നും മറ്റുള്ളവരെ പരിഹസിക്കാൻ തുനിഞ്ഞ നീ സത്യമുള്ള വൃക്ഷമായി അറിയപ്പെടട്ടെയെന്നും ശാപമോക്ഷം ലഭിച്ചു

ദേവലോകത്തോട് യാത്ര പറഞ്ഞ് മൂവരും ഇറങ്ങുമ്പോൾ ഇന്ദ്രൻ നാളികേര പവിഴ മാല മൂവർക്കും സമ്മാനമായി നൽകി. എന്നാൽ അപ്സര സുന്ദരിയായ മേനകയുടെ മാറിൽ തിളങ്ങിയ മഹാരാജ പവിഴത്തിൽ വിശ്വാമിത്രന്റെ മനസ്സ് ഉടക്കി. മേനക മനുഷ്യ ശിശുക്കൾ വളരുന്ന നാളികേരത്തിൽ പുനർജനിക്കാൻ വിശ്വാമിത്രൻ ആഗ്രഹിച്ചു. വിശ്വാമിത്രന്റെ മനസ്സു പോലെ മലക്കു ദ്വീപിൽ ഹൈനുവേൽ എന്ന പേരോടുകൂടി അതി സുന്ദരിയായി മേനക പുനർജനിച്ചു. മൂന്നു ദിവസം കൊണ്ട് ഹൈനുവേൽ വളർന്ന് ഋതുമതിയായി. അത്ഭുത സിദ്ധിയുള്ള അമൂല്യ രത്നങ്ങൾ ബഹിർഗമിച്ചു കൊണ്ടിരുന്ന തേങ്ങയിൽ നിന്നായിരുന്നു ഹൈനുവേൽ ജനിച്ചത്. ഹൈനുവേൽ എന്ന പേര് ഗോത്രനിവാസികൾ പരിഷ്കരിച്ച് ഉഷമ എന്നാക്കി. ഉഷമ മലയരയന്റെ വളർത്തു മകളായി വളർന്നു.

ബ്രഹ്മി നീരിൽ തേങ്ങാപ്പാലും കള്ളിപ്പാലും പശുവിൻ പാലും കൂട്ടി കാച്ചിയ നാളികേരാഘൃതം തേച്ച് ചർമ്മ കാന്തിയിലും സൗന്ദര്യത്തിലും മോഹിനിയേക്കാൾ സുന്ദരിയായി തീർന്നു.

ഉഷമയുടെ ആവശ്യപ്രകാരം കസ്തൂരി തേടി അരയനുമൊത്ത് പരമശിവൻ നായാട്ടിനായി ഉദയമലയിലേക്ക് പുറപ്പെട്ടു. കാടുകൾ മുഴുവൻ ഇളക്കി മറിച്ചിട്ടും സൂര്യൻ ഉച്ചസ്ഥായിയിൽ എത്തിയിട്ടും ഒരു മൃഗത്തെപ്പോലും കാണാത്ത പരമശിവൻ ദാഹ പരവേശം കൊണ്ട് പനപോലെ വളർന്ന വൃക്ഷത്തിലേക്ക് അമ്പെയ്തു. അതിന്റെ ചുവട്ടിൽ നിന്നും പ്രവഹിച്ച മധുനുകർന്ന് ദാഹം മാറ്റി. മദോന്മത്തനായി മടങ്ങി വന്ന പരമശിവനെ കണ്ട് പാർവ്വതി ദേവി കാര്യമെന്തോന്നാലോചിച്ചു. പിന്നേറ്റു തന്നെ വൃക്ഷ ചുവട്ടിലുള്ള മധുവിനെ പാർവ്വതി തലോടി മുകളിലേയ്ക്കുയർത്തി.

ഇതറിഞ്ഞ് ശിവൻ ഉടലിലടിച്ച് ദിവ്യനായ ഒരുത്തനെ സൃഷ്ടിച്ചു. വൃക്ഷ ശിരസ്സിലുള്ള മദ്യമെടുക്കാനുള്ള വരം അവനു നൽകി. മദ്യമെടുത്തു വരുന്ന ദിവ്യനെ വഴിയിൽ വച്ച് പാർവ്വതി കാണുകയും തനിക്കും ഇതുവേണമെന്ന് ആവശ്യപ്പെടുകയും ചെയ്തു. പാർവ്വതിയ്ക്കു നൽകിയതു മൂലം പാത്രത്തിലെ മദ്യം കുറച്ചു കാണാതിരിക്കാൻ വെള്ളം ചേർത്ത് ഭഗവാന് കൊടുത്തു. ദിവ്യ ദൃഷ്ടിയിൽ വിവരമറിഞ്ഞ ശിവൻ അയാളെ ശപിച്ച് തീയനാക്കി. തീയന് സഖിയായി, മേലില കമ്പാടിയിൽ ഏഴു കന്യകമാരിൽ ഇളം കന്യകയുടെ വസ്ത്രത്തിൽ തീ പിടിച്ചു കാണുമ്പോൾ നീ അവളെ സ്വന്തമാക്കാനും നിങ്ങൾക്ക് കൊട്ട പറമ്പ് വാങ്ങി പുര കെട്ടി താമസിച്ച് തെങ്ങ് നട്ട് കുലച്ചതിനു ശേഷം മദ്യമെടുത്ത് ദൈവസ്ഥാനങ്ങളിൽ കലശം കൊടുക്കാനും പറഞ്ഞു.

പരമശിവന്റെ ആജ്ഞയനുസരിച്ച് തീയ്യൻ മധുവനത്തിൽ ഒരു കുടം തെങ്ങിൻ കള്ള് പൂജയ്ക്കുവേണ്ടി കൊണ്ടു വരികയും ആരും നോക്കരുതെന്ന് വിലക്കുകയും ചെയ്തു. എന്നാൽ ശിവപുത്രൻ മധു കുടം തുറന്നു നോക്കിയപ്പോൾ കണ്ണുകൾ കുടത്തിലേക്ക് വീണു പോയി. മകന്റെ അവസ്ഥയ്ക്ക് പരിഹാരമായി തേങ്ങയുടെ കണ്ണുകൾ നൽകി സമാധാനിപ്പിച്ചു. സംഭവമറിഞ്ഞ പാർവ്വതി ദേഷ്യപ്പെട്ട് ത്രിശങ്കു സ്വർഗ്ഗത്തിലേക്ക് പോയി. പിണക്കമകറ്റാൻ പരമശിവനും പുറപ്പെട്ടു. ശിവൻ ചെല്ലുമ്പോൾ പാർവ്വതി തെങ്ങിൻ ചുവട്ടിൽ വിശ്രമിക്കുന്നു. ഒരു തെങ്ങ് തലതാഴ്ത്തി തന്റെ മാധുര്യമുള്ള ഫലം പാർവ്വതിക്കു നൽകി. ഇളനീരിന് തന്റെ ശരീര വർണ്ണം ലഭിക്കട്ടെ എന്ന് അനുഗ്രഹിച്ചു.

താമരപ്പൂവിന്റെ അല്ലിയുടെ നിറമായ് ഗൗരിഗാത്രം ലഭിച്ച തെങ്ങിന്റെ ഭംഗി ആസ്വദിച്ച പരമശിവൻ പരശുരാമനെ വിളിച്ചു വരുത്തി. ഗൗരി ഗാത്രത്തോടുകൂടിയ ഫലവൃക്ഷം നിറഞ്ഞ ഒരു പ്രദേശം സൃഷ്ടിക്കാൻ ആവശ്യപ്പെടുകയും ലോകം മുഴുവൻ സഞ്ചരിച്ച് പരശുരാമൻ ഗോകർണ്ണത്തു നിന്ന് മഴുവെറിഞ്ഞു കന്യാകുമാരി വരെ കേര വൃക്ഷങ്ങൾ കൊണ്ട് അലംകൃതമായ പ്രദേശം സൃഷ്ടിച്ച് കേരളം എന്ന പേരു നൽകുകയും ചെയ്തു.

ഗൗരി ഗാത്രവർണ്ണം തേടിയിറങ്ങിയ ഗാത്രി രണ്ടു തിളക്കമുള്ള കണ്ണും മധുരമുള്ള അമൃത ജലം നൽകുന്ന മൂന്നാം കണ്ണും ഉണ്ടായി തീരാൻ വിശ്വാമിത്രനോട് പ്രാർത്ഥിച്ചു. വിശ്വാമിത്രൻ വരദാനം നൽകി പോകുമ്പോൾ മൂന്നാം കണ്ണിൽ നിന്നു വരുന്ന മധു ജലം സേവിച്ച് ആനന്ദ നൃത്തമാടി തെങ്ങു കൃഷിക്കു വേണ്ടി ജനങ്ങൾ സ്ഥലമന്വേഷിച്ച് കുടയത്തൂർ മലയിലേക്ക് നടന്നു നീങ്ങുകയായിരുന്നു.

ലേഖനം

# നീര നൽകും സമ്പദ്സമൃദ്ധി

ബ്രിൻസി മാത്യു,
ദേവമാതാ കോളജ് കുറവിലങ്ങാട്

**" നീരയിൽ നിന്നുണ്ടാക്കുന്ന ചക്കര തേനിനേക്കാൾ മധുരമുള്ളതാണ്. പ്രകൃതിദത്തമായി ലഭിക്കുന്ന ഈ ഉത്പന്നം ഒരു ഫാക്ടറിയിലും ഉത്പാദിപ്പിക്കുവാൻ സാധിക്കുകയില്ല. തെങ്ങിൻ ചക്കര തെങ്ങിൽ നിന്ന് മാത്രം ലഭിക്കുന്നതാണ്. ലോകത്തിന്റെ ദാരിദ്ര നിർമ്മാർജ്ജനത്തിന് ഇതൊരു പോംവഴിയാണ്. ദുരിതങ്ങൾക്കുള്ള ഒരു പ്രതിവിധികൂടിയാണിത്."**

*(മഹാത്മഗാന്ധി)*

### ആമുഖം

കേര കർഷകരുടെ പ്രതീക്ഷയായിട്ടാണ് ഇന്ന് നീര അറിയപ്പെടുന്നത്. കൗടില്യനും ചാണക്യനും ചരകനും മെഗസ്തനീസും മാത്രമല്ല ഋഗ്വേദവും രാമായണവും വിവിധതരം മദ്യത്തെക്കുറിച്ച് പരാമർശിക്കുന്നുണ്ട്. മധുരക്കള്ളിന്റെ ലഹരിയില്ലാത്ത പ്രകൃതിദത്ത അവസ്ഥയാണ് നീര. തെങ്ങിൻ പൂക്കുലയിൽ നിന്നു ലഭിക്കുന്ന കേരസത്തായ നീര ഏറ്റവും ശുദ്ധവും ഔഷധഗുണമുള്ളതും പോഷകസമൃദ്ധവുമായ പാനീയമാണ്.

പ്രകൃതിദത്ത പാനീയങ്ങളിൽ ഏറ്റവും മികച്ച നീരയിൽ അന്നജവും മാംസ്യവും വൈറ്റമിൻ ബി, സി എന്നിവയും അമിനോ അമ്ലങ്ങളും അടങ്ങിയിട്ടുണ്ട്. പൊട്ടാസ്യം, കാൽസ്യം, ഫോസ്ഫറസ്, ഇരുമ്പ് എന്നീ പോഷകങ്ങളും നീരയിലുണ്ട്. നീരയിൽ ആൽക്കഹോളും കൊഴുപ്പും കൊളസ്ട്രോളും ഇല്ല. പ്രകൃതിദത്തമായ ഈ ആരോഗ്യപാനീയം ഹെൽത്ത് ടോണിക്കാണ്.

അത്ഭുതകരമായ വ്യാപാര-വാണിജ്യ-വ്യാവസായിക സാധ്യതകളാണ് ആഗോള കേരകൃഷി രംഗത്ത് നീര കൊണ്ടുവന്നിരിക്കുന്നത്. ആൾക്കഹോൾ ഇല്ലാത്ത, പുളിക്കാത്ത നീര മൂന്ന് മുതൽ ആറുമാസം വരെ കേടുകൂടാതെ സൂക്ഷിക്കാൻ കഴിയും. കേര പഞ്ചസാരയും ശർക്കരയും മാത്രമല്ല മിഠായിയും ബിസ്ക്കറ്റും കായ്ക്കും പോലുള്ള വിഭവങ്ങളും നീരയിൽ നിന്ന് ഉണ്ടാക്കാം എന്ന ശാസ്ത്രീയ കണ്ടുപിടിത്തങ്ങൾ പുതിയ പ്രതീക്ഷകൾക്ക് അവസരമൊരുക്കുന്നു.

| പോഷകഘടകങ്ങൾ (നീരയിൽ g/100 ml) | | |
|---|---|---|
| ഷുഗർ | 12.3 | 17.4 |
| പ്രോട്ടീൻ | 0.23 | 0.32 |
| അസ്കോർബിക് ആസിഡ് | 0.016 | 0.030 |
| പൊട്ടാസ്യം | 90.5 | |

### ഉപയോഗങ്ങൾ

പാരമ്പര്യചികിത്സാ സമ്പ്രദായങ്ങളിലും ക്ഷയം, വിളർച്ച എന്നിവയുടെ ചികിത്സയിലും നീര ഉപയോഗിക്കുന്നു. ഗ്ലൈസിമിക് ഇൻഡക്സ് ഏറ്റവും കുറഞ്ഞ പാനീയമായതിനാൽ പ്രമേഹരോഗികൾക്കും നീര സുരക്ഷിതമാണ്. നീരയിൽ നിന്ന് ചക്കര, പഞ്ചസാര, സിറപ്പ്, തേൻ, എന്നിവ ഉപയോഗിച്ച് ചോക്ലേറ്റ്, മിഠായി, ജാം, ജിലേബി, ഹൽവ, സ്ക്വാഷ്, ഗുലാബ് ജാം, ക്രിസ്റ്റൽ ഷുഗർ എന്നിവയും തയ്യാറാക്കാം.

കാർഷിക കേരളത്തിന്റെ ചരിത്രത്തിൽ മറ്റൊരു വിളയ്ക്കും സാധിക്കാത്ത അത്ഭുത സാമ്പത്തിക ലാഭം കൊയ്യാൻ നീരയ്ക്ക് കഴിയുമെന്ന് വിദേശ രാജ്യങ്ങൾ നമ്മെ ചൂണ്ടിക്കാട്ടുന്നു. ഫിലിപ്പൈൻസിലെ ജെറി തരായ് എന്ന കർഷകൻ ഒരു തെങ്ങിൽ നിന്ന് 1200 പെസ്സോ (16560 രൂപ) ആദായം നേടുന്നു. ഒരു തെങ്ങിന്റെ നീര ഉപയോഗിച്ച് ഒരു വർഷം ഏകദേശം 60 കിലോഗ്രാം നാളികേര പഞ്ചസാര ഉത്പാദിപ്പിച്ചാണ് അദ്ദേഹം ഈ നേട്ടം കൊയ്യുന്നത്. പാലക്കാട്ടെ ടോം തോമസ് എന്ന കർഷകൻ ഒരു മാസം നീരയിലൂടെ 1800 രൂപ നേടുന്നു. നീരയുടെ സാധ്യതയാണ് ഈ കർഷകരുടെ ചരിത്രം വെളിപ്പെടുത്തുന്നത്. വിദേശവിപണിയിൽ വൻവിലയുള്ള പല ഉത്പന്നങ്ങളും നീരയിൽ നിന്ന് ഉത്പാദിപ്പിക്കാവുന്നതാണ്. ഒരു ലിറ്റർ നീര ലഭിക്കുന്ന 80 തെങ്ങുകൾ മൂന്നു മാസം ചെത്തിയാൽ 1200 കിലോ ചക്കര നിർമ്മിക്കാവുന്നതാണ്. രണ്ടുലിറ്റർ നീര ലഭിക്കുന്ന തെങ്ങിൽ നിന്ന് 3600 കിലോ ചക്കര കിട്ടും. ഇതിലൂടെ കർഷകരുടെ ലാഭം യഥാക്രമം ആറു ലക്ഷം, ഒൻപതു ലക്ഷം രൂപയാണ്. ഒരു കിലോ ചക്കരയ്ക്ക് കർഷകന് 250 രൂപ വിപണിയിൽ ലഭിക്കും. ഇന്തോനേഷ്യ ഈ രംഗത്ത് വൻ നേട്ടങ്ങളാണ് ഉണ്ടാക്കിയിരിക്കുന്നത്. സോയാസോസും ഇന്തോഫുഡ് എന്ന ന്യൂഡിൽസും ഉണ്ടാക്കാൻ 30000 ടൺ പഞ്ചസാര വിതമാണ് വിവിധ കമ്പനികൾ ഇന്തോനേഷ്യയിൽ നിന്ന് വാങ്ങുന്നത്. ഇന്ത്യയിൽ കർണ്ണാടകവും തമിഴ്നാടും ആന്ധ്രയും മഹാരാഷ്ട്രയും ഒഢീഷയുമൊക്കെ നീര ഉത്പാദിപ്പിച്ചു തുടങ്ങിയിരിക്കുന്നു.

### നീരയിൽ നിന്ന് ഷുഗർ ഫ്രീ ബിസ്കറ്റ്

ഡെസിക്കേറ്റഡ് കോക്കനട്ടും നീര പഞ്ചസാരയും ചേർത്ത് ബിസ്കറ്റ് ഉണ്ടാക്കിയാൽ വൻ വാണിജ്യസാധ്യതയുണ്ട്. അമേരിക്കൻ മാർക്കറ്റിൽ ഒരു കിലോ തെങ്ങിൻ പഞ്ചസാരയുടെ വില ആയിരം രൂപയോളം വരും.

### മറ്റ് സാമ്പത്തിക നേട്ടങ്ങൾ

കേരളത്തിൽ നീര ചെത്താൻ അനുവദിക്കുമ്പോൾ ഒരു തെങ്ങിന് പ്രതിദിനം 10 രൂപ വീതം 6 കോടി തെങ്ങിൽ നിന്ന് 6 മാസം കൊണ്ട് 10800 കോടി സർക്കാരിന് നികുതിയിനത്തിൽ തന്നെ ഉണ്ടാക്കുവാൻ കഴിയും. അതിനു പുറമെ നീരയുടെ വിവിധ ഉത്പന്നങ്ങളുടെ വിപണനത്തിലൂടെ ലഭിക്കുന്ന വിൽപ്പന നികുതിയും കയറ്റുമതിയിലൂടെ ലഭിക്കുന്ന വിദേശനാണ്യവും സർക്കാരിന് വൻ നേട്ടങ്ങളുണ്ടാക്കും. കേരളത്തിൽ നിലവിൽ 259500 തെങ്ങുകളിൽ നിന്ന് മാത്രമാണ് നീര എടുക്കാൻ സർക്കാർ അനുമതി നൽകിയിരിക്കുന്നത്.

കേരളത്തിലെ 18 കോടി തെങ്ങുകളുടെ 0.14% മാത്രമാണിത്. നല്ല പരിപാലനമുള്ള തെങ്ങുകളിൽ നിന്ന് മൂന്ന് ലിറ്റർ വരെ നീര ചെത്തിയെടുക്കാം. 175 തെങ്ങുകളുള്ള ഒരു ഹെക്ടർ തോപ്പിലെ 80 തെങ്ങുകളുടെ മൂന്നു പൂങ്കുലകൾ വീതം ചെത്തിയാൽ വാർഷികാദായം 7 ലക്ഷം രൂപയിലധികം വരും.

### തൊഴിലവസരങ്ങൾ

കേരളത്തിൽ ഒരു ശതമാനം തെങ്ങുകളിൽ നീര ഉത്പാദനം സാധ്യമായാൽ ഒരു ലക്ഷം തൊഴിലവസരങ്ങൾ സൃഷ്ടിക്കും. നീരയുടെ ഉത്പാദനം വ്യാവസായിക തോതിലേക്ക് വളരുമ്പോൾ തെങ്ങിൽ കയറി നീര എടുക്കുന്നവർക്ക് വലിയ നേട്ടമുണ്ട്. ആദ്യ ഘട്ടത്തിൽ തന്നെ 13000 തൊഴിലാളികളെ ആവശ്യമായി വരും. ഒരു ലിറ്റർ നീര എടുക്കുന്നതിന് 25 രൂപയാണ് വേതനം. ദിവസേന 20 തെങ്ങിൽ കയറുന്ന തൊഴിലാളികൾക്ക് 30000 രൂപ വരെ മാസവരുമാനം ലഭിക്കും. കേരളത്തിൽ ആകെ

യുള്ള തെങ്ങുകളുടെ 10 ശതമാനം തെങ്ങുകൾ ടാപ്പിംഗിനായി നൽകിയാൽ 10 ലക്ഷം പേർക്കും തൊഴിൽ ലഭിക്കും. കാസർകോഡ് മുതൽ പാറശ്ശാല വരെ നീണ്ടുകിടക്കുന്ന കേരളത്തിന്റെ കർഷക കുടുംബങ്ങളിലേക്ക് വരുമാനത്തിന്റെ പങ്ക് എത്തിക്കുവാൻ പറ്റിയ ഏക കാർഷിക വിളയായി തെങ്ങ് മാറും.

നീര നൽകുന്നത് ഗ്രീൻകോളർ ജോലിയാണ്. പരിസ്ഥിതി സൗഹൃദ-കാർഷിക- അനുബന്ധ സംസ്കരണരംഗത്തു നിന്നുള്ള തൊഴിലിനെയാണ് ഗ്രീൻകോളർ ജോലി എന്നതുകൊണ്ട് ഉദ്ദേശിക്കുക. ഉത്പാദക സംഘങ്ങൾ വഴി നീര ഉത്പാദിപ്പിച്ച് രണ്ട് മണിക്കൂറിനുള്ളിൽ അത് ശാസ്ത്രീയമായി ശേഖരിച്ച് പുളിക്കാതെ, ശീതീകരിച്ച് സൂക്ഷിച്ചാൽ അവയെ വൈവിദ്ധ്യമാർന്ന ഉത്പന്നങ്ങളാക്കി മാറ്റുവാൻ കഴിയും. നാളികേരവികസന ബോർഡിന്റെ നയങ്ങൾ ശ്രദ്ധേയമാണ്. കേരളത്തിൽ നീര ഉത്പാദിപ്പിക്കുമ്പോൾ ഉപഭോക്താവ് നൽകുന്ന വിലയുടെ 50% കർഷകന് ലഭിക്കും. 25% നീര ടെക്നീഷ്യൻസിന് ലഭിക്കുകയും ബാക്കി 25% വിപണനപ്രവർത്തനങ്ങൾക്കായി മാറ്റി വയ്ക്കുകയും ചെയ്യുക എന്നതാണ് ബോർഡിന്റെ അഭിപ്രായം.


ഇങ്ങനെയെങ്കിൽ പ്രതിമാസം വരുമാനവും പെൻഷനും പ്രൊവിഡന്റ് ഫണ്ടും മറ്റ് ആനുകൂല്യങ്ങളും ലഭിക്കുന്ന 10 ലക്ഷത്തോളം ഗ്രീൻകോളർ ടെക്നീഷ്യന്മാരെ കേരളത്തിൽ രൂപപ്പെടുത്താൻ കഴിയും.

**സാധ്യതകൾ**

നീരയുടെ ഉപോൽപന്നങ്ങൾക്ക് വലിയ സാധ്യതയാണുള്ളത്. നീരയിൽ നിന്നുള്ള ശർക്കര, തേൻ, ക്രീം എന്നിവയ്ക്ക് വിദേശത്ത് വലിയ പ്രിയമാണുള്ളത്. വാഴപ്പഴം, കൊക്കോ, പൈനാപ്പിൾ, ചക്ക തുടങ്ങിയവയും നീരയുമായി സംയോജിപ്പിച്ചുകൊണ്ടുള്ള പുത്തൻ ഉത്പന്നങ്ങൾ പുറത്തു വരണം. നീര പായ്ക്കറ്റുകളിലാക്കി സൂപ്പർമാർക്കറ്റുകൾ, ഷോപ്പിംഗ് മാളുകൾ, കള്ളുഷാപ്പുകൾ, ത്രിവേണി മാർക്കറ്റുകൾ, ബിവറേജസ് ഷോപ്പുകൾ, കൂൾബാറുകൾ, കെ.ടി.ഡി.സി സ്ഥാപനങ്ങൾ, കുടുംബശ്രീ സ്ഥാപനങ്ങൾ എന്നിവ വഴി വിറ്റഴിയ്ക്കപ്പെടാവുന്നതാണ്. പാസ്ചുറൈസേഷന് വിധേയമാക്കി അണുവിമുക്തമായ നീര മൂന്നു മാസം വരെ അന്തരീഷോഷ്മാവിൽ ഗുണനിലവാരം നഷ്ടപ്പെടാതെ സൂക്ഷിക്കാനാവും. നീരയുടെ ഉത്പാദനത്തെ ശാസ്ത്രീയമാക്കി മാറ്റുവാൻ കഴിയണം. ടൂറിസ്റ്റ് കേന്ദ്രങ്ങളിലും താലൂക്ക് ആസ്ഥാനങ്ങളിലും നീര പാർലറുകൾ സ്ഥാപിക്കാവുന്നതാണ്. നീര ചെത്താനുള്ള തെങ്ങുകളുടെ ലൈസൻസ് സംബന്ധിച്ച കാര്യങ്ങൾ കൂടുതൽ സുഗമമാക്കണം. നീര സംഭരണ, സംസ്കരണ ഫെഡറേഷനുകൾ കൂടുതൽ ഉണ്ടാകണം. നീര യൂണിറ്റുകൾക്ക് സംസ്ഥാന ബജറ്റിൽ 15 കോടി വകയിരുത്തിയിട്ടുണ്ട് എന്ന പ്രഖ്യാപനം ആശ്വാസകരമാണ്.

**ഉപസംഹാരം**

നീരയുടെ വ്യാവസായിക വാണിജ്യ സാധ്യതകളും കാർഷിക-വാണിജ്യ വ്യവസായ, തൊഴിൽ സൗകര്യ വർദ്ധനവും ജനങ്ങളെ ബോധ്യപ്പെടുത്തി അഭിപ്രായ ഐക്യം സ്വരൂപിക്കണം. ഭാവിയിൽ നീര വികസന ബോർഡ് തന്നെ ഉണ്ടായാൽ നീരയുടെ ഉത്പാദനത്തിലും വിപണനത്തിലും മുന്നേറ്റങ്ങൾ ഉണ്ടാക്കുവാൻ കഴിയും. നാളികേര വികസന ബോർഡിന്റെയും മറ്റ് സ്ഥാപനങ്ങളുടെയും വിവിധ കണ്ടുപിടിത്തങ്ങൾ നീരയെ ഒരു ഹരിത പോഷകപാനീയമായി ലോകവിപണിയിൽ ഉറപ്പിച്ചു നിർത്തുവാൻ പര്യാപ്തമാണ്. അതിനാൽ നീര വ്യാവസായികാടിസ്ഥാനത്തിൽ ശീതളപാനീയമാക്കി കേരളത്തിന്റെ സാമ്പത്തിക ഭദ്രതയും തൊഴിൽ സ്ഥിരതയും ഉറപ്പുവരുത്തുവാൻ ഗവൺമെന്റ് സത്വരനടപടികളെടുക്കട്ടെ. ആശങ്കകൾക്ക് വിട നൽകി കൂടുതൽ ഗവേഷണത്തിലൂടെ കേരളത്തിന്റെ അക്ഷയ ഖനിയായി നീര മാറട്ടെ. ■




'**നാളികേരം**' കാർട്ടൂൺ വര
**പി.വി. കാർത്തിക,** പള്ളത്തപറമ്പിൽ

## നീയെന്തിനാണ് ചിരിക്കാതിരിക്കുന്നത്

ആ കാണും തെങ്ങിൻ മണ്ടയിൽ നിന്നും
ഉറ്റി ഉറ്റി വീഴും മധ്യ ചഷകം
അത് താൻ നീര നാടിന്റെ സ്വരം
നീരയുടെതൊന്നു മാത്രം
ലഹരി ഇല്ലെങ്കിലും
പല പല രോഗങ്ങൾക്കും
ഫലപ്രദമാണീ നീര
കാലം അതാണ് ദൈവത്തിൻ
സ്വന്തം നാടിന്റെ മധു മനോജ്ഞ
വിപണിയിൽ വിൽക്കാൻ സ്വദേശി ഉൽപന്നം
ഗാന്ധി തൻ സ്വപ്നം
യാഥാർത്ഥ്യമാക്കാൻ ഗുരുദേവ ഉപദേശം
നാടിന്റെ വികസനം തൊഴിൽ വിപണിയിൽ
ചരിത്ര സംവാദങ്ങളിൽ
കർഷകന്റെ തൊഴിലാളികളുടെ
ജീവിതം മെച്ചപ്പെടുത്താൻ
നമുക്ക് ആകാംക്ഷയേകാൻ
വരൂ നീരയുടെ നിഴലായ്
കേരം തിങ്ങും കേരളനാട്
ശക്തിയുടെ ശാസ്ത്ര സിദ്ധി

*അശോകൻ നെല്ലാച്ചേരി*
*ഒഞ്ചിയം*

# നാളികേര ടെക്നോളജി മിഷനിൽ 91.65 കോടിയുടെ പദ്ധതികൾക്ക് അംഗീകാരം



*നാളികേര ടെക്നോളജി മിഷന്റെ 47-ാമത് പ്രോജക്ട് അപ്രൂവൽ കമ്മിറ്റി*

നാളികേര വികസന ബോർഡിനു കീഴിൽ പ്രവർത്തിക്കുന്ന നാളികേര ടെക്നോളജി മിഷന്റെ 47-ാമത് പ്രോജക്ട് അപ്രൂവൽ കമ്മിറ്റി 91.65 കോടിയുടെ 58 പദ്ധതികൾക്ക് അംഗീകാരം നല്കി. ഫെബ്രുവരി 4 നു കൊച്ചിയിൽ ചെയർമാൻ ശ്രീ.ടികെ ജോസിന്റെ അധ്യക്ഷതയിൽ ചേർന്ന കമ്മിറ്റിയാണ് പദ്ധതികൾ അംഗീകരിച്ചത്. പദ്ധതികൾക്ക് മൊത്തം 13.09 കോടിയുടെ സബ്സിഡിയും അനുവദിച്ചിട്ടുണ്ട്. സംസ്കരണവും ഉത്പ്പന്ന വൈവിധ്യവത്ക്കരണവും എന്ന വിഭാഗത്തിൽ നീരയുടെ മൂന്നു പദ്ധതികൾക്കും, ഫ്ളേവേർഡ് കോക്കനട്ട് മിൽക്കിന്റെ ഒരു പദ്ധതിക്കും തൂൾതേങ്ങയുടെ 13 പദ്ധതികൾക്കും, വെർജിൻ കോകനട്ട് ഓയിലിന്റെ ആറു യൂണിറ്റുകൾക്കും, ഒരു നാളികേര വെള്ള പായ്ക്കിംങ് യൂണിറ്റിനും, അഞ്ച് വെളിച്ചെണ്ണ നിർമ്മാണ യൂണിറ്റുകൾക്കും മൂന്ന് ഉത്തേജിത കരി നിർമ്മാണ യൂണിറ്റുകൾക്കും 23 കൊപ്ര ഡയറുകൾക്കും,രണ്ട് ഉണ്ടകൊപ്ര യൂണിറ്റുകൾക്കും ആണ് അനുമതി നല്കിയിരിക്കുന്നത്. ഇതിൽ, പ്രതിദിനം 23000 ലിറ്റർ ശേഷിയുള്ള മൂന്ന് നീര സംസ്കരണ പ്ലാന്റുകൾ, പ്രതിദിനം 40000 നാളികേരത്തിൽ നിന്ന് വെർജിൻ വെളിച്ചെണ്ണ നിർമ്മിക്കുന്ന രണ്ടു യൂണിറ്റുകൾ, പ്രതിദിനം 5000 നാളികേരം ഉപയോഗിച്ച് ഫ്ളേവേർഡ് കോക്കനട്ട് ജൂസ് നിർമ്മിക്കുന്ന ഒരു യൂണിറ്റ്, പ്രതിദിനം 5000 ലിറ്റർ തേങ്ങാവെള്ളം പായ്ക്ക് ചെയ്യുന്ന ഒരു യൂണിറ്റ്, പ്രതിദിനം 10000 തേങ്ങയിൽ നിന്ന് തൂൾതേങ്ങ നിർമ്മിക്കുന്ന ഒരു യൂണിറ്റ്, പ്രതിദിനം 3,08,000 നാളികേരം സംസ്കരിക്കാൻ ശേഷിയുള്ള അഞ്ച് വെളിച്ചെണ്ണ നിർമ്മാണ യൂണിറ്റുകൾ, പ്രതിദിനം 2,24000 നാളികേരം കൊപ്രയാക്കാൻ ശേഷിയുള്ള 23 ഡ്രയറുകൾ എന്നിവയ്ക്കാണ് ആണ് കേരളത്തിൽ അനുമിതി നല്കിയിരിക്കുന്നത്.

പ്രതിദിനം 25000 തേങ്ങ സംസ്കരണ ശേഷിയുള്ള 10 തൂൾ തേങ്ങാ യൂണിറ്റുകൾക്കും പ്രതിദിനം 9000 തേങ്ങസംസ്കരണ ശേഷിയുള്ള ഒരു വെർജിൻ വെളിച്ചെണ്ണ യൂണിറ്റിനും കർണാടകത്തിലും പ്രതിദിനം 120000 നാളികേരം സംസ്കരിക്കാൻ ശേഷിയുള്ള രണ്ട് തൂൾ തേങ്ങാ യൂണിറ്റുകൾ, പ്രതിദിനം 49000 നാളികേരം സംസ്കരണ ശേഷിയുള്ള രണ്ടു വെർജിൻ വെളിച്ചെണ്ണ യൂണിറ്റുകൾ, പ്രതിദിനം 17 മെട്രിക് ടൺ ഉത്പാദന ശേഷിയുള്ള മൂന്ന് ഉത്തേജിത കരി നിർമ്മാണ യൂണിറ്റുകൾ എന്നിവയക്ക് തമിഴ്നാട്ടിലും അനുമതി ലഭിച്ചു. ആന്ധ്രയിൽ 26000 നാളികേരം സംസ്കരണ ശേഷിയുള്ള ഒരു വെർജിൻ വെളിച്ചെണ്ണ യൂണിറ്റിനും പ്രതിവർഷം 14 ലക്ഷം ഉത്പാദന ശേഷിയുള്ള രണ്ട് ഉണ്ടകൊപ്ര യൂണിറ്റുകൾക്കും അനുമതി ലഭിച്ചു.

സിപിസിആർഐ കായങ്കുളം റീജണൽ സ്റ്റേഷൻ തലവൻ ഡോ.വി കൃഷ്ണകുമാർ, മൈസൂർ സിടിസിആർ ഐയിലെ ശാസ്ത്രജ്ഞൻ ഡോ.പി വിജയരാജ്, നബാർഡ് ഡപ്യൂട്ടി ജനറൽ മാനേജർ ശ്രീമതി ഉഷ, കൊച്ചി ഡിഎംഐ മാർക്കറ്റിംങ് ഓഫീസർ ഡോ.ഭീമരായ, ഇന്ത്യൻ ഓവർസീസ് ബാങ്ക് കൊച്ചി റീജണൽ അസിസ്റ്റന്റ് ജനറൽ മാനേജർ പി.വസന്ത്കുമാർ, മുഖ്യ നാളികേര വികസന ഓഫീസർ രാജീവ് പി ജോർജ്, നാളികേര വികസന ബോർഡ് ഡപ്യൂട്ടി ഡയറക്ടർ ജ്ഞാനദേവൻ, മുൻ ചെയർമാൻ ഡോ.എം അരവിന്ദാക്ഷൻ തുടങ്ങിയവരും സംബന്ധിച്ചു.

# ബി–ടു–ബി മീറ്റിൽ നീരയ്ക്ക് 70 കോടി രൂപയുടെ ബിസിനസ്സ് അവസരങ്ങൾ



*നെടുമ്പാശ്ശേരിയിലെ സിയാൽ എക്സിബിഷൻ സെന്ററിൽ സി.ഡി.ബി സ്റ്റാൾ*

സംസ്ഥാന സർക്കാരിന്റെ ഇൻഡസ്ട്രീസ് ആന്റ് കൊമേഴ്സ് ഡിപ്പാർട്ട്മെന്റ് നെടുമ്പാശ്ശേരിയിലെ സിയാൽ എക്സിബിഷൻ സെന്ററിൽ ഫെബ്രുവരി 4 മുതൽ 6 വരെ നടത്തിയ ബിസിനസ്സ് ടു ബിസിനസ്സ് മീറ്റിൽ നാളികേര വികസന ബോർഡിന്റെ ആഭിമുഖ്യത്തിൽ പങ്കെടുത്ത കൈപ്പുഴ നാളികേര ഉത്പാദക കമ്പനിക്ക് 70 കോടി രൂപയുടെ ബിസിനസ്സ് ഓർഡറുകൾ ലഭിച്ചതായി കേരളത്തിലെ കോക്കനട്ട് പ്രൊഡ്യൂസർ കമ്പനികളുടെ കൺസോർഷ്യം ചെയർമാൻ ഷാജഹാൻ കാഞ്ഞിരവിളയിൽ പറഞ്ഞു. ഓസ്ട്രേലിയൻ കമ്പനിയായ കെവിൻ ഹെറാൾഡ് കോർപ്പറേഷനാണ് പ്രതിവാരം 20000 ബോട്ടിൽ നീരയുടെ ആവശ്യവുമായി സമീപിച്ചത്. അബുദാബിയിൽ റിവേറ എന്ന കമ്പനി പ്രതിദിനം 5000 ബോട്ടിൽ നീര കയറ്റുമതി ചെയ്യാനുള്ള കരാറുമായി വന്നിട്ടുണ്ട്. കാനഡയിലെ കാം ഇന്റർനാഷണൽ റഗുലർ ബിസിനസ്സിനു വേണ്ടി ബന്ധപ്പെട്ടിരിക്കുകയാണ്.

അതുപോലെ നേപ്പാളിലെ പതാഞ്ജലി ഹെർബ്സ് അഗ്രോ ആന്റ് പ്രോസ്സസിംഗ് ഇൻഡസ്ട്രി പ്രതിമാസം ഒരു ലക്ഷം ബോട്ടിൽ നീരയാണ് ആവശ്യപ്പെട്ടത്. ഷാർജയിൽ തൻവി ഇന്റർനാഷണൽ കമ്പനി നീരയുടെയും, നാളികേരത്തിന്റെ മൂല്യവർദ്ധിത ഉത്പന്നങ്ങളുടെയും ഏജൻസി ആവശ്യപ്പെട്ടിരിക്കുകയാണ്. അവിടെ തന്നെയുള്ള അജ്മാൻ കമ്പനിയായ മേരി ലെയൻ ഇന്റർനാഷണൽ പ്രതിവാര ഓർഡർ നൽകിയിരിക്കുകയാണ്. പോളണ്ട് കമ്പനിയായ ഓസ്കാർ എക്കോ ഓർഗാനിക്ക് പ്രോഡക്ട്സ് നീരയുടെ റഗുലർ ഓർഡർ ആവശ്യവുമായി രംഗത്തു വന്നിട്ടുണ്ട്. ചൈനയിൽ നിന്ന് സ്റ്റീൽ ജയന്റ് കമ്മോഡിറ്റീസ് എന്ന കമ്പനി കേടുകൂടാത്ത അസംസ്കൃത നീരയുടെ ഓർഡർ നൽകിയിട്ടുണ്ട്. കൂടാതെ മധുര, ചെന്നെ, തമിഴ്നാട്, ന്യൂഡെൽഹി തുടങ്ങിയ സ്ഥലങ്ങളിൽ നിന്നാണ് മറ്റ് ഓഫറുകൾ. ശ്രീലങ്ക, ഹൗറ, മാഹാരാഷ്ട്ര, തമിഴ്നാട്, ബോംബെ, ബംഗലൂരൂ, ഗുജറാത്ത്,കോയമ്പത്തൂർ, ചെന്നെ, ശിവകാശി, പൊള്ളാച്ചി തുടങ്ങിയ സ്ഥലങ്ങളിൽ നിന്നും നീരയുടെയും, നീരയധിഷ്ഠിത ഉത്പന്നങ്ങളുടേയും സ്ഥിരം ആവശ്യക്കാർ മുന്നോട്ട് വന്നിട്ടുണ്ട്. ഇപ്പോഴത്തെ ഉത്പാദനവും നീര ടെക്നീഷ്യന്മാരുടെ കുറവും കാരണം എല്ലാ ഓർഡറുകളും ഉടനടി നടപ്പാക്കാൻ പറ്റാത്ത സ്ഥിതിയാണുള്ളത്. കേരളത്തിൽ നീര ഉത്പാദിപ്പിക്കുന്ന 18 കേരോത്പാദക കമ്പനികളേയും ഉൾപ്പെടുത്തിക്കൊണ്ട് ഈ വിഷയത്തിൽ പരിഹാരം കാണാൻ സാധിക്കുമെന്ന് കൺസോർഷ്യം ചെയർമാൻ അഭിപ്രായപ്പെട്ടു.

## അഗ്രി ബിസിനസ്സ് ഷോയിൽ സി.ഡി.ബി




ജനുവരി 26 മുതൽ 28 വരെ സിയാൽ എക്സിബിഷൻ സെന്ററിൽ നടന്ന 6–ാമത് അഗ്രി ബിസിനസ്സ് ഷോയിൽ നാളികേര വികസന ബോർഡ് പങ്കെടുത്തു. കൃഷിഭൂമിയിൽ നിന്ന് അടുക്കളയിലേയ്ക്ക് എന്നതായിരുന്നു ഷോയുടെ തീം. ഫുഡ്ടെക് കേരളയുടെ നേതൃത്വത്തിൽ നടന്ന അഗ്രി ബിസിനസ്സ് ഷോ നാളികേര വികസന ബോർഡ് ചെയർമാൻ ശ്രീ.ടി.കെ.ജോസ് ഐഎഎസ് ഉദ്ഘാടനം ചെയ്തു. തിരുകൊച്ചി കമ്പനിയുടെ നീരയും, നീരയുൽപന്നങ്ങളും, വെളിച്ചെണ്ണ, നീര ഹണി എന്നിവയ്ക്ക് ബോർഡിന്റെ സ്റ്റാളിൽ നല്ല ഡിമാന്റായിരുന്നു. നീരയുടെ വേറിട്ട രുചി സന്ദർശകരെ സ്റ്റാളിലേയ്ക്ക് ആകർഷിച്ചു.

## വനിത ഉത്സവിൽ നീരയ്ക്കും ഫ്ളേവേർഡ് മിൽക്കിനും വൻ ഡിമാന്റ്




മലയാള മനോരമ ദിനപത്രത്തിന്റെ നേതൃത്വത്തിൽ ജനുവരി 22 മുതൽ ഫെബ്രുവരി 7 വരെ ജവഹർലാൽ നെഹ്റു അന്തർദേശീയ സ്റ്റേഡിയത്തിൽ നടന്ന വനിത ഉത്സവിൽ നാളികേര വികസന ബോർഡ് പങ്കെടുത്തു. തിരുകൊച്ചി കമ്പനിയുടെയും, കൊടുങ്ങലൂർ കമ്പനിയുടെയും നീര, മറ്റു നീരയുൽപന്നങ്ങളായ, ശർക്കര, നീര ഹണി, നീര മിഠായി തുങ്ങിയ മൂല്യവർദ്ധിത ഉത്പന്നങ്ങൾ വിറ്റഴിഞ്ഞു. സിഡിബി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജിയുടെ വിവിധ ഫ്ളേവറുകളിലുള്ള മിൽക്കിനും വൻ ഡിമാന്റുണ്ടായിരുന്നു. നീരയുടെ മറ്റു ഉത്പന്നങ്ങളുടെയും വേറിട്ട രുചി സന്ദർശകരെ സ്റ്റാളിലേയ്ക്ക് ആകർഷിച്ചു.

## കാർഷിക വ്യാവസായിക പ്രദർശന മേള



ഡിസംബർ 20 മുതൽ ജനുവരി 1 വരെ നടന്ന 83-ാമത് ശിവഗിരി തീർത്ഥാടന മഹാമഹം കാർഷിക വ്യാവസായിക പ്രദർശന മേളയിൽ നാളികേര വികസന ബോർഡ് പങ്കെടുത്തു. അന്തിയൂർ നാളികേര ഉത്പാദക സൊസൈറ്റികളുടെ നാളികേരത്തിന്റെ വിവിധ മൂല്യ വർദ്ധിത ഉത്പന്നങ്ങൾ ബോർഡിന്റെ സ്റ്റാളിൽ വിൽപനയ്ക്കെത്തിച്ചിരുന്നു. കൈപ്പുഴ കമ്പനികളുടെ നീരയും നീരയുൽപന്നങ്ങളും,

വെളിച്ചെണ്ണയും ബോർഡിന്റെ സ്റ്റാളിൽ ലഭ്യമായിരുന്നു. ഇന്ത്യയിലെ നാനാമേഖലകളിൽ നിന്നുള്ള നൂറുകണക്കിന് സേവനദാതാക്കളും ഉത്പന്നങ്ങളും കച്ചവടക്കാരും പങ്കെടുത്ത മഹാമേളയിൽ വ്യത്യസ്തതയാർന്ന നാളികേരോത്പന്നങ്ങൾകൊണ്ട് ബോർഡിന്റെ സ്റ്റാൾ സന്ദർശകരുടെ ശ്രദ്ധ പിടിച്ചുപറ്റി.

## കേരള കൗമുദി ഡിസംബർ ഫെസ്റ്റ്




കേരള കൗമുദി ദിനപത്രത്തിന്റെ നേതൃത്വത്തിൽ ഡിസംബർ 17 മുതൽ ജനുവരി 3 വരെ നടന്ന ഡിസംബർ ഫെസ്റ്റിൽ നാളികേര വികസന ബോർഡ് പങ്കെടുത്തു. കൈപ്പുഴ കമ്പനികളുടെ നീരയും നീരയുൽപന്നങ്ങളും, വെളിച്ചെണ്ണ, നീര ഹണി എന്നിവയും ബോർഡിന്റെ സ്റ്റാളിൽ ലഭ്യമായിരുന്നു. അന്തിയൂർ നാളികേര ഉത്പാദക സൊസൈറ്റികളുടേയും പീപിൾസ് ഫെഡറേഷന്റേയും നാളികേരത്തിന്റെ വിവിധ മൂല്യ വർദ്ധിത ഉത്പന്നങ്ങൾ ബോർഡിന്റെ സ്റ്റാളിൽ വിൽപനയ്ക്കെത്തിച്ചിരുന്നു.

## നാളികേര വികസന ബോർഡ് പുഷ്പമേളയിൽ




എറണാകുളം ജില്ലാ അഗ്രി-ഹോർട്ടി കൾച്ചർ സൊസൈറ്റിയുടെ ആഭിമുഖ്യത്തിൽ ജനുവരി 2 മുതൽ 10 വരെ നടന്ന പുഷ്പമേളയിൽ നാളികേര വികസന ബോർഡ് പങ്കെടുത്തു. തിരുകൊച്ചി കേരോത്പാദക കമ്പനിയുടെ നീരയ്ക്കും, മറ്റ് മൂല്യവർദ്ധിത ഉത്പന്നങ്ങൾക്കും വൻ ഡിമാന്റായിരുന്നു. നാളികേരത്തിന്റെ വിവിധ കരകൗശല ഉത്പന്നങ്ങളും വിൽപ്പനയ്ക്കെത്തിച്ചിരുന്നു.

# ഡിണ്ടിഗലിൽ രണ്ടാമത് നാളികേര സംരംഭകത്വ സംഗമം




*ഡിണ്ടിഗലിലെ സെമ്പട്ടി ആർവിഎസ് പത്മാവതി ഹോർട്ടിക്കൾച്ചർ കോളജിൽ നടന്ന രണ്ടാമത് നാളികേര സംരംഭകത്വ സംഗമം*

തമിഴ്നാട്ടിൽ നാളികേര വികസന ബോർഡ് സംഘടിപ്പിച്ച രണ്ടാമത് സംരംഭകത്വ സംഗമം ഡിണ്ടിഗലിലെ സെമ്പട്ടി ആർവിഎസ് പത്മാവതി ഹോർട്ടിക്കൾച്ചർ കോളജിൽ ഫെബ്രുവരി മൂന്നിന് നടന്നു. തിരിപ്പൂർ, തേനി, മധുര, ഡിണ്ടിഗൽ ജില്ലകളിൽ നിന്നായി 300 സംരംഭകർ സംഗമത്തിനെത്തി. മലേഷ്യയിൽ നിന്നും ഇന്തോനേഷ്യയിൽ നിന്നും നാല് വ്യാപാരികളും ഈ സംഗമത്തിന് എത്തി എന്നത് വലിയ നേട്ടമായി ചൂണ്ടിക്കാണിക്കപ്പെടുന്നു.

പാലക്കാട്, പൊള്ളാച്ചി, ഉദുമൽപെട്ട്, മടത്തുക്കുളം, വിനായക എന്നീ ഉത്പാദക കമ്പനികളുടെയും നാളികേര വികസന ബോർഡ്, തമിഴ്നാട് അഗ്രിക്കൾച്ചർ യൂണിവേഴ്സിറ്റി, വിവിധ മെഷിനറി നിർമ്മാണ കമ്പനികൾ എന്നിവരുടെ പ്രദർശന സ്റ്റാളുകളും സംഗമത്തോടനുബന്ധിച്ച് ഒരുക്കിയിരുന്നു. വെളിച്ചെണ്ണ, വെർജിൻ കോക്കനട്ട് ഓയിൽ, കരിക്കിൻവെള്ളം, പഴങ്ങൾ കലർത്തിയ കരിക്കിൻവെള്ളം, വിവിധ രുചികളിലുള്ള തേങ്ങാപ്പാൽ, നീര, നീരയുത്പ്പന്നങ്ങൾ, നാളികേര ചിപ്സ്, കുക്കീസ്, നാളികേര ചക്കര, വെളിച്ചെണ്ണയിൽ തയാറാക്കിയ സോപ്പ്, വിവിധ യന്ത്രസാമഗ്രികൾ എന്നിവയുടെ വൈവിധ്യമാർന്ന ശേഖരം പ്രദർശനത്തിന് എത്തിച്ചിരുന്നു.വിശാലമായ നാളികേര തോപ്പിൽ സംഘടിപ്പിച്ച സംഗമത്തിൽ അതിഥികൾക്കു നല്കിയ ഭക്ഷണം പോലും തനി നാളികേരവിഭവങ്ങളായിരുന്നു. വേദിയിലെ അലങ്കാരം മുഴുവൻ കുരുത്തോലയുടേതും.

രാവിലെ 11 ന് ആരംഭിച്ച സമ്മേളനത്തിന് നാളികേര വികസന ബോർഡ് ഡയറക്ടർ എൽ ഒബേദ് സ്വാഗതം ആശംസിച്ചു. തമിഴ്നാട് കൃഷിവകുപ്പ് സെക്രട്ടറി ഡോ.എം രാജേന്ദ്രൻ ഐഎഎസ് ആമുഖ പ്രഭാഷണം നടത്തി. രാജ്യത്ത് ഏറ്റവും നാളികേരം ഉത്പാദിപ്പിക്കുന്ന സംസ്ഥാനമാണ് തമിഴ്നാട് എന്നു വിസ്തൃതിയിൽ രാജ്യത്ത് മൂന്നാം സ്ഥാനമാണ് ഉള്ളത് എന്നും അദ്ദേഹം ചൂണ്ടിക്കാട്ടി. നാളികേര കർഷകർ ജൈവകൃഷിയിലേയ്ക്ക് മാറേണ്ടതിന്റെ ആവശ്യകതയും അദ്ദേഹം ഊന്നിപ്പറഞ്ഞു. സംസ്ഥാനത്ത് ജെല്ലിപ്പെട്ടിക്കു സമീപം ധലിയിൽ 100 ഏക്കർ സ്ഥലത്ത് നാളികേര വികസന ബോർഡ് ഒരു വിത്തുല്പാദന പ്രദർശന തോട്ടം ആരംഭിച്ചതായും അദ്ദേഹം വെളിപ്പെടുത്തി.

തമിഴ്നാട് കാർഷിക സർവകലാശാല വൈസ് ചാൻസലർ ഡോ.കെ രാമസ്വാമി സംഗമം ഉദ്ഘാടനം ചെയ്തു. തമിഴ്നാട്ടിൽ അടിയന്തിരമായി രണ്ട് നാളികേര ഗവേഷണ കേന്ദ്രങ്ങൾ ആരംഭിക്കണം എന്ന് അദ്ദേഹം ആവശ്യപ്പെട്ടു. ശാസ്ത്രീയമായി നാളികേര കൃഷി അനുവർത്തിക്കണമെന്ന് അദ്ദഹം നാളികേര കർഷകരോടും നിർദ്ദേശിച്ചു. ചടങ്ങിൽ നാളികേര വികസന ബോർഡ് ചെയർമാൻ ശ്രീ.ടികെ ജോസ് ഐഎഎസ് മുഖ്യപ്രഭാഷണം നടത്തി. വെളിച്ചെണ്ണയെ ഏറ്റവും മികച്ച ആരോഗ്യ പോഷണ ഭക്ഷ്യ എണ്ണയായി ആധുനിക ശാസ്ത്രം അംഗീകരിച്ചതായി അദ്ദേഹം തദവസരത്തിൽ ചൂണ്ടിക്കാട്ടി. രക്തത്തിലെ കൊളസ്ട്രോൾ കുറയ്ക്കുന്നതിനും കുട്ടികളുടെ ആഹാരത്തിലെ മുഖ്യ ചേരുവയായും അമേരിക്കയിൽ വെളിച്ചെണ്ണ ഉപയോഗിച്ചു തുടങ്ങിയതായും അദ്ദേഹം വെളിപ്പെടുത്തി. സൊ ഡെലീഷ്യസ് ഡയറിഫ്രീ എന്ന അമേരിക്കൻ കമ്പനി 65 ഭക്ഷ്യസാധനങ്ങളാണ് നാളികേരത്തിൽ നിന്ന് നിർമ്മിച്ച് ലോകമെമ്പാടും വില്പന നടത്തുന്നത്. തേങ്ങാപ്പാൽ ഗുണനിലവാരത്തിൽ മുലപ്പാലിനു തുല്യമത്ര. നേരത്തെ അമേരിക്കൻ ജനതയ്ക്ക് നാളികേരത്തെ കുറിച്ച് ഉണ്ടായിരുന്ന തെറ്റിധാരണകൾ ഇപ്പോൾ പൂർണമായും മാറിയതായും ചെയർമാൻ വെളിപ്പെടുത്തി. നാളികേര സംസ്കരണത്തിന് ഏറ്റവും മികച്ച സാങ്കേതിക വിദ്യ ഉപയോഗിക്കാൻ അദ്ദേഹം സംരംഭകരെ ആഹ്വാനം ചെയ്തു. തമിഴ്നാട്ടിൽ മികച്ച കാർഷിക കോളജുകൾ ധാരാളം ഉണ്ടെങ്കിലും നാളികേര സംസ്കരണ യൂണിറ്റുകൾ എട്ട് ജില്ലകളിലായി ഒതുങ്ങുന്നു. തിരിപ്പൂരിലാണ് കൂടുതൽ 20. അതിനാൽ നാളികേര സംസ്കരണമേഖലയിലേയ്ക്ക് കടന്നു വരാൻ അദ്ദേഹം കൃഷിക്കാരെ ക്ഷണിച്ചു.

തുടർന്ന് നടന്ന ടെക്നിക്കൽ സെഷനിൽ വാഴക്കുളം സിഡിബി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജിയിലെ ജഗദീഷ് പ്രിയ, കോയമ്പത്തൂർ പിഎസ്ജി കോളജിലെ ഫുഡ് പ്രോസസിംങ് വിഭാഗം അധ്യക്ഷ ഡോ.രാധായ്ശ്രീ, തമിഴ്നാട് കാർഷിക സർവകലാശാലയിലെ ഡോ.ആർമുരുഗേശൻ, നാളികേര വികസന ബോർഡ് ഡപ്യൂട്ടി ഡയറക്ടർ ടി ബാലസുധാമണി, അസിസ്റ്റന്റ് ഡയറക്ടർ കെ എസ് സെബാസ്റ്റ്യൻ തുടങ്ങിയവർ പ്രബന്ധങ്ങൾ അവതരിപ്പിച്ചു.

വായ്പാ സാമ്പത്തിക സഹായം സംബന്ധിച്ച് വിവിധ ബാങ്ക് പ്രതിനിധികളും യന്ത്രസാമഗ്രികളെ കുറിച്ച് വിവിധ കമ്പനി പ്രതിനിധികളും സംസാരിച്ചു. വിദേശ പ്രതിനിധികളുമായുള്ള ചർച്ചകളും നടന്നു. വെർജിൻ കോക്കനട്ട് ഓയിൽ, ഡസിക്കേറ്റഡ് കോക്കനട്ട് എന്നിവയിലാണ് വിദേശവ്യാപിരികൾ കൂടുതൽ താല്പര്യം പ്രകടിപ്പിച്ചത്. കൂടാതെ വൻതോതിൽ വെളിച്ചെണ്ണ, കയർപായകൾ എന്നിവ വാങ്ങുന്നതിനും താല്പര്യമുള്ളതായി അവർ പറഞ്ഞു.പത്മാവതി ഹോർട്ടിക്കൾച്ചർ കോളജ് അസിസ്റ്റന്റ് പ്രഫസർ ഡോ.ബി ബാലഗണേഷ് നന്ദി പറഞ്ഞു.

# ഡോ.ഷക്കീൽ പി അഹമ്മദ് ചെറുവത്തൂരിൽ



*ഡോ. ഷക്കീൽ അഹമ്മദ് നീര പ്ലാന്റിൽ*

കേന്ദ്ര കൃഷി കാർഷിക ക്ഷേമ മന്ത്രാലയത്തിലെ ജോയിന്റ് സെക്രട്ടറി ഡോ.ഷക്കീൽ പി അഹമ്മദ് വടകര നാളികേര ഉത്പാദക കമ്പനിയുടെ, ജനുവരി 29 ന് കമ്മിഷൻ ചെയ്ത ചെറുവത്തൂരിലെ നീര സംസ്കരണ പ്ലാന്റ് സന്ദർശിച്ചു. ഫെബ്രുവരി ഒന്നിനാണ് ഡോ.അഹമ്മദ് പ്ലാന്റ് സന്ദർശിക്കാൻ ചെറുവത്തൂരിൽ എത്തിയത്. പ്ലാന്റ് സമുച്ചയത്തിൽ കമ്പനി ചെയർമാനും സിഇഒയും ചേർന്ന് അദ്ദേഹത്തെ സ്വീകരിച്ചു. പ്ലാന്റിന്റെ വിവധ പ്രവർത്തനങ്ങൾ ജോയിന്റ് സെക്രട്ടറി താല്പര്യപൂർവം വീക്ഷിച്ചു.

പ്ലാന്റ് പ്രവർത്തിപ്പിക്കുമ്പോൾ ജോലിക്കാരുടെ സുരക്ഷ ഉറപ്പു വരുത്തണമെന്നും, പ്ലാന്റിൽ ഫസ്റ്റ് എയ്ഡ് സൗകര്യങ്ങൾ സ്ഥാപിക്കണമെന്നും അദ്ദേഹം ആവശ്യപ്പെട്ടു. പൊതു ജനം ഉപയോഗിക്കുന്ന ആരോഗ്യ പാനീയമായതിനാൽ നീരയ്ക്ക് ഉന്നതമായ ഗുണ നിലവാരം നിലനിർത്തണമെന്നും അദ്ദേഹം പറഞ്ഞു. നീര വൃത്തിയായി കൈകാര്യം ചെയ്യുന്നതിന് പ്ലാന്റിലെ ജോലിക്കാർക്ക് പ്രത്യേക യൂണിഫോമും ഡ്രസ് കോഡും നല്കണമെന്നും അദ്ദേഹം നിർദ്ദേശിച്ചു. കമ്പനിയയുടെ ഡയറക്ടർ ബോർഡ് അംഗങ്ങളും തദവസരത്തിൽ പ്ലാന്റിൽ സന്നിഹിതരായിരുന്നു.

# കാർഷിക സെമിനാർ നടത്തി



*കാർഷിക സെമിനാറിൽ നാളികേര വികസന ബോർഡ് അസി. ഡയറക്ടർ കെ. എസ്. സെബാസ്റ്റ്യൻ സംസാരിക്കുന്നു*

അരീക്കോട് നാറജിൽ ഫെഡറേഷന്റെ ആഭിമുഖ്യത്തിൽ ഡിസംബർ 7 ന് അരീക്കോട് സുല്ലമുസ്സലാം ഓറിയന്റൽ ഹൈസ്കൂൾ അലംനി ഓഡിറ്റോറിയത്തിൽ നാളികേര കർഷകരുടെ സെമിനാർ നടത്തി. സെമിനാറിൽ ഫെഡറേഷൻ പ്രസിഡന്റ് ശ്രീ. എം.പി.മുഹമ്മദ് ഹാജി അദ്ധ്യക്ഷത വഹിച്ചു. അരീക്കോട് ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ശ്രീമതി. മുനീറ സെമിനാർ ഉദ്ഘാടനം ചെയ്തു. നാളികേര കർഷകരുടെ കൂട്ടായ്മയിൽ പങ്കെടുക്കുന്നതിൽ വളരെ സന്തോഷമുണ്ടെന്നും ഈ കൃഷിയുടെ ഉന്നമനത്തിന്നായി പഞ്ചായത്തിൽ ചെയ്യാൻ കഴിയുന്നതെല്ലാം ചെയ്തിരിക്കുമെന്നും കർഷകരുടെ സ്ഥായിയായ ഉന്നമനം ലക്ഷ്യംവെച്ചുകൊണ്ട് പ്രൊജക്ടുകൾ നിങ്ങൾ തന്നെ പഞ്ചായത്തിൽ അവതരിപ്പിക്കണമെന്നും നിർദ്ദേശിച്ചു.

നാളികേര വികസന ബോർഡ് (എക്സ്പോർട്ട് പ്രൊമോഷൻ) അസിസ്റ്റന്റ് ഡയറക്ടർ കെ.എസ്.സെബാസ്റ്റ്യൻ മുഖ്യപ്രഭാഷണം നടത്തി. നാളികേര വികസന ബോർഡ് ഈ മേഖലയുടെ ഉന്നമന്നത്തിനായി ചെയ്തുകൊണ്ടിരിക്കുന്ന വിവിധ പദ്ധതികൾ വിശദീകരിച്ചു. ഉത്പാദനം കൂടുമ്പോൾ വിലയിടുവു സ്വാഭാവികമാണെന്നും ഇതിന് പരിഹാരം മൂല്യവർധിത ഉത്പന്നങ്ങളുടെ ഉത്പാദനവും മാർക്കറ്റിംഗും മാത്രമെ പരിഹാരമുള്ളൂവെന്ന് ഉദാഹരണ സഹിതം വിവരിച്ചു. മാർക്കറ്റിംഗ് രംഗത്ത് കൂടുതൽ ശ്രദ്ധ പതിപ്പിക്കാനായിട്ടാണ് കർഷകരുടെ ത്രിതല കൂട്ടായ്മകൾ രൂപീകരിച്ചത്. വിവിധ കൂട്ടായ്മകൾ ചെയ്തുകൊണ്ടിരിക്കുന്ന പ്രവർത്തനങ്ങൾ അദ്ദേഹം വിശദീകരിച്ചു. ഈ രംഗത്ത് വളരെയധികം പ്രതീക്ഷയുള്ള കമ്പനിയാണ് നിങ്ങളുടെ നിലമ്പൂർ കമ്പനിയെന്നും ഇതിനായി നിങ്ങളുടെ ഫെഡറേഷൻ ചെയ്ത സേവനങ്ങൾ മഹത്തരമാണെന്നും ചൂണ്ടിക്കാട്ടി.

ഫെഡറേഷന്റെ കീഴിലുള്ള സിപിഎസ്സുകളിൽ നിന്നും ശേഖരിച്ച ഷെയറുകളുടെ ഒന്നാം ഘട്ടമായി അഞ്ച് ലക്ഷം രൂപയുടെ ചെക്ക് കമ്പനി ചെയർമാൻ തോമസ് ഫിലിപ്പിന് ഫെഡറേഷൻ പ്രസിഡന്റ് ശ്രീ. എം.പി. മുഹമ്മദ് ഹാജി കൈമാറി. തോമസ് ഫിലിപ്പ് തന്റെ പ്രസംഗത്തിൽ നിലമ്പൂർ കോക്കനട്ട് പ്രൊഡ്യൂസർ കമ്പനിയുടെ ഇതുവരെയുള്ള പ്രവർത്തനങ്ങൾ വിവരിച്ചു. അംഗങ്ങളുടെ സംശയങ്ങൾക്ക് മറുപടിയും നൽകി.

# അങ്ങാടിപ്പുറത്ത് നാളികേര കർഷക സെമിനാറും നേതൃസംഗമവും



*അങ്ങാടിപ്പുറത്തു നടന്ന നാളികേര കർഷക സംഗമം*

വള്ളുവനാട് നാളികേര ഉത്പാദക കമ്പനിയുടെ കീഴിൽ 120 സൊസൈറ്റികൾക്ക് നേതൃത്വം കൊടുക്കുന്നവരുടെ നേതൃസംഗമവും, നാളികേര കാർഷിക സെമിനാറും സംസ്ഥാന നഗരകാര്യ-ന്യൂനപക്ഷക്ഷേമ വകുപ്പ് മന്ത്രി ശ്രീ. മഞ്ഞളാംകുഴി അലി ഉദ്ഘാടനം ചെയ്തു. നാളികേര കൃഷിയുമായി ബന്ധപ്പെട്ട് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നടപ്പാക്കുന്ന ഉൽപാദന, സംഭരണ, വിപണന മേഖലയിലെ നിർവ്വഹണ ഏജൻസിയായി 120 നാളികേര സൊസൈറ്റികളെയും സംസ്ഥാന സർക്കാർ അംഗീകരിച്ചു കൊണ്ടുള്ള ഗവൺമെന്റ് ഉത്തരവ് ചടങ്ങിൽ മന്ത്രി കൈമാറി.

കമ്പനിയുടെ പരിധിയിൽ നാളികേര ഫെഡറേഷനുകൾക്ക് സംസ്ഥാന എക്സൈസ് വകുപ്പ് അനുവദിച്ച നീര ഉൽപാദനത്തിനുള്ള ലൈസൻസ് വിതരണ ഉദ്ഘാടനവും ചടങ്ങിൽ മന്ത്രി നിർവ്വഹിച്ചു. വള്ളുവനാട് നാളികേര ഉൽപാദക കമ്പനിയുടെ കർഷകരിൽ നിന്ന് അഞ്ച് കോടി രൂപ ഓഹരി മൂലധനമായി സ്വരൂപിക്കുന്നതിനും അതിനുള്ള കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ സബ്സിഡികളും, ഗ്രാന്റുകളും ലഭ്യമാക്കുന്നതിനും, കമ്പനിയുടെ പരിധിയിലെ യുവസംരംഭകർക്ക് നാളികേര മൂല്യവർദ്ധിത ഉൽപന്നങ്ങളുടെ സംരംഭങ്ങൾ ആരംഭിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിക്കുമെന്നും നാളികേര വികസന ബോർഡ് അസിസ്റ്റന്റ് ഡയറക്ടർ കെ.എസ്. സെബാസ്റ്റ്യൻ സെമിനാറിൽ പറഞ്ഞു. ജില്ലയിൽ നാളികേര ഉൽപന്നങ്ങളുടെ ഔട്ട്ലെറ്റുകൾ(കോക്കനട്ട് പോയിന്റുകൾ) തുടങ്ങുന്നതിനുള്ള അനുമതിയും, ഓരോ നാളികേര കർഷകർക്കും മണ്ണിര കമ്പോസ്റ്റ് നിർമ്മാണത്തിന് 60,000 രൂപ വരെ സബ്സിഡിയും ലഭ്യമാക്കുമെന്നും അദ്ദേഹം പറഞ്ഞു.

പെരിന്തൽമണ്ണ മുൻ എം.എൽ.എ. വി. ശശികുമാർ മുഖ്യ പ്രഭാഷണം നടത്തി. വള്ളുവനാട് നാളികേര ഉൽപാദക കമ്പനിയുടെ ചെയർമാൻ യു. കുഞ്ഞിമുഹമ്മദ് അധ്യക്ഷതവഹിച്ചു. യോഗത്തിൽ കമ്പനി ഡയറക്ടർമാരായ പി. ബാപ്പുട്ടി, കെ. മുഹമ്മദലി, എൻ. വാസുദേവൻ, പി. ഉസ്മൻ ഹാജി, അയമു പി.കെ, സക്കീർ ഹുസൈൻ എൻ, ഉമറുദ്ദീൻ എം.കെ, സാദിഖ് അലി കെ.പി, ഉമ്മർ അമ്പാട്ട്, മുഹമ്മദ് കെ.പി, എൻ. മൊയ്തീൻ എന്നിവർ പങ്കെടുത്തു.

# പുറമേരിയിൽ ആറു വനിതകൾ കൂടി ടെക്നീഷ്യൻ പരിശീലനം പൂർത്തിയാക്കി




കോഴിക്കോട് ജില്ലയിലെ വടകര താലൂക്കിലുള്ള കടത്തനാട് പ്രൊഡ്യൂസർ കമ്പനിയിൽ അഫിലിയേറ്റ് ചെയ്തിരിക്കുന്ന പുറമേരി ഫെഡറേഷനിൽ ആറു വനിതകൾ ഉൾപ്പെട്ട പുതിയ ബാച്ച് നീര ടെക്നീഷ്യന്മാർ പരിശീലനം പൂർത്തിയാക്കി. 20 അംഗങ്ങൾ അടങ്ങിയ ബാച്ചിൽ ആദ്യമായി നീര ടാപ്പുചെയത് എടുത്തു എന്ന ബഹുമതിയും വനിത കരസ്ഥമാക്കി. ഒപ്പം പരിശീലനം നടത്തിയ 14 പുരുഷന്മാരെയും ബാക്കി വനിതകളെയും പിന്നിലാക്കി നിമിഷ പ്രകാശനാണ് ഈ ബഹുമതി നേടിയത്. നിമിഷോടൊപ്പം രജിതാ രാജൻ റീത്ത പ്രഭിവൻ, സുധാ രാജൻ, വിനീത രാജീവൻ, ഷൈജ അശോകൻ എന്നീ വനിതകളും പുരുഷന്മാർക്കൊപ്പം പരിശീലനം വിജയകരമായി പൂർത്തിയാക്കി.

ആദ്യഘട്ടത്തിൽ എല്ലാവരും നെറ്റി ചുളിച്ച് നോക്കിയിരുന്നതായി ഇവർ ഓർമ്മിക്കുന്നു. ഇപ്പോൾ പക്ഷെ നിലാപ്ട് മാറി. പുറമേരി പഞ്ചായത്തിലെ കുടുംബശ്രീ ആണ് ഇവർക്ക് എല്ലാ വിധ പിന്തുണയും പ്രോത്സാഹനങ്ങളും നല്കിയത്. വീടിനടുത്ത് തന്നെ ജോലി ചെയ്ത് കുറഞ്ഞ സമയം കൊണ്ട് കൂടുതൽ വരുമാനം നേടാം എന്നതാണ് ഈ രംഗത്തേയ്ക്ക് കടന്നു വരാൻ പ്രേരകമായത് എന്ന് ഇവർ പറയുന്നു. ആദ്യ ഘട്ടത്തിൽ തെങ്ങുകളുടെ ഉയരം വല്ലാതെ ഭയപ്പെടുത്തിയിരുന്നു. പക്ഷെ ഏതാനും ദിവസങ്ങൾക്കുള്ളിൽ അതൊരു പ്രശ്നമല്ലാതായി. ആറു വനിതകൾ രംഗത്ത് എത്തിയതോടെ നീര ടാപ്പിങ്ങിനായി കൂടുതൽ വനിതകൾ താല്പര്യം പ്രകടിപ്പിച്ചു തുടങ്ങിയിട്ടുണ്ട്. അടുത്ത ബാച്ചിലേയ്ക്ക് വനിതകൾ കൂടുതലായി പേര് രജിസ്റ്റർ ചെയ്യുന്നതായി ഫെഡറേഷൻ പ്രസിഡന്റ് ടി.കൃഷ്ണൻ അറിയിച്ചു.

# കീഴ്പ്പള്ളി ഫെഡറേഷൻ ത്രിതലപഞ്ചായത്ത് മെമ്പർമാർക്ക് സ്വീകരണം നൽകി.



ആറളത്ത് ത്രിതല പഞ്ചായത്ത് അംഗങ്ങൾക്ക് നൽകിയ സ്വീകരണം സണ്ണി ജോസഫ് എം. എൽ.എ. ഉദ്ഘാടനം ചെയ്യുന്നു.

ആറളം കൽപ്പവൃക്ഷ നാളികേര ഉത്പാദക ഫെഡറേഷന്റെ ആഭിമുഖ്യത്തിൽ ആറളം ഗ്രാമപഞ്ചായത്തിലെ ത്രിതല ഗ്രാമപഞ്ചായത്ത് മെമ്പർമാർക്ക് എടൂരിൽ സ്വീകരണം നൽകി. സ്വീകരണ സമ്മേളനം എം.എൽ.എ. അഡ്വ. സണ്ണി ജോസഫ് ഉദ്ഘാടനം ചെയ്തു. 12-ാം പഞ്ച വത്സര പദ്ധതിയിൽ കാർഷിക മേഖലയിൽ ഉൽപാദന മേഖലയിൽ നടപ്പിലാക്കേണ്ട പദ്ധതിയിൽ ഇരിട്ടി നാളികേര ഉത്പാദക കമ്പനിയുടെ പ്രവർത്തനങ്ങളും ഊർജ്ജിതമാക്കേണ്ട ആവശ്യകത എം. എൽ.എ തന്റെ ഉദ്ഘാടന പ്രസംഗത്തിൽ സൂചിപ്പിച്ചു. ഇരിട്ടി നാളികേര ഉത്പാദക കമ്പനിയുടെ പ്രവർത്തനങ്ങളെ സംബന്ധിച്ച് ചെയർമാൻ എൻ. ജെ. ജോസഫും, അത്യുൽപ്പാദന ശേഷിയുള്ള തെങ്ങിൻ തൈകളുടെ നഴ്സറി പ്രവർത്തനങ്ങൾ സംബന്ധിച്ച് കമ്പനി ഡയറക്ടർ ജോസ് പൂമലയും, നീര ഉത്പാദനം സംബന്ധിച്ച് ഡയറക്ടർ ശ്രീകുമാർ കൂടത്തിലും സംസാരിച്ചു. ഫെഡറേഷൻ പ്രസിഡന്റ് പി. സി. സ്കറിയ അദ്ധ്യക്ഷത വഹിച്ചു. സ്വീകരണത്തിന് മറുപടിയായി നിയമത്തിന്റെ പരിധിയിൽ നിന്നുകൊണ്ട് ചെയ്യാൻ സാധിക്കുന്ന സഹായങ്ങൾ നാളികേര ഉത്പാദക സംഘങ്ങൾക്കും ഫെഡറേഷനും, ഇരിട്ടി നാളികേര ഉത്പാദന കമ്പനിക്കും ചെയ്യുന്നതാണ് എന്ന് ആറളം പഞ്ചായത്ത് പ്രസിഡന്റ് ഷിജി നടുപ്പറമ്പിൽ, ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് എൻ. റ്റി. റോസമ്മ, ജില്ലാ പഞ്ചായത്ത് മെമ്പർ അഡ്വ. മാർഗരറ്റ് ജോസ് എന്നിവർ പ്രസ്താവിച്ചു. കെ. എം. പീറ്റർ സ്വാഗതവും, ഇരിട്ടി നാളികേര കമ്പനി സി.ഇ.ഒ. ഇമ്മാനുവൽ മാത്യു നന്ദിയും രേഖപ്പെടുത്തി.





മുക്കത്ത് നടന്ന നാളികേര കർഷക കൺവെൻഷൻ

# മുക്കം ഫെഡറേഷൻ കൺവൻഷൻ നടത്തി

മലയോര നാളികേര ഫെഡറേഷന്റ വിപുലമായ കൺവെൻഷൻ മുക്കം ഇ.എം.എസ്. ഓഡിറ്റോറിയത്തിൽ നടന്നു. വികസന കാര്യസ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ (മുക്കം നഗരസഭ) കെ. റ്റി. ശ്രീധൻ കൺവെൻഷൻ ഉദ്ഘാടനം ചെയ്തു. നാളികേര വികസന ബോർഡ് കോഴിക്കോട് ജില്ലാ ടെക്നിക്കൽ ഓഫീസർ മൃദുല മുഖ്യ പ്രഭാഷണം നടത്തി. കുന്ദമംഗലം കോക്കനട്ട് പ്രൊഡ്യൂസർ കമ്പനി ചെയർമാൻ അരവിന്ദൻ, ഡയറക്ടർ മാത്യു - നഗരസഭ കൗൺസിലർമാരായ മുക്കം വിജയൻ, പ്രശോഭ്കുമാർ, വി. ശിവശങ്കരൻ തുടങ്ങിയവർ ആശംസകൾ അർപ്പിച്ചു. കൃഷിക്കാർക്ക് എസ്.ബി.ടിയുമായി ബന്ധപ്പെട്ട് കുറഞ്ഞ പലിശയ്ക്ക് വായ്പ ലഭിക്കുന്നതിനായി കോംബോ കോർഡ് ലഭിക്കാനുള്ള അപേക്ഷാ ഫോറം യോഗത്തിൽ വിതരണം ചെയ്തു. കമ്പനിയിലേക്ക് എല്ലാ കൃഷിക്കാരും ഷെയർ നൽകാൻ തയ്യാറാവണമെന്ന് മൃദുല ആവശ്യപ്പെട്ടു. മലയോഗം നാളികേര ഫെഡറേഷൻ സെക്രട്ടറി കരണങ്ങാട്ട് ഭാസ്ക്കരൻ സ്വാഗതവും, പ്രസിഡന്റ്, പി. ബാലകൃഷ്ണൻ മാമ്പറ്റ അദ്ധ്യക്ഷത വഹിച്ചു. വൈസ്. പ്രസിഡന്റ് രഘുപ്രസാദ് തോട്ടത്തിൻ കടവ് നന്ദി പറഞ്ഞു.

# കോക്കനട്ട് പോയിന്റ് ആരംഭിച്ചു




*ചെട്ടിക്കുളങ്ങര കേരളഗ്രാമം നാളികേര ഉത്പാദക ഫെഡറേഷൻ ഓലകെട്ടയമ്പലത്ത് ആരംഭിച്ച കോക്കനട്ട് പോയിന്റ് മാവേലിക്കര ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് കെ രഘുപ്രസാദ് ഉദ്ഘാടനം ചെയ്യുന്നു.*

ചെട്ടിക്കുളങ്ങര കേരളഗ്രാമം നാളികേര ഉത്പാദക ഫെഡറേഷന്റെ ആഭിമുഖ്യത്തിൽ ഓലകെട്ടിയമ്പലത്ത് പുതിയ കോക്കനട്ട് പോയിന്റ് പ്രവർത്തനം ആരംഭിച്ചു. ഓലകെട്ടിയമ്പലം പോസ്റ്റ് ഓഫീസിനു വടക്കുവശത്തായി ആരംഭിച്ചിട്ടുള്ള പോയിന്റിന്റെ ഉദ്ഘാടനം മാവേലിക്കര ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് കെ രഘുപ്രസാദ് നിർവഹിച്ചു. ചടങ്ങിൽ ചെട്ടിക്കുളങ്ങര കേരളഗ്രാമം നാളികേര ഉത്പാദക ഫെഡറേഷൻ പ്രസിഡന്റ് എൻ ശ്രീധരക്കുറുപ്പ് അധ്യക്ഷനായിരുന്നു. ഓണാട്ടുകര നാളികേര ഉത്പാദക കമ്പനി ചെയർമാൻ കറ്റാനം ഷാജി മുഖ്യ പ്രഭാഷണം നടത്തി. ആലപ്പുഴ ജില്ലാ പഞ്ചായത്ത് അംഗം ജേക്കബ് ഉമ്മൻ ആദ്യ വില്പന നിർവഹിച്ചു. തദവസരത്തിൽ കമ്പനിയുടെ ഓഹരിസർട്ടിഫിക്കറ്റുകളുടെ വിതരണം ചെട്ടിക്കുളങ്ങര ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ് ശ്രീമതി സി കൃഷ്ണമ്മ നിർവഹിച്ചു. തെക്കേക്കര ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ശ്രീമതി ഷൈലാ ലക്ഷ്മൺ തെങ്ങിൻ തൈകളുടെ വിതരണം നിർവഹിച്ചു. ഫെഡറേഷൻ സെക്രട്ടറി വി മോഹനൻപിള്ള സ്വാഗതവും , ജോയിന്റ് സെക്രട്ടറി ആർ ഗോപി നന്ദിയും പറഞ്ഞു.

# കട്ടപ്പനയിൽ ചങ്ങാതിക്കൂട്ടം പരിശീലനം




കട്ടപ്പന നാളികേര ഫെഡറേഷന്റെ ആഭിമുഖ്യത്തിൽ ചങ്ങാതിക്കൂട്ടത്തിന്റെ മൂന്നാമത് ബാച്ച് പരിശീലന പരിപാടി നരിയംപാറയിൽ സമാപിച്ചു. കാഞ്ചിയാർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് മാത്യു ജോർജ് ആയിരുന്നു പരിപാടി ഉദ്ഘാടനം ചെയ്തത്. ഫെഡറേഷൻ പ്രസിഡന്റ് ജെ.ജെയകുമാർ അധ്യക്ഷത വഹിച്ച യോഗത്തിൽ നരിയംപാറ പള്ളി വികാരി ഫാ.വർഗീസ് മാടൻ, കട്ടപ്പന മുനിസിപ്പൽ കൗൺസിലർ മനോജ് മുരളി, ഫെഡറേഷൻ സെക്രട്ടറി ജോർജ് മാത്യു, ട്രഷറർ ജോസ് ജോർജ്, പട്ടം കോളനി ഫെഡറേഷൻ പ്രസിഡന്റ് പി അജികുമാർ, എം എൻ മോഹൻദാസ്, സന്തോഷ് കെ കെ, വിനു ഒഎസ്, ബിന്ദു സജി,ശിവദാസ്, വിജയൻ രാജൻ തുടങ്ങിയവർ പ്രസംഗിച്ചു. ചങ്ങാതിക്കൂട്ടം പരിശീലന പരിപാടി പൂർത്തിയാക്കിയ 20 പേർക്കും മികച്ച ഇനം ഓരോ തെങ്ങിൻ തൈകൾ ഫെഡറേഷൻ സമ്മാനിച്ചു.

# നഴ്സറി പ്രവർത്തനം തുടങ്ങി



കരിയാർ ഫെഡറേഷന്റെ നേതൃത്വത്തിലുള്ള നാളികേര നഴ്സറിയുടെ പ്രവർത്തനങ്ങൾ കൊതവറയിൽ വിത്തു തേങ്ങ പാകിക്കൊണ്ട് ടിവി പുരം പഞ്ചായത്ത് പ്രസിഡന്റ് ശ്രീ. ടിഎസ് സെബാസ്റ്റ്യൻ ഉദ്ഘാടനം ചെയ്തു. കുറിയ ഇനം തെങ്ങിന്റെ 20000 വിത്തുകളാണ് ിവിടെ പാകുന്നത്. ഫെഡറേഷനിലെ 9 സിപിഎസുകൾക്കും ആവശ്യത്തിനുള്ള തൈകൾ ഇവിടെ നിന്ന് വിതരണം ചെയ്യുന്നതാണ്. നീര, കരിക്ക് എന്നിവ ലക്ഷ്യമാക്കിയാണ് കുറിയ ഇനം തൈകൾ വ്യാപിപ്പിക്കുക. ഉദ്ഘാടന യോഗത്തിൽ ഫെഡറേഷൻ പ്രസിഡന്റ് സാജൻ കെ.ഐസക് അധ്യക്ഷത വഹിച്ചു.സെക്രട്ടറി ബിജു മുട്ടുമന, വിജെ മാത്യു, ഇസി സെബാസ്റ്റ്യൻ തുടങ്ങിയവർ പ്രസംഗിച്ചു.

2016 ജനുവരി



# കമ്പോളാവലോകനം

- പ്രമുഖ വിപണികളിൽ ആട്ടുകൊപ്ര, വെളിച്ചെണ്ണ എന്നിവയുടെ വില മാന്ദ്യം തുടർന്നു.
- വെളിച്ചെണ്ണയുടെയും കൊപ്രയുടെയും അന്താരാഷ്ട്ര വിലയിൽ കഴിഞ്ഞ മാസത്തെ അപേക്ഷിച്ച് ഉണർവ് രേഖപ്പെടുത്തി.

● മാർക്കറ്റിംഗ് ഡിവിഷൻ, നാളികേരവികസനബോർഡ് കൊച്ചി-11

കേരളത്തിലെ പ്രമുഖ വിപണികളിൽ കൊപ്രയുടേയും വെളിച്ചെണ്ണയുടേയും വിലയിൽ നേരിയ മാന്ദ്യം മാറ്റമില്ലാതെ തുടർന്നു.


### വെളിച്ചെണ്ണ

രാജ്യത്തെ എല്ലാ പ്രമുഖ വിപണന കേന്ദ്രങ്ങളിലും വെളിച്ചെണ്ണ വിലയിൽ നേരിയ മാന്ദ്യം രേഖപ്പെടുത്തി.

വെളിച്ചെണ്ണയുടെ ശരാശരി വില കൊച്ചി വിപണിയിൽ ക്വിന്റലിന് 9296 രൂപയായിരുന്നു. ആലപ്പുഴ വിപണിയിൽ വെളിച്ചെണ്ണയുടെ വില ഏറെക്കുറെ കൊച്ചി വിപണിയിലേതു പോലെ നിന്നു. ആലപ്പുഴ വിപണിയിലെ ശരാശരി മാസ വില ക്വിന്റലിന് 8779 രൂപയായിരുന്നു. കോഴിക്കോട് വെളിച്ചെണ്ണയുടെ ശരാശരി മാസവില ക്വിന്റലിന് 9372 രൂപയുമായിരുന്നു. കൊച്ചി, കോഴിക്കോട് വിപണികളിൽ വെളിച്ചെണ്ണയുടെ ശരാശരി മാസവില കഴിഞ്ഞ മാസത്തെയപേക്ഷിച്ച് 8 മുതൽ 11 ശതമാനം വരെ കുറവായിരുന്നു. കഴിഞ്ഞ വർഷം ഇതേ മാസത്തെയപേക്ഷിച്ച് 34 മുതൽ 37 ശതമാനം വരെ കുറവായിരുന്നു. തമിഴ്നാട്ടിലെ കങ്കയം വിപണിയിൽ വെളിച്ചെണ്ണയുടെ ശരാശരി മാസവില 7833 രൂപയായിരുന്നു. അത് കഴിഞ്ഞ മാസത്തേക്കാൾ 8 ശതമാനം കുറവാണ്.കഴിഞ്ഞ വർഷം ഇതേ മാസത്തെയപേക്ഷിച്ച് 41 ശതമാനം കുറവാണ്. കഴിഞ്ഞ വർഷം ഇതേ മാസത്തെയപേക്ഷിച്ച് 32 ശതമാനം കുറവുമാണ്.

### ആട്ടുകൊപ്ര

എഫ്.എ.ക്യു കൊപ്രയുടെ ശരാശരി മാസവില കൊച്ചി വിപണിയിൽ ക്വിന്റലിന് 6040 രൂപയായിരുന്നു. രാശി കൊപ്രയുടെ ശരാശരി മാസവില ആലപ്പുഴ വിപണിയിൽ ക്വിന്റലിന് 6244 രൂപയായിരുന്നു. കോഴിക്കോട് വിപണിയിൽ വില ക്വിന്റലിന് 56158 രൂപയായിരുന്നു. കൊച്ചി, ആലപ്പുഴ, കോഴിക്കോട് വിപണികളിൽ ശരാശരി മാസവില കഴിഞ്ഞ മാസത്തേക്കാൾ 8-10 ശതമാനം കുറവും കഴിഞ്ഞ വർഷം ഇതേ മാസത്തേക്കാൾ 34-38 ശതമാനം കുറവും ആയിരുന്നു. തമിഴ്നാട്ടിലെ കങ്കയം വിപണിയിൽ കൊപ്രയുടെ ശരാശരി മാസവില ക്വിന്റലിന് 5774 രൂപയായിരുന്നു. ഇത് കഴിഞ്ഞ മാസത്തേക്കാൾ 10 % കുറവും കഴിഞ്ഞ വർഷം ഇതേ മാസത്തേക്കാൾ 39 ശതമാനം കുറവുമായിരുന്നു.




*ജനുവരി മാസത്തിൽ വെളിച്ചെണ്ണ വിലയിലെ വ്യതിയാനങ്ങൾ*

ആട്ടുകൊപ്രയുടെ ആന്ധ്രപ്രദേശിലെ അമ്പാജിപേട്ടയിലെ ശരാശരി വില ക്വിന്റലിന് 5688 രൂപയായിരുന്നു. ഇത് കഴിഞ്ഞ മാസത്തേക്കാൾ 6 % കുറവും കഴിഞ്ഞ വർഷം ഇതേ മാസത്തേക്കാൾ 37 ശതമാനം കുറവുമായിരുന്നു.

### ഭക്ഷ്യയോഗ്യമായ കൊപ്ര

രാജാപൂർ കൊപ്രയുടെ കോഴിക്കോട് വിപണിയിലെ ശരാശരി വില ക്വിന്റലിന് 10832 രൂപയായിരുന്നു. കഴിഞ്ഞ മാസത്തെ വിലയെ അപേക്ഷിച്ച് 21% കുറവും കഴിഞ്ഞ വർഷം ഇതേ മാസത്തേക്കാൾ 37 ശതമാനം കുറവായിരുന്നു.

ഉണ്ടകൊപ്രയുടെ ശരാശരി വില കോഴിക്കോട് വിപണിയിൽ ക്വിന്റലിന് 9630 രൂപയായിരുന്നു. കഴിഞ്ഞ മാസത്തെ വിലയെ അപേക്ഷിച്ച് 20% കുറവും കഴിഞ്ഞ വർഷം ഇതേ മാസത്തേക്കാൾ 39 ശതമാനം കുറവായിരുന്നു. ഉണ്ടകൊപ്രയുടെ ശരാശരി വില കർണ്ണാടകത്തിലെ തിപ്തൂർ നിയന്ത്രിത വിപണിയിൽ ക്വിന്റലിന് 10015 രൂപയായിരുന്നു; അരസിക്കരയിൽ 10024 രൂപയുമായിരുന്നു. ഇതു കഴിഞ്ഞ വർഷത്തെ നിരക്കിനെക്കാൾ 21 ശതമാനം കുറവാണ്.

### കൊട്ടത്തേങ്ങ

കൊട്ടത്തേങ്ങയുടെ ശരാശരി വില കോഴിക്കോട് വിപണിയിൽ ആയിരത്തിന് 8602 രൂപയായിരുന്നു; കഴിഞ്ഞ മാസത്തേക്കാൾ 7 ശതമാനം കുറവും കഴിഞ്ഞ

വർഷത്തെ നിരക്കിനെക്കാൾ 25 ശതമാനവും കുറവാണ്.

### നാളികേരം


നെടുമങ്ങാട് വിപണിയിൽ പൊതിച്ച നാളികേരത്തിന്റെ ശരാശരി വില ആയിരത്തിന് 10688 രൂപയായിരുന്നു. ഇത് കഴിഞ്ഞ വർഷം ഈ മാസത്തേക്കാൾ 31 ശതമാനം കുറവാണ് കൂടുതലാണ്.

അരസിക്കര നിയന്ത്രിത വിപണിയിൽ ഭാഗികമായി പൊതിച്ച നാളികേരത്തിന്റെ ശരാശരി വില 9770 രൂപയായിരുന്നു; അത് കഴിഞ്ഞ മാസത്തെയപേക്ഷിച്ച് നേരിയ കുറവാണ്.

ഭാഗികമായി പൊതിച്ച നാളികേരത്തിന്റെ ശരാശരി വില ബാംഗ്ലൂർ നിയന്ത്രിത വിപണിയിൽ ആയിരത്തിന് 15115 രൂപയായിരുന്നു; അത് കഴിഞ്ഞ മാസത്തേക്കാൾ 8 ശതമാനം കുറവായിരുന്നു.

ഭാഗികമായി പൊതിച്ച ഗ്രേഡ് 1 നാളികേരത്തിന്റെ ശരാശരി വില മംഗലാപുരം നിയന്ത്രിത വിപണിയിൽ ആയിരത്തിന് 13420 രൂപയായിരുന്നു. അത് കഴിഞ്ഞ വർഷം ഈ മാസത്തേക്കാൾ 16 ശതമാനം കുറവാണ്.

ഇളനീരിന്റെ വില മദ്ദൂർ വിപണിയിൽ ആയിരത്തിന് 10240 രൂപയായിരുന്നു. കഴിഞ്ഞ മാസത്തെ അപേക്ഷിച്ച് വില അല്പം കൂടുതലാണ് കഴിഞ്ഞ വർഷത്തെ അപേക്ഷിച്ചും കൂടുതലാണ്.




*ജനുവരി മാസത്തിൽ കൊപ്ര വിലയിലെ വ്യതിയാനങ്ങൾ*

### അന്താരാഷ്ട്ര വില

വെളിച്ചെണ്ണയുടെ ശരാശരി വില യൂറോപ്പിൽ (സിഐഎഫ് റോട്ടർഡാം) മെട്രിക് ടണ്ണിന് 1155 അമേരിക്കൻ ഡോളറായിരുന്നു. കഴിഞ്ഞ വർഷം ഈ മാസത്തെ വിലയെക്കാൾ അല്പം കൂടുതലാണ്. കൊപ്രയുടെ ശരാശരി വില മെട്രിക് ടണ്ണിന് 763 അമേരിക്കൻ ഡോളറായിരുന്നു. കഴിഞ്ഞ മാസത്തേക്കാൾ അല്പം കൂടുതലാണ്.

വെളിച്ചെണ്ണയുടെ വില ഫിലിപ്പീൻസിൽ മെട്രിക് ടണ്ണിന് 1108 അമേരിക്കൻ ഡോളറും ഇന്തോനേഷ്യയിൽ 1106 അമേരിക്കൻ ഡോളറുമായിരുന്നു. പാമോയിൽ, പനങ്കുരുവെണ്ണ, സോയഎണ്ണ എന്നിവയുടെ അന്താരാഷ്ട്ര വിലകൾ യഥാക്രമം മെട്രിക് ടണ്ണിന് 539 അമേരിക്കൻ ഡോളറും 910 അമേരിക്കൻ ഡോളറും 773 അമേരിക്കൻ ഡോളറുമായിരുന്നു.

**വിവിധ കമ്പോളങ്ങളിൽ 2016 ജനുവരി 1 മുതൽ 30 വരെ വെളിച്ചെണ്ണ, കൊപ്ര, നാളികേരം, എന്നിവയുടെ പ്രതിവാര വിലനിലവാരമാണ് താഴെ കൊടുത്തിരിക്കുന്നത്**

| തീയതി | വെളിച്ചെണ്ണ (രൂ./ ക്വി.) | | | | ആട്ടുകൊപ്ര (രൂ./ ക്വി.) | | | | | ഭക്ഷ്യ യോഗ്യമായ കൊപ്ര (രൂ./ ക്വി.) | ഉണ്ടക്കൊപ്ര (രൂ./ ക്വി.) | | | | കൊട്ടത്തേങ്ങ (രൂ./1000) | നാളികേരം (രൂ./1000) | പൊതിച്ച/ഭാഗികമായി പൊതിച്ച നാളികേരം (രൂ./1000) | | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | കൊച്ചി | ആലപ്പുഴ | കോഴിക്കോട് | കങ്കയം | കൊച്ചി (എഫ് എക്യു) | ആലപ്പുഴ (രാശി കൊപ്ര) | കോഴിക്കോട് | കങ്കയം | അംബാജി പേട്ട | കോഴിക്കോട് | കോഴിക്കോട് | തിപ്തൂർ | ബാംഗ്ലൂർ | അരസിക്കര | കോഴിക്കോട് | നെടുമങ്ങാട് | അരസിക്കര | ബാംഗ്ലൂർ | മാംഗ്ലൂർ (ഗ്രേഡ്1) |
| 03.01.16 | 9600 | 9100 | 9750 | 8067 | 6200 | 6450 | 6325 | 5950 | 5800 | 13050 | 11500 | 11100 | 14000 | 11300 | 9000 | 11000 | 13000 | 13500 | 18000 |
| 10.01.16 | 9317 | 8917 | 9450 | 7789 | 6108 | 6308 | 6192 | 5783 | 5800 | 11750 | 10450 | 10233 | 14000 | 10400 | 8950 | 10917 | 8667 | 13500 | 18000 |
| 17.01.16 | 9400 | 8800 | 9400 | 7967 | 6100 | 6250 | 6208 | 5800 | 5933 | 11067 | 9850 | 10433 | 14000 | 10267 | 8733 | 11000 | 9900 | 13500 | 18000 |
| 24.01.16 | 9350 | 8767 | 9383 | 7967 | 6067 | 6217 | 6158 | 5875 | 5533 | 9983 | 8908 | 9600 | 14000 | 9750 | 8333 | 10500 | 10200 | 13500 | 17000 |
| 31.01.16 | 9020 | 8400 | 9080 | 7473 | 5820 | 6075 | 5990 | 5540 | 5400 | 9580 | 8500 | 9313 | 14000 | 9100 | 8190 | 10000 | 9130 | 13100 | 16600 |
| Average | 9296 | 8779 | 9372 | 7833 | 6040 | 6244 | 6158 | 5774 | 5688 | 10832 | 9630 | 10015 | 14000 | 10024 | 8602 | 10688 | 9770 | 13420 | 17480 |

അവലംബം
കൊച്ചി : കൊച്ചിൻ ഓയിൽ മർച്ചന്റ്സ് അസ്സോസിയേഷൻ ആൻഡ് കൊച്ചിൻ ചേമ്പർ ഓഫ് കൊമേഴ്സ്, കൊച്ചി - 2
കോഴിക്കോട് : മാതൃഭൂമി
ആലപ്പുഴ : മലയാള മനോരമ
അരസിക്കര : എ പി എം സി, അരസിക്കര
**ഓഫീസ് പാസ് കൊപ്രയ്ക്ക് കൊച്ചിയിലും കോഴിക്കോടും രാശികൊപ്രയ്ക്ക് ആലപ്പുഴയിലുമുള്ള വിലയാണ് മേൽ കൊടുത്തിരിക്കുന്നത്.